17
ഒക്ടോബർ 2018 ബുധൻ
1194 കന്നി 31
തിരുവനന്തപുരം

# കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

107 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

# യാത്രക്കാരെ പെരുവഴിയിൽ ഇറക്കി കെ.എസ്.ആർ.ടി.സി മിന്നൽസമരം

## റിസർവേഷൻ കൗണ്ടറുകൾ കുടുംബശ്രീക്ക് കൈമാറില്ല

സ്വന്തം ലേഖകൻ

തിരുവനന്തപുരം: യാത്രക്കാരെ പെരുവഴിയിൽ ഇറക്കിവിട്ട് കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ മിന്നൽ സമരം. ടിക്കറ്റ് റിസർവേഷൻ കൗണ്ടറുകൾ കുടുംബശ്രീക്ക് കൈമാറാനുള്ള തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു വിവിധ യൂണിയനുകളുടെആഭിമുഖ്യത്തിൽഇന്നലെ രാവിലെ എട്ടരയ്ക്ക് സമരം തുടങ്ങിയത്. മൂന്നുമണിക്കൂറോളം സംസ്ഥാനത്തുടനീളം സർവീസ് സ്തംഭിച്ചു. യാത്രക്കാർനൽകുന്നപണം കൊണ്ടാണ് ജീവനക്കാരുടെ നിലനില്പെന്നുപോലും ഓർക്കാതെ, അവരെ ഓടിക്കൊണ്ടിരുന്ന ബസുകളിൽ പെരുവഴിയിലാക്കുകയായിരുന്നു.

ദീർഘദൂര ബസുകളിൽ നിന്നുപോലുംയാത്രക്കാരെഇറക്കിവിട്ടു. ആശുപത്രികളിൽപോകേണ്ടരോഗികളും ജീവനക്കാരുടെ മുഷ്കിന്റെ ഇരകളായി. ഡിപ്പോകൾക്കുമുന്നിൽഗതാഗതം തടസപ്പെടുത്തിറോഡുകളിൽ ബസുകൾ കൊണ്ടിട്ടതോടെ ഗതാഗതം താറുമാറായി. രാവിലെ ഒൻപതോടെ പത്തനംതിട്ട ഒഴികെ സംസ്ഥാനത്തെ മിക്ക ഡിപ്പോകളിലേക്കും സമരം വ്യാപിച്ചു. കുടുംബശ്രീക്ക് നൽകിയ കരാർ മരവിപ്പിക്കുമെന്ന് ഗതാഗത മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞതോടെയാണ് സമരം പിൻവലിച്ചത്. ഉച്ചയ്ക്ക് 12നശേഷം ഗതാഗതം പൂർവസ്ഥിതിയിലായി.

തമ്പാനൂർ ഡിപ്പോയിലെ റിസർവേഷൻ കൗണ്ടറിനു മുന്നിൽ നടന്ന സമരമാണ് പൊടുന്നനെ സംസ്ഥാനമാകെ വ്യാപിച്ചത്. സംയുക്ത സമരസമിതിയുടെനേതൃത്വത്തിൽ രാവിലെ ഏഴു മുതൽ റിസർവേഷൻ കൗണ്ടർ ഉപരോധിച്ചിരുന്നു. ടിക്കറ്റെടുക്കാൻഎത്തിയവരെ സമരക്കാർ വിരട്ടാൻ തുടങ്ങി. അതോടെ പൊലീസ് ഇടപെട്ടു, പൊലീസുമായി പ്രവർത്തകർ ഉന്തുംതള്ളുമായി. പ്രകോപിതരായ നേതാക്കൾ മിന്നൽ പണിമുടക്കിന്ആഹ്വാനംചെയ്തു. ജീവനക്കാരുടെ മൊബൈൽ ഫോണുകളിലേക്ക് സന്ദേശങ്ങൾ പറന്നു. സെൻട്രൽ ഡിപ്പോയിലേക്കുവന്നബസുകളിലെജീവനക്കാർസമരത്തിൽ പങ്കു ചേർന്നു. ബസുകൾ റോഡിൽ നിരനിരയായി മാറി. മറ്റു വാഹനയാത്രക്കാരും കുടുങ്ങി. ഇതോടെ യാത്രക്കാരും സംഘടിച്ചു പ്രതിഷേധിച്ചു.

കുടുംബശ്രീക്ക്റിസർവേഷൻ കൗണ്ടറുകൾ കൈമാറാനുള്ള തീരുമാനം മരവിപ്പിച്ചതായി യൂണിയൻ നേതാക്കൾക്ക് വാട്സ് ആപ്പിൽ മാനേജ്മെന്റ് സന്ദേശം അയച്ചു. ഉടൻ ബി.എം.എസ് പിന്മാറി. എന്നാൽ, രേഖാമൂലം അറിയിച്ചാലേ പിൻമാറൂ എന്ന നിലപാടിലായിരുന്നു സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി, എ.ഐ.ടി.യു.സി യൂണിയൻ നേതാക്കൾ. ഇതിനിടെ മന്ത്രി എ.കെ. ശശീന്ദ്രൻ തന്റെ ചേംബറിൽ യൂണിയൻ നേതാക്കളുമായി- ചർച്ച നടത്തി തീരുമാനം അറിയിക്കുകയായിരുന്നു.

### നിയമവിരുദ്ധം; നടപടിയില്ല

കെ.എസ്.ആർ.ടി.സിയുടേത് അവശ്യസർവീസായതിനാൽ മിന്നൽ പണിമുടക്ക് നിയമവിരുദ്ധമാണ്. 15 ദിവസം മുമ്പ് നോട്ടീസ് നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. 2002നശേഷം ഇന്നലെയാണ്മിന്നൽപണിമുടക്ക്നടന്നത്. മന്ത്രിമാരായ എ.കെ.ശശീന്ദ്രനും ടി.പി.രാമകൃഷ്ണനും മുൻ നിശ്ചയപ്രകാരം സംയുക്ത സമരസമിതി നേതാക്കളുമായി രാവിലെ 11ന് ചർച്ച നടത്താനിരിക്കെയാണ് എട്ടരയോടെമിന്നൽപണിമുടക്ക് ആരംഭിച്ചത്. എങ്കിലും ഇവർക്കെതിരെ നടപടി ഉണ്ടാകില്ല. യാത്രക്കാരെ ഉപദ്രവിക്കുന്ന വിധത്തിൽസമരം നടത്തരുതെന്ന ഉപദേശമാണ്മന്ത്രി എ. കെ. ശശീന്ദ്രൻ നേതാക്കൾക്ക് നൽകിയത്. എന്നാൽ, നടപടി ആവശ്യപ്പെട്ട് മാനേജ്മെന്റ് ഗതാഗത സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.

> റിസർവേഷൻ കൗണ്ടറുകൾ കുടുംബശ്രീക്ക് കൈമാറാൻ തീരുമാനിച്ചത് സർക്കാരാണ്. അതുപ്രകാരമാണ് മാനേജ്മെന്റ് കരാറിൽ ഏർപ്പെട്ടത്. എതിർപ്പ് ഉയർന്നതിനാൽ ഇന്നലെ തൊഴിലാളി സംഘടനകളുമായി നടത്താനിരുന്ന ചർച്ചയിൽ ഈ കരാറും ഉൾപ്പെടുത്തിയിരുന്നു. എതിർപ്പ്അവഗണിച്ചുമുന്നോട്ട്നീങ്ങാൻ കുടുംബശ്രീക്കും താത്പര്യമില്ല. കരാറിൽ ഏർപ്പെട്ട സ്ഥിതിക്ക്ഇനി സ്വീകരിക്കേണ്ട നിയമപരമായ നടപടികൾ ആലോചിച്ച് തീരുമാനിക്കും.
>
> *എ.കെ.ശശീന്ദ്രൻ*
> *ഗതാഗതമന്ത്രി*




*മിന്നൽ പണിമുടക്കിനെത്തുടർന്ന് തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനലിന് മുന്നിലെ പ്രധാനറോഡിൽ കുടുങ്ങിയ ബസിൽനിന്ന് പുറത്തേക്കു നോക്കി സമരം വീക്ഷിക്കുന്ന യാത്രക്കാരി*
*ഫോട്ടോ :എസ്.ജയചന്ദ്രൻ*

## നിലയ്ക്കലിൽ സംഘർഷം

# കല്ലും മുള്ളുമായി ചർച്ച അലസി

- റിവ്യൂ ഹർജി ഉടൻ നൽകണമെന്ന് പ്രതിനിധികൾ
- 19ന് ശേഷം ആലോചിക്കാമെന്ന് ബോർഡ്
- കൊട്ടാരം പ്രതിനിധികൾ ഇറങ്ങിപ്പോയി
- നിലയ്ക്കലിൽ പ്രതിഷേധക്കാർ വാഹനങ്ങൾ തടഞ്ഞു

തിരുവനന്തപുരം: തുലാമാസ പൂജയ്ക്ക് ഇന്ന് വൈകിട്ട് നടതുറക്കും മുൻപ് ശബരിമല യുവതീ പ്രവേശന പ്രശ്നത്തിൽ സമവായമുണ്ടാക്കാമെന്ന പ്രതീക്ഷ അസ്ഥാനത്താക്കി, ദേവസ്വം ബോർഡ് ഇന്നലെ വിളിച്ച അനുരഞ്ജന ചർച്ച ഇരുപക്ഷവും വിട്ടുവീഴ്ചയ്ക്ക് തയ്യാറാവാതിരുന്നതോടെ അലസിപ്പിരിഞ്ഞു. കൊട്ടാരം പ്രതിനിധികൾ ചർച്ചയിൽനിന്ന്ഇറങ്ങിപോവുകയായിരുന്നു.

അതിനിടെ പ്രക്ഷോഭകർ നിലയ്ക്കലിൽ സ്ത്രീകളുടെ വാഹനങ്ങൾ തടയുകയും അവരെ ഇറക്കിവിടുകയും ചെയ്തത് സംഘർഷാവസ്ഥ സൃഷ്ടിച്ചു. സ്ത്രീകൾ ഉൾപ്പെടെയുള്ളവർ ഉന്തും തള്ളുമായി പ്രതിഷേധം കടുപ്പിച്ചതോടെ രാത്രിയിലും സംഘർഷം തുടരുകയാണ്. പമ്പയിലേക്കുള്ള ബസുകളും മറ്റ് വാഹനങ്ങളും തടഞ്ഞ് അകത്തു കയറി പരിശോധിച്ചു. തമിഴ്നാട്ടിൽ നിന്നുള്ള ചിലരെ മർദ്ദിച്ചതായും ബസിൽ നിന്ന് ഇറക്കിവിട്ടതായും റിപ്പോർട്ടുണ്ട്. അതേസമയം, വിശ്വാസത്തിന്റെ പേരിൽ എത്തുന്നവർക്ക് സംരക്ഷണം നൽകുമെന്നും അവരെ തടയാൻ ആരെയും അനുവദിക്കില്ലെന്നും മുഖ്യമന്ത്രി ഇന്നലെ അസന്ദിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്.

തുലാമാസ പൂജയ്ക്കു മുമ്പ് സുപ്രീംകോടതിയിൽ റിവ്യൂഹർജി നൽകണമെന്നതായിരുന്നു ചർച്ചയിൽപന്തളം കൊട്ടാരം പ്രതിനിധികൾ അടക്കമുള്ളവരുടെ ആവശ്യം. 19ന് ദേവസ്വം ബോർഡ് യോഗത്തിൽ ചർച്ചചെയ്ത ശേഷമേ ഇതിൽ തീരുമാനമെടുക്കാനാവൂ എന്ന് പ്രസിഡന്റ് എ. പത്മകുമാർ അറിയിച്ചു. പുനഃപരിശോധനാ ഹർജിയിൽ തീരുമാനം ആകും വരെ ശബരിമലയിൽ ഇപ്പോഴത്തെ സ്ഥിതി തുടരണമെന്നും കൊട്ടാരം പ്രതിനിധികളടക്കമുള്ളവർ ആവശ്യപ്പെട്ടു. ശബരിമലയിൽ 10 മുതൽ 50 വയസു വരെയുള്ള സ്ത്രീകളുടെ പ്രവേശനം നിരോധിച്ച് 1991 ൽ ഹൈക്കോടതി ജസ്റ്റിസ് പരിപൂർണൻ പുറപ്പെടുവിച്ച വിധി നിലനില്പുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി. ബോർഡ് പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ ഇന്ന് ശബരിമലയ്ക്ക് പോകുകയാണെന്നും തിരികെ എത്തിയ ശേഷം 19ന് ചേരുന്ന യോഗത്തിൽ ബോർഡിന്റെ അഭിഭാഷകരുമായി നിയമവശങ്ങൾ ചർച്ചചെയ്ത ശേഷം നടപടി സ്വീകരിക്കാമെന്നും ബോർഡ് അറിയിച്ചു. അത് എതിർപക്ഷത്തിന് സ്വീകാര്യമായിരുന്നില്ല. ബോർഡ് അംഗങ്ങൾ പ്രത്യേകമായും പ്രസിഡന്റും കൊട്ടാരത്തിന്റെയും തന്ത്രി കുടുംബത്തിന്റെയും പ്രതിനിധികളുമായി വേറെയും ചർച്ച ഇതിനിടെ നടന്നു. അതിലും വിട്ടുവീഴ്ചയുണ്ടായില്ല. തുടർന്ന് കൊട്ടാരം പ്രതിനിധികൾ ഇറങ്ങിപ്പോയി. തന്ത്രികുടുംബവുമായും മറ്റ് സംഘടനകളുമായും ആലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് പന്തളം കൊട്ടാരം നിർവാഹക സംഘം പ്രസിഡന്റ് പി.ജി. ശശികുമാർവർമ്മ മാദ്ധ്യമങ്ങളോട് പറഞ്ഞു.

പന്തളം കൊട്ടാരം, താഴമൺ തന്ത്രികുടുംബം, തന്ത്രിസമാജം, അയ്യപ്പസേവാ സമാജം, അയ്യപ്പസേവാ സംഘം, യോഗക്ഷേമസഭ എന്നിവരുടെ പ്രതിനിധികളെയാണ് ചർച്ചയ്ക്ക് ക്ഷണിച്ചത്. ദേവസ്വം ബോർഡിന് വേണ്ടി പ്രസിഡന്റ് എ. പത്മകുമാർ, മെംബർമാരായ കെ. രാഘവൻ, കെ.പി. ശങ്കരദാസ്, ദേവസ്വം കമ്മിഷണർ എൻ. വാസു, സെക്രട്ടറി എസ്. ജയശ്രീ തുടങ്ങിയവരാണ് ചർച്ചയിൽ പങ്കെടുത്തത്.






*തിരുവനന്തപുരം ദേവസ്വം ബോർഡ് ആസ്ഥാനത്ത് പ്രസിഡന്റ് പത്മകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട ചർച്ചയിൽ പങ്കെടുത്ത ശേഷം പുറത്തേക്കുവന്ന പന്തളം കൊട്ടാരത്തിലെ നിർവാഹക സമിതി പ്രസിഡന്റ് പി.ജി. ശശികുമാർ വർമ്മ, സെക്രട്ടറി പി.എൻ. നാരായണ വർമ്മ, തന്ത്രി കുടുംബത്തിലെ കണ്ഠരര് രാജീവരര്, കണ്ഠരര് മോഹനരര് തുടങ്ങിയവർ* *ഫോട്ടോ: ബി.സുമേഷ്*

> ശബരിമലയിൽ പോകുന്ന വനിതകൾക്ക് സംരക്ഷണം നൽകും. സുപ്രീംകോടതി വിധിക്കെതിരെ സർക്കാർ പുനഃപരിശോധനാ ഹർജി നൽകില്ല. ശബരിമലയിൽ എത്തുന്ന വനിതകളെയും അവരുടെ വാഹനങ്ങളെയും പരിശോധിക്കാൻ ആർക്കും അവകാശമില്ല. അതിനെതിരെ ശക്തമായ ഇടപെടലുണ്ടാകും. വിശ്വാസികൾക്ക് സഹായവും സംരക്ഷണവും നൽകും. യുവതീപ്രവേശനത്തിൽ ദേവസ്വംബോർഡിന്റെ കാര്യം അവർ തീരുമാനിക്കും.
>
> **- മുഖ്യമന്ത്രി**
> **പിണറായി വിജയൻ**

> ദേവസ്വം ബോർഡിന്റെ നിലപാട് അത്യന്തം ദുഃഖകരമാണ്. തങ്ങൾ ഉന്നയിച്ച ഒരാവശ്യവും ബോർഡ് അംഗീകരിച്ചില്ല. പുനഃപരിശോധനാ ഹർജി നൽകണമെന്നാണ് പ്രധാനമായും ആവശ്യപ്പെട്ടത്. അതിൽ തീരുമാനം വരും വരെ തത്സ്ഥിതി തുടരണം.
>
> **പി.ജി.ശശികുമാർവർമ്മ**
> **പന്തളം കൊട്ടാരം**
> **പ്രതിനിധി**



**വണ്ടിയോടിച്ചത് ബാലഭാസ്കർ**
പേജ് 7



**മന്ത്രിമാരുടെ വിദേശയാത്ര റദ്ദാക്കി**
പേജ് 8

### മീടൂ: എൻ.എസ്.യു.ഐ പ്രസിഡന്റിന്റെ പണിപോയി



ന്യൂഡൽഹി: 'മീടൂ' ലൈംഗികാരോപണത്തിൽ കുടുങ്ങിയ എൻ.എസ്.യു.ഐ ദേശീയ പ്രസിഡന്റ് ഫൈറോസ് ഖാൻ രാജിവച്ചു. ഛത്തീസ്ഗഢ് സ്വദേശിയായ എൻ.എസ്.യു.ഐ പ്രവർത്തക കോൺഗ്രസ് നേതൃത്വത്തിന് ജൂണിൽ നൽകിയ പരാതി മീ ടു കാമ്പെയ്നിലൂടെ വീണ്ടും സജീവമായതോടെയാണ് രാജി. ഫൈറോസ് ഖാന്റെ രാജി രാഹുൽ ഗാന്ധി സ്വീകരിച്ചു.

ബംഗളൂരുവിലെ ഹോട്ടലിൽ വച്ച് അർദ്ധരാത്രി തന്റെ മുറിയിലേക്ക് വരാൻ ഫൈറോസ് ഖാൻ ആവശ്യപ്പെട്ടു. ഇത് നിരന്തരം തുടർന്നു. വാട്സ് ആപ്പ് മെസേജുകൾ അയച്ചു. തന്റെ സഹോദരിയോടും സുഹൃത്തുക്കളോടും ലൈംഗികാതിക്രമം കാട്ടിയെന്നും വിദ്യാർത്ഥിനി പരാതി ഉന്നയിച്ചിരുന്നു.

രാഹുൽ ഗാന്ധിക്ക് പരാതി നൽകി മാസങ്ങളായിട്ടും നടപടിയുണ്ടാകാത്തതും പരാതി അന്വേഷിക്കാൻ കോൺഗ്രസ് നിയോഗിച്ച മൂന്നംഗ കമ്മിറ്റി ഇതുവരെ റിപ്പോർട്ട് നൽകാത്തതും മീ ടു കാമ്പെയിനിലൂടെ വീണ്ടും ഉയർന്നുവരികയായിരുന്നു.



**മഴയിലും അലിയാത്ത പ്രതിരോധം :** *ശബരിമല യുവതീ പ്രവേശന വിഷയത്തിൽ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് നടന്ന എൽ.ഡി.എഫ് രാഷ്ട്രീയ വിശദീകരണ യോഗം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു (റിപ്പോർട്ട് പേജ് 7)* *ഫോട്ടോ : അജയ് മധു*

### തലവര

ശബരിമല സമരം തുടരും - ശ്രീധരൻപിള്ള
വിധി നടപ്പാക്കും, പ്രശ്നങ്ങൾ നേരിടും - മുഖ്യമന്ത്രി




കല്ലും മുള്ളും
കാലുക്ക് മെത്ത...!

**വേർപാടിന്റെ 1-ാം വർഷം (17.10.2018)**



**പ്രൊഫ. പി. കെ. ദിവാകരൻ**
(റിട്ട. പ്രൊഫസർ ശ്രീനാരായണ കോളേജ്)
തെങ്ങുവിളവീട്, ഏറം, ചാത്തന്നൂർ

ദുഃഖസ്മരണകളോടെ ഭാര്യ: പ്രൊഫ.ടി.കെ. സുനന്ദ
(റിട്ട. പ്രൊഫ. എസ്.എൻ. കോളേജ്, കൊല്ലം)

മക്കൾ: ഡോ. ഗണേഷ് ദിവാകർ, ഡോ. കലേഷ് ദിവാകർ
മരുമക്കൾ: ഡോ. ദിവ്യാ ഗണേഷ്, ഡോ. ചാൻസി. യു
ചെറുമക്കൾ: അനുശ്രേയ ഗണേശ്, അഭിനീത് ഗണേശ്, ഇമ കലേഷ്



# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi

## മാതൃ-ശിശു മന്ദിരത്തിലെ മാറ്റിയിട്ടിരിക്കുന്ന ഭൂമി ഉപയോഗിക്കും

# വീർപ്പുമുട്ടലിന് ഉടൻ അറുതി

സംഗീത് ഉള്ളൂർ

തിരുവനന്തപുരം: മാതൃ-ശിശു മന്ദിരത്തിൽ ഉപയോഗിക്കാതെ മാറ്റിയിട്ടിരിക്കുന്ന 50000 ചതുരശ്രഅടിസ്ഥലംഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കും. 'സ്ഥലമുണ്ടായിട്ടും വീർപ്പുമുട്ടാൻ വിധി' എന്ന തലക്കെട്ടിൽ കേരളകൗമുദി ഇന്നലെ പ്രസിദ്ധീകരിച്ച വാർത്തയെ തുടർന്നാണ് നടപടി. ഗ്രൗണ്ട് ഫ്ലോറിൽ ഗൈനക്കോളജി ഒ.പി വിഭാഗം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്.

ആറുനില കെട്ടിടം നിർമ്മിക്കാൻ വിഭാവനം ചെയ്ത പദ്ധതിയിൽ രണ്ട് നിലകൾ മാത്രമാണ് പൂർത്തിയാക്കിയിരുന്നത്. ഇതിന് മുകളിലായി പുതിയ നിലകൾ കൂടി കെട്ടാനാണ് തീരുമാനം.

കെട്ടിട നിർമ്മാണത്തിനാവശ്യമായ പണവും അനുവദിച്ചു. അറ്റകുറ്റപ്പണി നടക്കുമ്പോൾ ഉണ്ടാകാൻ ഇടയുള്ള ശബ്ദ - വായു മലിനീകരണം മുൻനിറുത്തി രോഗികളുടെ കിടത്തി ചികിത്സ ഒഴിവാക്കാനാണ്




കേരളകൗമുദി ഇന്നലെ പ്രസിദ്ധീകരിച്ച വാർത്ത

തീരുമാനിച്ചിരിക്കുന്നത്.

50000 ചതുരശ്ര അടി സ്ഥലമാണ് ഉപയോഗിക്കാതെ മാറ്റിയിട്ടിരുന്നത്. ഏതായാലും വാർത്ത ശ്രദ്ധയിൽപ്പെട്ടതോടെ അധികൃതർ അടിയന്തരമായി നടപടിയെടുക്കുകയായിരുന്നു. ആറുനില കെട്ടിടം നിർമ്മിക്കാൻ വിഭാവനം ചെയ്ത പദ്ധതിയിൽ രണ്ട് നിലയാണ് പൂർത്തിയാക്കിയത്. കെട്ടിടത്തിൽ ഗൈനക്കോളജി വിഭാഗം പ്രവർത്തിക്കാനുള്ള നടപടി പൂർത്തിയായെങ്കിലുംഒരു വർഷമായിട്ടും പ്രവർത്തനം നിലച്ച മട്ടായിരുന്നു. ആവശ്യത്തിന് ജീവനക്കാരെയും മറ്റ് സജ്ജീകരണങ്ങളും ഒരുക്കി കെട്ടിടം രോഗികൾക്ക്

KAUMUDI IMPACT

ഉപയോഗപ്രദമായി വിനിയോഗിക്കണമെന്നത് ഇവിടെയെത്തുന്നവരുടെ നീണ്ട കാലത്തെ അഭ്യർത്ഥനയായിരുന്നു.

### തീരുമാനങ്ങൾ ഇങ്ങനെ

- മാതൃ-ശിശു മന്ദിരത്തിൽ അടുത്ത ആഴ്ച ഫാമിലി പ്ലാനിംഗ് ഒ.പി വിഭാഗം ആരംഭിക്കും
- കോപ്പർ ടി നിക്ഷേപിക്കുക, എം.ടി.പി തുടങ്ങിയ ചികിത്സാ വിധികളാകും ഇവിടെ
- ഫസ്റ്റ് ഫ്ലോറിൽ എം.ബി.ബി.എസ് വിദ്യാർത്ഥികൾക്കുള്ള ക്ലാസുകൾ ഒരുക്കും

### സ്ഥല വിനിയോഗം

| ഉള്ളത്: | വിനിയോഗിച്ചത് |
|---|---|
| 66,000 ചതുരശ്ര അടി | 15,000 ചതുരശ്ര അടി |

ആറുനില കെട്ടിടത്തിന്റെ മുകളിലായി മൂന്നും നാലും നിലകൾ കെട്ടാനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്. അതോടൊപ്പം നിർമ്മാണത്തിനാവശ്യമായ ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. ഉടനേ പ്രവർത്തനങ്ങൾ ആരംഭിക്കും.

*- ഡോ. എ. സന്തോഷ്കുമാർ, സൂപ്രണ്ട്, എസ്.എ.ടി ആശുപത്രി*

## ഷിർദ്ദിസായി ബാബ സമാധി ശതാബ്ദിയാഘോഷം

തിരുവനന്തപുരം: പുളിയറക്കോണം മധുവനം ആശ്രമത്തിൽ നടക്കുന്ന ഇരുപത്തിമൂന്നാമത് നവാഹ യജ്ഞം നാളെ രാവിലെ 10.30 ന് പൂർണ്ണാഹുതിയോടെ സമാപിക്കും. മധുവനം വേദ വിദ്യാശ്രമത്തിലെ പ്രവർത്തകരാണ് യജ്ഞത്തിന് മുൻകൈ എടുക്കുന്നത്. 15ാമത് ഷിർദി സായി സച്ചരിത നവാഹവും നാളെ പൂർത്തിയാകും.

ഷിർദ്ദിസായി ബാബയുടെ നൂറാം സമാധി വാർഷികത്തോടനുബന്ധിച്ച് ഒക്ടോബർ 19ന് രാവിലെ 7 മുതൽ മഹാന്യാസവും ഷിർദ്ദിസായി വിഗ്രഹത്തിൽ ഏകാദശ രുദ്രാഭിഷേകവും നടക്കും. ഉച്ചക്ക് 12ന് മദ്ധ്യാഹ്ന ആരതിയ്ക്ക് ശേഷം ഭക്തജനങ്ങൾക്ക് ഷിർദി സായി വിഗ്രഹത്തിൽ ഭസ്മാഭിഷേകം നടത്താനുള്ള സൗകര്യമുണ്ട്.

## ജില്ലാ സമ്മേളനം

തിരുവനന്തപുരം: വണ്ണാർ സർവീസ് സൊസൈറ്റി ജില്ലാ സമ്മേളനം ഡെപ്യൂട്ടിമേയർ രാഖി രവികുമാർ ഉദ്ഘാടനം ചെയ്തു. എ.ഐ.സി.സി. അംഗം കെ. എസ്. ഗോപകുമാർ മുഖ്യപ്രഭാഷണം നടത്തി. കൗൺസിലർ രമ്യാരമേശ്, വി.എസ്. എസ്. സംസ്ഥാന പ്രസിഡന്റ് എ.സദാനന്ദൻ, ജനറൽ സെക്രട്ടറി എ.മധുസൂദനൻ, ജില്ലാ സെക്രട്ടറി ബി. ശശാങ്കൻ, വി. അനിൽകുമാർ, പ്രസിഡന്റ് ഉഷാസുരേഷ് എന്നിവർ സംസാരിച്ചു.

## കല്ലിംഗൽ ശാഖ

കുളത്തൂർ: വിജയദശമി ദിനത്തോടനുബന്ധിച്ച് എസ്.എൻ.ഡി.പി യോഗം കല്ലിംഗൽ ശാഖ ഗുരുമന്ദിരത്തിലെ പൂജവയ്പ്പ് ചടങ്ങുകൾ ഇന്ന് ആരംഭിക്കും. 19 ന് രാവിലെ നടക്കുന്ന പൂജയെടുപ്പ് ചടങ്ങിന് ശേഷം സമൂഹപ്രാർത്ഥനയും ഗുരുപൂജയും നടക്കും. 20 ന് ചതയദിന പൂജയിൽ വിശേഷാൽ ഗുരുപൂജയും സമൂഹ പ്രാർത്ഥനയും ഉണ്ടാകും. തുടർന്ന് ശാഖയിലെ നിർദ്ധനരായ കുടുംബങ്ങൾക്കുള്ള പെൻഷൻ വിതരണം നടക്കും. 27 ന് രാവിലെ ശാഖയുടെ നേതൃത്വത്തിൽ യതീപൂജയിൽ പങ്കെടുക്കാൻ ശിവഗിരിയിലേക്ക് തിരിക്കുന്ന വാഹനം രാവിലെ 6 ന് ശാഖ മന്ദിരത്തിൽ നിന്ന് പുറപ്പെടുന്നതിനാൽ എല്ലാ അംഗങ്ങളും കൃത്യസമയത്ത് എത്തിച്ചേരണമെന്ന് ശാഖ സെക്രട്ടറി ടി.ഉദയകുമാർ അറിയിച്ചു.

## വെൺപാലവട്ടം ശാഖ

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം വെൺപാലവട്ടം ശാഖാ ഗുരുമന്ദിരത്തിൽ വ്യാഴാഴ്ച വൈകിട്ട് 7 ന് നവരാത്രി പൂജവയ്പ്പ്, വെള്ളിയാഴ്ച രാവിലെ 7.30 ന് പൂജ എടുപ്പ്, ശനിയാഴ്ച വൈകിട്ട് 7 ന് മാസ ചതയപൂജ, സമൂഹ പ്രാർത്ഥന, ആശ്രിത പെൻഷൻ, വിധവ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ നിധി ചിട്ടി നറുക്കെടുപ്പ് എന്നിവ ഉണ്ടായിരിക്കുമെന്ന് ശാഖാ സെക്രട്ടറി ജി. സുരേഷ് കുമാർ അറിയിച്ചു.

## അരിയോട്ടുകോണം ശാഖ

പോത്തൻകോട്: എസ്.എൻ.ഡി.പി യോഗം അരിയോട്ടുകോണം ശാഖയിലെ വിവിധ പോഷക സംഘടനാഭാരവാഹികളുടെ സംയുക്ത യോഗം യൂണിയൻ പ്രതിനിധി പോത്തൻകോട് ഗോപന്റെ അദ്ധ്യക്ഷതയിൽ ശാഖ സെക്രട്ടറി എ. സോമനാഥൻ ഉദ്ഘാടനം ചെയ്തു. കെ.അയ്യപ്പൻ, സി.സുധൻ, ബി.തുളസീധരൻ, കെ.സുരേന്ദ്രൻ, എസ്.അനിൽകുമാർ, ഗീതാകുമാരി, ഗോപിക മണികണ്ഠൻ അനുപമ ആർ.ബാബു,ശാരിക എന്നിവർ പങ്കെടുത്തു.

## ചാക്ക ബൈപാസ് മുടുമ്പിൽ ശാസ്താക്ഷേത്രം

തിരുവനന്തപുരം : ചാക്ക ബൈപാസ് മുടുമ്പിൽ ശാസ്താക്ഷേത്രത്തിൽ നവരാത്രി ആഘോഷം 17 ന് ദുർഗാപൂജയും 18 ന് മഹാനവമി പൂജയും 19 ന് വിജയദശമി ദിവസം രാവിലെ പൂജയെടുപ്പ് തുടർന്ന് വിദ്യാസരസ്വതി പൂജയും വിദ്യാരംഭവും നടത്തും. 20 ന് രാവിലെ 9.30 ന് ശനീശ്വര പൂജ. ക്ഷേത്ര തന്ത്രി ശാസ്താമണി പോറ്റിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തും. ഫോൺ : 9961124073.

## പാങ്ങപ്പാറ ശ്രീനാരായണ ഗുരു മന്ദിരം

തിരുവനന്തപുരം: പാങ്ങപ്പാറ ശ്രീനാരായണ ഗുരു മന്ദിരത്തിന്റെ പൂജ വയ്പ്പ് മഹോത്സവം ഇന്ന് ആരംഭിക്കും.രാവിലെ 6.30 ന് പൂജ വയ്പ്പ്. 18ന് വൈകിട്ട് 6ന് സമൂഹ പ്രാർത്ഥന,19ന് രാവിലെ 6.30ന് വിശേഷാൽപൂജയും പൂജയെടുപ്പും.ശിവഗിരി മഠം ഉദയൻ തന്ത്രിയുടെ മുഖ്യ കാർമികത്വത്തിൽ ദൈവദശകം, ഗുരുഷഡ്കം, ഗുരുസ്തവം, ഗുരുപുഷ്പാഞ്ജലി, ജനനീ നവരത്ന മഞ്ജരി എന്നീ സ്തോത്രങ്ങൾ ഉൾപ്പെടുത്തി പ്രത്യേക പൂജകളും സമൂഹ പ്രാർത്ഥനയും നടക്കും.

## തപോവനം സിദ്ധാശ്രമത്തിൽ വിദ്യാരംഭം

തിരുവനന്തപുരം : കുടപ്പനക്കുന്ന് തപോവനം സിദ്ധാശ്രമത്തിൽ നവരാത്രിയോടനുബന്ധിച്ച് 18ന് വൈകിട്ട് പേരൂർക്കട ഇന്ദിരാ നഗർ അഷ്ടലക്ഷ്മി കലാ കേന്ദ്ര ഡാൻസ്, മ്യൂസിക്, യോഗ സ്കൂളിന്റെ ഡയറക്ടർ എ.എൽ. രജിതയും ശിഷ്യരും അവതരിപ്പിക്കുന്ന സംഗീത കച്ചേരി ഉണ്ടായിരിക്കും.

## വിദ്യാരംഭം

തിരുവനന്തപുരം : മണ്ണാമൂല ശ്രീമുദ്ര സ്കൂൾ ഒഫ് ഡാൻസ് ആൻഡ് മ്യൂസിക്കിൽ 19 ന് രാവിലെ 9 ന് കലാവിദ്യാരംഭം നടക്കും.

## നൃത്ത - സംഗീത ക്ലാസുകൾ

തിരുവനന്തപുരം : റിഗാറ്റ നാട്യ സംഗീത വിദ്യാലയത്തിൽ ശാസ്ത്രീയ നൃത്തം, കർണാടക സംഗീതം, വീണ, ഡ്രോയിംഗ് ആൻഡ് പെയിന്റിംഗ് എന്നീ ക്ലാസുകൾക്ക് പരിശീലനം നൽകുന്നു. വീട്ടമ്മമാർക്കായി പ്രത്യേകം ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. ഫോൺ : 0471 - 2479442, 9387812902, 9497012777.

## തരംഗനിസരി സ്കൂൾ ഒഫ് മ്യൂസിക്

തിരുവനന്തപുരം: ഇടപ്പഴഞ്ഞി തരംഗനിസരി സ്കൂൾ ഒഫ് മ്യൂസിക്കിൽ 19ന് വിദ്യാരംഭം. വായ്പ്പാട്ട്, ഡാൻസ്, ചിത്രകല, സംഗീതോപകരണങ്ങൾ എന്നിവയിലാണ് വിദ്യാരംഭം നടക്കുക. രാവിലെ 9.30ന് കർണ്ണാടകസംഗീത ഓൺലൈൻ ക്ലാസിന്റെ ഉദ്ഘാടനം ഡോ.കെ.ജെ.യേശുദാസ് ഓൺലൈനിലൂടെ നിർവഹിക്കും.

## കുഴിവിളാകത്ത് ശ്രീ തമ്പുരാൻ ക്ഷേത്രം

തിരുവനന്തപുരം : കഴക്കൂട്ടം കുഴിവിളാകത്ത് ശ്രീ തമ്പുരാൻ ക്ഷേത്രത്തിലെ വിശേഷാൽ സമൂഹ ഗണപതി ഹവനം ക്ഷേത്ര മേൽശാന്തി സൗമിത്രന്റെ മുഖ്യ കാർമ്മികത്വത്തിൽ നാളെ രാവിലെ 10 ന് നടക്കുമെന്ന് സെക്രട്ടറി കെ.പി. ശൈല ചന്ദ്രൻ അറിയിച്ചു.

## ജവഹർ ബാലജന വേദിയിൽ വിദ്യാരംഭം

തിരുവനന്തപുരം:ജവഹർ ബാലജനവേദി വഞ്ചിയൂർ ബ്ലോക്ക് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നവരാത്രി മഹോത്സവവും വിദ്യാരംഭവും നടത്തുന്നു. 19ന് രാവിലെ 7.30ന് വിദ്യാരംഭം ആരംഭിക്കും. കുട്ടികളെ എഴുത്തിനിരുത്താൻ താത്പര്യമുള്ള രക്ഷാകർത്താക്കൾ 8848665652, 9847096435, 9447271138 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## നവോത്ഥാന നായകർ നേടിത്തന്ന സമത്വം നിലനിറുത്തണം: ഇ.പി. ജയരാജൻ

തിരുവനന്തപുരം: ശ്രീനാരായണ ഗുരുവും സ്വാമി വിവേകാനന്ദനും മന്നത്ത് പത്മനാഭനും അടക്കമുള്ള നവോത്ഥാന നായകർ പോരാടി നേടിത്തന്ന സമത്വവും സ്വാതന്ത്ര്യവുമൊക്കെ നിലനിറുത്താൻ യുവതലമുറ പ്രയത്നിക്കണമെന്ന് മന്ത്രി ഇ.പി. ജയരാജൻ പറഞ്ഞു. സംസ്ഥാന യുവജന കമ്മിഷന്റെ നേതൃത്വത്തിൽ മാജിക് അക്കാഡമിയുമായി ചേർന്ന് കോളേജുകളിൽ സംഘടിപ്പിക്കുന്ന മൈ കേരള - മെന്ററിംഗ് യംഗ് കേരള പരിപാടിയുടെ ഉദ്ഘാടനം തിരുവനന്തപുരം ഗവ. വിമെൻസ് കോളേജിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഗോപിനാഥ് മുതുകാട് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മാജിക് അവതരിപ്പിച്ചു. യുവജന കമ്മിഷൻ ചെയർപേഴ്സൺ ചിന്താ ജെറോം അദ്ധ്യക്ഷത വഹിച്ചു. യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി. ബിജു, വിമെൻസ് കോളേജ് പ്രിൻസിപ്പൽ ജി. വിജയലക്ഷ്മി, കമ്മിഷൻ അംഗം ഐ. സാജു, സെക്രട്ടറി ഡി. സന്തോഷ് കുമാർ കെ.യു. ജനീഷ്കുമാർ, ടി.പി. ബിനീഷ്, ദീപു രാധാകൃഷ്ണൻ, വിനിൽ .വി, കെ. മണികണ്ഠൻ, യുവജനക്ഷേമ ബോർഡ് മെമ്പർ സെക്രട്ടറി എം.എസ്. കണ്ണൻ തുടങ്ങിയവർ സംസാരിച്ചു.

### മന്ത്രിയെയും വിസ്മയിപ്പിച്ച് മുതുകാട്

മന്ത്രിയുടെ ടൗവാല വാങ്ങിയാണ് മുതുകാട് മാജിക്കിന് തുടക്കമിട്ടത്. മന്ത്രിയുടെ വെള്ളടൗവാലയിൽ കാണികളായെത്തിയ യുവജനങ്ങളിൽ ചിലരോട് ഒപ്പിടാൻ ആവശ്യപ്പെട്ടു. ഒരു പെൺകുട്ടിയുടെ വാച്ച് വാങ്ങി ഒപ്പിട്ട ആ ടൗവാലയിൽ പൊതിഞ്ഞ് വേദിയിലിരുന്ന ചെറിയ പെട്ടിയിൽ നിക്ഷേപിച്ച ശേഷം പെട്ടി പെൺകുട്ടിയെ ഏല്പിച്ചു. തുടർന്ന് കാണികളുടെ കസേരയുടെ അടിയിൽ ഒളിപ്പിച്ചുവച്ചിരുന്ന മറ്റൊരു പെട്ടി വേദിയിലേക്ക് കൊണ്ടുവന്നു.

നിരവധി പെട്ടികൾ ഉള്ളടക്കം ചെയ്തിരുന്ന ആ വലിയ പെട്ടിയിൽ നിന്നു പുറത്തെടുത്ത ഓരോ ചെറിയ പെട്ടികൾക്കും പൂട്ടുകളുണ്ടായിരുന്നു. സദസിലെ പ്രമുഖരുടെ കൈകളിൽ സൂക്ഷിച്ചിരുന്ന താക്കോലെടുത്ത് പെട്ടികൾ ഓരോന്നായി തുറന്നു. ഒടുവിൽ അവസാനത്തെ പെട്ടി തുറക്കാനുള്ള ഊഴം മന്ത്രിക്കായിരുന്നു. അല്പനേരം മുമ്പ് ചെറിയ പെട്ടിയിൽ ടൗവാലയിൽ പൊതിഞ്ഞ് സൂക്ഷിച്ച വാച്ച് ടൗവാലയോടൊപ്പം മന്ത്രി തുറന്ന പെട്ടിയിലാണ് കണ്ടത്.



*ശബരിമല യുവതി പ്രവേശനത്തിൽ പ്രതിഷേധിച്ച് ഹിന്ദു പാർലമെന്റ് ശബരിമല ആചാര സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച് ഹിന്ദു പാർലമെന്റ് ആത്മീയസഭ ചെയർമാൻ സ്വാമി ഗൗഡ പദാനന്ദപുരി ഉദ്ഘാടനം ചെയ്യുന്നു*

## ശബരിമലയിലെ പ്രതിഷ്ഠയുടെ പവിത്രത നശിപ്പിക്കാൻ അനുവദിക്കില്ല: ഹിന്ദു പാർലമെന്റ്

തിരുവനന്തപുരം: യുവതികളെ ശബരിമലയിൽ പ്രവേശിപ്പിച്ച് അയ്യപ്പ പ്രതിഷ്ഠയുടെ പവിത്രത നശിപ്പിക്കാൻ അനുവദിക്കില്ലെന്ന് വിവേകാനന്ദ യോഗവേദാന്ത ആശ്രമം മഠാധിപതി സ്വാമി ഗൗഡ പാദാനന്ദപുരി പറഞ്ഞു. സുപ്രീം കോടതി വിധിക്കെതിരെ ഹിന്ദു പാർലമെന്റ് സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കോടതി വിധി അംഗീകരിക്കുന്നു. എന്നാൽ ഹിന്ദുവിശ്വാസത്തെ തകർക്കുന്ന ആചാരങ്ങളിൽ സുപ്രീംകോടതിക്ക് ഇടപെടാൻ അധികാരമില്ല. ഇതുമൂലം ഭക്തർക്കുണ്ടായ മുറിവ് നികത്തിയെ മതിയാകുവെന്നും അദ്ദേഹം പറഞ്ഞു. ശബരിമല ആചാര സംരക്ഷണ സമിതി രക്ഷാധികാരി പ്രയാർ ഗോപാലകൃഷ്ണൻ, സെക്രട്ടറി രാഹുൽ ഈശ്വർ, ഹിന്ദു പാർലമെന്റ് ചെയർമാനും വിശ്വകർമ്മ സഭാ സംസ്ഥാന പ്രസിഡന്റുമായ പി.ആർ. ദേവദാസ്, ജനറൽ സെക്രട്ടറി സി.പി. സുഗതൻ, സംസ്ഥാന സെക്രട്ടറി കോട്ടയ്ക്കകം ജയകുമാർ, ആത്മീയസഭാ സെക്രട്ടറി ഹരിനാരായണ സ്വാമി, സംസ്ഥാന പ്രസിഡന്റ് കനകദാസ്, പണ്ഡിതർ വിളക്കിത്തല നായർ സംസ്ഥാന പ്രസിഡന്റ് കെ. അശോകൻ എന്നിവർ സംസാരിച്ചു.

## ഉപവാസ സമരം

തിരുവനന്തപുരം : ശബരിമല വിഷയത്തിൽ ദേവസ്വംബോർഡ് റിവ്യൂഹർജി നൽകണമെന്നാവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വംബോർഡ് എംപ്ലോയീസ് സംഘ് ജീവനക്കാർ സെക്രട്ടേറിയേറ്റ് മുന്നിൽ ഉപവാസ സമരം നടത്തി. എൻ.ജി.ഒ.സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി എസ്. കെ. ജയകുമാർ, ദേവസ്വം ബോർഡ് എംപ്ലോയീസ് സംഘ് സംസ്ഥാന പ്രസിഡന്റ് എൻ.പി. കൃഷ്ണകുമാർ, സംസ്ഥാന ജനറൽ സെക്രട്ടറി ടി.രാകേഷ്, ജോയിന്റ് സെക്രട്ടറി നെടുമങ്ങാട് മുരളി, സെക്രട്ടറി മുല്ലൂർ ശ്രീകുമാർ, ബി.എം.എസ്. ജില്ലാസെക്രട്ടറി കെ.ജയകുമാർ തുടങ്ങിയവർ സംസാരിച്ചു.

## ജഗതി ഗവ. ബധിര വിദ്യാലയത്തിൽ എന്റെ കൗമുദി



*ലയൺസ് ക്ലബ് ട്രിവാൻഡ്രം എയർപോർട്ട് സിറ്റിയുടെ ആഭിമുഖ്യത്തിൽ ജഗതി ഗവ. ബധിര വിദ്യാലയത്തിൽ എന്റെ കൗമുദി പദ്ധതിയുടെ ഉദ്ഘാടനം ഡി.സി.എസ് ചീഫ് ലയൺ എൻജിനിയർ രാധാകൃഷ്ണൻ വിദ്യാർത്ഥി പ്രതിനിധിക്ക് പത്രം നൽകി നിർവഹിക്കുന്നു. ഹെഡ്മിസ്ട്രസ് സുജാത ജോർജ്, ലയൺ പത്മനാഭപിള്ള, പ്രസിഡന്റ് ലയൺ പി.വി. അനിൽകുമാർ, ഡി.സി.എസ് പ്രോഗ്രാം ലയൺ വി.എം. പ്രദീപ്, ലയൺ മഞ്ജുഷ, ലയൺ പത്മിനി പിള്ള, ലയൺ ജയശ്രീ പ്രദീപ് എന്നിവർ സമീപം. ലയൺസ് ക്ലബ് ട്രിവാൻഡ്രം എയർപോർട്ട് സിറ്റിയാണ് സ്കൂളിലേക്കാവശ്യമായ പത്രം സ്പോൺസർ ചെയ്യുന്നത്*



*സമം കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ മാനവീയം വീഥിയിൽ അവതരിപ്പിച്ച തെരുവുനാടകം*

## മഹിളാ സമാജം

തിരുവനന്തപുരം: കേരളാദിത്യപുരത്ത് കേരളവിശ്വകർമ്മ സഭയുടെ മഹിളാ സമാജം രൂപീകരിച്ചു. മഹിളാ സമാജം സംസ്ഥാന ചെയർപേഴ്സൺ പ്രസന്ന ശശിധരൻ ഉദ്ഘാടനം ചെയ്തു.

വിശ്വകർമ്മ സഭ ജില്ലാ പ്രസിഡന്റ് വി.ശശിധരൻ ആശാരി മുഖ്യപ്രഭാഷണം നടത്തി. സൗദാമിനി (പ്രസിഡന്റ്), വസന്തകുമാരി (സെക്രട്ടറി), മഹേശ്വരി (ട്രഷറർ) എന്നിവരാണ് പുതിയ ഭാരവാഹികൾ. താലൂക്ക് മഹിളാസമാജം പ്രസിഡന്റ് പ്രസന്ന സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. താലൂക്ക് മഹിളാസമാജം സെക്രട്ടറി സൗദാമിനി, ട്രഷറർ ചിത്ര തുടങ്ങിയവർ പങ്കെടുത്തു.





*ജനപക്ഷം മോട്ടോർ തൊഴിലാളി യൂണിയൻ ജില്ലാ ഭാരവാഹികളായ രഞ്ജിത്ത് നേമം (പ്രസിഡന്റ്), മണികണ്ഠൻ (സെക്രട്ടറി)*

## പഞ്ചാര ബിജു അറസ്റ്റിൽ

തിരുവനന്തപുരം: ഫോർട്ട്, തമ്പാനൂർ പൊലീസ് സ്റ്റേഷൻ പരിധിയിൽ കുലിത്തല്ല്, പിടിച്ചുപറി, കഞ്ചാവ് വില്പന കേസുകളിൽ പ്രതിയായ ഗുണ്ട ആറ്റുകാൽ പാടശേരി മണിയന്റെ മകൻ ബിജു എന്ന പഞ്ചാര ബിജുവിനെ (39) സിറ്റി ഷാഡോ പൊലീസ് അറസ്റ്റ് ചെയ്തു.

ആട്ടോറിക്ഷയിൽ കറങ്ങിനടന്ന് അസമയങ്ങളിൽ ഒറ്റപ്പെട്ട് വരുന്നവരെ സഹായിക്കാമെന്ന വ്യാജേന ആട്ടോറിക്ഷയിൽ കയറ്റിക്കൊണ്ടുപോയി ആളൊഴിഞ്ഞ സ്ഥലത്തുവെച്ച് ഭീഷണിപ്പെടുത്തി സ്വർണാഭരണങ്ങളും പണവും വിലപിടിപ്പുള്ള വസ്തുക്കളും തട്ടിയെടുക്കുന്നതാണിയാളുടെ രീതി.

സിറ്റി പൊലീസ് കമ്മിഷണർ പി. പ്രകാശിന്റെ നിർദ്ദേശപ്രകാരം ഡി.സി.പി ആർ. ആദിത്യ, കൺട്രോൾ റൂം എ.സി വി. സുരേഷ്കുമാർ, ഫോർട്ട് സി.ഐ അജിചന്ദ്രൻ, സിറ്റി ഷാഡോ എസ്.ഐമാരായ ലഞ്ചുലാൽ, അരുൺകുമാർ, ഷാഡോ ടീം അംഗങ്ങൾ എന്നിവർ ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്.



റിഗാറ്റ
വിജയദശമിയോട് അനുബന്ധിച്ച് റിഗാറ്റ നാട്യ സംഗീത വിദ്യാലയത്തിൽ ശാസ്ത്രീയ നൃത്തങ്ങൾ, കർണാടക സംഗീതം, വീണ, ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ ക്ലാസ്സുകൾക്ക് അഡ്മിഷൻ ആരംഭിക്കുന്നു.
വിജയദശമി ദിനത്തിൽ രക്ഷിതാക്കളുടെ സൗകര്യാർത്ഥം എല്ലാ ബ്രാഞ്ചിലേയും പ്രവേശനം വഞ്ചിയൂർ റിഗാറ്റയിൽ രാവിലെ 7 മുതൽ 12 വരെ
വീട്ടമ്മമാർക്കായി പ്രത്യേകം ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്
ബ്രാഞ്ചുകൾ: വഞ്ചിയൂർ, ആറ്റുകാൽ, ഇടപ്പഴിഞ്ഞി ജവഹർ നഗർ, കുളത്തൂർ
അഡ്മിഷനും മറ്റു വിവരങ്ങൾക്കും 0471-2479442 93878 12902 / 94970 12777

ഔട്ട്ഡോർ കാറ്ററിംഗ്– മാര്യേജ് ഈവന്റുകൾ അവിസ്മരണീയമാക്കാൻ ...
ബി സിക്സ് ഔട്ട്ഡോർ കാറ്ററേഴ്സ്

ഞങ്ങളുടെ ഉപയോക്താക്കൾ പറയുന്നത് ബി സിക്സ് ഔട്ട് ഡോർ കാറ്ററേഴ്സിന് മാന്ത്രികക്കൈകൾ ഉണ്ടെന്നാണ്. ഒരു ചടങ്ങ് നടക്കുന്ന സ്ഥലത്തെ ഒരു സ്വപ്നഭൂമിയാക്കാൻ ഞങ്ങൾക്ക് ഏതാനും മണിക്കൂറുകൾ മതി. ഒരു ചടങ്ങിന്റെ വേദിയിലെത്തിയാൽ ഞങ്ങൾ അതേക്കുറിച്ച് ഭാവനയിൽ കാണുന്നു. പിന്നെ ഞങ്ങളുടെ സ്റ്റാൻഡേർഡിന്റെ ചിറകുകളിലേറി ചടങ്ങുകൾ പറക്കുകയായി . അവിടെ ഞങ്ങളുടെ ആർട്ടിസ്റ്റുകൾ, എക്സിക്യൂട്ടീവുകൾ, ഷെഫ് തുടങ്ങി ഞങ്ങളുടെ മുഴുവൻ സ്റ്റാഫും ആ ചടങ്ങിനെ ഒരു പ്രസന്റേഷൻ ആക്കി അവതരിപ്പിക്കുന്നു. ഓരോ ചടങ്ങ് കഴിയുമ്പോഴും മറ്റുള്ളവർക്ക് അസൂയയുണ്ടാക്കുംവിധം ഞങ്ങളുടെ ആതിഥേയർ അഭിമാനത്തോടെ തല ഉയർത്തി നില്ക്കുന്നത് ഞങ്ങൾകാണുന്നു.

ബി സിക്സ് ഔട്ട്ഡോർ കാറ്ററേഴ്സ് നഗരത്തിലെ ഏറ്റവും മികച്ച കാറ്ററിംഗ് സർവ്വീസ്

ബി സിക്സിന് ഏറ്റവും നല്ല മാനേജ്മെന്റ് - അഡ്മിനിസ്ട്രേറ്റീവ് സംവിധാനങ്ങളാണുള്ളത്. ഞങ്ങൾക്ക് ലഭിക്കുന്ന ഓരോ ഓർഡറും ഞങ്ങൾക്ക് ഒരു വെല്ലുവിളിയാണ്. അത് ഞങ്ങളുടെ സ്വന്തം ചടങ്ങായി ഞങ്ങൾ കാണുന്നു. വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ച് വളരെ ചിട്ടയോടെയാണ് ഞങ്ങൾ ഓരോ ചടങ്ങും കൈകാര്യം ചെയ്യുന്നത്. തന്മൂലം അതിഥികൾക്ക് അത് അവിസ്മണീയമായ ഒരു അനുഭവമായി മാറുന്നു. ഞങ്ങൾക്ക് ധാരാളം ഉപയോക്താക്കളും അഭ്യുദയകാംക്ഷികളും ഈ മേഖലയിൽ നിരവധി എക്സിക്യൂട്ടീവുകളും ഉണ്ട്. ഒരു പാർട്ടി കഴിയുമ്പോൾ അത് ആയിരക്കണക്കിന് ഓർഡറുകളുടെ പ്രചോദനകേന്ദ്രമാകുകയാണ്.

ഊർജ്ജസ്വലമായ മാർഗ്ഗത്തിലൂടെ ബി സിക്സ് വിപണിയിൽ പുതിയ രുചിക്കൂട്ടുകൾ സൃഷ്ടിക്കുന്നു. പരമാവധി ഉപഭോക്തൃ സംതൃപ്തിയാണ് ഞങ്ങളുടെ ലക്ഷ്യം. ആതിഥേയരെ ഞങ്ങൾ സ്വതന്ത്ര മനസ്കരാക്കുന്നു. ആതിഥേയർ സംതൃപ്തരെങ്കിൽ അതാണ് ഞങ്ങളുടെ പാർട്ടിയുടെ നിർവചനം.

ശുദ്ധമായ ഭക്ഷണത്തിലൂടെയും സേവനത്തിലൂടെയും ബി സിക്സ് ചടങ്ങുകൾക്ക് പൂർണ്ണ സുരക്ഷിതത്വം നല്കുന്നു. ഈ വ്യവസായത്തിൽ ഒരിടത്തും കാണാൻ കഴിയാത്ത വിപണിയിലെ ഏറ്റവും വിപുലമായ അടുക്കളയാണ് ഞങ്ങൾക്കുള്ളത്. സംസ്ഥാനത്തെവിടെയും നിങ്ങൾ ആഗ്രഹിക്കുന്നിടത്ത് എത്തിക്കാൻ ഞങ്ങൾക്ക് സ്വന്തം ട്രാൻസ്പോർട്ട് സൗകര്യങ്ങൾ ഉണ്ട്.

ബി സിക്സ്
ഔട്ട്ഡോർ കാറ്ററേഴ്സ്
ശാസ്തമംഗലം റോഡ്
ഹൈനസ്സ് ബാറിന് സമീപം
വെള്ളയമ്പലം, തിരുവനന്തപുരം,
കേരള - 695 003.
മൊബൈൽ: +919447056678
ഫോൺ: +914712724030
ഇ-മെയിൽ: bsixoutdoorcaterers@gmail.com
www.bsixoutdoorcaterers.com



CATERING & EVENT PLANING
B SIX MARRIAGE EVENTS
Sasthamangalam, Thiruvananthapuram
Phone : 0471 - 2724030, 9447056678
Email : bsixoutdoorcaterers@gmail.com www.bsixoutdoorcaterers.com, www.bsixevents.com

# മിന്നൽ പണിമുടക്കിൽ വലഞ്ഞ് ജനം

## ■ തമ്പാനൂരിലും കിഴക്കേകോട്ടയിലും ബസ് റോഡിലിട്ട് ഗതാഗതം തടസപ്പെടുത്തി

▸സ്വന്തം ലേഖകൻ

തിരുവനന്തപുരം: യാത്രക്കാരെ പെരുവഴിയിൽ ഇറക്കിവിട്ട് കെ.എസ്.ആർ.ടി.സി ജീവനക്കാർ നടത്തിയ മിന്നൽ സമരം യാത്രക്കാരെ വലച്ചു. കുടുംബശ്രീ അംഗങ്ങളെ റിസർവേഷൻ കൗണ്ടർ ഏല്പിക്കുന്നതിനെതിരെ തമ്പാനൂർ സെൻട്രൽ ഡിപ്പോയിൽ ആരംഭിച്ച പ്രതിഷേധമാണ് മിന്നൽ പണിമുടക്കായും റോഡ്തടയലായും മാറിയത്. ഡിപ്പോകളിലേക്ക് വന്ന ബസുകൾ റോഡിൽ നിറുത്തിയിടുകയായിരുന്നു. അരമണിക്കൂറിനുള്ളിൽ ബസുകളുടെ നിര റോഡിലേക്ക് നീണ്ടു. കിഴക്കേകോട്ടയിലെ റോഡുകളും ബസുകൾകൊണ്ട് നിറഞ്ഞു. ഇതോടെ ഈ ഭാഗത്തെ ഗതാഗതം പൂർണമായും സ്തംഭിച്ചു. മിന്നൽ സമരം ആയതിനാൽ വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്താനുള്ള സാവകാശവും പൊലീസിനു ലഭിച്ചില്ല. ദീർഘദൂര ബസുകൾക്ക് ടിക്കറ്റ് റിസർവ് ചെയ്ത് എത്തിയവരും കുടുങ്ങി. ബസുകൾ നിറുത്തിവച്ചതോടെ യാത്രക്കാരും കെ.എസ്.ആർ.ടി.സി ജീവനക്കാരും തമ്മിൽ വാക്കേറ്റമായി. പൊലീസ് ഇടപെട്ടാണ് സ്ഥിതി ശാന്തമാക്കിയത്. റെയിൽവേ സ്റ്റേഷനിലെത്തിയ ദീർഘദൂര യാത്രക്കാരും വലഞ്ഞു. ബസുകൾക്ക് ഇടയിൽപ്പെട്ട കാറുകളും ഇരുചക്ര വാഹനങ്ങളും തിരിച്ച് മടങ്ങാൻ കഴിയാതെ കുടുങ്ങി. തമിഴ്നാട് ട്രാൻസ്പോർട്ട് കോർപറേഷന്റെ ബസുകളും റോഡിൽ കുരുങ്ങി. സമരം സിറ്റി ഡിപ്പോയിലേക്കും വ്യാപിച്ചതോടെ കിഴക്കേകോട്ടയിലും ബസുകൾ നിറുത്തിയിട്ടു. അവിടെയും ഗതാഗതം നിശ്ചലമായി. വികാസ് ഭവൻ ഉൾപ്പെടെ നഗരത്തിലെ മറ്റു ഡിപ്പോകളിലേക്കും സമരം വ്യാപിച്ചു. കിഴക്കേകോട്ടയിലെയും തമ്പാനൂരിലെയും വ്യാപാര സ്ഥാപനങ്ങളിൽ എത്തിയവരും കുടുങ്ങി.

ഇരുവശത്തെയും വ്യാപാര സ്ഥാപനങ്ങൾക്ക് മുന്നിൽ കിടന്ന വാഹനങ്ങൾ പുറത്തേക്ക് ഇറക്കാൻ പറ്റാതെയായി.


റിസർവേഷൻ കൗണ്ടറുകൾ കുടുംബശ്രീയെ ഏല്പിക്കാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ മിന്നൽ പണിമുടക്കിനെത്തുടർന്ന് സെൻട്രൽ ബസ് ടെർമിനലിൽ സർവീസുകൾ നിലച്ചപ്പോൾ ഫോട്ടോ: എസ്. ജയചന്ദ്രൻ


റിസർവേഷൻ കൗണ്ടറുകൾ കുടുംബശ്രീയെ ഏല്പിക്കാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് കെ.എസ്.ആർ.ടി.സി ജീവനക്കാർ നടത്തിയ മിന്നൽ പണിമുടക്കിനെത്തുടർന്ന് തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനലിനുള്ളിലെ റിസർവേഷൻ കൗണ്ടറിന് മുന്നിൽ സമരം നടത്തുന്ന സി.ഐ.ടി.യു പ്രവർത്തകരായ ജീവനക്കാർ

### 15 പേർക്കെതിരെ കേസ്

ഗതാഗതം തടസപ്പെടുത്തിയതിന് 15 ഡ്രൈവർമാർക്കെതിരെ തമ്പാനൂർ പൊലീസ് കേസെടുത്തിട്ടുണ്ട്. പരാതികൾ ലഭിച്ചാൽ കൂടുതൽ പേർക്കെതിരെ കേസെടുക്കുമെന്ന് പൊലീസ് അറിയിച്ചു.

## തോന്നയ്ക്കൽ ആശാൻ സ്മാരകത്തിൽ വിദ്യാരംഭം

ആറ്റിങ്ങൽ: തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകത്തിൽ വിദ്യാരംഭത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

19ന് രാവിലെ 7.30ന് വിദ്യാരംഭം ആരംഭിക്കുമെന്ന് ചെയർമാൻ പ്രൊഫ. വി. മധുസൂദനൻ നായർ, സെക്രട്ടറി പ്രൊഫ. അയിലം ഉണ്ണിക്കൃഷ്ണൻ എന്നിവർ അറിയിച്ചു. ഡെപ്യൂട്ടി സ്പീക്കർ വി. ശശി, ഡോ. എ. സമ്പത്ത് എം.പി, ജസ്റ്റിസ് കെ. ശ്രീധരൻ, തോട്ടം രാജശേഖരൻ, ഗുരുരത്നം ജ്ഞാനതപസ്വി, ഡോ. തോമസ് കുഴിനാപ്പുറത്ത്, പ്രൊഫ. വി. കാർത്തികേയൻ നായർ, പ്രൊഫ. വി.എൻ. മുരളി, പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, പ്രൊഫ. എം.ആർ. സഹൃദയൻ തമ്പി, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, ഒ.വി. ഉഷ, പൂവച്ചൽ ഖാദർ, വിനോദ് വൈശാഖി, കാര്യവട്ടം ശ്രീകണ്ഠൻ നായർ, ഡോ. ബി. സീരപാണി, തേവർതോട്ടം സുകുമാരൻ, ഷാനിബാ ബീഗം, പ്രൊഫ. തുളസീധരൻ, വി.എസ്. ബിന്ദു, കലാം കൊച്ചേറ, ഡോ. തേവന്നൂർ മണിരാജ്, സരസ്വതി തോന്നയ്ക്കൽ, ഭുവനേന്ദ്രൻ എന്നിവർ കുരുന്നുകൾക്ക് ആദ്യക്ഷരം കുറിക്കും. രാത്രി 7.30ന് ലൗലി ജനാർദ്ദനനും സംഘവും അവതരിപ്പിക്കുന്ന ആശാൻ കവിതകളുടെ സംഗീത ആവിഷ്കാരം, പാർവതിയുടെ കഥാപ്രസംഗം എന്നിവ നടക്കും.

## വിധികർത്താക്കളെ ആവശ്യമുണ്ട്

തിരുവനന്തപുരം: റവന്യൂജില്ലാ കലോത്സവത്തിൽ വിധി കർത്താക്കളായി സേവനം ചെയ്യാൻ താത്പര്യമുള്ളവരിൽ നിന്നു അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ഉപജില്ലാ കലോത്സവങ്ങളിൽ വിധികർത്താക്കളായിരുന്നവർ ആകാൻ പാടില്ല.

ബയോഡാറ്റയും, സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം 20ന് വൈകിട്ട് 5ന് മുമ്പ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം, ചാല പി.ഒ, പിൻ - 695036 എന്ന വിലാസത്തിൽ നേരിട്ടോ തപാൽമാർഗമോ എത്തിക്കണം.

## ബോധവത്കരണ സെമിനാർ

തിരുവനന്തപുരം: ആറ്റുകാൽ ദേവി ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ 27ന് വൈകിട്ട് 3.30 മുതൽ 5.30 വരെ സ്തനാർബുദ ബോധവത്കരണ സെമിനാർ നടത്തും. ഡോ. ബിജു ഐ. ജി, ഡോ. മഹേഷ് സുകുമാരൻ, സുഭാശ്രീ പ്രശാന്ത്, ഡോ. ദീപ, ഡോ. ഗോപകുമാർ തുടങ്ങിയവർ സംസാരിക്കും.

# നിയന്ത്രണംവിട്ട കെ.എസ്.ആർ.ടി.സി ബസ് ആളില്ലാത്ത വീട്ടിലേക്ക് ഇടിച്ചുകയറി

## ■ പതിനാറ് പേർക്ക് പരിക്ക് ■ ഒരാളുടെ നില ഗുരുതരം

ആറ്റിങ്ങൽ: ദേശീയപാതയിൽ പൂവൻപാറ പാലത്തിന് സമീപത്തെ വളവിൽ നിയന്ത്രണംവിട്ട കെ.എസ്.ആർ.ടി.സി ബസ് പൂട്ടിക്കിടന്ന വീട്ടിലേക്ക് ഇടിച്ചുകയറി ഡ്രൈവറും കണ്ടക്ടറും ഉൾപ്പെടെ പതിനാറ് പേർക്ക് പരിക്കേറ്റു.

ഗുരുതരമായി പരിക്കേറ്റ കിളിമാനൂർ സ്വദേശി അനിൽകുമാർ (49)നെ മെഡിക്കൽ കോളേജിലും ബാക്കിയുള്ളവരെ ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലും പ്രവേശിപ്പിച്ചു. ബസിന്റെ ഡ്രൈവർ ശശിധരൻ ( 51), കണ്ടക്ടർ നിഷാദ് ( 28) , പാപ്പാല സ്വദേശികളായ സുബി (24) , അംബിക(44), കിളിമാനൂർ സ്വദേശികളായ ഷൈനി (32), രോഹിണി ( 21), ലിജി ( 38), സുധർമ്മ ( 58) , വെള്ളല്ലൂർ സ്വദേശി ദീപ (39), നഗരൂർ സ്വദേശികളായ ജൂബിന ( 23), ലക്ഷ്മി (21), ആറ്റിങ്ങൽ സ്വദേശികളായ കൃഷ്ണ ( 20), സിജി ( 20), സുധീർ ( 35) എന്നിവരാണ് വലിയകുന്ന് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നത്. ഇതിൽ സുബി, രോഹിണി, ജൂബീന എന്നിവർ ഗർഭിണികളാണ്. പാലോട് നിന്നും ആറ്റിങ്ങലിലേക്ക് വരികയായിരുന്ന കെ.എസ്.ആർ.ടി.സി വേണാട് ബസാണ് ഇന്നലെ രാവിലെ എട്ടോടെ അപകടത്തിൽപ്പെട്ടത്.

അമിത വേഗതയിൽ വന്ന ബൈക്കിനെ ഇടിക്കാതിരിക്കാൻ ബസ് വെട്ടിത്തിരിച്ചതാണ് അപകടകാരണമെന്ന് ഡ്രൈവർ പറഞ്ഞു. ബസ് റോഡ് സൈഡിൽ നിന്ന ഇലക്ട്രിക് പോസ്റ്റ് തകർത്ത് തൊട്ടടുത്ത വീടിന്റെ സിറ്റ്ഔട്ടിലേക്ക് ഇടിച്ചുകയറുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഷറഫുദ്ദീന്റെ വീടിനും കാറിനും കേടുപാടുണ്ട്.

ഷറഫും കുടുംബവും വിദേശത്തായതിനാൽ വീട് പൂട്ടിയിട്ടിരിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ വൈദ്യുതി ബന്ധം നിലച്ചു. ഫയർഫോഴ്സും പൊലീസും നാട്ടുകാരും ചേർന്നാണ് പരിക്കേറ്റവരെ ആശുപത്രിയിലെത്തിച്ചത്.


കെ.എസ്.ആർ.ടി.സി ബസ് വീട്ടിലേക്ക് ഇടിച്ച കയറിയ നിലയിൽ

## തുഞ്ചൻ സ്മാരകത്തിൽ വിദ്യാരംഭം

തിരുവനന്തപുരം: തുഞ്ചൻ സ്മാരകത്തിൽ 19ന് രാവിലെ 7 മുതൽ വിദ്യാരംഭം നടക്കും. ഒ. രാജഗോപാൽ എം.എൽ.എ, ഡോ. ഡി. ബാബുപോൾ, ഡോ. ടി.ജി. രാമചന്ദ്രൻപിള്ള, ഡോ. എം.ആർ. തമ്പാൻ, മലയിൻകീഴ് ഗോപാലകൃഷ്ണൻ, ടി.കെ. ദാമോദരൻ നമ്പൂതിരി, എസ് . ശ്രീനിവാസ് എന്നിവർ എഴുത്തിലും, കാട്ടൂർ നാരായണ പിള്ള, കാരയ്ക്കാമണ്ഡപം വിജയകുമാർ എന്നിവർ ചിത്രകലയിലും, പി. സുശീലാദേവി, കല്ലറ ഗോപൻ, ഡോ. രാജശ്രീവാര്യർ, ജി. ശ്രീറാം എന്നിവർ സംഗീതത്തിലും, ഗായത്രി നൃത്തത്തിലും വിദ്യാരംഭം നടത്തും. രജിസ്ട്രേഷന് ഫോൺ: 0471-2457473, 2457312.

## സി.ബി.എസ്.ഇ മാനേജ്മെന്റ് അസോസിയേഷൻ

തിരുവനന്തപുരം: കേരള സി.ബി.എസ്.ഇ മാനേജ്മെന്റ് അസോസിയേഷൻ ജില്ലാ കൺവെൻഷൻ മന്നം മെമ്മോറിയൽ നാഷണൽ ക്ലബിൽ നടന്നു.

സംസ്ഥാന പ്രസിഡന്റ് അഡ്വ. ടി.പി.എം. ഇബ്രാഹിം ഖാൻ, വർക്കിംഗ് പ്രസിഡന്റ് രാജ്മോഹൻ, ഓർഗനൈസിംഗ് സെക്രട്ടറി ഇ.എ. സാബു, ട്രഷറർ സി.എ. അബ്രഹാം തോമസ് എന്നിവർ പങ്കെടുത്തു.

ഭാരവാഹികളായി ടി. സതീഷ് കുമാർ (പ്രസിഡന്റ്), തോന്നയ്ക്കൽ ബ്ലൂമൗണ്ട് പബ്ലിക് സ്കൂൾ ചെയർമാൻ അഡ്വ. കെ. വിജയൻ (ജനറൽ സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.



ജില്ലാ പ്രസിഡന്റ് ടി. സതീഷ് കുമാർ, ജനറൽ സെക്രട്ടറി അഡ്വ. കെ. വിജയൻ

## എൽ.ഡി.എഫ് രാഷ്ട്രീയ വിശദീകരണ യോഗം

# മഴയിലും ചോരാത്ത ആവേശവുമായി പ്രവർത്തകർ

▸എൻ.പി.മുരളീകൃഷ്ണൻ

തിരുവനന്തപുരം: മഴയിലും ചോരാത്ത ആവേശവുമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രവർത്തകർ പുത്തരിക്കണ്ടം മൈതാനത്തേക്ക് ഒഴുകിയെത്തി.

നാടിന്റെ നവോത്ഥാന മൂല്യങ്ങൾ കാക്കണമെന്നും വിശ്വാസത്തിന്റെ പേരിൽ ജനങ്ങളെ തെരുവിലിറക്കി രാഷ്ട്രീയനേട്ടം കൊയ്യുന്നവരെ തിരിച്ചറിയണമെന്നും ആവശ്യപ്പെട്ട് പുത്തരിക്കണ്ടം മൈതാനത്ത് ചേർന്ന എൽ.ഡി.എഫിന്റെ രാഷ്ട്രീയ വിശദീകരണ യോഗമാണ് പ്രവർത്തകരുടെ ആവേശത്തിനും വിപ്ലവ വീര്യത്തിനും വേദിയായത്.

മഴയെ വകവയ്ക്കാതെ ആയിരക്കണക്കിന് പ്രവർത്തകരാണ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയത്. വൈകിട്ട് അഞ്ചരയ്ക്ക് യോഗം തുടങ്ങും മുമ്പേ മൈതാനം നിറഞ്ഞിരുന്നു.

നാലരയോടെ ചെറുതായി ചാറിത്തുടങ്ങിയ മഴ പിന്നീട് കനത്തു. മഴ വകവയ്ക്കാതെ പ്രവർത്തകർ ഇരിപ്പിടങ്ങളിലും മൈതാനത്തിന്റെ വിവിധ ഭാഗങ്ങളിലുമായി നിറഞ്ഞു.

നേതാക്കൾ എത്തിത്തുടങ്ങിയപ്പോഴേക്കും മഴ കനത്തിരുന്നു. മുഖ്യമന്ത്രി പിണറായി വിജയനും കോടിയേരി ബാലകൃഷ്ണനും കാനം രാജേന്ദ്രനുമടക്കമുള്ള നേതാക്കൾ എത്തിയതോടെ മഴയുടെ ഘോഷത്തെ തോല്പിച്ച് പ്രവർത്തകർ മുദ്രാവാക്യം വിളിയോടെ അവരെ എതിരേറ്റു.


എൽ.ഡി.എഫ് രാഷ്ട്രീയ വിശദീകരണയോഗത്തിനെത്തിയവർ

മുഖ്യമന്ത്രി പിണറായി വിജയൻ പ്രസംഗം തുടങ്ങിയതോടെ പ്രവർത്തകർ പെരുമഴയത്തും ആവേശം ചോരാതെ കൈയടിച്ചു. ഒരു മണിക്കൂറിലേറെ നീണ്ട മുഖ്യമന്ത്രിയുടെ പ്രസംഗം പ്രവർത്തകരുടെ ആവേശവും ആത്മവിശ്വാസവും ഇരട്ടിപ്പിക്കുന്നതായിരുന്നു. ശബരിമല സ്ത്രീപ്രവേശന വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ടും ബി.ജെ.പിയുടെയും കോൺഗ്രസിന്റെയും നിലപാടുകൾക്കെതിരെയുമായിരുന്നു മുഖ്യമന്ത്രിയുടെ പ്രസംഗം.

വിശദാംശങ്ങളോടെ കാര്യങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗം പ്രവർത്തകരെ ആവേശം കൊള്ളിച്ചു. മഴ വീണ്ടും ശക്തിയായതോടെ തുടർന്നു സംസാരിച്ചവർ പ്രസംഗം ചുരുക്കി.

രണ്ടാം ചരമവാർഷികം
(17.10.2018)



സി. ശാരദ
W/o Late എ. രഘുനാഥൻ ഭാഗവതർ
പാർവ്വതിമന്ദിരം, പൊരുന്തമൺ, കിളിമാനൂർ.
- സന്തപ്തകുടുംബാംഗങ്ങൾ.

Bharatiya Vidya Bhavan (CBSE)
THIRUVANANTHAPURAM KENDRA Phone No. 0471-2354700/2354600
Fax: 0471-2354600, Bhavan's Towers, Kattu Road, Poojappura-695012
Web: www.bhavanstvmkendra.com, Email: bvbtvm@bsnl.in , bvbtvmkendra@gmail.com

ADMISSION FOR THE ACADEMIC YEAR 2019-20

Are you looking forward to provide technology enabled, quality education based on Indian values for your child from LKG to Class XII under CBSE stream? Then your search ends with us

Our Institutions in Thiruvananthapuram:
1. Bharatiya Vidya Bhavan Senior Secondary School, Kodunganoor, **Vattiyoorkavu** (LKG to XII) **Phone: 0471-2360564**
2. Bharatiya Vidya Bhavan Senior Secondary School, Manvila, Near CET **Sreekaryam** (LKG to XII) **Phone: 0471-2594559**
3. Kulapati K.M. Munshi Memorial Nursery School, **Poojappura** ( LKG, UKG and Class:I ) **Phone: 0471-2354700**

If you are on transferable job, be in India or abroad you will find a Bharatiya Vidya Bhavan School in all major countries/cities. (UAE, Qatar, New York, London, Rio (Mexico), Sydney etc.)

REGISTRATION FOR ADMISSION TO LKG FROM 19-09-2018

CHAIRMAN

SCREENING TEST FOR INDIAN NATIONALS with FOREIGN MEDICAL QUALIFICATIONS

FMGE DECEMBER – 2018

National Board of Examinations

PUBLIC NOTICE

- As per the Screening Test Regulations 2002, an Indian citizen / overseas citizen of India possessing a primary medical qualification awarded by any medical institution outside India who is desirous of getting provisional or permanent registration with Medical Council of India or State Medical Council on or after **15.03.2002** shall have to qualify the Foreign Medical Graduate Examination (FMGE)/Screening Test.
- National Board of Examinations shall conduct next FMGE on **14th December, 2018** on Computer Based Platform at various test centres across the Country.
- Please refer to the Information Bulletin at the website **www.nbe.edu.in** (16th October, 2018 onwards) for eligibility criteria, fee structure, course curriculum, scheme of examination and other details.
- Application form for **FMGE December, 2018** can be submitted only online at **www.nbe.edu.in** from **16th October, 2018** to **06th November, 2018.**
- **Important Dates for FMGE:**

| | | |
|---|---|---|
| Availability of information bulletin | : | 16th October, 2018 onwards |
| Online Submission of application form | : | 16th October – 06th November, 2018 |
| Examination Date | : | 14th December, 2018 |
| Declaration of result | : | by 15th January, 2019 |

- **For any query, please contact NBE Candidate Care Support: 1800111700 (Toll free) Email: fmge@natboard.edu.in**

**Note:** Possession/Use of Mobile Phones/Electronic Devices is strictly prohibited in the premises of NBE Examination Centres. Candidates shall be liable for penal action for Possession/use of Mobile Phones/Electronic Devices. Kindly read terms & conditions in the information bulletin carefully.

Medical Enclave, Ansari Nagar, Mahatma Gandhi Marg, New Delhi-110029
Phone : 011-45593000 Email: mail@natboard.edu.in

| ഓഹരി വിപണി | | |
|---|---|---|
| 297.38 ↑ | സെൻസെക്സ് | 35162.48 |
| 72.25 ↑ | നിഫ്റ്റി | 10584.75 |

| സ്വർണം | |
|---|---|
| പവൻ (8ഗ്രാം) | 23,680 |
| ഒരു ഗ്രാം | 2960 |

**കെ.എസ്.എഫ്.ഇ**

# പ്രവാസി ചിട്ടി: വരിസംഖ്യ 25 മുതൽ അടയ്ക്കാം

- ചിട്ടിയിൽ ചേരുന്നവർക്ക് വികസനപദ്ധതികളുടെ സ്പോൺസർമാരാകാം
- ഇതുവരെ ചിട്ടിയിൽ ചേർന്നത് 12,271 പേർ

തിരുവനന്തപുരം: കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയിൽ രജിസ്റ്റർ ചെയ്തവർക്ക് ഈമാസം 25 മുതൽ വരിസംഖ്യ അടയ്ക്കാമെന്ന് മന്ത്രി ടി.എം. തോമസ് ഐസക്ക് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ആദ്യ ലേലം ഒരുമാസത്തിനകം നടക്കും. 12,271 പേർ യു.എ.ഇയിൽ നിന്നുമാത്രം രജിസ്റ്റർ ചെയ്തിട്ടുണ്ട്. 72,000 പേർ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. നടപ്പു വർഷം ഒരു ലക്ഷം പേർ ചിട്ടിയിൽ ചേരുമെന്നാണ് പ്രതീക്ഷ. മൂന്നു വർഷം കൊണ്ട് 10 ലക്ഷം പേരെ ചിട്ടിയിൽ ചേർക്കുകയാണ് ലക്ഷ്യം.

നിലവിൽ യു.എ.ഇയിൽ ഉള്ളവർക്കാണ് രജിസ്റ്റർ ചെയ്യാൻ അവസരം. 25 മുതൽ മറ്റ് ജി.സി.സി രാജ്യങ്ങളിലുള്ളവർക്കും ചേരാം. ദുബായിൽ ചിട്ടിയുടെ ഉദ്ഘാടനം ഉണ്ടാകില്ല. പകരം, ആദ്യലേലം അവിടെ നടത്തും. ചിട്ടിയിൽ ചേർന്ന ഓരോ 5,000 പേരിൽ നിന്ന് നറുക്കെടുക്കുന്ന ഒരാൾക്ക് കേരളത്തിൽ വന്നു പോകാനുള്ള വിമാന ടിക്കറ്റ് സമ്മാനമായി നൽകും. ആദ്യത്തെ 10,000 പേരിൽ നിന്ന് രണ്ടു പേരെ ഇന്നലെ തിരുവനന്തപുരത്ത് നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തു.

മുജീബ് റഹ്മാൻ അരിവത്തൂർ, ഷിജു സൈമൺ എന്നിവരാണ് വിജയികൾ. മൂന്നു വർഷത്തിനകം കിഫ്ബിയിലൂടെ സംസ്ഥാനത്ത് നടപ്പാക്കുന്ന 5,000 കോടി രൂപയുടെ വികസന പദ്ധതികൾക്കായി പതിനായിരം കോടി രൂപയെങ്കിലും പ്രവാസി ചിട്ടി വഴി സമാഹരിക്കുകയാണ് ലക്ഷ്യം.

വിദ്യാലയങ്ങൾ, ആശുപത്രികൾ, സ്റ്റേഡിയങ്ങൾ, തീരദേശ ഹൈവേ, ഐ.ടി പാർക്കുകൾ, ജലസേചന പദ്ധതികൾ, കൾച്ചറൽ കോംപ്ലക്സുകൾ, റോഡുകളും പാലങ്ങളും, ഉൾനാടൻ ജലഗതാഗതം എന്നിങ്ങനെ പത്തു വിഭാഗങ്ങളായാണ് ആദ്യം ചിട്ടികളുടെ സീരീസ് തുടങ്ങുക. ചിട്ടിയിൽ ചേരുന്നവർക്ക് വികസനപദ്ധതികളുടെ സ്പോൺസർമാരാകാം. ഇവരുടെ പേരുവവിരങ്ങളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. കിഫ്ബി സി.ഇ.ഒ ഡോ.കെ.എം. എബ്രഹം, കെ.എസ്.എഫ്.ഇ ചെയർമാൻ പീലിപ്പോസ് തോമസ്, മാനേജിംഗ് ഡയറക്ടർ എ. പുരുഷോത്തമൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## സൗകര്യങ്ങൾ

- ചിട്ടിയുടെ നടത്തിപ്പിന് തിരുവനന്തപുരത്ത് വിർച്വൽ ഓഫീസ് തുറന്നു
- 24*7 പ്രവർത്തിക്കുന്ന കോൾസെന്റർ സംവിധാനം
- ഏതു സമയത്തും ഇന്റർനെറ്റ് വഴി അക്കൗണ്ട് പരിശോധിക്കാം
- പരാതികളുണ്ടെങ്കിൽ ഉടൻ കോൾസെന്ററുമായി ബന്ധപ്പെടാം ചിട്ടിക്കായി ഗൾഫ് രാജ്യങ്ങളിൽ പ്രത്യേക ഓഫീസ് തുറക്കില്ല
- നാട്ടിൽ വരുമ്പോൾ കെ.എസ്.എഫ്.ഇയുടെ 600 ശാഖകളിലൂടെയും ചിട്ടിയിൽ ചേരാം




## നോർക്കയുമായി ചേർന്ന് പ്രവാസി പെൻഷൻ പദ്ധതി

ചിട്ടിയിൽ ചേരുന്നവർ ഗൾഫ് ജീവിതം മതിയാക്കി നാട്ടിലെത്തുമ്പോൾ നോർക്കയുമായി ചേർന്ന് പ്രത്യേക പെൻഷൻ പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി തോമസ് ഐസക്ക് പറഞ്ഞു.

പത്തു ലക്ഷം രൂപ വരെയുള്ള ചിട്ടികൾക്ക് ഇൻഷ്വറൻസുണ്ട്. ചിട്ടി എടുത്തയാൾ മരണപ്പെടുകയോ തൊഴിലെടുക്കാൻ പറ്റാത്ത അവസ്ഥയിലാകുകയോ ചെയ്താൽ, അവശേഷിക്കുന്ന തുകയുടെ ബാദ്ധ്യതയ്ക്ക് ഇൻഷ്വറൻസ് ലഭിക്കും. ചിട്ടി വിളിച്ചെടുക്കാത്തവർക്കും ഈ പരിരക്ഷ ലഭിക്കും. ഏതെങ്കിലും വരിക്കാരൻ മരിച്ചാൽ അദ്ദേഹത്തിന്റെ ഭൗതിക ശരീരം നാട്ടിലേക്ക് കൊണ്ടുവരാനുള്ള വിമാനച്ചെലവും അനുയാത്ര ചെയ്യുന്ന സഹായിയുടെ ചെലവും കെ.എസ്.എഫ്.ഇ വഹിക്കും. ഇൻഷ്വറൻസില്ലാത്ത ഉയർന്ന തുകയുടെ ചിട്ടികളും ലഭ്യമാണ്.

# ലുലു ഗ്രൂപ്പ് ഈജിപ്തിൽ $50 കോടി നിക്ഷേപിക്കും



ഈജിപ്ഷ്യൻ പ്രധാനമന്ത്രി ഡോ. മുസ്തഫ മത്ബൂലിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘവുമായി ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി കെയ്റോയിൽ കൂടിക്കാഴ്ച നടത്തുന്നു.

കെയ്റോ: പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി ലുലു ഗ്രൂപ്പ് ഈജിപ്തിൽ 50 കോടി ഡോളർ (ഏകദേശം 3,600 കോടി രൂപ) നിക്ഷേപിക്കും. ഈജിപ്ഷ്യൻ പ്രധാനമന്ത്രി ഡോ. മുസ്തഫ മത്ബൂലിയുമായി ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി കൂടിക്കാഴ്ച നടത്തി. രണ്ടുവർഷത്തിനകം നാല് ഹൈപ്പർ മാർക്കറ്റുകളും രണ്ട് ലോജിസ്റ്റിക്സ് സെന്ററുകളും ആരംഭിക്കാനാണ് പദ്ധതിയെന്ന് യോഗത്തിൽ എം.എ. യൂസഫലി പറഞ്ഞു.

വിദേശ നിക്ഷേപകർക്ക് എല്ലാവിധ പിന്തുണയും നൽകുമെന്ന് ഡോ. മുസ്തഫ മത്ബൂലി പറഞ്ഞു. വിദേശ നിക്ഷേപത്തിന് അനുയോജ്യമായ പ്രദേശങ്ങളുടെ വിശദമായ മാപ്പും സർക്കാർ തയ്യാറാക്കും. ഈജിപ്തിലെ ഏറ്റവും വലിയ മത്സ്യ ഫാമുകളുള്ള, പോർട്ട് സയീദിൽ മത്സ്യസംസ്കരണ കേന്ദ്രം തുടങ്ങാൻ അദ്ദേഹം ലുലു ഗ്രൂപ്പിനെ ക്ഷണിച്ചു. ന്യൂ സോഹാജ് സിറ്റിയിലെ വാണിജ്യ കേന്ദ്രത്തിൽ ലുലു ഗ്രൂപ്പിന് ലോജിസ്റ്റിക്സ് സെന്ററുകൾ തുടങ്ങാനാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

സിക്സ്ത് ഒക്ടോബർ സിറ്റി, ന്യൂ കെയ്റോ, അൽ അബൂർ എന്നിവിടങ്ങളിൽ നാല് ഹൈപ്പർ മാർക്കറ്റുകൾ, രണ്ട് ലോജിസ്റ്റിക്സ് സെന്ററുകൾ എന്നിവ ആരംഭിക്കാനാണ് രണ്ടുവർഷത്തിനകം ലുലു ഗ്രൂപ്പ് 50 കോടി ഡോളർ ചെലവഴിക്കുകയെന്ന് മന്ത്രിസഭാ വക്താവ് നാദിർ സാദ് പറഞ്ഞു. ലോജിസ്റ്റിക്സ് സെന്ററിനായുള്ള സ്ഥലനിർണയത്തിന് ലുലു പ്രതിനിധി സംഘം ഉടൻ സന്ദർശനം നടത്തും. സ്ഥലം ലഭ്യമായാൽ നിർമ്മാണവും ഉടൻ തുടങ്ങും. യോഗത്തിൽ വ്യാപാരമന്ത്രി ഡോ. അലി മെസൽഹി, ഉന്നത മന്ത്രാലയ പ്രതിനിധികൾ, ലുലു ഈജിപ്ത് ഡയറക്ടർ ജൂസർ രൂപാവാല തുടങ്ങിയവരും സംബന്ധിച്ചു.

# ഡബിൾ ഹോഴ്സ് മട്ട ബ്രോക്കൺ അരിയിൽ മായമില്ലെന്ന് തെളിഞ്ഞു

തൃശൂർ: പ്രമുഖ ഭക്ഷ്യോത്പന്ന നിർമ്മാതാക്കളായ ഡബിൾ ഹോഴ്സിന്റെ മട്ട ബ്രോക്കൺ അരിയിൽ യാതൊരുവിധ മായവും കലർന്നിട്ടില്ലെന്നും ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് പൂർണമായി പാലിക്കുന്ന, ഉന്നത നിലവാരമുള്ള അരിയാണിതെന്നും മൈസൂരിലെ റെഫറൽ ലാബോറട്ടറിയിൽ (സി.എഫ്.ടി.ആർ.ഐ) നിന്നുള്ള പരിശോധനാ റിപ്പോർട്ട്.

മട്ട ബ്രോക്കൺ അരിയിൽ മായം കലർന്നിട്ടുണ്ടെന്ന വ്യാജ വാർത്തകളെ തുടർന്ന്, ഫുഡ് സേഫ്റ്റി കമ്മിഷണറുടെ നിർദേശ പ്രകാരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥർ അരി ശേഖരിച്ച് സർക്കാർ അനലിറ്റിക്കൽ ലാബുകളിലേക്ക് അയയ്ച്ചിരുന്നു.

അരിയിൽ തവിടിന്റെ അംശം കൂടുതലാണെന്നും സബ് സ്റ്റാൻഡേർഡാണെന്നും ആയിരുന്നു തിരുവനന്തപുരം അനലിറ്റിക്കൽ ലാബിൽ നിന്നുള്ള റിപ്പോർട്ട്. തുടർന്ന്, മട്ട ബ്രോക്കൺ അരി വിപണിയിൽ നിന്ന് പിൻവലിക്കാൻ ഫുഡ് സേഫ്റ്റി കമ്മിഷണർ ഉത്തരവിട്ടു.

എന്നാൽ, ഇതിനെതിരെ ഡബിൾ ഹോഴ്സ് ഹൈക്കോടതിയെ സമീപിച്ചു. ഡബിൾ ഹോഴ്സ് സമർപ്പിച്ച അപ്പീൽ തീർപ്പാകുന്നത് വരെ, അരി വിപണിയിൽ നിന്ന് പിൻവലിക്കാനുള്ള ഫുഡ് സേഫ്റ്റി കമ്മിഷണറുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കി. തുടർന്നാണ്, ഹൈക്കോടതി നിർദേശ പ്രകാരം അപ്പീൽ നൽകുകയും ഫുഡ് സേഫ്റ്റി അധികൃതർ ശേഖരിച്ച അതേ ബാച്ചിലുള്ള അരിയുടെ സാമ്പിൾ മൈസൂരിലെ ലാബിലേക്ക് അയയ്ക്കുകയും ചെയ്തത്.

കമ്പനിക്കെതിരെ വ്യാജ പ്രചരണം നടത്തിയവർക്കെതിരെ നിയമ നടപടിയുമായി മുന്നോട്ടുപോകുമെന്ന് ഡബിൾ ഹോഴ്സ് അധികൃതർ പറഞ്ഞു.

| SCRIP | BSE | NSE |
|---|---|---|
| ARVINDMILL | 332.700 | 332.300 |
| ASHOKLEY | 120.150 | 120.550 |
| ASIANPNT | 1266.800 | 1267.600 |
| AXISBANK | 588.800 | 588.850 |
| BEML | 629.100 | 629.400 |
| BFLSOFT | 1130.950 | 1129.550 |
| BHARTI | 293.900 | 294.000 |
| BIOCON | 629.200 | 628.900 |
| BOMBDYE | 117.550 | 117.750 |
| BPCL | 302.400 | 302.100 |
| BRITANNIA | 5697.700 | 5700.500 |
| BSES | 335.200 | 335.450 |
| CANARABANK | 236.700 | 236.600 |
| CEAT | 1136.900 | 1138.700 |
| CENTURY TEXT | 828.050 | 828.150 |
| CHENNAIPETRO | 265.300 | 266.000 |
| CIPLA | 640.000 | 639.750 |
| GAIL | 352.050 | 352.300 |
| GESHIPP | 287.250 | 285.750 |
| HCLINFO | 26.850 | 27.000 |
| HDFC | 1756.900 | 1756.250 |
| HDFCBNK | 1992.400 | 1992.750 |
| HEROHONDA | 2898.700 | 2895.200 |
| HINDALCO | 230.600 | 230.550 |
| HINDUJAFUN | 493.250 | 492.900 |
| ICICIBANK | 321.050 | 320.650 |
| IDBI | 59.600 | 59.500 |
| INFOSYS | 696.400 | 695.250 |
| INFOTECH ENT | 671.500 | 669.250 |
| IOC | 135.500 | 135.450 |
| ITC | 282.550 | 282.650 |
| Jindal Cotex Ltd | 4.230 | 4.000 |
| KARUR VYSYA BANK | 76.850 | 77.000 |
| L&T | 1224.350 | 1224.650 |
| LICHSGFIN | 444.750 | 444.650 |
| LUPINCHEM | 895.400 | 896.450 |
| M&M | 778.300 | 777.700 |
| MAHABANK | 11.570 | 11.500 |
| Mahindra Holidays | 205.900 | 206.850 |
| MARUTI | 7149.950 | 7150.900 |
| MAXIND | 391.550 | 392.000 |
| MCDOWEL | 526.400 | 526.450 |
| MRF | 63214.750 | 63212.950 |
| PETRONET | 224.300 | 224.100 |
| PFIZER | 2897.150 | 2895.800 |
| Pipavav Shipyard | 12.640 | 12.600 |
| PRYACEM | 195.500 | 195.350 |
| PTC | 76.750 | 76.750 |
| RAMCOSYS | 317.900 | 317.100 |
| RELCAP | 267.700 | 267.850 |
| RELIANCE | 1163.650 | 1163.800 |
| SBI | 270.200 | 270.300 |
| SUNPHARMA | 602.850 | 602.700 |
| SYNDIBANK | 33.100 | 33.150 |
| Tata Communications | 486.850 | 486.500 |
| TATAPOWER | 73.800 | 73.800 |
| TATATEA | 234.500 | 235.450 |
| TCS | 1961.700 | 1962.300 |
| TELCO | 185.500 | 185.850 |
| THERMAX | 980.550 | 975.250 |
| THMCOOK | 215.400 | 215.950 |
| TIPSINDIA | 71.250 | 70.400 |
| TISCO | 574.100 | 572.800 |
| TITANIND | 810.400 | 810.600 |
| TRIGYNTECH | 90.400 | 90.050 |
| UCOBANK | 17.150 | 17.150 |
| UNICHEMLAB | 198.250 | 198.000 |
| VESUVIUS | 1075.850 | 1072.450 |
| VOLTAS | 508.500 | 508.650 |
| WIPRO | 320.150 | 319.050 |
| ZEETELE | 470.350 | 469.750 |
| **KERALA BASED** | | |
| APOLLOTYRE | 219.800 | 220.300 |
| AVTNPL | 28.650 | 28.650 |
| Cochin minerals | 166.000 | 0.000 |
| COCHINSHIP | 400.050 | 399.750 |
| Dhan bank | 12.010 | 11.950 |
| Eastern Treads | 51.000 | 0.000 |
| Fact | 39.150 | 39.200 |
| FEDERALBNK | 81.650 | 81.650 |
| GEOJIT | 43.850 | 43.650 |
| Gtn textiles | 0.000 | 10.900 |
| HARMALA | 94.600 | 94.400 |
| INDITRADE | 45.100 | 0.000 |
| Kera ayu | 79.350 | 0.000 |
| Kitex | 118.500 | 118.750 |
| Kse ltd. | 2320.450 | 0.000 |
| Manapuram | 74.600 | 74.650 |
| Muthoot capital | 860.200 | 861.100 |
| Muthootfin | 404.300 | 404.800 |
| Nitta gelatin | 143.250 | 0.000 |
| Patspin india | 10.540 | 10.600 |
| RUBFILA INTL [BSE] | 48.350 | 0.000 |
| SIB | 14.630 | 14.600 |
| Sree sakthi paper | 6.350 | 0.000 |
| Vertex | 1.950 | 0.000 |
| Vguard | 180.550 | 180.550 |
| WONDERLA | 281.450 | 280.950 |

## വിനിമയനിരക്ക്



| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 73.52 | 73.43 |
| യൂറോ | 85.16 | 85.06 |
| പൗണ്ട് | 97.17 | 97.06 |
| സ്വിസ് ഫ്രാങ്ക് | 74.43 | 74.32 |
| സിംഗപ്പൂർ ഡോളർ | 53.47 | 53.39 |
| ആസ്ട്രേലിയ ഡോളർ | 52.39 | 52.37 |
| കനേഡിയൻ | 56.73 | 56.64 |
| ബഹ്റിൻ ദിനാർ | 194.86 | |
| കുവൈറ്റ് ദിനാർ | 242.57 | |
| ഒമാനി റിയാൽ | 190.81 | |
| സൗദി റിയാൽ | 19.58 | |
| യു. എ. ഇ. ദിർഹം | 20.00 | |
| ഖത്തർ റിയാൽ | 20.17 | |

## കമ്പോളനിലവാരം

| കൊച്ചി | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 15,100 |
| വെളിച്ചെണ്ണ | 14,100 |
| കൊപ്ര | 9420-9500 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2150 |
| പിണ്ണാക്ക് റോട്ടറി | 2900 |
| **കുരുമുളക്** | |
| ചേറ്റാത്തത് | 37,500 |
| കുരുമുളക് പുതിയത് | 36,000 |
| കുരുമുളക് ചേറ്റിയത് | 39,500 |
| ചുക്ക് മീഡിയം | 18,000-18500 |
| ചുക്ക് ബെസ്റ്റ് | 18,000-1900 |
| മഞ്ഞൾ | 11,500 |
| സേലം-ഈറോഡ് | 8500-9000 |
| കാഞ്ഞിരക്കുരു | 1850 |
| **അടയ്ക്ക** | |
| പുതിയത് | 18,000-19,000 |
| അടയ്ക്ക പഴയത് | ഇല്ല |
| പഞ്ചസാര | 3560 |
| വറ്റൽമുളക് | 10,500-14,800 |
| ഉഴുന്ന് | 6500-7100 |
| ചെറുപയർ | 6700-7200 |
| കടല | 4500-5200 |
| മുതിര | 4500 |
| എള്ള് | 11,000 |
| മല്ലി | 5,300-9,500 |
| പച്ചരി നമ്പർ-2 | 2900 |
| പുഴുക്കലരി (ജയ) | 3200 |
| ജാതിക്കതൊണ്ടൻ | 200-225 |
| തൊണ്ടില്ലാത്തത് | 400-425 |
| ജാതിപത്രി | 500-650 |
| ഗ്രാമ്പൂ | 740 |
| പാംഓയിൽ | 7050 |
| **പൈനാപ്പിൾ** | |
| പച്ച | 31.00 |
| പച്ച (സ്പെഷ്യൽ) | 38.00 |
| പഴം | 37.00 |
| **റബർ** | |
| ആർഎസ്എസ്4 | 12,750 |
| ആർഎസ്എസ്-5 | 11,700-12,300 |
| ഒട്ടുപാൽ | 8500 |
| ലാറ്റക്സ് | 9500 |

| കോട്ടയം | |
|---|---|
| ആർ.എസ്.എസ്4 | 124.00 |
| ആർ.എസ്.എസ്5 | 119.00 |
| തരംതിരിക്കാത്തത് | 107.50 |
| | 108.00 |
| ഒട്ടുപാൽ | 78.00 |
| **റബർബോർഡ്** | |
| ആർ.എസ്.എസ്4 | 12800 |
| ആർ.എസ്.എസ്5 | 12300 |
| തരംതിരിക്കാത്തത് | 11600 |
| ഒട്ടുപാൽ | 9985 |
| **ബാങ്കോക്ക്** | |
| ആർ.എസ്.എസ്1 | 10947 |
| ആർ.എസ്.എസ്2 | 10811 |
| ആർ.എസ്.എസ്3 | 10687 |
| ആർ.എസ്.എസ്4 | 10619 |
| ആർ.എസ്.എസ്5 | 10517 |
| **കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)** | |
| എസ്.എം.ആർ 20 | 9742 (133.90) |
| 60% ലാറ്റക്സ് | 7369 (101.30) |
| വെളിച്ചെണ്ണ | 181.00 |
| കൊപ്ര | 130.00 |
| ശർക്കര (മറയൂർ) | 70.00 |
| ശർക്കര (പാണ്ടി) | 50.00 |
| കാപ്പി | 127.00 |

| കണ്ണൂർ | |
|---|---|
| കൊപ്രക്വിന്റൽ | 9000 |
| വെളിച്ചെണ്ണ | |
| ടിൻ | 2700 |
| കിലോ | 183 |
| ലിറ്റർ | 169 |
| പിണ്ണാക്ക് ക്വിന്റൽ | 2100 |
| തേങ്ങ ക്വിന്റൽ | 2700 |

| ആലപ്പുഴ | |
|---|---|
| വെളിച്ചെണ്ണ മില്ലിംഗ് | 16,000 |
| വെളിച്ചെണ്ണ | 15,100 |
| കൊപ്ര | 10,100 |
| ,, | 10,150 |
| ,, | 10,200 |

| തൃശൂർ | |
|---|---|
| വെളിച്ചെണ്ണ (മില്ലിംഗ്) | 14800 |
| തയ്യാർ | 13800 |
| കൊപ്ര | 9360 |
| തേങ്ങപിണ്ണാക്ക് | 2100 |
| നല്ലെണ്ണ | 2950 |
| കടലെണ്ണ | 2350 |
| എള്ളിൻപിണ്ണാക്ക് | 3100 |
| സ്വർണ്ണം | 2960 |
| വെള്ളി | 430 |
| **അടയ്ക്ക കൊക്കാല** | |
| പഴയത് | 4000-4900 |
| രണ്ടാംതരം | 1000-2000 |
| **അമല** | |
| പഴയത് | 4400-4950 |
| പുതിയത് | 4400-5000 |
| രണ്ടാംതരം | 2700-3200 |
| **പഴഞ്ഞി** | |
| പഴയത് | 4500-4900 |
| രണ്ടാംതരം | 2500-3000 |

| നെടുമങ്ങാട് | |
|---|---|
| റബർ | 114 (കി.ഗ്രാം) |
| ഓട്ടുപാൽ | 70(") |
| കൊട്ടപ്പാക്ക് | 180 (") |
| കുരുമുളക് | 340 (") |
| കുരുമുളക് (പച്ച) | 80 (") |
| ജാതിക്ക | 170 (") |
| പരിപ്പ് | 370 (") |
| ജാതിപത്രി | 600 (") |
| തേങ്ങ | 35 (") |
| കൊക്കോ | 9 (") |
| കാപ്പി | 100 (") |
| ഗ്രാമ്പ് | 500 (") |
| **സ്വർണം** | |
| കൊച്ചി (8ഗ്രാം) | 23,680 |
| ഒരുഗ്രാം | 2960 |
| **വെള്ളി** | |
| തിരുവനന്തപുരം | 44,440 |
| കൊച്ചി | 44,440 |



ഹ്യുണ്ടായിയുടെ പുത്തൻ സാൻട്രോയുടെ പ്രീബുക്കിംഗ് ആരംഭിച്ചത് അറിയിച്ചുള്ള റോഡ് ഷോ കൊച്ചിയിൽ ഹ്യുണ്ടായ് റീജിയണൽ മാനേജർ രാഹുൽ ജെയിൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു. കേരളത്തിലെ പ്രമുഖ ടൗണുകളിലൂടെ റോഡ് ഷോ കടന്നുപോകും. ഈമാസം 23നാണ് പുത്തൻ സാൻട്രോയുടെ ലോഞ്ചിംഗ്.

# ഇൻഫോസിസിന് ₹4,110 കോടി ലാഭം

ബംഗളൂരു: രാജ്യത്തെ ഏറ്റവും വലിയ രണ്ടാമത്തെ ഐ.ടി കമ്പനിയായ ഇൻഫോസിസ് നടപ്പു സാമ്പത്തിക വർഷത്തെ രണ്ടാംപാദമായ ജൂലായ്-സെപ്തംബറിൽ 4,110 കോടി രൂപയുടെ ലാഭം നേടി. തൊട്ടു മുമ്പത്തെ പാദത്തെ അപേക്ഷിച്ച് 13.8 ശതമാനമാണ് വർദ്ധന. മുൻ വർഷത്തെ സമാനപാദത്തിലെ 3,726 കോടി രൂപയുടെ ലാഭത്തെ അപേക്ഷിച്ച്, 10.3 ശതമാനവും വർദ്ധനയുണ്ട്. വരുമാനം വാർഷിക അടിസ്ഥാനത്തിൽ 17.3 ശതമാനവും പാദാടിസ്ഥാനത്തിൽ 7.7 ശതമാനവും വർദ്ധിച്ച് 20,609 കോടി രൂപയായി. ഭേദപ്പെട്ട പ്രവർത്തന ഫലത്തിന്റെ അടിസ്ഥാനത്തിൽ ഓഹരിയൊന്നിന് ഏഴു രൂപവീതം ലാഭവിഹിതം ഇൻഫോസിസ് പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ ഐ.ടി കമ്പനിയായ ടി.സി.എസ് കഴിഞ്ഞപാദത്തിൽ 7,901 കോടി രൂപയുടെ ലാഭം നേടിയിരുന്നു.

## ശാസ്ത്രകൗമുദി

### ഉണക്കമുന്തിരി ആരോഗ്യ ചേരുവ



ഉണക്ക മുന്തിരിയെ പായസത്തിലെ ചേരുവയായി മാത്രം കാണുന്നവർക്ക് ഈ ആരോഗ്യ അറിവുകൾ പ്രയോജനം ചെയ്യുമെന്നുറപ്പ്. ഉണക്കമുന്തിരി രക്തത്തിലെ ഇരുമ്പിന്റെ അളവ് നിലനിറുത്തി വിളർച്ച പരിഹരിക്കും. ഇതിൽ പൊട്ടാസ്യം വിറ്റാമിൻ സി, കാൽസ്യം, വിറ്റാമിൻ ബി 6, ഇരുമ്പ്, സിങ്ക് എന്നിവ അടങ്ങിയിട്ടുണ്ട്. ക്ഷീണമുള്ളപ്പോൾ ഉണക്കമുന്തിരി ചേർത്ത വെള്ളം കുടിക്കുക. നേത്രരോഗങ്ങൾ പരിഹരിക്കാനും പല്ലിന്റെ ആരോഗ്യം നിലനിറുത്താനും സഹായിക്കും.

കായികതാരങ്ങൾക്കും കായികാദ്ധ്വാനത്തിൽ ഏർപ്പെടുന്നവർക്കും വേണ്ട ഊർജ്ജം പ്രദാനം ചെയ്യും. ശരീരഭാരം വർദ്ധിപ്പിക്കാൻ സഹായിക്കുമെങ്കിലും കൊളസ്ട്രോൾ കൂട്ടില്ലെന്ന മെച്ചം ഉണ്ട്. ദഹനസംബന്ധമായ പ്രശ്നങ്ങൾ പരിഹരിച്ച് ദഹനം സുഗമമാക്കും. ഉണക്കമുന്തിരിയിലെ നാരുകൾ ദഹനേന്ദ്രിയത്തിലെ വിഷപദാർത്ഥങ്ങളെ പുറംതള്ളും. ദോഷകരമായ ബാക്ടീരിയകളെയും കുടൽ രോഗങ്ങളെയും പ്രതിരോധിക്കും. കാൻസറിനെതിരെ പൊരുതുന്ന കാറ്റെച്ചിൻ എന്ന ആന്റിഓക്സിഡന്റ് ഉണക്കമുന്തിരിയിലുണ്ട്. ആന്റിബയോട്ടിക്കുകൾ, ആന്റി ഓക്സിഡന്റുകൾ എന്നിവ അണുബാധകളെ പ്രതിരോധിക്കും.

## കൗമുദി ടിവി

Kaumudy

| | |
|---|---|
| 6.00 ഡിവോഷണൽസോംഗ് | 12.35 പുതിയപാട്ട് |
| 6.26 am, pm ദൈവദശകം | 1.35 നേർക്കണ്ണ് |
| 7.00 ജീസസ് ഈസ് എലൈവ് | 2.35 ലേഡീസ് അവർ |
| 7.30 പ്രണവം | 4.35 ഡേവിത്ത് എസ്സാർ |
| 8.00 സ്നേക്ക്മാസ്റ്റർ | 5.35 സ്വയംവരം |
| 8.30 ന്യൂസ് ട്രാക്ക് | 6.00 സാൾട്ട് ആൻഡ് പെപ്പർ |
| 9.00 താരപ്പകിട്ട് | 6.35 ദേവാമൃതം |
| 10.00 ജി.ഐ.ടി.ഡി | 8.35 താരപ്പകിട്ട് |
| 10.35 ഡ്രീം ഡ്രൈവ് | 9.35 ഫിലിം ബോക്സ് |
| 11.35 ഫിലിം ബോക്സ് | 10.00 ഹാസ്യരസം |




**ഡിഡി മലയാളം**
7.00 കൃഷിദർശൻ
8.00 മേഘരാഗം

**ഡിഡി കേരളം**
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാന ശ്യാമസന്ധ്യ

**ഏഷ്യാനെറ്റ്**
6.30 ഭാര്യ
7.00 വാനമ്പാടി
7.30 നീലക്കുയിൽ
8.00 കറുത്തമുത്ത്
8.30 കസ്തൂരിമാൻ
9.00 സീതാകല്യാണം

**ന്യൂസ്**
8.00 വാർത്താപ്രഭാതം
8.30 ചുറ്റുവട്ടം
2.30 ഡോ. ലൈവ്

**ഏഷ്യാനെറ്റ് പ്ലസ്**
7.00 ഇടിവെട്ട് സോമനും തടിവെട്ട് ഷാജിയും
8.00 മിസ്റ്റർ കല്യാണരാമൻ
8.30 മൗനം സമ്മതം

**ANIMALPLANET**
07:00 am Too Cute
8.00 Animal Cops Phoenix
10.00 My Cat from Hell
11.00 The vet life
12.00 Dr Jeff Rocky Mountain Vet
1.00 Pit Bulls and parolees
5.00 Tanked.
4.00 Tree house Masters
6:00 Tanked
7:00 Tanked

## സിനിമ

**ഏഷ്യാനെറ്റ് hd:** 9.00 എന്ന് നിന്റെ മൊയ്തീൻ

**ഏഷ്യാനെറ്റ് മൂവീസ്:** 09.30 ബോയിംഗ് ബോയിംഗ് 12.00 ഇമ്മാനുവേൽ 2.30 വാനപ്രസ്ഥം 5.00 പൈ ബ്രദേഴ്സ് 7.00 മണിച്ചിത്രത്താഴ്

**ഏഷ്യാനെറ്റ് :** 9.00 എന്ന് നിന്റെ മൊയ്തീൻ

**ഏഷ്യാനെറ്റ് പ്ലസ്:** 12.00 ഒരു മറവത്തൂർ കനവ്

**എസിവി :** 9.00 വചനം 2.00 സൂര്യമാനസം 9.30 ആയുഷ്കാലം

**റോസ്ബൗൾ :** 6.00 ജലോത്സവം

**ജുക്ക്ബോക്സ്:** 6.30 മീനാക്ഷി കല്യാണം

**കൈരളി :** 12.00 വൺടാൻ വെൻടാൻ

**വി:** 12.30 തെങ്കാശിപ്പട്ടണം 9.00 ഉത്സവമേളം

**സൂര്യ:** 9.00 രാമന്റെ ഏദൻതോട്ടം 2.30 എബി

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2018 ഒക്ടോബർ 17 ബുധൻ )

**മേടം :** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*
ചുമതലകൾ അന്യരെ ഏല്പിക്കരുത്. സാമ്പത്തിക വിഭാഗത്തിൽ ശ്രദ്ധിക്കും. വ്യവസ്ഥകൾ പാലിക്കും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*
ലക്ഷ്യപ്രാപ്തി നേടും. ചുമതലകൾ ചെയ്തുതീർക്കും. അനുകൂല സാഹചര്യം വന്നുചേരും. .

**മിഥുനം :** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)*
കീർത്തി വർദ്ധിക്കും. ആരോഗ്യം തൃപ്തികരമായിരിക്കും. സഹകരണ മനോഭാവം ഉണ്ടാകും.

**കർക്കടകം :** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*
മനസ്സമാധാനമുണ്ടാകും. പുതിയ പ്രവർത്തനങ്ങൾ. ചർച്ചകളിൽ വിജയം.

**ചിങ്ങം :** *(മകം, പൂരം, ഉത്രം കാൽ ഭാഗം)*
നിശ്ചയദാർഢ്യമുണ്ടാകും. അനുകൂലസാഹചര്യങ്ങൾ. വിട്ടുവീഴ്ചാ മനോഭാവം.

**കന്നി :** *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)*
തർക്കങ്ങൾ പരിഹരിക്കും. പരിശീലനത്തിന് തയ്യാറാകും. സഹജമായ കഴിവുകൾ പ്രകടിപ്പിക്കും.

**തുലാം :** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)*
ആവശ്യങ്ങൾ പരിഗണിക്കും. സദ്ചിന്തകൾ വർദ്ധിക്കും. സജ്ജന സംസർഗം.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*
പുതിയ കർമ്മപദ്ധതികൾ. പ്രശസ്തി വർദ്ധിക്കും. അഹംഭാവം ഉപേക്ഷിക്കും.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക)
ഭൂരിപക്ഷ അഭിപ്രായം സ്വീകരിക്കും. ആത്മസംതൃപ്തിയുണ്ടാകും. ശുഭാപ്തിവിശ്വാസം വർദ്ധിക്കും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).*
പുതിയ പ്രവർത്തനമേഖല. ആത്മാഭിമാനം വർദ്ധിക്കും. സാമ്പത്തിക നേട്ടം.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*
വ്യവസ്ഥകൾ പാലിക്കും. പുതിയ ഭരണസംവിധാനം. അവസരങ്ങൾ പ്രയോജനപ്പെടുത്തും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽഭാഗം, ഉത്രട്ടാതി, രേവതി).*
സഹപ്രവർത്തകരുടെ സഹകരണം. ബന്ധുക്കൾ വിരുന്നുവരും. മത്സരങ്ങളിൽ വിജയം.

- ഗോപകുമാർ ശർമ്മ

## കേരളാ വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: 4/18-19/KWA/PHC/D4/TVM (RT1). അമൃത് പദ്ധതി - കഴക്കൂട്ടം I - ബ്ലോക്കിലേക്ക് തെറ്റിയാർ തോടിന്റെ തീരത്തുകൂടി 400 മി.മീ. വ്യാസമുള്ള HDPE സീവർ പൈപ്പ് HDD സാങ്കേതികവിദ്യ ഉപയോഗിച്ച് വിതരണം ചെയ്ത്, സ്ഥാപിക്കുന്ന പ്രവൃത്തി. നിരതദ്രവ്യം : Rs. 1,00,000/-. ഫോറവില : Rs. 7500/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 14.11.2018, 11.00 a.m. ഫോൺ : 0471 - 2322303. വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in

സൂപ്രണ്ടിംഗ് എൻജിനീയർ,
KWA - JB- GL-6-356-2018-19. PH സർക്കിൾ, തിരുവനന്തപുരം.

## കേരളാ വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : 185 - 192/EE/PHDn/KTR/2018-19. കടയ്ക്കൽ, കൊട്ടാരക്കര എന്നീ സബ്ബ് ഡിവിഷന്റെ കീഴിലുള്ള വിവിധ ശുദ്ധജല വിതരണ പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണികൾ 2018-2019. നിരതദ്രവ്യം : Rs. 9,400/- 20,100/-. ഫോറവില : Rs. 944 - 2006. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 01.11.2018, 4.00 p.m. ഫോൺ : 0474 - 2450787.
വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in

എക്സിക്യൂട്ടീവ് എൻജിനീയർ,
KWA - JB- GL-6-358-2018-19. PH ഡിവിഷൻ, കൊട്ടാരക്കര.

## CORPORATION OF THIRUVANANTHAPURAM

No: DB6/62983/08 (43) Date: 16.10.2018.

### Retender Notice

Competitive E-tenders are invited from Manufacturers/Dealers/Suppliers of Installation Electrical spare parts for street lights - Tube, Choke, Starter, Side holder SV Lamp, SV Ballast, SV Ignitor, SV Bulb holder, Capacitor, for Thiruvananthapuram Corporation for the year 2018-19 as per the specifications given in the Tender document.

The detailed tender notice is published in our website **www.corporationoftrivandrum.in** and office notice board. For participating e-tender visit website **https://etenders.kerala.gov.in**

Superintending Engineer.

## കേരളാ വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ്: 101/2018-19/EE/PHDn/KLM, 102/2018-19/EE/PHDn/KLM. കിഫ്ബി/സ്റ്റേറ്റ് പ്ലാൻ - പനയം പഞ്ചായത്തിലെ കേടായ എ.സി. പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ, പരവൂർ മുനിസിപ്പാലിറ്റിയിൽ കൂനയിൽ റേഷൻകട ജംഗ്ഷൻ മുതൽ പൈപ്പ് ലൈൻ സ്ഥാപിച്ച്, JICA വിതരണ പൈപ്പുമായി ബന്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ. നിരതദ്രവ്യം : Rs. 12,600/- , Rs. 50,000/-. ഫോറവില : Rs. 1232/-, 2,800/- . ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 26.10.2018, 4.00 p.m. ഫോൺ : 0474 - 2748857.
വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in

എക്സിക്യൂട്ടീവ് എൻജിനീയർ,
KWA - JB- GL-6-360-2018-19. PH ഡിവിഷൻ, കൊല്ലം.

## KERALA STATE SCIENCE & TECHNOLOGY MUSEUM, VIKAS BHAVAN.P.O.,THIRUVANANTHAPURAM – 33

Tender No. KSSTM/B/2203/18 Date: 04/10/2018
Tender ID: 2018_KSSTM_238416_1

### E-Tender Notice

E-Tenders under single cover system are invited by the Director, Kerala State Science & Technology Museum from the reputed fabricators/suppliers for the Fabrication, Supply & Installation of Science Park Exhibits at Regional Science Centre Chalakudy, Thrissur.
PAC - Rs. 20,00,000/- EMD - Rs. 50,000/-
Last date of submisstion of e-Tender : 22-10-2018 - 3 pm
Date & time of opening of e-Tender : 24-10-2018 - 3 pm
Price of bid documents : Rs. 5,000/- + 18% GST (Total Rs. 5,900/-)
The bidders have to quote through online procurement portal of Government of Kerala,
https://etenders.kerala.gov.in

Director

2913742/D3/2018/I&PR

## ദർഘാസ് പരസ്യം

മലയിൻകീഴ് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന 2018-19 വാർഷിക പദ്ധതിയിലുൾപ്പെട്ട എ.ഇ.എൽ.എസ്.ജി.ഡി. നിർവ്വഹണ ഉദ്യോഗസ്ഥരായ വിവിധ പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് അംഗീകൃത വിതരണക്കാർ/ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് www.tender.lsgkerala.gov.in എന്ന സൈറ്റ് സന്ദർശിക്കുകയോ ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

(ഒപ്പ്) അസിസ്റ്റന്റ് എൻജിനീയർ,
എൽ.എസ്.ജി.ഡി., മലയിൻകീഴ്.

## വിൻഡോ പരസ്യം

**ആർ. 3044/2017** **തീയതി : 05.10.2018**
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
തിരുവനന്തപുരം - 695 014. ഫോൺ : 0471 - 2320637.

### കേരള വനം - വന്യജീവി വകുപ്പ്

തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷനിൽ മുൻ ലേലത്തിൽ വിറ്റുപോകാത്ത 61 A പ്രകാരം കണ്ടുകെട്ടിയ വാഹനങ്ങളും കുളത്തുപ്പുഴ റെയിഞ്ചിലും ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലുമായി കണ്ടംചെയ്ത വാഹനങ്ങളും ഇപ്പോഴുള്ള അവസ്ഥയിലും സ്ഥിതിയിലും 08.11.2018-ൽ ഇ-ലേലം നടത്തുന്നതാണ്. പ്രസ്തുത ഇ-ലേലത്തിൽ വിറ്റുപോകാത്ത വാഹനങ്ങൾ 28.11.2018-ൽ ഇ-ലേലം നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും എം.എസ്.ടി.സി വെബ്സൈറ്റ് സന്ദർശിക്കുക. Website : www.mstcecommerce.com(09946473645, 0471 - 2529137), www.forest.kerala.gov.in(0471-2320637).

(ഒപ്പ്) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
F3/1501/2018/I & PRD തിരുവനന്തപുരം ഡിവിഷൻ.

## ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

ചിറയിൻകീഴ്.
ഫോൺ : 0470 - 2640334/8281925448.

### ടെൻഡർ പരസ്യം

നമ്പർ : A2/1366/18 തീയതി : 15.10.2018.

ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ട് നമ്പർ 61/19 "മത്സ്യവില്പനയ്ക്കായി മോട്ടോർ സൈക്കിളും ഐസ്ബോക്സും" എന്ന പദ്ധതി പ്രകാരം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി : 30.10.2018 ഉച്ചയ്ക്ക് 1.00 മണി വരെ. കൂടുതൽ വിവരങ്ങൾ പഞ്ചായത്ത് ഓഫീസിലും, http://www.lsg.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

(ഒപ്പ്) മത്സ്യഭവൻ ഓഫീസർ,
ചിറയിൻകീഴ്.

## മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

മാറനല്ലൂർ, കൂവളശ്ശേരി പി.ഒ, ഫോൺ : 0471 - 2298354
Email : marpansec@gmail.com
നമ്പർ : AE/LSGD/2018/MNLR തീയതി : 15.10.2018.

### മാറനല്ലൂർ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി 2018-19
### പൊതുമരാമത്ത് പ്രവൃത്തി ദർഘാസ് പരസ്യം

മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ പരസ്യം.

ടെൻഡർ ഫാറം ലഭ്യമാകുന്ന തീയതിയും സമയവും : 24.10.2018 വൈകുന്നേരം 3 മണി വരെ.
ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും : 27.10.2018 വൈകുന്നേരം 5 മണി വരെ.
ടെൻഡർ തുറക്കുന്ന തീയതി : 29.10.2018 രാവിലെ 11 മണി.

പൊതുമരാമത്ത്/ എൽ.എസ്.ജി.ഡി വകുപ്പുകളിലെ ദർഘാസുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തിദിവസങ്ങളിലും എൽ.എസ്.ജി.ഡി ഓഫീസിൽ നിന്നോ പഞ്ചായത്ത് ഓഫീസിൽ നിന്നോ www.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ നിന്നോ ലഭ്യമാണ്.

(ഒപ്പ്) അസിസ്റ്റന്റ് എൻജിനീയർ

## കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471- 2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

**സ്ത്രീ ശക്തി SS 127 നറുക്കെടുപ്പ് ഫലം 16.10.2018**
സ്ഥലം : ഗോർകിഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.

**ഒന്നാം സമ്മാനം 60 ലക്ഷം രൂപ SE 710515 (വയനാട്)**

**സമാശ്വാസ സമ്മാനം 8000 രൂപ**

SA 710515 SB 710515 SC 710515 SD 710515
SF 710515 SG 710515 SH 710515 SJ 710515
SK 710515 SL 710515 SM 710515

**2-ാം സമ്മാനം 10 ലക്ഷം രൂപ**

SB 519409 (പത്തനംതിട്ട)

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

**3-ാം സമ്മാനം 5000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0342 | 1598 | 2273 | 2673 | 3258 | 3466 | 4219 | 5186 | 9281 | 9534 |

**4-ാം സമ്മാനം 2000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0963 | 2521 | 2532 | 2886 | 3123 | 3637 | 3820 | 5566 | 6319 | 8464 |

**5-ാം സമ്മാനം 1000 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0123 | 0603 | 1379 | 1432 | 1456 | 1536 | 1610 | 2619 | 2736 | 3992 |
| 5056 | 5689 | 6485 | 6648 | 6821 | 7047 | 7744 | 8127 | 8238 | 8638 |
| 8651 | 8847 | 8921 | 9040 | 9266 | 9877 | | | | |

**6-ാം സമ്മാനം 500 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0650 | 1115 | 1371 | 1415 | 1521 | 1578 | 1953 | 2071 | 2141 | 2908 |
| 3129 | 3378 | 3518 | 3807 | 3930 | 4395 | 4410 | 4450 | 5017 | 5175 |
| 5245 | 5387 | 5449 | 6118 | 6139 | 6173 | 6620 | 6689 | 7244 | 7489 |
| 7497 | 7613 | 7649 | 7695 | 8869 | 9347 | | | | |

**7-ാം സമ്മാനം 200 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0216 | 1205 | 1367 | 1747 | 1770 | 2408 | 2566 | 2977 | 3128 | 3248 |
| 3265 | 3494 | 3782 | 4133 | 4170 | 4362 | 4369 | 5041 | 5196 | 5314 |
| 5403 | 5652 | 5758 | 5765 | 6243 | 6416 | 6604 | 6633 | 6804 | 6836 |
| 7388 | 7749 | 7875 | 7877 | 8131 | 8142 | 8445 | 8489 | 8567 | 8619 |
| 9555 | 9637 | 9875 | | | | | | | |

**8-ാം സമ്മാനം 100 രൂപ**

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0019 | 0090 | 0331 | 0632 | 0638 | 0652 | 0662 | 0705 | 0954 | 1074 |
| 1135 | 1142 | 1413 | 1649 | 1663 | 1675 | 1686 | 1788 | 1969 | 2107 |
| 2119 | 2250 | 2270 | 2316 | 2496 | 2509 | 2759 | 2807 | 3107 | 3187 |
| 3232 | 3371 | 3432 | 3464 | 3549 | 3648 | 3670 | 3682 | 4069 | 4181 |
| 4241 | 4344 | 4605 | 4675 | 4737 | 4759 | 4832 | 4987 | 5131 | 5143 |
| 5184 | 5238 | 5252 | 5296 | 5331 | 5516 | 5799 | 5907 | 6079 | 6097 |
| 6127 | 6497 | 6576 | 6706 | 6792 | 6825 | 6830 | 6899 | 6927 | 6941 |
| 6958 | 7083 | 7215 | 7449 | 7507 | 7955 | 7999 | 8002 | 8021 | 8506 |
| 8532 | 8666 | 8731 | 8778 | 8813 | 8826 | 8853 | 8981 | 9015 | 9045 |
| 9052 | 9181 | 9301 | 9509 | 9520 | 9594 | 9609 | 9675 | 9751 | 9787 |

(ഒപ്പ്) നൗഷാദ് പി.എം., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക.
അടുത്ത സ്ത്രീ ശക്തി SS128 നറുക്കെടുപ്പ് 23.10.2018-
ഗോർകിഭവൻ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം.

## തിരുവനന്തപുരം നഗരസഭ

No. DB/62983/08 (42) തീയതി : 16.10.2018.

തിരുവനന്തപുരം നഗരസഭയ്ക്കുവേണ്ടി താഴെ പറയുന്ന പ്ലാൻ ഫണ്ട് പ്രവൃത്തികൾ അടിയന്തരമായി ചെയ്യുന്നതിന് അംഗീകൃത കരാറുകാരിൽ നിന്ന് ഇ-ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

| സോണൽ ഓഫീസിന്റെ പേര് | ആകെ പ്രവൃത്തികളുടെ എണ്ണം | പ്രസിദ്ധീകരിക്കുന്ന തീയതി | സ്വീകരിക്കുന്ന അവസാന തീയതി | തുറന്ന് പരിശോധിക്കുന്ന തീയതി |
|---|---|---|---|---|
| AE Ulloor | 12 | 15.10.2018 | 25.10.2018 | 29.10.2018 |
| AE Main Office | 9 | 22.10.2018 | 29.10.2018 | 01.11.2018 |
| AE-4 Main Office | 1 | 16.10.2018 | 24.10.2018 | 27.10.2018 |
| AE-3 Main Office | 1 | 17.10.2018 | 25.10.2018 | 29.10.2018 |

ഇ-ടെൻഡറിൽ പങ്കെടുക്കുന്നതിന് (https://etenders.kerala.gov.in) വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

സൂപ്രണ്ടിംഗ് എൻജിനീയർ.

## മെഡിക്കൽ കോളേജ് എംപ്ലോയീസ് ക്രഡിറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി Ltd NO. T. 721.

മെഡിക്കൽകോളേജ് പി.ഒ, തിരുവനന്തപുരം-11. ഫോൺ: 2446035, email: mceccs.T721@gmail.com.
സ്ഥാപിതം: 1979

### പൊതുയോഗ നോട്ടീസ്

മാന്യ സഹകാരികളെ,

സംഘത്തിന്റെ 29-ാമത് വാർഷിക പൊതുയോഗം 2018 നവംബർ മാസം 16-ാം തീയതി 2 മണിക്ക് മെഡിക്കൽകോളേജ് പഴയ ആഡിറ്റോറിയത്തിൽ വച്ച് കൂടുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ എല്ലാ സംഘാംഗങ്ങളും കൃത്യസമയത്തുതന്നെ ഹാജരാകണമെന്ന് ഇതിനാൽ അറിയിക്കുന്നു.

ആജ്ഞാനുസരണം
മെഡിക്കൽകോളേജ് ഒപ്പ്
8.10.2018 സെക്രട്ടറി

### കാര്യപരിപാടി

1. അനുശോചനപ്രമേയം. 2. സ്വാഗതം. 3. പൊതുയോഗ നോട്ടീസ് അംഗീകരിക്കുക. 4. മുൻപൊതുയോഗ മിനിട്സ് അംഗീകരിക്കുക. 5. വാർഷിക റിപ്പോർട്ട്. 6. 2017-18 ലെ വരവു ചെലവ് കണക്കുകൾ. 7. 2016-2017ലെ ആഡിറ്റ് റിപ്പോർട്ടും ലാഭവിഭജനവും. 8. 2018-2019ലെ ബഡ്ജറ്റ്. 9. ബൈലാഭേദഗതികൾ. 10. ചോദ്യങ്ങളും പ്രമേയങ്ങളും. 11. അധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ.

NB: ചോദ്യങ്ങളും പ്രമേയങ്ങളും 9.11.2018 4 മണിക്ക് മുമ്പായി സംഘം ഓഫീസിൽ കിട്ടിയിരിക്കേണ്ടതാണ്. റിപ്പോർട്ടുകളും കണക്കുകളും 1.11.2018 മുതൽ സംഘം ഓഫീസിൽ ലഭ്യമാണ്.

### ബൈലാഭേദഗതികൾ

| നിലവിലുള്ളത് | ഭേദഗതിവരുത്തേണ്ടത് | കാരണം |
|---|---|---|
| 14(8) നിലവിലില്ല | 14(8) സംഘത്തിൽ നിന്നും എം.ഡി.എസ് തുകകൾ കൈപ്പറ്റുന്നതിന് സംഘം ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥജാമ്യവ്യവസ്ഥയിലോ അംഗം സംഘത്തിൽ നിക്ഷേപിച്ചിട്ടുള്ള നിക്ഷേപത്തിന്റെയോ അംഗത്തിന്റെ മറ്റ് ബാങ്കുകളിലെ നിക്ഷേപത്തിന്റെ ഉറപ്പിന്മേലോ എംഡിഎസ് തുകകൾ കൈപ്പറ്റാവുന്നതാണ്. | 14(8) സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ജാമ്യവ്യവസ്ഥ ലഘൂകരിച്ചതിനാലും. |
| 34(d) ശമ്പള ജാമ്യ വായ്പ (എമർജൻസി ലോൺ) വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ അംഗങ്ങൾക്ക് സ്വന്തം ഉറപ്പിന്മേൽ 50,000 (അമ്പതിനായിരം) രൂപയിൽ അധികരിക്കാത്ത തുക മാസത്തിൽ ഒരുപ്രാവശ്യം എന്ന കണക്കിന് നൽകാവുന്നതാണ്. | 34(d) ശമ്പള ജാമ്യ വായ്പ (എമർജൻസി ലോൺ) വളരെ അത്യാവശ്യ സന്ദർഭങ്ങളിൽ അംഗങ്ങൾക്ക് സ്വന്തം ഉറപ്പിന്മേൽ 200000(രണ്ടുലക്ഷം) രൂപയിൽ അധികരിക്കാത്ത തുക നൽകാവുന്നതാണ്. വായ്പ കാലാവധിയും ജാമ്യവ്യവസ്ഥയും സംഘം ഭരണസമിതി നിശ്ചയിക്കുന്നതാണ്. | 34(d) അംഗങ്ങളുടെ ആവശ്യവും തിരിച്ചടയ്ക്കാനുള്ള കഴിവും വർധിച്ചതനുസരിച്ച്. |

## KERALA STATE SCIENCE & TECHNOLOGY MUSEUM, VIKAS BHAVAN.P.O.,THIRUVANANTHAPURAM – 33

Tender No. KSSTM/C/793/10 Date: 26/09/2018
Tender ID: 2018_KSSTM_236562_1

### E-Tender Notice

E-Tenders under single cover system are invited by the Director, Kerala State Science & Technology Museum from the reputed manufactures/suppliers for the Supply, Installation, Testing and Commissioning of DMX Lighting and control system for Musical Dancing Water Fountain at KSSTM.
PAC - Rs. 8,00,000/- EMD - Rs. 20,000/-
Last date of submisstion of e-Tender : 15-10-2018 - 3 pm
Date & time of opening of e-Tender : 17-10-2018 - 3 pm
Price of bid documents : Rs. 1,500/- + 18% GST (Total Rs. 1,770/-)
The bidders have to quote through online procurement portal of Government of Kerala,
https://etenders.kerala.gov.in

2913755/D3/2018/I&PR Director

## കേരള സർക്കാർ

### കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (പൊതുമരാമത്ത് വകുപ്പ്)

### ലേലപ്പരസ്യം

ലേലപ്പരസ്യ നമ്പർ : 378/കെ.എസ്.റ്റി.പി./2018 തീയതി : 16.10.2018.

പൊതുമരാമത്ത് വകുപ്പ്, കെ.എസ്..റ്റി.പി, ചീഫ് എൻജിനീയർ പരസ്യപ്പെടുത്തുന്നത്. താഴെ പറയുന്ന ഇനങ്ങൾ പൊതുമരാമത്ത് വകുപ്പ് മൂവാറ്റുപുഴ കെ.എസ്.റ്റി.പി. ഡിവിഷൻ എക്സി. എൻജിനീയറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ താഴെ പറയുന്ന ദിവസങ്ങളിൽ താഴെ പറയുന്ന സ്ഥലത്തുവച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

| ക്രമ നമ്പർ | ഇന വിവരം | ലേലസ്ഥലം | ലേലത്തീയതിയും സമയവും | നിരത ദ്രവ്യം |
|---|---|---|---|---|
| 1. | ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡിൽ (എം.സി. റോഡ്) 149164 $m^3$ മണ്ണ് | കെ.എസ്.റ്റി.പി, മൂവാറ്റുപുഴ ഡിവിഷൻ | 21.11.2018 രാവിലെ 11 മണി | 50,000/- രൂപ |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസമയത്തിനു മുൻപായി മുകളിൽ കാണിച്ചിരിക്കുന്ന നിരക്കിലുള്ള നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ഡിപ്പാർട്ട്മെന്റിൽ ക്വൊട്ടേഷൻ/ലേലം സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് www.keralapwd.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, ഈ ഓഫീസുമായി ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

ഡാർലിൻ കാർമ്മലിറ്റ ഡിക്രൂസ്, ചീഫ് എൻജിനീയർ, കെ.എസ്.റ്റി.പി, തിരുവനന്തപുരം,
ഫോൺ : 0471 - 2318946 (കേരള ഗവർണ്ണർക്കുവേണ്ടി)

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ - ലഘു വിജ്ഞാപനം

**ഫയൽ നമ്പർ : ആർ. & എ II (3) 50010/18/KPSC** **അവസാന തീയതി : 24.10.2018**
**അസാധാരണ ഗസറ്റ് തീയതി : 24.09.2018, പരസ്യ നമ്പർ : 05/2018** **ബുധനാഴ്ച രാത്രി 12 മണി വരെ.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റ തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിനുശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ Profile - ലൂടെയും ഓൺലൈനായി കമ്മീഷന്റെ വെബ്സൈറ്റിലൂടെ (www.keralapsc.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്. യോഗ്യത ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് 24.09.2018 തീയതിയിലെ ഗസറ്റ് വിജ്ഞാപനം, 01.10.2018 തീയതിയിലെ പി.എസ്.സി ബുള്ളറ്റിൻ, കമ്മീഷൻ വെബ് സൈറ്റ് (www.keralapsc.gov.in) എന്നിവ കാണുക.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

**കാറ്റഗറി നമ്പർ : 123/2018 :** **തസ്തിക:** അസിസ്റ്റന്റ് പ്രൊഫസർ ഒഫ് പീഡിയാട്രിക് . **വകുപ്പ് / സ്ഥാപനം** : മെഡിക്കൽ വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുസരിച്ച്. **പ്രായം** : 21 - 46, **ഒഴിവുകൾ : 03**

**കാറ്റഗറി നമ്പർ : 124/2018 :** **തസ്തിക:** വെൽഫെയർ ഓഫീസർ ഗ്രേഡ്-2. **വകുപ്പ് / സ്ഥാപനം** : ജയിൽ. **ശമ്പളനിരക്ക്** : ₹ 39500 - 83000/-. **പ്രായം** : 18 - 36, **ഒഴിവുകൾ** : 01.

**കാറ്റഗറി നമ്പർ : 125/2018 :** **തസ്തിക:** ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ. **വകുപ്പ് /സ്ഥാപനം** : വ്യവസായവും വാണിജ്യവും. **ശമ്പളനിരക്ക്** : ₹ 35,700 - 75,600/-. **പ്രായം** : 18 - 36, **ഒഴിവുകൾ** : 03.

**കാറ്റഗറി നമ്പർ : 126/2018 :** **തസ്തിക:** അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - II. **വകുപ്പ് /സ്ഥാപനം** : തൊഴിൽ. **ശമ്പളനിരക്ക്** : ₹ 30,700 - 65,400/-. **പ്രായം** : 23 - 36, **ഒഴിവുകൾ** : 01.

**കാറ്റഗറി നമ്പർ : 127/2018 :** **തസ്തിക:** ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ ഗ്രേഡ് - II. **വകുപ്പ് / സ്ഥാപനം** : മെഡിക്കൽ വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : ₹ 22,200 - 48,000/-. **പ്രായം** : 18 - 36, **ഒഴിവുകൾ** : 12.

**കാറ്റഗറി നമ്പർ : 128/2018 :** **തസ്തിക:** ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് - II. **വകുപ്പ് / സ്ഥാപനം** : ആരോഗ്യം. **ശമ്പളനിരക്ക്** : ₹ 19,000 - 43,600/-. **പ്രായം** : 18 - 36, **ഒഴിവുകൾ** : 04.

**കാറ്റഗറി നമ്പർ : 129/2018 :** **തസ്തിക:** ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (മീഡിയം/ ഹെവി പാസഞ്ചർ/ ഗുഡ്സ് വെഹിക്കിൾ ). **വകുപ്പ് /സ്ഥാപനം** : സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ. **ശമ്പളനിരക്ക്** : ഈ തസ്തികയ്ക്ക് അതത് കമ്പനി/ കോർപ്പറേഷൻ/ ബോർഡുകൾ നിശ്ചയിച്ചിട്ടുള്ള ശമ്പള നിരക്ക്. **പ്രായം** : 18 - 36, **ഒഴിവുകൾ : കണക്കാക്കപ്പെട്ടിട്ടില്ല.**

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

**കാറ്റഗറി നമ്പർ : 130/2018 :** **തസ്തിക:** ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) (തസ്തികമാറ്റം വഴി). **വകുപ്പ് /സ്ഥാപനം** : വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : ₹ 29,200 - 62,400/. **പ്രായം** : ബാധകമല്ല. , **ഒഴിവുകൾ** : കൊല്ലം - 4. കോഴിക്കോട് - 3, കാസർഗോഡ് - **കണക്കാക്കപ്പെട്ടിട്ടില്ല.**

**കാറ്റഗറി നമ്പർ : 131/2018 :** **തസ്തിക:** ഹൈസ്കൂൾ അസിസ്റ്റന്റ് (ഉറുദു). **വകുപ്പ് / സ്ഥാപനം** : വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : ₹ 29,200 - 62,400/. **പ്രായം** : 18 - 40. **ഒഴിവുകൾ** : മലപ്പുറം - 5.

**കാറ്റഗറി നമ്പർ : 132/2018 :** **തസ്തിക:** സ്റ്റാഫ് നഴ്സ് ഗ്രേഡ് - II. **വകുപ്പ്** : ഇൻഷ്വറൻസ് മെഡിക്കൽ സർവീസ്. **ശമ്പളനിരക്ക്** : ₹ 26,500 - 56,700/. **പ്രായം** : 18 - 44. **ഒഴിവുകൾ** : തിരുവനന്തപുരം - 2, ആലപ്പുഴ - 2, കോട്ടയം - 2, തൃശ്ശൂർ - 3, പാലക്കാട് - 2, മലപ്പുറം - 1, കോഴിക്കോട് - 2, വയനാട് - 1, കണ്ണൂർ - 2.

**കാറ്റഗറി നമ്പർ : 133/2018 :** **തസ്തിക:** ട്രേസർ. **വകുപ്പ് /സ്ഥാപനം** : മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്. **ശമ്പളനിരക്ക്** : ₹ 19,000 - 43,600/. **പ്രായം** : 18 - 36. **ഒഴിവുകൾ** : തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, കണ്ണൂർ - 1 **വീതം.**

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

**കാറ്റഗറി നമ്പർ : 134/2018 :** **തസ്തിക:** കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് - II (പട്ടികവർഗ്ഗക്കാർക്ക് മാത്രമുള്ള പ്രത്യേക നിയമനം). **വകുപ്പ് /സ്ഥാപനം** : വിവിധ വകുപ്പുകൾ. **ശമ്പളനിരക്ക്** : ₹ 20000 - 45800/. **പ്രായം** : 18 - 41. **ഒഴിവുകൾ** : തിരുവനന്തപുരം -1 (പട്ടികവർഗ്ഗം).

## എൻ.സി.എ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

**കാറ്റഗറി നമ്പർ : 135/2018 - 141/2018 :** **തസ്തിക:** അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനാട്ടമി (എൻ.സി.എ – പട്ടികജാതി, മുസ്ലിം, വിശ്വകർമ്മ, എസ്.ഐ.യു.സി നാടാർ, പട്ടികവർഗ്ഗം, ഒ.എക്സ്, ധീവര). **വകുപ്പ് /സ്ഥാപനം** : മെഡിക്കൽ വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുസരിച്ച്.

| കാറ്റഗറി നം. | വയസ്സ് | സമുദായം | ഒഴിവുകൾ |
|---|---|---|---|
| 135/18 | 21 - 50 | പട്ടികജാതി | 1 |
| 136/18 | 21 - 49 | മുസ്ലിം | 2 |
| 137/18 | 21 - 49 | വിശ്വകർമ്മ | 1 |
| 138/18 | 21 - 49 | എസ്.ഐ.യു.സി നാടാർ | 1 |
| 139/18 | 21 - 50 | പട്ടികവർഗ്ഗം | 2 |
| 140/18 | 21 - 49 | ഒ.എക്സ് | 1 |
| 141/18 | 21 - 49 | ധീവര | 1 |

**കാറ്റഗറി നമ്പർ : 142/2018 - 145/2018 :** **തസ്തിക:** അസിസ്റ്റന്റ് പ്രൊഫസർ ഇൻ ബയോകെമിസ്ട്രി (എൻ.സി.എ – എൽ.സി/ എ.ഐ, ഒ.ബി.സി, എസ്.സി, മുസ്ലിം). **വകുപ്പ് /സ്ഥാപനം** : മെഡിക്കൽ വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുസരിച്ച്.

| കാറ്റഗറി നം. | വയസ്സ് | സമുദായം | ഒഴിവുകൾ |
|---|---|---|---|
| 142/18 | 21 - 49 | എൽ.സി/ എ.ഐ | 1 |
| 143/18 | 21 - 49 | ഒ.ബി.സി | 1 |
| 144/18 | 21 - 50 | എസ്.സി | 1 |
| 145/18 | 21 - 49 | മുസ്ലിം | 1 |

**കാറ്റഗറി നമ്പർ : 146/2018 - 147/2018 :** **തസ്തിക:** അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫോറൻസിക് മെഡിസിൻ (എൻ.സി.എ – ഹിന്ദു നാടാർ, വിശ്വകർമ്മ). **വകുപ്പ് / സ്ഥാപനം** : മെഡിക്കൽ വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുസരിച്ച്.

| കാറ്റഗറി നം. | വയസ്സ് | സമുദായം | ഒഴിവുകൾ |
|---|---|---|---|
| 146/18 | 21 - 49 | ഹിന്ദു നാടാർ | 1 |
| 147/18 | 21 - 49 | വിശ്വകർമ്മ | 1 |

**കാറ്റഗറി നമ്പർ : 148/2018 :** **തസ്തിക:** അസിസ്റ്റന്റ് പ്രൊഫസർ ഇൻ മൈക്രോബയോളജി. **വകുപ്പ് /സ്ഥാപനം** : മെഡിക്കൽ വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുസരിച്ച്. **പ്രായം** : 21 - 50, **ഒഴിവുകൾ** : എസ്.ടി. 01.

**കാറ്റഗറി നമ്പർ : 149/2018 :** **തസ്തിക:** അസിസ്റ്റന്റ് പ്രൊഫസർ ഇൻ പെരിയോഡോൺടിക്സ്. **വകുപ്പ് /സ്ഥാപനം** : കേരള മെഡിക്കൽ എഡ്യൂക്കേഷൻ സർവീസ്. **ശമ്പളനിരക്ക്** : യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുസരിച്ച്. **പ്രായം** : 24 - 44, **ഒഴിവുകൾ** : ലത്തിൻ കത്തോലിക്കർ/ ആംഗ്ലോ ഇന്ത്യൻ - 01.

**കാറ്റഗറി നമ്പർ : 150/2018 :** **തസ്തിക:** അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫാർമക്കോളജി. **വകുപ്പ് /സ്ഥാപനം** : മെഡിക്കൽ വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുസരിച്ച്. **പ്രായം** : 21 - 50, **ഒഴിവുകൾ** : എസ്.സി - 01.

**കാറ്റഗറി നമ്പർ : 151/2018 - 152/2018:** **തസ്തിക:** അസിസ്റ്റന്റ് പ്രൊഫസർ ഇൻ ഫിസിയോളജി (എൻ.സി.എ– എസ്.സി, എൽ.സി/ എ.ഐ). **വകുപ്പ് /സ്ഥാപനം** : മെഡിക്കൽ വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുസരിച്ച്.

| കാറ്റഗറി നം. | വയസ്സ് | സമുദായം | ഒഴിവുകൾ |
|---|---|---|---|
| 151/18 | 21 - 50 | പട്ടികജാതി | 2 |
| 152/18 | 21 - 49 | എൽ.സി/എ.ഐ | 1 |

**കാറ്റഗറി നമ്പർ : 153/2018 :** **തസ്തിക:** അസിസ്റ്റന്റ് പ്രൊഫസർ ഇൻ അനസ്തേഷ്യ (എൻ.സി.എ – ഹിന്ദു നാടാർ). **വകുപ്പ് / സ്ഥാപനം** : മെഡിക്കൽ വിദ്യാഭ്യാസ സർവീസ്. **ശമ്പളനിരക്ക്** : ₹ 15,600 - 39,100/- with grade pay of ₹ 7,000/-. **പ്രായം** : 21 - 49. **ഒഴിവുകൾ** -01.

**കാറ്റഗറി നമ്പർ : 154/2018 :** **തസ്തിക:** ലക്ചറർ ഇൻ മാത്തമാറ്റിക്സ്. **വകുപ്പ് / സ്ഥാപനം** : കോളേജ് വിദ്യാഭ്യാസം. **ശമ്പളനിരക്ക്** : യു.ജി.സി നിരക്കിൽ. **പ്രായം** : 22 - 45. **ഒഴിവുകൾ** - എസ്.ടി - 01.

**കാറ്റഗറി നമ്പർ : 155/2018 :** **തസ്തിക:** ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി). **വകുപ്പ്/ സ്ഥാപനം** : ആരോഗ്യം. **ശമ്പളനിരക്ക്** : ₹ 45,800 - 89,000/-. **പ്രായം** : 18 - 45. **ഒഴിവുകൾ** - എസ്.ഐ.യു.സി നാടാർ - 01.

**കാറ്റഗറി നമ്പർ : 156/2018 :** **തസ്തിക:** ലക്ചറർ ഇൻ ഡാൻസ് (കേരള നടനം). **വകുപ്പ്/ സ്ഥാപനം** : കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ). **ശമ്പളനിരക്ക്** : ₹ 39,500 - 79,200/-. **പ്രായം** : 22 - 39. **ഒഴിവുകൾ** - മുസ്ലിം - 01.

**കാറ്റഗറി നമ്പർ : 157/2018 :** **തസ്തിക:** മെഡിക്കൽ ഓഫീസർ (നേത്ര). **വകുപ്പ്** : ഇന്ത്യൻ സിസ്റ്റംസ് ഒഫ് മെഡിസിൻ. **ശമ്പളനിരക്ക്** : ₹ 39,500 - 83,000/-. **പ്രായം** : 19 - 44. **ഒഴിവുകൾ** - മുസ്ലിം - 01.

**കാറ്റഗറി നമ്പർ : 158/2018 :** **തസ്തിക:** മെഡിക്കൽ ഓഫീസർ (വിഷ). **വകുപ്പ്/ സ്ഥാപനം** : ഇന്ത്യൻ സിസ്റ്റംസ് ഒഫ് മെഡിസിൻ. **ശമ്പളനിരക്ക്** : ₹ 39,500 - 83,000/. **പ്രായം** : 19 - 46. **ഒഴിവുകൾ** - പട്ടികവർഗ്ഗം - 01.

**കാറ്റഗറി നമ്പർ : 159/2018 :** **തസ്തിക:** ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രസ്സ് മേക്കിംഗ്). **വകുപ്പ് / സ്ഥാപനം** : വ്യാവസായിക പരിശീലനം. **ശമ്പളനിരക്ക്** : ₹ 26,500 - 56,700/. **പ്രായം** : 19 - 47. **ഒഴിവുകൾ** - എൻ.സി.എ – എൽ.സി/ എ.ഐ - 01.

**കാറ്റഗറി നമ്പർ : 160/2018 :** **തസ്തിക:** ജൂനിയർ ഇൻസ്ട്രക്ടർ (ഫുഡ് ആൻഡ് ബിവറേജസ് ഗസ്റ്റ് സർവീസ് അസിസ്റ്റന്റ്). **വകുപ്പ് / സ്ഥാപനം** : വ്യാവസായിക പരിശീലനം. **ശമ്പളനിരക്ക്** : ₹ 26,500 - 56,700/. **പ്രായം** : 19 - 47. **ഒഴിവുകൾ** - ഈഴവ/ തിയ്യ/ ബില്ലവ - 01.

**കാറ്റഗറി നമ്പർ : 161/2018 :** **തസ്തിക:** ജൂനിയർ ഇൻസ്ട്രക്ടർ (ഇന്റീരിയർ ഡെക്കറേഷൻ ആൻഡ് ഡിസൈനിംഗ്). **വകുപ്പ്/ സ്ഥാപനം** : വ്യാവസായിക പരിശീലനം. **ശമ്പളനിരക്ക്** : ₹ 26,500 - 56,700/. **പ്രായം** : 19 - 49. **ഒഴിവുകൾ** - എസ്.സി - 01.

**കാറ്റഗറി നമ്പർ : 162/2018 :** **തസ്തിക:** ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക്ക് അഗ്രിക്കൾച്ചർ മെഷിനറി). **വകുപ്പ്/ സ്ഥാപനം** : വ്യാവസായിക പരിശീലനം. **ശമ്പളനിരക്ക്** : ₹ 26,500 - 56,700/. **പ്രായം** : 19 - 47. **ഒഴിവുകൾ** - ഈഴവ/ തിയ്യ/ ബില്ലവ - 01

**കാറ്റഗറി നമ്പർ : 163/2018 :** **തസ്തിക:** ജൂനിയർ ഇൻസ്ട്രക്ടർ (പ്ലംബർ). **വകുപ്പ്/ സ്ഥാപനം** : വ്യാവസായിക പരിശീലനം. **ശമ്പളനിരക്ക്** : ₹ 26,500 - 56,700/. **പ്രായം** : 19 - 47. **ഒഴിവുകൾ** - എൻ.സി.എ – ഒ.എക്സ് - 01.

**കാറ്റഗറി നമ്പർ : 164/2018 :** **തസ്തിക:** ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ). **വകുപ്പ്/ സ്ഥാപനം** : വ്യാവസായിക പരിശീലനം. **ശമ്പളനിരക്ക്** : ₹ 26,500 - 56,700/. **പ്രായം** : 19 - 47. **ഒഴിവുകൾ** - എൻ.സി.എ – എൽ.സി/ എ.ഐ - 02.

**കാറ്റഗറി നമ്പർ : 165/2018 :** **തസ്തിക:** വൈൽഡ് ലൈഫ് അസിസ്റ്റന്റ് ഗ്രേഡ് - II. **വകുപ്പ്/ സ്ഥാപനം** : വനം വകുപ്പ്. **ശമ്പളനിരക്ക്** : ₹ 26,500 - 56,700/. **പ്രായം** : 19 - 31. **ഒഴിവുകൾ** - വിശ്വകർമ്മ - 01.

**കാറ്റഗറി നമ്പർ : 166/2018 :** **തസ്തിക:** ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ് - II.. **വകുപ്പ്/ സ്ഥാപനം** : ആരോഗ്യം. **ശമ്പളനിരക്ക്** : ₹ 19000 - 43600/. **പ്രായം** : 18 - 39. **ഒഴിവുകൾ** - ധീവര - 01.

**കാറ്റഗറി നമ്പർ : 167/2018 :** **തസ്തിക:** ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് - II. **വകുപ്പ്/ സ്ഥാപനം** : ആരോഗ്യം. **ശമ്പളനിരക്ക്** : ₹ 22,200 - 48,000/. **പ്രായം** : 18 - 39. **ഒഴിവുകൾ** - വിശ്വകർമ്മ - 01.

**കാറ്റഗറി നമ്പർ : 168/2018 :** **തസ്തിക:** കോൾക്കർ, **വകുപ്പ്/ സ്ഥാപനം** : സംസ്ഥാന ജലഗതാഗതം, **ശമ്പളനിരക്ക്** : ₹ 17,500 - 39,500/-. **പ്രായം** : 18 - 39. **ഒഴിവുകൾ** - ഒ.ബി.സി - 01.

**കാറ്റഗറി നമ്പർ : 169/2018 :** **തസ്തിക:** ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് - II, **വകുപ്പ്/ സ്ഥാപനം** : മെഡിക്കൽ വിദ്യാഭ്യാസം, **ശമ്പളനിരക്ക്** : ₹ 11,620 - 20,240/- (PR). **പ്രായം** : 18 - 39. **ഒഴിവുകൾ** - ഒ.എക്സ് - 01.

**കാറ്റഗറി നമ്പർ : 170/2018 :** **തസ്തിക:** സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് - II, **വകുപ്പ്/ സ്ഥാപനം** : കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, **ശമ്പളനിരക്ക്** : ₹ 6,330 - 11,095/-. **പ്രായം** : 18 - 41. **ഒഴിവുകൾ** - എൻ.സി.എ., ഒഴിവുകൾ – എസ്.റ്റി - 01.

## എൻ.സി.എ റിക്രൂട്ട്മെന്റ് (ജില്ലാതലം)

**കാറ്റഗറി നമ്പർ : 171/2018 :** **തസ്തിക:** ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി). **വകുപ്പ്/ സ്ഥാപനം** : വിദ്യാഭ്യാസം, **ശമ്പളനിരക്ക്** : ₹ 29,200 - 62,400/-. **പ്രായം** : 18 - 43. **ഒഴിവുകൾ** - ലാറ്റിൻ കത്തോലിക്/ ആംഗ്ലോ ഇന്ത്യൻ – പത്തനംതിട്ട - 01.

**കാറ്റഗറി നമ്പർ : 172/2018 :** **തസ്തിക:** ഹൈസ്കൂൾ അസിസ്റ്റന്റ് (ഗണിതശാസ്ത്രം), തമിഴ് മാധ്യമം, **വകുപ്പ്/ സ്ഥാപനം** : വിദ്യാഭ്യാസം, **ശമ്പളനിരക്ക്** : ₹ 29,200 - 62,400/-. **പ്രായം** : 18 - 45. **ഒഴിവുകൾ** - പട്ടികവർഗ്ഗം – ഇടുക്കി - 01.

**കാറ്റഗറി നമ്പർ : 173/2018 - 180/2018 :** **തസ്തിക:** ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്), **വകുപ്പ്/ സ്ഥാപനം** : വിദ്യാഭ്യാസം, **ശമ്പളനിരക്ക്** : ₹ 25,200 - 54,000/-.

| കാറ്റഗറി നം. | വയസ്സ് | സമുദായം | ഒഴിവുകൾ |
|---|---|---|---|
| 173/18 | 18 - 45 | പട്ടികജാതി | പാലക്കാട്-1, കോഴിക്കോട്- 4, വയനാട് -3, കണ്ണൂർ - 1. |
| 174/18 | 18 - 45 | പട്ടികവർഗ്ഗം | കൊല്ലം -1, മലപ്പുറം - 5, കണ്ണൂർ - 1. |
| 175/18 | 18 - 43 | ഹിന്ദു നാടാർ | വയനാട് - 1 |
| 176/18 | 18 - 43 | ഈഴവ/ തിയ്യ/ ബില്ലവ | കൊല്ലം -2, കോഴിക്കോട് - 5. |
| 177/18 | 18 - 43 | ഒ.ബി.സി | കൊല്ലം -1, മലപ്പുറം - 5, കോഴിക്കോട് -2, കണ്ണൂർ -1 |
| 178/18 | 18 - 43 | വിശ്വകർമ്മ | പാലക്കാട് -1, കോഴിക്കോട് -2, വയനാട് -1, കണ്ണൂർ - 1 |
| 179/18 | 18 - 43 | എൽ.സി/ എ.ഐ | കൊല്ലം -1, കോഴിക്കോട് - 2, വയനാട് -1, കണ്ണൂർ - 1 |
| 180/18 | 18 - 43 | എസ്.ഐ.യു. സി നാടാർ | കോഴിക്കോട് - 1, മലപ്പുറം - 1 |

**കാറ്റഗറി നമ്പർ : 181/2018 - 186/2018 :** **തസ്തിക:** ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്), **വകുപ്പ്/ സ്ഥാപനം** : വിദ്യാഭ്യാസം, **ശമ്പളനിരക്ക്** : ₹ 25,200 - 54,000/-.

| കാറ്റഗറി നം. | വയസ്സ് | സമുദായം | ഒഴിവുകൾ |
|---|---|---|---|
| 181/18 | 18 - 45 | പട്ടികജാതി | മലപ്പുറം - 3 |
| 182/18 | 18 - 45 | പട്ടികവർഗ്ഗം | പാലക്കാട് - 1 |
| 183/18 | 18 - 43 | ഈഴവ/ തീയ്യ/ ബില്ലവ | മലപ്പുറം - 9, കണ്ണൂർ - 3, പാലക്കാട് - 1 |
| 184/18 | 18 - 43 | ഒ.ബി.സി | വയനാട് - 1 |
| 185/18 | 18 - 43 | ഒ.എക്സ് | മലപ്പുറം - 2 |
| 186/18 | 18 - 43 | ധീവര | മലപ്പുറം - 2 |

**കാറ്റഗറി നമ്പർ : 187/2018 :** **തസ്തിക:** ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (ഹൈസ്കൂൾ), മലയാളം മാധ്യമം, **വകുപ്പ്/ സ്ഥാപനം** : വിദ്യാഭ്യാസം, **ശമ്പളനിരക്ക്** : ₹ 25,200 - 54,000/-. **പ്രായം** : 18 - 43. **ഒഴിവുകൾ** - കോഴിക്കോട്, ധീവര – 01.

**കാറ്റഗറി നമ്പർ : 188/2018 - 190/2018 :** **തസ്തിക:** ഫാർമസിസ്റ്റ് ഗ്രേഡ് - II (ആയുർവേദം), **വകുപ്പ് / സ്ഥാപനം** : ഇന്ത്യൻ സിസ്റ്റംസ് ഒഫ് മെഡിസിൻ/ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്/ ആയുർവേദ കോളേജുകൾ. **ശമ്പളനിരക്ക്** : ₹ 20,000 - 45,800/-.

| കാറ്റഗറി നം. | വയസ്സ് | സമുദായം | ഒഴിവുകൾ |
|---|---|---|---|
| 188/18 | ഐ.എസ്.എം/ ഐ.എം.എസ് 18 - 41 | ഒ.എക്സ് | കോട്ടയം - 1 |
| | ആയുർവേദ കോളേജുകൾ 19 - 41 | | ഇടുക്കി - 1 |
| 189/18 | ഐ.എസ്.എം/ ഐ.എം.എസ് 18 - 39 | ധീവര | ഇടുക്കി - 1 |
| | ആയുർവേദ കോളേജുകൾ 19 - 39 | | |
| 190/18 | ഐ.എസ്.എം/ ഐ.എം.എസ് 18 - 41 | പട്ടികജാതി | എറണാകുളം - 1 |
| | ആയുർവേദ കോളേജുകൾ 19 - 41 | | |

**കാറ്റഗറി നമ്പർ : 191/2018 :** **തസ്തിക:** ഫാർമസിസ്റ്റ് ഗ്രേഡ് - II (ഹോമിയോ), **വകുപ്പ്/ സ്ഥാപനം** : ഹോമിയോപ്പതി,
**ശമ്പളനിരക്ക്** : ₹ 20,000 - 45,800/-.
**പ്രായം** : 18 - 39. **ഒഴിവുകൾ** - എൽ.സി, പാലക്കാട് – 01.

**കാറ്റഗറി നമ്പർ : 192/2018 - 195/2018 :**
**തസ്തിക:** ഫാർമസിസ്റ്റ് ഗ്രേഡ് - II (ഹോമിയോ),
**വകുപ്പ്/ സ്ഥാപനം** : ഹോമിയോപ്പതി, **ശമ്പളനിരക്ക്** : ₹ 20,000 - 45,800/-.

| കാറ്റഗറി നം. | വയസ്സ് | സമുദായം | ഒഴിവുകൾ |
|---|---|---|---|
| 192/18 | 18 - 41 | പട്ടികജാതി | പത്തനംതിട്ട - 1 |
| 193/18 | 18 - 41 | പട്ടികവർഗ്ഗം | പാലക്കാട് - 1, മലപ്പുറം - 1 |
| 194/18 | 18 - 41 | മറ്റ് ക്രിസ്ത്യാനികൾ | കോഴിക്കോട് - 1, പാലക്കാട് -1, കാസർഗോഡ് - 1 |
| 195/18 | 18 - 39 | ധീവര | കാസർഗോഡ് - 1 |

**കാറ്റഗറി നമ്പർ : 196/2018 - 205/2018 :** **തസ്തിക:** വനിതാ സിവിൽ എക്സൈസ് ഓഫീസർ (പുരുഷ ഉദ്യോഗാർത്ഥികളും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല).
**വകുപ്പ്/ സ്ഥാപനം** : എക്സൈസ്,
**ശമ്പളനിരക്ക്** : ₹ 20,000 - 45,800/-.

| കാറ്റഗറി നം. | വയസ്സ് | സമുദായം | ഒഴിവുകൾ |
|---|---|---|---|
| 196/18 | 19 - 34 | മുസ്ലിം | തിരുവനന്തപുരം - 3, പത്തനംതിട്ട - 1, ആലപ്പുഴ - 2, പാലക്കാട് -1, കോഴിക്കോട് -2. കാസർഗോഡ് - 1. |
| 197/18 | 19 - 36 | പട്ടികജാതി | കൊല്ലം - 1, എറണാകുളം -1, കോഴിക്കോട് - 1, കണ്ണൂർ -2, കോട്ടയം -2 |
| 198/18 | 19 - 36 | പട്ടികവർഗ്ഗം | കോട്ടയം -1, തിരുവനന്തപുരം -1. |
| 199/18 | 19 - 34 | ഒ.ബി.സി | കൊല്ലം - 1 |
| 200/18 | 19 - 34 | എൽ.സി /എ.ഐ | കാസർഗോഡ് - 1, വയനാട് - 1 |
| 201/18 | 19 - 34 | എസ്.ഐ.യു.സി നാടാർ | തിരുവനന്തപുരം - 1, ആലപ്പുഴ - 1 |
| 202/18 | 19 - 34 | ഹിന്ദു നാടാർ | എറണാകുളം - 1, പാലക്കാട് - 1 |
| 203/18 | 19 - 36 | ഒ.എക്സ് | കൊല്ലം - 1, തിരുവനന്തപുരം - 1 |
| 204/18 | 19 - 34 | വിശ്വകർമ്മ | കാസർഗോഡ് - 1, വയനാട് - 1 |
| 205/18 | 19 - 34 | ധീവര | പാലക്കാട് - 1 |

**കാറ്റഗറി നമ്പർ : 206/2018 :** **തസ്തിക:** ആയുർവേദ തെറാപ്പിസ്റ്റ്, **വകുപ്പ്/ സ്ഥാപനം** : ഭാരതീയ ചികിത്സാ വകുപ്പ്, **ശമ്പളനിരക്ക്** : ₹ 19,000 - 43,600/-. **പ്രായം** : 18 - 39. **ഒഴിവുകൾ** - മുസ്ലിം, ഇടുക്കി - 01.

**കാറ്റഗറി നമ്പർ : 207/2018 :** **തസ്തിക:** ക്ലർക്ക് ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് ക്ലർക്ക്, **വകുപ്പ്/ സ്ഥാപനം** : വിവിധം, **ശമ്പളനിരക്ക്** : ₹ 19,000 - 43,600/-. **പ്രായം** : 18 - 39. **ഒഴിവുകൾ** - ഒ.എക്സ്, കാസർഗോഡ് - 01.

**കാറ്റഗറി നമ്പർ : 208/2018 :** **തസ്തിക:** ലിഫ്റ്റ് ഓപ്പറേറ്റർ, **വകുപ്പ്/ സ്ഥാപനം** : വിവിധം, **ശമ്പളനിരക്ക്** : ₹ 18,000 - 41,500/-. **പ്രായം** : 18 - 39. **ഒഴിവുകൾ** - മുസ്ലിം, തിരുവനന്തപുരം - 1, എറണാകുളം -1, തൃശ്ശൂർ - 1.

**കാറ്റഗറി നമ്പർ : 209/2018 :** **തസ്തിക:** പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്), എൽ.പി.എസ്, **വകുപ്പ്/ സ്ഥാപനം** : വിദ്യാഭ്യാസം, **ശമ്പളനിരക്ക്** : ₹ 18,000 - 41,500/-. **പ്രായം** : 18 - 43. **ഒഴിവുകൾ** - ഒ.ബി.സി, തൃശ്ശൂർ - 1.

**കാറ്റഗറി നമ്പർ : 210/2018 - 211/2018 :** **തസ്തിക:** പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്), എൽ.പി.എസ്, **വകുപ്പ്/ സ്ഥാപനം** : വിദ്യാഭ്യാസം, **ശമ്പളനിരക്ക്** : ₹ 18,000 - 41,500/-.

| കാറ്റഗറി നം. | വയസ്സ് | സമുദായം | ഒഴിവുകൾ |
|---|---|---|---|
| 210/18 | 18 - 43 | എൽ.സി/എ.ഐ | തൃശ്ശൂർ - 1 |
| 211/18 | 18 - 43 | ഈഴവ/തിയ്യ/ ബില്ലവ | കോഴിക്കോട് - 2 |

**കാറ്റഗറി നമ്പർ : 212/2018 :** **തസ്തിക:** ട്രാക്ടർ ഡ്രൈവർ, **വകുപ്പ്/ സ്ഥാപനം** : കൃഷി, **ശമ്പളനിരക്ക്** : ₹ 18,000 - 41,500/-. **പ്രായം** : 19 - 39. **ഒഴിവുകൾ** - ഈഴവ/ ബില്ലവ/ തിയ്യ - പത്തനംതിട്ട- 1.

### അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം : www.keralapsc.gov.in

അപേക്ഷ ഓൺലൈനിലൂടെ മാത്രം അയയ്ക്കേണ്ടതാണ്. പ്രായം 01.01.2018 അടിസ്ഥാനപ്പെടുത്തി കണക്കാക്കുന്നതാണ്. വിജ്ഞാപനം 24.09.2018 – ലെ അസാധാരണഗസറ്റിലും 01.10.2018 – ലെ പി.എസ്.സി. ബുള്ളറ്റിനിലും കമ്മീഷന്റെ www.keralapsc.gov.in എന്ന വെ ബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. **അപേക്ഷ സമർപ്പിക്കുന്നതിനു മുൻപ് ഉദ്യോഗാർത്ഥികൾ വിജ്ഞാപനം വായിച്ചു നോക്കേണ്ടതാണ്.** വിജ്ഞാപനത്തിന് അനുസൃതമായല്ലാതെ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

**തിരുവനന്തപുരം,** **സാജു ജോർജ്ജ്, സെക്രട്ടറി,**
09.10.2018. **കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.**
F4/225/2018/I & PRD

## ഗുരുമാർഗം



തൊണ്ടിപ്പഴത്തെ തോല്പിക്കുന്ന ശോഭയോടുകൂടിയ അങ്ങയുടെ ചുണ്ടും മുത്തിന് തുല്യമായ പല്ലും പൂർണചന്ദ്രനെപ്പോലെ വിളങ്ങുന്ന കവിൾത്തടങ്ങളും കാണാനിടയാകണം.



ഒരു ജാതി ഒരു മതം ഒരു ദൈവം

ഉത്രാടം 37 - 59
അഷ്ടമി 16 - 27
1940 ആശ്വിനം 25
1439 സഫർ 07
1194 കന്നി 31

# ഞാൻ നന്നാവൂല്ല എന്ന വാശി

ഇരിക്കുന്ന കൊമ്പുമുറിക്കുന്നതിൽ മറ്റ് ഏതു പൊതുമേഖലാസ്ഥാപനത്തെക്കാളും മുന്നിൽ നിൽക്കുന്ന കെ.എസ്.ആർ.ടി.സി ഇന്നലെ ഒരു മിന്നൽ പണിമുടക്കിനു കൂടി സാക്ഷിയായി. ഇക്കുറി ഡിപ്പോകളിലെ റിസർവേഷൻ കൗണ്ടർ ജോലി കുടുംബശ്രീയെ ഏല്പിച്ചതിൽ പ്രതിഷേധിച്ചായിരുന്നു സമരം. പണിമുടക്കിനെത്തുടർന്ന് കുറച്ചു സമയം യാത്രക്കാർ സംസ്ഥാനത്ത് അക്ഷരാർത്ഥത്തിൽ വഴിയാധാരമായി. രാവിലെ എട്ടുമണിക്ക് തലസ്ഥാനത്ത് തമ്പാനൂർ സെൻട്രൽ ബസ് സ്റ്റേഷനിൽ ആരംഭിച്ച മിന്നൽ സമരം കാട്ടുതീപോലെ മറ്റു ഡിപ്പോകളിലേക്കും പടരുകയായിരുന്നു. മണിക്കൂറുകൾകൊണ്ട് തലസ്ഥാനത്തെ പ്രധാന നിരത്തുകൾ നിറുത്തിയിട്ട ട്രാൻസ്പോർട്ട് ബസുകൾ കൊണ്ടു നിറഞ്ഞു. മറ്റു വാഹന യാത്രക്കാരും ഇതോടെ ഗതികേടിലായി. സംഘടിത ശക്തിക്കു മുമ്പിൽ കീഴടങ്ങുക എന്നതാണല്ലോ പൊതുജനത്തിന്റെ വിധി.

കെ.എസ്.ആർ.ടി.സിയെ പാഴ്ചെലവുകൾ കുറച്ചും വരുമാന ചോർച്ച ഒഴിവാക്കിയും നവീകരിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് റിസർവേഷൻ കൗണ്ടറുകൾ കരാർ അടിസ്ഥാനത്തിൽ കുടുംബശ്രീയെ ഏല്പിക്കാനുള്ള തീരുമാനമെടുത്തത്. പ്രധാന ഡിപ്പോകളിൽ 24 മണിക്കൂറും മറ്റിടങ്ങളിൽ നിശ്ചിത സമയങ്ങളിലുമാണ് കൗണ്ടറുകളുടെ പ്രവർത്തനം. നിലവിൽ 'അദർഡ്യൂട്ടി'യിലുള്ള ട്രാൻസ്പോർട്ട് ജീവനക്കാർക്ക് മേലനങ്ങാതെ പണിയെടുക്കാനുള്ള താവളമാണ് റിസർവേഷൻ കൗണ്ടറുകൾ. പ്രധാന കൗണ്ടറുകളിൽ ആറു ജീവനക്കാർ വരെ നിയോഗിക്കപ്പെടാറുണ്ട്. ലൈൻ ഡ്യൂട്ടിക്കു പോകേണ്ടവരും മറ്റു പ്രധാന ചുമതലകൾ നിർവഹിക്കേണ്ടവരുമൊക്കെ ഇക്കൂട്ടത്തിലുണ്ടാകും. ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും ക്ഷാമം കാരണം ഷെഡ്യൂളുകൾ പലതും മുടങ്ങുന്ന സ്ഥിതിവിശേഷത്തിനു പ്രധാന കാരണം 'അദർ ഡ്യൂട്ടി' യാണെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ പുനർ വിന്യാസത്തിന് മാനേജ്മെന്റ് കർക്കശ നടപടികൾ മുതിർന്നത്.

**റിസർവേഷൻ കൗണ്ടറുകളുടെ പ്രവർത്തനം കുടുംബശ്രീയെ ഏല്പിക്കുന്നതുകൊണ്ട് ജീവനക്കാർക്ക് ഒരുവിധ കഷ്ടനഷ്ടങ്ങളും ഉണ്ടാകാൻ പോകുന്നില്ല. തങ്ങൾ ഇത്രയുംകാലം അനുഭവിച്ചുകൊണ്ടിരുന്ന ഒരു സൗകര്യം ഇല്ലാതാകുന്നതിൽ സ്വാഭാവികമായും ഉണ്ടാകുന്ന രോഷവും മനപ്രയാസവുമാണ് ഇന്നലത്തെ മിന്നൽ പണിമുടക്കിൽ പ്രതിഫലിച്ചത്.**

കൗണ്ടർ ജോലി കുടുംബശ്രീയെ ഏല്പിക്കാനുള്ള തീരുമാനമെടുത്തപ്പോൾ തന്നെ ജീവനക്കാരുടെ സംഘടനകൾ രൂക്ഷമായ പ്രതിഷേധവുമായി രംഗത്തു വന്നതാണ്. ചർച്ചകളെത്തുടർന്ന് പുതിയ പരിഷ്കാരം നടപ്പാക്കുന്ന തീയതി നീട്ടിക്കൊണ്ടു പോവുകയായിരുന്നു. ഇന്നലെ ഔപചാരികമായി പുതിയ മാറ്റം തുടങ്ങാനിരിക്കവേയാണ് മിന്നൽ പണിമുടക്ക് എന്ന വജ്രായുധവുമായി സംഘടനകൾ രംഗത്തുവന്നത്. പണ്ടേ തന്നെ യാത്രക്കാരോട് യാതൊരു ഉത്തരവാദിത്വവും കാണിക്കാത്ത ട്രാൻസ്പോർട്ട് യൂണിയനുകളുടെ ഈ നിയമവിരുദ്ധമായ മിന്നൽ പണിമുടക്ക് ആത്യന്തികമായി അവർക്കു തന്നെയാകും വിനയാകാൻ പോകുന്നത്.

സർവീസുകൾ മുടക്കുന്നതിലൂടെ കോർപറേഷനുണ്ടാകുന്ന വരുമാനനഷ്ടം ബാധിക്കാൻ പോകുന്നത് ശമ്പള തീയതി നീളാൻ പാടില്ലെന്നു ശഠിക്കുന്ന ജീവനക്കാരെ തന്നെയാകും. ജനങ്ങൾ സർക്കാരിന് നൽകുന്ന നികുതിപ്പണത്തിന്റെ ഒരു ഭാഗംകൂടി ചേർത്തുവച്ചാണ് ട്രാൻസ്പോർട്ട് ജീവനക്കാർക്ക് മുടങ്ങാതെ ശമ്പളവും പെൻഷൻകാർക്ക് പെൻഷനും നൽകുന്നത്. മിന്നൽ പണിമുടക്കിന്റെ ഫലമായി സർവീസുകൾ നിലച്ചതോടെ കുടുംബശ്രീയെ കൈവിട്ട് ജീവനക്കാരുടെ ആവശ്യം അംഗീകരിക്കാൻ ഗതാഗതമന്ത്രി തയ്യാറായിട്ടുണ്ട്. ട്രാൻസ്പോർട്ട് സംഘടനകളെ സംബന്ധിച്ചിടത്തോളം മിന്നൽ പണിമുടക്ക് വിജയം തന്നെയാകാം. എന്നാൽ അത് സമൂഹത്തിനു നൽകുന്ന സന്ദേശം ഒട്ടുംതന്നെ സ്വാഗതാർഹമല്ല. ട്രാൻസ്പോർട്ട് യൂണിയനുകളുടെ അടിസ്ഥാന സ്വഭാവത്തിലും സമീപനത്തിലും കാലം ആവശ്യപ്പെടുന്ന മാറ്റം ഉണ്ടായിക്കാണുന്നില്ല. രഹസ്യ ബാലറ്റെടുത്താൽ അറിയാം ജീവനക്കാരിൽത്തന്നെ എത്രപേർ സ്ഥാപനത്തെത്തന്നെ തകർക്കുന്ന ഇത്തരത്തിലുള്ള സമരമുറകളെ പിന്തുണയ്ക്കുന്നവരായുണ്ടെന്ന്. ട്രാൻസ്പോർട്ട് കോർപറേഷന്റെ ഇപ്പോഴത്തെ അവസ്ഥ വച്ചുനോക്കിയാൽ വരുമാനത്തെ ബാധിക്കുന്ന ഒരു സമരത്തിനും പറ്റിയ സമയമല്ല. നോട്ടീസ് നൽകിയുള്ള പണിമുടക്കായാൽ യാത്രക്കാർക്ക് ട്രാൻസ്പോർട്ട് യാത്ര ഒഴിവാക്കി ബദൽ മാർഗങ്ങൾ തേടാം. മിന്നൽ പണിമുടക്കാകുമ്പോൾ ഓർക്കാപ്പുറത്ത് യാത്രക്കാരെ തോന്നിയിടത്തുവച്ച് ബസുകളിൽ നിന്ന് ഇറക്കി വിടുകയാണ്. പൊതു യാത്രാമാർഗ്ഗമായ ട്രാൻസ്പോർട്ട് കോർപ്പറേഷനെ വിശ്വസിച്ച് രാവിലെ വീടുകളിൽ നിന്നിറങ്ങുന്നവരെ പെരുവഴിയിലാക്കുന്ന ജീവനക്കാരുടെ സംഘബലം താത്കാലികമായി വിജയിച്ചേക്കാമെങ്കിലും അവസാന നഷ്ടമുണ്ടാകാൻ പോകുന്നത് ജീവനക്കാർക്കു തന്നെയാകും.

റിസർവേഷൻ കൗണ്ടറുകളുടെ പ്രവർത്തനം കുടുംബശ്രീയെ ഏല്പിക്കുന്നതുകൊണ്ട് ജീവനക്കാർക്ക് ഒരുവിധ കഷ്ടനഷ്ടങ്ങളും ഉണ്ടാകാൻ പോകുന്നില്ല. തങ്ങൾ ഇത്രയുംകാലം അനുഭവിച്ചുകൊണ്ടിരുന്ന ഒരു സൗകര്യം ഇല്ലാതാകുന്നതിൽ സ്വാഭാവികമായും ഉണ്ടാകുന്ന രോഷവും മനപ്രയാസവുമാണ് ഇന്നലത്തെ മിന്നൽ പണിമുടക്കിൽ പ്രതിഫലിച്ചത്. രാജ്യത്ത് ഇതുപോലുള്ള സ്ഥാപനങ്ങളിലെല്ലാം സേവനമേഖലകളിൽ കരാർ ജോലി സർവസാധാരണമായിക്കഴിഞ്ഞു. അവിടങ്ങളിൽ പണി ചെയ്യാൻ എത്തുന്നവരും കുടുംബം പുലർത്താൻ വേണ്ടിത്തന്നെയാണ് വരുന്നത്. ട്രാൻസ്പോർട്ട് കോർപറേഷനിലെ റിസർവേഷൻ കൗണ്ടറുകളുടെ ചുമതല ഏറ്റെടുത്ത കുടുംബശ്രീക്കാർ അന്യരൊന്നുമല്ല. സമൂഹത്തിന്റെ ഭാഗം തന്നെയാണ് അവരും. ഇതുവഴി ട്രാൻസ്പോർട്ടിലെ ഏതെങ്കിലും ജീവനക്കാർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടെങ്കിൽ തീർച്ചയായും ഈ നീക്കം എതിർക്കപ്പെടേണ്ടതു തന്നെയാണ്. ഇവിടെ അതല്ല സംഭവിക്കുന്നത്. മെയ്യനങ്ങാതെ സുഖമായിരുന്നു വേതനം വാങ്ങാനുള്ള അവസരം ഇല്ലാതാകുന്നതിലാണ് എതിർപ്പ്.

യാത്രക്കാരെ ദുരിതത്തിലാക്കി തങ്ങളുടെ ആവശ്യം നേടാമെന്ന ധാർഷ്ട്യമാണ് മിന്നൽ പണിമുടക്കിൽ ദൃശ്യമായത്. ഇത് അംഗീകരിച്ചുകൊടുക്കാൻ മാനേജ്മെന്റും സർക്കാരും ഒടുവിൽ തയ്യാറാവുന്ന കാഴ്ചയും കാണേണ്ടിവന്നു. റിസർവേഷൻ കൗണ്ടർ നടത്തിപ്പ് കുടുംബശ്രീയെ ഏല്പിച്ചുകൊണ്ടുള്ള തീരുമാനം വകുപ്പു മന്ത്രി മരവിപ്പിച്ചിരിക്കുകയാണ്. ഞാൻ നന്നാവൂല്ല എന്ന പഴയ വരിയാണ് ഇവിടെ പ്രസക്തം.

# ജ്ഞാനോദയത്തിന്റെ മഹാനവരാത്രി



അമ്പലപ്പുഴ രാജഗോപാൽ

വിവിധങ്ങളായ പൂജാരാധനകളുടെ സൗന്ദര്യമാണ് നവരാത്രി ശുഭവേളയിൽ കാണുന്നത്. കേരളത്തിൽ സരസ്വതീപൂജയ്ക്കാണ് പ്രാമുഖ്യമെങ്കിൽ ഭാരതത്തിന്റെ മറ്റു ഭാഗങ്ങളിൽ പരാശക്തിയും ദുർഗയും മഹാലക്ഷ്മിയുമാണ് ആരാധനാമൂർത്തികൾ. നവരാത്രി വേളയാണ് ദസറയായും ആഘോഷിക്കുന്നത്. ഉത്തർപ്രദേശിലും ഡൽഹിയിലുമെല്ലാം നടക്കുന്ന 'രാമലീല' രാമരാവണയുദ്ധത്തെ അനുസ്മരിപ്പിക്കുന്നു.

നവരാത്രിവേളയിൽ ജ്ഞാനത്തെയും ശക്തിയെയും സരസ്വതിയെയും ദുർഗയെയും ഒരേപോലെ ആരാധിക്കുന്നു. ആദിപരാശക്തിയും അധിദേവതയും പ്രകാശത്തിന്റെ സ്രോതസുമായതുകൊണ്ട് മഹാചൈതന്യ സ്വരൂപിണിയായ ദേവിയുടെ പ്രാധാന്യം ഒന്നുവേറെതന്നെയാണ്. ഒൻപത് രാത്രികളും കഴിഞ്ഞുവരുന്ന പ്രഭാതം ദുർഗയുടെ അപരാജിത രൂപത്തെ ഉപാസിക്കുവാനുള്ളതാണ്. ഈ പുണ്യദിനത്തെയാണ് 'വിജയദശമി' യെന്ന് വിളിക്കുന്നത്. വിജയദശമിയിൽ ആരംഭിക്കുന്ന ഏത് കാര്യവും ശുഭപര്യവസായിയാകുന്നു.

നവരാത്രി ആചരണം ശ്രീരാമനാണ് ആരംഭിച്ചതെന്ന് ദേവീഭാഗവതത്തിൽ കാണാം. രാവണവധത്തിനായി ശ്രീരാമൻ ദുർഗാദേവിയെ ഉപാസിച്ചവേളയാണ് നവരാത്രി.. ഭക്തിയുടെ ഒൻപത് നവനവങ്ങളായ ആരാധന ക്രമങ്ങൾ. മൈസൂറിലെ ദസറ ഉത്സവത്തിലും ആയുധപൂജയ്ക്കും വളരെ പ്രാധാന്യമുണ്ട്. ബംഗാളിലെ ദേശീയോത്സവമാണിത്.

ദുർഗാദേവി മഹിഷാസുരനെ നിഗ്രഹിച്ചതിലുള്ള അനുസ്മരണമാണിത്. വരബലത്തിൽ ധിക്കാരിയായ മഹിഷാസുരനെ വധിക്കാൻ പരാശക്തിക്കു മാത്രമേ സാദ്ധ്യമാകൂ എന്നറിഞ്ഞ ത്രിമൂർത്തികൾ അതിനായി ഒരു സ്ത്രീശക്തിയെ സൃഷ്ടിക്കാൻ തീരുമാനിച്ചു. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ മുഖങ്ങളിൽനിന്നുള്ള തേജസ്സുകളുടെ ശക്തിയോടൊപ്പം മറ്റു ദേവീദേവന്മാരുടെ മുഖകമലങ്ങളിൽനിന്ന് തേജസ്സുകൾ പുറപ്പെടുകയും ഈ തേജസ്സുകളുടെയെല്ലാം സമ്യക്പ്രഭാവമായി, സർവ്വാംഗ സുന്ദരിയും അഷ്ടാദശകരങ്ങളോടുകൂടിയ തേജസ്വിയുമായ ദേവി ഉത്ഭവിക്കുകയുമുണ്ടായി. മഹിഷാസുരനും ദേവിയുമായി നടന്ന ഉഗ്ര യുദ്ധത്തിൽ അസുരനും സേനയും ചത്തൊടുങ്ങി. ഒടുവിൽ ദുർഗാദേവി മഹിഷാസുരനെ കൊന്ന് വിജയം നേടിയതിന്റെ ആഘോഷമാണ് ''വിജയദശമി''യായി ആചരിച്ചുതുടങ്ങിയത്.

പുതിയ കാര്യങ്ങൾക്ക് തുടക്കം കുറിക്കാൻ പറ്റിയ പുണ്യദിവസമാണിത്. രാമരാവണയുദ്ധം തുടങ്ങിയത് ഒരു വിജയദശമി ദിനത്തിലാണ്. വനവാസവും അജ്ഞാതവാസവുമെല്ലാം കഴിഞ്ഞ് 'മഹാനവരാത്രി'യുടെ ഒടുവിൽ അർജ്ജുനൻ തന്റെ ഗാണ്ഡീവത്തെ ശമീവൃക്ഷത്തിന്റെ പൊത്തിൽനിന്ന് എടുത്തുകൊണ്ടുപോയി, കൗരവന്മാരെ യുദ്ധത്തിൽ തോല്പിച്ചുവെന്നാണ് കഥ. വില്ലാളിവീരനായ, അർജ്ജുനന് വിജയൻ, എന്നൊരു പേരുണ്ട്. ചെറുവന്നിയുടെ പൊത്തിൽനിന്ന് ആയുധമെടുത്ത് യുദ്ധത്തിൽ ജയിച്ചതിനാൽ ആ ദിനത്തെ വിജയദശമി എന്നുവിളിക്കുന്നു.



## നാളെ മഹാനവമി

ദുർഗാദേവിയുടെ മറ്റൊരു ഭാവാന്തരമാണ് ശ്രീ സരസ്വതി. മഹിഷാസുരവധം അജ്ഞാനമാകുന്ന അന്ധകാരത്തെ നശിപ്പിച്ചതിന്റെ സൂചനയാണ്. അതിനാൽ ദേവിയുടെ വിജയദിനമായ വിജയദശമി 'വിദ്യാരംഭദിന'മായി ആഘോഷിക്കുന്നു. ''ഓം'' എന്ന ധ്വനി പരബ്രഹ്മത്തെയാണ് സൂചിപ്പിക്കുന്നത്. ശിവനും ശക്തിയും ചേർന്നതാണ് പരബ്രഹ്മം. 'ഹരി' സ്ഥിതിസ്വരൂപനായ മഹാവിഷ്ണുവിനെ പ്രതിനിധാനംചെയ്യുന്നു. ''ശ്രീ'' ശ്രീചക്രാരൂഢയായ ദേവിയെ (ദേവ്യുപാസനയെ) കാണിക്കുന്നു. 'ഓം ഹരിഃ ശ്രീ ഗണപതയേ നമഃ' ഇവിടെ ജ്ഞാനസ്വരൂപനായ ഗണപതി കൂടിചേരുമ്പോൾ ക്ഷരമല്ലാത്തതെന്തോ (നാശമില്ലാത്തതെന്തോ) അതും നമ്മുടെ അന്തഃകരണത്തെ പ്രഭാപ്രസരമാക്കുന്നു.

ശ്രീത്രിഭുവനേശ്വരിയുടെ ശരീരമാണ് സകല ലോകങ്ങളും. എല്ലാ ചരാചരങ്ങളും ദേവിയുടെ ആടയാഭരണങ്ങളാണ്. ആകാശത്തിന്റെ അധിദേവതയും പ്രകാശത്തിന്റെ സ്രോതസുമായതുകൊണ്ട് എല്ലാ പദാർത്ഥങ്ങൾക്കും ചലിക്കാനുള്ള ഇടം ദേവി നൽകുന്നു. ഭക്തമനസ്സിൽ നന്മയുടെ വിശാലത നിറയാൻ ഭുവനേശ്വരിയായ ദേവി അനുഗ്രഹിക്കുന്നു. ദേവിയുടെ സാന്നിദ്ധ്യത്തിൽ സ്നേഹവും അനുകമ്പയും സ്വാതന്ത്ര്യബോധവും അവരിലുണ്ടാകുന്നു. മനുഷ്യന്റെ സൂക്ഷ്മശരീരത്തിന്റെ അനാഹത ചക്രത്തിൽ ദേവി അധിവസിക്കുന്നു. മനുഷ്യന്റെ ഹൃദയസ്ഥാനമാണത്.

നിത്യനൂതനവും ശാശ്വതവുമായ സൗന്ദര്യത്തെ ലളിതാത്രിപുരസുന്ദരി പ്രതിനിധാനം ചെയ്യുന്നു. മനുഷ്യന്റെ സ്ഥൂലസൂക്ഷ്മ ശരീര കാരണങ്ങളുടെ നാഥനായതുകൊണ്ടുതന്നെ ദേവിയെ ത്രിപുരസുന്ദരിയെന്ന് വിളിക്കുന്നു. ശ്രീചക്രത്തിന്റെ അധിഷ്ഠാന ദേവതയായ ലളിത, വിശ്വചൈതന്യത്തെയാകെത്തന്നെ തന്നിലേക്ക് ആവാഹിച്ചിരിക്കുന്നു. ദേവിയുടെ ലീലയാണ് പ്രപഞ്ചപ്രതിഭാസങ്ങൾ. ലോകത്തിന്റെ സർവ്വാധിനാഥയെന്നതിനാൽ ദേവിക്ക് ''ശ്രീരാജരാജേശ്വരി'' എന്ന പേരുകൂടിയുണ്ട്.

സൂക്ഷ്മ ശരീരത്തിലെ അനാഹതചക്രത്തിൽ അധിവസിക്കുന്ന ദേവി ബാഹ്യസൗന്ദര്യത്തെക്കാളും പ്രധാനം ആന്തരിക സൗന്ദര്യമാണെന്ന് വ്യക്തമാക്കുന്നു.

# നേപ്പാൾ ആർക്കൊപ്പം?



പി.എസ്. ശ്രീകുമാർ

സെപ്തംബർ 10 മുതൽ 16 വരെ പൂനയിൽ വച്ച് ബിംസ്റ്റകിന്റെ (Bay of Bengal Initiative for Multi-Sectoral Technical & Economic Co-operation) ആഭിമുഖ്യത്തിൽ നടന്ന ആദ്യ സംയുക്ത സൈനികാഭ്യാസത്തിൽ (MILEX-18) നിന്നും പിൻമാറിക്കൊണ്ടുള്ള നേപ്പാളിന്റെ തീരുമാനം ഇന്ത്യയ്ക്ക് നയതന്ത്രരംഗത്തുണ്ടായ വലിയ ആഘാതമായിരുന്നു. ഇന്ത്യക്ക് പുറമേ, ബംഗ്ലാദേശ്,ഭൂട്ടാൻ, നേപ്പാൾ, മ്യാൻമാർ, ശ്രീലങ്ക, തായ്‌ലൻഡ് രാജ്യങ്ങളാണ് ഏഴംഗ ബിംസ്റ്റകിലെ അംഗങ്ങൾ.

ആഗസ്റ്റിൽ കാഠ്മണ്ഡുവിൽ ചേർന്ന സമ്മേളനത്തിലാണ് സൈനികാഭ്യാസത്തെ സംബന്ധിച്ച് പ്രധാനമന്ത്രി മോദി പ്രഖ്യാപനം നടത്തിയത്. സൈനികാഭ്യാസത്തിൽ പങ്കെടുക്കുമെന്ന് നേപ്പാൾ സൈനിക തലവൻ പ്രഖ്യാപിച്ചിരുന്നെങ്കിലും, അവസാന നിമിഷമുണ്ടായ രാഷ്ട്രീയ തീരുമാനത്തിലാണ് അഭ്യാസത്തിൽ നിന്നും പിൻമാറാൻ നേപ്പാൾ തീരുമാനിച്ചത്. പകരം ഇന്ത്യയെ ആശ്വസിപ്പിക്കാനായി, തായ്‌ലൻഡിനെപ്പോലെ മൂന്നംഗ നിരീക്ഷക സംഘത്തെയാണ് MILEX-18 ലേക്ക് നേപ്പാൾ അയച്ചത്. നേപ്പാളിനോട് കൂടിയാലോചിക്കാതെ തീരുമാനം പ്രഖ്യാപിച്ച പ്രധാനമന്ത്രി മോദിയുടെ നടപടിയോട് അനിഷ്ടം പ്രകടിപ്പിക്കുന്നതിനൊപ്പം, നേപ്പാളിനെ വഴിവിട്ട് സഹായിക്കുന്ന ചൈനയെ പ്രീണിപ്പിക്കുകയെന്ന ലക്ഷ്യവും ഈ പ്രഖ്യാപനത്തിന് പിന്നിലുണ്ടെന്നാണ് കരുതുന്നത്.

### ബന്ധത്തിലെ ഉയർച്ച-താഴ്ചകൾ

പരമാധികാര രാജ്യങ്ങളെന്ന നിലയിലുള്ള ബന്ധം ആരംഭിക്കുന്നത് 1950- ലെ ഇന്ത്യാ-നേപ്പാൾ സൗഹൃദ് ഉടമ്പടിയോടെയാണ്. അന്ന് നേപ്പാൾ ഭരിച്ചിരുന്നത് ഷാ രാജവംശത്തിലെ മഹേന്ദ്രരാജാവായിരുന്നു. ഇരുരാജ്യങ്ങളുടെയും സുരക്ഷിതത്വത്തിന് പ്രാധാന്യം നൽകിയ ഉടമ്പടി പ്രകാരം ഏതെങ്കിലും വിദേശരാജ്യം, രാജ്യങ്ങളിലൊന്നിനെ അക്രമിച്ചാൽ, തുണയായി മറ്റേ രാജ്യം ഒപ്പമുണ്ടാകും.

മാവോ സേ തുംഗിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് സർക്കാർ, ടിബറ്റിനെ ചൈനയുടെ ഭാഗമാക്കാനുള്ള ശ്രമങ്ങൾ കൈക്കൊണ്ടപ്പോഴാണ് ഇന്ത്യയുമായുള്ള ഉടമ്പടിക്ക് നേപ്പാൾ തയാറായത്. വാണിജ്യ -സൈനിക തലത്തിൽ ഇന്ത്യയ്ക്ക് അധീശത്വം നൽകുന്ന ഉടമ്പടിക്കെതിരെ അസംതൃപ്തി ഉണ്ടായെങ്കിലും നേപ്പാൾ ഇതൊരു പ്രശ്നമാക്കിയിരുന്നില്ല. എന്നാൽ, ജനാധിപത്യ അവകാശങ്ങൾക്കായി പ്രക്ഷോഭം നടത്തിയ നേപ്പാളി കോൺഗ്രസിന് ഇന്ത്യ നൽകിയ പിന്തുണ നേപ്പാൾ രാജവംശത്തെ, ഇന്ത്യയിൽ നിന്ന് അകലാൻ പ്രേരിപ്പിച്ചു. ശീതയുദ്ധ കാലഘട്ടത്തിൽ സോവിയറ്റ് റഷ്യയുമായി ഇന്ത്യ സൗഹൃദം സ്ഥാപിച്ചപ്പോൾ, നേപ്പാൾ അമേരിക്കയുമായി സൗഹൃദം സ്ഥാപിച്ചു. 1975-ൽ സിക്കിം, ഇന്ത്യയോട് ചേർന്നപ്പോൾ, ഭയാശങ്കയിലായ നേപ്പാൾ ചൈനയുമായി ബന്ധം സ്ഥാപിക്കാൻ തുടക്കമിട്ടു. ഇന്ത്യയോട് അകൽച്ച തുടർന്ന നേപ്പാൾ 1989-ൽ നേപ്പാളി രൂപയെ ഇന്ത്യൻ രൂപയിൽ നിന്നും വേർപ്പെടുത്തി ഇന്ത്യയോടുള്ള അനിഷ്ടം പ്രകടിപ്പിച്ചു. പ്രധാനമന്ത്രിയായിരുന്ന കെ.പി. ഭട്ടറായിയുടെ നേതൃത്വത്തിൽ 1990-ൽ ഇന്ത്യയുമായി വീണ്ടും നല്ല ബന്ധത്തിന് തുടക്കമിട്ടു. 1991-ൽ ഇന്ത്യയും നേപ്പാളും പുതിയ വാണിജ്യ ഉടമ്പടിയിലും ഒപ്പുവച്ചു. പിന്നീടുള്ള കുറെ വർഷങ്ങളിൽ ഇരു രാജ്യങ്ങളും സഹകരിച്ച് പ്രവർത്തിച്ചു.

**ആഗസ്റ്റിൽ കാഠ്മണ്ഡുവിൽ ചേർന്ന സമ്മേളനത്തിലാണ് സൈനികാഭ്യാസത്തെ സംബന്ധിച്ച് പ്രധാനമന്ത്രി മോദി പ്രഖ്യാപനം നടത്തിയത്. സൈനികാഭ്യാസത്തിൽ പങ്കെടുക്കുമെന്ന് നേപ്പാൾ സൈനികതലവൻ പ്രഖ്യാപിച്ചിരുന്നെങ്കിലും അവസാന നിമിഷമുണ്ടായ രാഷ്ട്രീയ തീരുമാനത്തിലാണ് അഭ്യാസത്തിൽനിന്നും പിന്മാറാൻ നേപ്പാൾ തീരുമാനിച്ചത്.**

പ്രധാനമന്ത്രിയായ ശേഷമുള്ള നരേന്ദ്രമോദിയുടെ ആദ്യ വിദേശയാത്ര നേപ്പാളിലേക്കായിരുന്നു. രണ്ട് ദശാബ്ദത്തിനിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തിയ ആദ്യ ഔദ്യോഗിക സന്ദർശനമായിരുന്നു അത്. നേപ്പാളുമായി നിരവധി വാണിജ്യ- ഊർജ്ജ കരാറുകളിൽ ഒപ്പ് വച്ച് മോദി ആ രാജ്യവുമായുള്ള ബന്ധം ശക്തിപ്പെടുത്താനുള്ള നടപടിക്ക് തുടക്കം കുറിച്ചു. ഈ അവസരത്തിലായിരുന്നു നേപ്പാളിനെ തകർത്ത ഭൂകമ്പമുണ്ടായത്. ഭൂകമ്പത്തിൽ വിറങ്ങലിച്ച നേപ്പാളിന് സഹായഹസ്തവുമായി ആദ്യമെത്തിയത് ഇന്ത്യയായിരുന്നു. ഇന്ത്യൻ വ്യോമസേനയും, സൈനികരും ദുരിതാശ്വാസ പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു.

### വീണ്ടും അകലുന്നു

പ്രധാനമന്ത്രിയായിരുന്ന കെ.പി.ശർമ്മ ഒലിയുടെ നേതൃത്വത്തിൽ 2015-ൽ നേപ്പാളിന്റെ പുതിയ ഭരണഘടനാ രൂപീകരണ നടപടി എടുത്തപ്പോൾ ഇന്ത്യൻ വംശജരായ മധേസികൾ പ്രക്ഷോഭത്തിനിറങ്ങി. അതോടെ ഇന്ത്യാ-നേപ്പാൾ ബന്ധത്തിൽ വീണ്ടും വിള്ളലുകൾ പ്രത്യക്ഷപ്പെട്ടു.

2015 ഒക്ടോബറിൽ മധേസികൾ നടത്തിയ റോഡ് ഉപരോധം നേപ്പാളിനെ നിശ്ചലമാക്കി. നേപ്പാളിനുള്ള അവശ്യ സാധനങ്ങളെല്ലാം ലഭിക്കുന്നത് ഇന്ത്യയിൽനിന്നോ കൊൽക്കത്ത, വിശാഖപട്ടണം തുറമുഖങ്ങളിലൂടെ മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതിചെയ്തോ ആണ്. പെട്രോളിയം ഉൾപ്പെടെ ലഭിക്കാതിരുന്നപ്പോൾ, സർക്കാരിനൊപ്പം ജനങ്ങളും ഇന്ത്യയെക്കെതിരെ തിരിഞ്ഞു. മധേസികളുടെ പ്രക്ഷോഭത്തിന് ഇന്ത്യയുടെ പിന്തുണയുണ്ടെന്ന് അവർ വിശ്വസിച്ചു. ഭരണഘടനാ രൂപീകരണവുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ നടപടികളും, നീക്കങ്ങളും ഭൂരിപക്ഷജനതയുടെ താത്പര്യത്തിനെതിരാണെന്നുള്ള ധ്വനിയുണ്ടായി, നേപ്പാൾ ചൈനയുമായി കൂടുതൽ അടുത്തു. ചൈനയുടെ 'ഒരു മേഖല ഒരു പാത' പദ്ധതിയെ ഇന്ത്യ എതിർത്തപ്പോൾ കൂടുതൽ ശക്തമായ വാണിജ്യ ബന്ധം സ്ഥാപിക്കാൻ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ടിബറ്റിൽ നിന്നും കാഠ്മണ്ഡുവിലേക്ക് റെയിൽവേ ലൈൻ, പുതിയ റോഡ് ഉൾപ്പെടെ ഉടമ്പടികളിലും നേപ്പാൾ ഒപ്പുവച്ചു.

### മനോഭാവമാണോ തടസം?

2017 അവസാനം നടന്ന തിരഞ്ഞെടുപ്പിൽ കെ.പി.ശർമ്മ ഒലി ഇടക്കാലത്തിന് ശേഷം വീണ്ടും പ്രധാനമന്ത്രിയായി. കീഴ്‌വഴക്കമനുസരിച്ച് ആദ്യ വിദേശസന്ദർശനം ഇന്ത്യയിലേക്കായിരുന്നെങ്കിലും വൈകാതെ അദ്ദേഹം ചൈന സന്ദർശിക്കുകയും തന്ത്രപ്രധാനമായ ഉടമ്പടികളിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ഇന്ത്യാ-നേപ്പാൾ അതിർത്തിയിൽ ഉപരോധമുണ്ടായാൽ അവശ്യസാധനങ്ങൾ ലഭ്യമല്ലാതാകരുതെന്ന് നേപ്പാൾ ആഗ്രഹിക്കുന്നു. ഇന്ത്യയെ മാത്രം ആശ്രയിക്കുന്നത് ഒഴിവാക്കണമെന്ന നയപരമായ തീരുമാനത്തിലാണ് ചൈനയുമായുള്ള സഹകരണം ശക്തമാക്കുന്നത്.

നേപ്പാളും ചൈനയും കഴിഞ്ഞ സെപ്തംബറിൽ ഒപ്പിട്ട കരാറനുസരിച്ച് ചൈനയിലെ ടിയാൻജിൻ, ഷെൻഷെൻ ഉൾപ്പെടെയുള്ള ഏത് തുറമുഖം വഴിയും നേപ്പാളിന് ഇറക്കുമതിയോ കയറ്റുമതിയോ ചെയ്യാം. ഈ തുറമുഖങ്ങളിൽ നിന്നും നേപ്പാളിന്റെ വിവിധ ഭാഗങ്ങളിൽ സാധന സാമഗ്രികൾ എത്തിയ്ക്കാൻ റോഡ് നിർമ്മാണം ഉൾപ്പെടെ പശ്ചാത്തലസൗകര്യം ഒരുക്കാനും ചൈന കരാർ ഒപ്പിട്ടു.

ഉപഭൂഖണ്ഡത്തിലെ വൻശക്തിയാണെന്നുള്ള ധാർഷ്ട്യത്തോടെ അയൽരാജ്യങ്ങളെ സമീപിക്കുന്നതിന്റെ ദുരന്തഫലമാണ് അയൽപക്കബന്ധത്തിൽ നാം അനുഭവിക്കുന്നത്. പരമാധികാരമുള്ള സ്വതന്ത്രരാജ്യങ്ങളാണ് ഇവയെന്ന് ഉൾക്കൊണ്ടുള്ള നയതന്ത്രമാണ് ഇന്ത്യ അവലംബിക്കേണ്ടത്. എങ്കിൽ മാത്രമേ നേപ്പാൾ ഉൾപ്പെടെയുള്ള അയൽരാജ്യങ്ങളുമായി നല്ല ബന്ധം പുനഃസ്ഥാപിയ്ക്കാനാകൂ.

*(ലേഖകന്റെ ഫോൺ : 9847173177 )*

# സുപ്രീം കോടതി വിധിയും ഭാരത സംസ്കാരവും



വെള്ളാപ്പള്ളി നടേശൻ

*മാനേജിംഗ് എഡിറ്റർ, യോഗനാദം*

(യോഗനാദം ഒക്ടോബർ 16 ലക്കത്തിലെ മുഖപ്രസംഗം)

"ലോകാ സമസ്താ സുഖിനോ ഭവന്തു" പ്രപഞ്ചത്തിലെ സകല ചരാചരങ്ങൾക്കും സുഖം വരണേ എന്നാഗ്രഹിച്ചിരുന്ന, അതിനുവേണ്ടി മഹത്തായ ഒട്ടനവധി താളിയോലഗ്രന്ഥങ്ങൾ രചിക്കപ്പെട്ട ഒരു സംസ്കൃതിയുടെ നാടാണ് ഭാരതം. പർവതങ്ങളെയും നദികളെയും നെഞ്ചോട് ചേർത്ത് ദേശീയ ഗാനം ആലപിക്കുന്ന രാജ്യമാണ് ഭാരതം. വിവിധ ഭാഷകളെയും വേഷങ്ങളെയും ആദരിക്കുന്ന നാടാണ് നമ്മുടേത്. എല്ലാ വിശ്വാസികളായും വിശ്വാസികളല്ലാത്തവരായും സ്നേഹിക്കുവാൻ പഠിപ്പിച്ച ബഹുസ്വരതയുടെ നാടാണ് നമ്മുടെ ഈ പുണ്യഭൂമി. ആയുർവേദത്തിന്റെയും ഗണിതശാസ്ത്രത്തിന്റെയും തച്ചുശാസ്ത്രത്തിന്റെയും, ഭൗമശാസ്ത്രത്തിന്റെയും, തർക്കശാസ്ത്രത്തിന്റെയും അങ്ങനെ ഒട്ടനവധി പൗരാണിക ശാസ്ത്രത്തിന്റെ നേരവകാശികൾ ഭാരതീയരാണ്. മാനുഷിക മൂല്യങ്ങൾക്കും, മാനവിക ധർമ്മങ്ങൾക്കും-വ്യക്തിജീവിതത്തിലും, കുടുംബജീവിതത്തിലും, ഒരുപാട് പ്രാധാന്യം കൊടുക്കുന്നവരാണ് നമ്മൾ. വ്യക്തി നന്നായാൽ കുടുംബവും, സമൂഹവും, നാട്ടും നന്നാകും എന്ന പരിവർത്തന സിദ്ധാന്തത്തിന് അടിക്കുറിപ്പ് എഴുതിയ മൂല്യബോധമുള്ള ജന്മഭൂമിയാണിത്. ഇന്ന് കണ്ടുപിടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാ ശാസ്ത്രീയ കണ്ടെത്തലുകളും സത്യദർശനത്തിലൂടെ ഭാരതത്തിലെ ഋഷി പരമ്പരകൾക്ക് അന്നേ അവരുടെ നിയന്ത്രണത്തിലാക്കുവാൻ കഴിഞ്ഞിരുന്നു. ചിട്ടയായ ജീവിതക്രമവും നിഷ്ഠയോടുകൂടിയുള്ള അനുഷ്ഠാനവും അതിജീവനത്തിനുവേണ്ടിയുള്ള ആത്മനിയന്ത്രണവും അവരെ ശാസ്ത്രജ്ഞരാക്കി. ആ ശാസ്ത്ര സത്യങ്ങളാണ് വേദങ്ങളും ഉപനിഷത്തുകളും പുരാണങ്ങളും ഇതിഹാസങ്ങളും. മാനുഷിക ലോകത്തിന് സത്യവും മിഥ്യയും വേർതിരിക്കുവാനുള്ള പൗരാണിക ശാസ്ത്രീയ സത്യങ്ങളാണ് ഈ മഹത് ഗ്രന്ഥങ്ങൾ. അതിലുള്ളത് മാത്രമേ ശാസ്ത്രം കണ്ടെത്തിയിട്ടുള്ളൂ. കണ്ടെത്തിയതിനെക്കാൾ എത്രയോ മടങ്ങ് ഇതിൽ നിന്നും ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു. അറിവിൽ, സാമ്പത്തികതയിൽ, സാമൂഹ്യകതയിൽ ശാസ്ത്രത്തിൽ, സാഹിത്യത്തിൽ, സൗന്ദര്യത്തിൽ, സാഹോദര്യത്തിൽ, എന്നുവേണ്ട എല്ലാ തരത്തിലുമുള്ള ദാർശനികതയുടെയും ഏറ്റവും സമ്പന്നമായ നാടാണ് നമ്മുടേത്. അതിന്റെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തിയ ഒരു സാംസ്കാരിക പൈതൃകമുണ്ട്. അത് വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും, സാമൂഹ്യജീവിതത്തിലും, പാലിക്കപ്പെടുമ്പോൾ മാത്രമേ ആരോഗ്യമുള്ള മനസും, ആരോഗ്യമുള്ള ഒരു ശരീരവും ആരോഗ്യമുള്ള സമൂഹവും ഉണ്ടാകൂ. ഏതൊക്കെ നിയമങ്ങൾ ഉണ്ടായെങ്കിലും, ഇനി ഈ നിയമങ്ങളൊക്കെ ഉണ്ടാകുന്നതിനുമുമ്പും മൂല്യബോധമുള്ള സാംസ്കാരികത്തനിമയുള്ള തലമുറകളുടെ വളർച്ചയ്ക്കുള്ള ഭരണഘടനയായിരുന്നു ആർഷ ഭാരതസംസ്കാരം. തലമുറ മാറ്റത്തിലൂടെ ആചാരങ്ങളിൽ പലതും അനാചാരങ്ങളായി മാറുകയും ആധുനിക സമൂഹം അനാചാരങ്ങളെ അവസാനിപ്പിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇനിയും അത് തുടർന്നു കൊണ്ടേയിരിക്കും. പൊതുസമൂഹം അതിനെ സാംസ്കാരിക തനിമയോടെ സ്വീകരിക്കും. എന്നാൽ ശാസ്ത്രീയ ആചാരങ്ങളെ അറിവിന്റെ പരിമിതിയിൽ നിന്ന് വിലയിരുത്തുവാൻ ശ്രമിക്കുമ്പോൾ അത് സാംസ്കാരിക ഭീകരതയ്ക്ക് വഴിതെളിക്കും. അതിന് അരു നിൽക്കുക എന്നുള്ളത് ഒരു ഭരണഘടനാ സംവിധാനത്തിനും ചേർന്നതല്ല. ആയിരക്കണക്കിന് വർഷം കൊണ്ട് രൂപം കൊണ്ട ഋഷിപ്രോക്തങ്ങളായ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും ഒരു മനുഷ്യായുസിന്റെ പോലും പ്രായമില്ലാത്ത ആ കാലയളവിനുള്ളിൽ 120ലേറെ തവണ ഭേദഗതി ചെയ്യപ്പെട്ട ഭരണഘടന വച്ച് വ്യാഖ്യാനിക്കുന്നത് യുക്തിബോധത്തിന് നിരക്കുന്നതല്ല.

ഇത്രയും ഇപ്പോൾ ഇവിടെ സൂചിപ്പിക്കുവാനുള്ള കാരണം ഈ അടുത്തകാലത്തായി ഇന്ത്യയിലെ പരമോന്നത നീതിപീഠം മൂന്ന് വിധി പ്രസ്താവങ്ങൾ നടത്തുകയുണ്ടായി. സ്വവർഗരതി, വിവാഹേതര ലൈംഗികബന്ധം, ശബരിമല സ്ത്രീ പ്രവേശനം. ചരിത്രപരവും നിർണായകവുമായി ഈ വിധി പുറപ്പെടുവിച്ചപ്പോൾ ആത്മാവ് നഷ്ടപ്പെട്ട ഇന്ത്യയുടെ വിലാപമാണ് എങ്ങും മുഴങ്ങിക്കേൾക്കുന്നത്. കുടുംബസ്വകാര്യതയിലേക്ക് അധികാരത്തിന്റെ അകമ്പടിയോടെ കയറിവരുന്ന ദംഷ്ട്രകളുടെ താണ്ഡവനൃത്തം സമൂഹത്തെ പേടിപ്പെടുത്തുന്നു. വഴി വക്കിലും നാൽക്കവലയിലും സ്വവർഗ അനുരാഗികൾക്ക് വീഥിയൊരുക്കുവാൻ, അവർക്ക് സുരക്ഷയൊരുക്കുവാൻ ഭരണാധികാരികൾക്ക് സമയം കണ്ടെത്തേണ്ടിവരുന്നു. അതേപോലെതന്നെ സുപ്രീം കോടതി സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട ഭരണഘടനാ ബെഞ്ചിലെ ഏക വനിതാ ജഡ്ജായ ഇന്ദുമൽഹോത്രയുടെ മനസായിരുന്നു ഇൻഡ്യയുടെ ആത്മാവ് എന്ന് വിലയിരുത്തപ്പെട്ടിരുന്നുവെങ്കിൽ പ്രളയാനന്തര കേരളം ഇത്രത്തോളം വിലനൽകേണ്ടിവരുമായിരുന്നില്ല. വളരെ ന്യൂനപക്ഷം വരുന്ന ചിലരുടെ പിടിവാശിക്കുവേണ്ടി മഹാഭൂരിപക്ഷം ശരണം വിളിയുമായി തെരുവിൽ ഇറങ്ങി പ്രതിഷേധിക്കേണ്ട സാഹചര്യം ഒരു വിധി പ്രസ്താവം മൂലം ഉണ്ടായെങ്കിൽ വാദത്തിലോ പ്രതിവാദത്തിലോ വലിയ പോരായ്മ ഉണ്ടായിട്ടില്ലേ?. ഇത്രയും വലിയ വൈകാരികതയുള്ള ഒരു വിഷയത്തിന്റെ കോടതി നിരീക്ഷണത്തിൽ ആവശ്യമായ സംഗതികൾ ലഭ്യമാകാതെ വന്നിട്ടില്ലേ?. ഇതിന്റെ പേരിൽ വിശ്വാസികളുടെ വിശ്വാസത്തെ മുതലെടുത്ത് കലാപങ്ങൾക്ക് സാദ്ധ്യതയില്ലേ?. അതിശക്തമായ പ്രളയത്തിന്റെ അതിജീവനത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പ് നടത്തുമ്പോൾ തൃപ്തി ദേശായിയെപ്പോലുള്ള പുരോഗമന വാദികളായിട്ടുള്ളവർ മഹാഭൂരിപക്ഷത്തിന് ആവശ്യമില്ലാത്ത ശബരിമല സ്ത്രീ പ്രവേശന ത്തിന്റെ പേരിൽ ഞങ്ങളുടെ ഈ കൊച്ചുകേരളത്തെ കേവലമായ പിടിവാശിയുടെ പേരിൽ കലാപ ഭൂമിയാക്കരുതേ എന്ന് അറിയിക്കുന്നു. ഇന്ന് അത്തരം ഒരു കലാപം താങ്ങുവാനുള്ള ശക്തിയില്ല കേരളത്തിന്. കാരണം പ്രളയത്തിൽ ജീവനും ജീവിതവും നഷ്ടപ്പെട്ടവരുടെ പുനരനവധിവാസത്തിന് സമയവും പണവും കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ വിധി ഒരു അനിവാര്യതയുമല്ല. മഹാഭൂരിപക്ഷം തെരുവിലിറങ്ങി പറയുന്ന ഇത് സ്വാതന്ത്ര്യമല്ല, ആചാരലംഘനമാണെന്ന്. ഇതാണ് ഭാരതത്തിന്റെ ബഹുസ്വരത. ഇതാണ് നാനാത്വത്തിൽ ഏകത്വം. അതാണ് ലോകാ സമസ്താ സുഖിനോ ഭവന്തു.



## ഡബ്ലിയു.സി.സി അംഗങ്ങൾ മന്ത്രി ശൈലജയെ കണ്ടു

തിരുവനന്തപുരം: ചലച്ചിത്ര മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സുരക്ഷ ഉറപ്പാക്കണമെന്ന ആവശ്യവുമായി ഡബ്ലിയു.സി.സി അംഗങ്ങളായ ബീനാപോൾ, വിധു വിൻസെന്റ് എന്നിവർ മന്ത്രി കെ.കെ.ശൈലജയെ കണ്ടു. ചലച്ചിത്രമേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് തുല്യനീതിയും തുല്യവേതനവും ഉറപ്പാക്കണമെന്നും ഈ മേഖലയിൽ സ്ത്രീകൾ നേരിടുന്ന ചൂഷണത്തെ പറ്റി പരാതിപ്പെടാൻ പരാതി പരിഹാര സെൽ വേണമെന്നും ഇവർ ആവശ്യപ്പെട്ടു. പരിഹാര പരാതി സെൽ രൂപീകരിക്കുമെന്ന് മന്ത്രി ഉറപ്പുനൽകി.

www.keralakaumudi.com www.facebook.com/keralakaumudi

## എം.എൽ.എമാരുടെ വിദേശയാത്ര: കേന്ദ്രാനുമതി വേണം

തിരുവനന്തപുരം: എം.എൽ.എമാരുടെ വിദേശ പര്യടനത്തിന് വിദേശകാര്യ മന്ത്രാലയത്തിൽ നിന്ന് മുൻകൂർ അനുമതി വാങ്ങണമെന്ന് സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ നിർദ്ദേശിച്ചു. നിർദ്ദേശം ഉൾപ്പെടുത്തി നിയമസഭാ സെക്രട്ടറി വി.കെ. ബാബുപ്രകാശ് സാമാജികർക്ക് സർക്കുലർ അയച്ചു. വിദേശത്ത് ആരോപണവിധേയമായ സംഘടനകളിൽ നിന്നും മറ്റും സാമാജികർ ആതിഥ്യം സ്വീകരിക്കുന്നതായി പരാതി ലഭിച്ചെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ച സാഹചര്യത്തിലാണ് സ്പീക്കറുടെ നിർദ്ദേശം. നിയമസഭാംഗം എന്ന നിലയിൽ സാമാജികർ വിദേശയാത്ര നടത്തുമ്പോഴോ വിദേശസർക്കാരുകളുടെയോ സംഘടനകളുടെയോ ആതിഥ്യം സ്വീകരിക്കുമ്പോഴോ വിദേശകാര്യ മന്ത്രാലയത്തിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് നിഷ്കർഷയുണ്ട്.

## മുഖ്യമന്ത്രി ഇന്ന് അബുദാബിയിലേക്ക്

തിരുവനന്തപുരം: നവകേരള സൃഷ്ടിക്ക് ധന സമാഹരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് രാവിലെ 7ന് അബുദാബിക്ക് തിരിക്കും. 21ന് മടങ്ങിയെത്തും. ഷാർജ, ദുബായ് എന്നിവിടങ്ങളും അദ്ദേഹം സന്ദർശിക്കും.

## എല്ലാ നിയമ വശങ്ങളും ആലോചിക്കും: പത്മകുമാർ

തിരുവനന്തപുരം: ശബരിമല പ്രശ്നത്തിൽ പുനഃപരിശോധനാ ഹർജി മാത്രമല്ല, നിയമപരമായ എല്ലാ വശങ്ങളും 19ന് ചേരുന്ന ദേവസ്വം ബോർഡ് യോഗത്തിൽ ആലോചിക്കുമെന്ന് പ്രസിഡന്റ് എ.പത്മകുമാർ മാദ്ധ്യമങ്ങളോട് പറഞ്ഞു. 22 വരെ കോടതി അവധിയാണ്. അതിനാൽ ഉടൻ ഹർജി കൊടുത്തിട്ട് കാര്യമില്ല. 19 ന് ബോർഡിന്റെ അഭിഭാഷകരോട് എത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. അവരുമായി നിയമവശങ്ങൾ ആലോചിക്കും.

## യോഗം ഭാരവാഹികളുടെ യോഗം ഇന്ന്

ചേർത്തല: ശബരിമല സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി എസ്.എൻ.ഡി.പി യോഗം യൂണിയൻ പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവരുടെ സംയുക്തയോഗം ഇന്ന് രാവിലെ 11ന് ചേർത്തല അശ്വനി റസിഡൻസിയിൽ നടക്കും. യോഗം പ്രസിഡന്റ് ഡോ.എം.എൻ.സോമൻ അദ്ധ്യക്ഷത വഹിക്കും. യോഗം കൗൺസിൽ തീരുമാനപ്രകാരം വിളിച്ചു ചേർത്തിരിക്കുന്ന ഈ യോഗത്തിൽ, ശബരിമല വിഷയത്തിൽ നിർണായകമായ തീരുമാനം കൈക്കൊള്ളുമെന്ന് ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ അറിയിച്ചു.

## രാഹുൽ ഈശ്വറിനെതിരെ കേസെടുക്കണം

ആലപ്പുഴ : ശബരിമല വിഷയത്തിൽ നടത്തിയ പ്രസ്താവനകളുടെ പേരിൽ രാഹുൽ ഈശ്വറിനെതിരെ കേസെടുക്കാൻ ആലപ്പുഴ ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് ആർ.രജിത ഉത്തരവിട്ടു. ആലപ്പുഴ സൗത്ത് എസ്.എച്ച്ഒയ്ക്കാണ് നിർദ്ദേശം നൽകിയത്. സുപ്രീം കോടതി വിധിയെയും ഭരണഘടനയെയും വെല്ലുവിളിച്ച് രാഹുൽ ഈശ്വർ നടത്തുന്ന പ്രസ്താവനകൾക്ക് എതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് അഡ്വ. സുഭാഷ് തീക്കാടൻ നൽകിയ പരാതിയിലാണ് ഉത്തരവ്.

## ബി.ജെ.പിയുടെ രണ്ടാം ഘട്ട സമരം ഇന്ന്

തിരുവനന്തപുരം: ശബരിമല ആചാരാനുഷ്ഠാനങ്ങളുടെ സംരക്ഷണത്തിനായി ബി.ജെ.പി നടത്തിവരുന്ന ധർമ്മ സമരത്തിന്റെ രണ്ടാം ഘട്ടം ഇന്ന് തുടങ്ങുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി.രമേശ് വർത്താ സമ്മേളനത്തിൽ പറഞ്ഞു. പാർട്ടി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ്.ശ്രീധരൻ പിള്ള ഇന്ന് പത്തനംതിട്ടയിൽ രാവിലെ മുതൽ വൈകുന്നേരം വരെ ഉപവസിക്കും. നിലയ്ക്കലിലും എരുമേലിയിലും നടക്കുന്ന സ്ത്രീകളുടെ നാമജപയജ്ഞത്തിൽ ബി.ജെ.പിയുടെ വനിതാ നേതാക്കൾ പങ്കാളികളാകും. 23 മുതൽ 30 വരെ പഞ്ചായത്ത് കേന്ദ്രങ്ങളിൽ സത്യാഗ്രഹ സഭകൾ സംഘടിപ്പിക്കും.

## നിലയ്ക്കലിൽ ഇന്ന് അമ്മമാരുടെ ഉപവാസം

നിലയ്ക്കൽ: ശബരിമല കർമ്മ സമിതിയുടെ നേതൃത്വത്തിൽ നിലയ്ക്കലിൽ ഇന്ന് രാവിലെ ഒൻപതു മുതൽ അയ്യായിരം അമ്മമാരുടെ ഉപവാസം നടക്കുമെന്ന് ശബരിമല കർമ്മസമതി അറിയിച്ചു. എസ്. എൻ. ഡി. പി യോഗം വനിതാസംഘം കേന്ദ്രസമിതി സെക്രട്ടറി അഡ്വ . സംഗീതാ വിശ്വനാഥ് ഉദ്ഘാടനം ചെയ്യും.

# ഈ പൊലീസ് സ്റ്റേഷനിൽ ഊണ് റെഡി




■ 10 മാസത്തിനിടെ ഊട്ടിയത് 20,000 പേരെ ■ മൂന്നു നേരവും ഭക്ഷണം ഉറപ്പ്

ഒ.സി.മോഹൻരാജ്

കണ്ണൂർ: ഈ പൊലീസ് സ്റ്റേഷനിൽ വന്നാൽ ആഹാരം ഉറപ്പ്. പേടിക്കണ്ട, തല്ലോ ശകാരമോ അല്ല. മൂന്നു നേരവും വിശപ്പടക്കാൻ നല്ല ഭക്ഷണം തന്നെ കിട്ടും. ഒരാളും വിശന്നുവലയാതിരിക്കാൻ അക്ഷയപാത്രവുമായി കാത്തുനില്ക്കുകയാണ് കണ്ണൂർ ടൗൺ പൊലീസ് സ്റ്റേഷൻ. 10 മാസത്തിനിടെ ഊട്ടിയത് 20,000 പേരെ. ലോക ഭക്ഷ്യദിനമായ ഇന്നലെ ഉച്ചയൂണിനെത്തിയവർക്ക് ഓരോ സ്റ്റീൽ പ്ലേറ്റും നൽകി.

കഴിഞ്ഞ ഡിസംബറിലാണ് ഡിവൈ.എസ്.പി പി.പി. സദാനന്ദന്റെയും സി.ഐ ടി.കെ. രത്നകുമാറിന്റെയും നേതൃത്വത്തിൽ ഒരു കൗതുകത്തിന് സ്റ്റേഷനുമുന്നിൽ അത്താഴക്കൂട്ടം എന്ന പേരിൽ പൊതിച്ചോറ് വിതരണം തുടങ്ങിയത്. ഇതോടെ പല ഭാഗത്തുനിന്നും സ്പോൺസർമാർ എത്തി. ഉച്ചയ്ക്കുമാത്രമല്ല, രാവിലെയും രാത്രിയും ഭക്ഷണം നൽകാനാവശ്യമായ എല്ലാ സഹായങ്ങളും നൽകാമെന്ന് ഉറപ്പുനൽകി. ഹോട്ടലുകളിൽ നിന്നു പൊതി ശേഖരിച്ച് കൗണ്ടറിലെത്തിക്കുന്നത് പൊലീസുകാർ തന്നെ.

രാവിലെ 7.30 മുതൽ 8.30 വരെ ഉപ്പുമാവും ചായയും. ഉച്ചയ്ക്ക് 12 മുതൽ മൂന്ന് വരെ ഊണ്. ചിലപ്പോൾ ബിരിയാണിയും നെയ്ച്ചോറും. രാത്രി ഏഴ് മുതൽ ഒൻപതു വരെ അത്താഴം. വിതരണത്തിന് ഒരു ജീവനക്കാരിയെ നിയമിച്ചിട്ടുണ്ട്. അവരുടെ ജോലിസമയം കഴിഞ്ഞാലും അത്താഴം കിട്ടാതെവരില്ല. അവിടെയുള്ളത് എടുത്തുകഴിക്കാം. അതു തീർന്നാൽ സ്റ്റേഷനിൽ പറഞ്ഞാൽ അത്താഴം പറന്നെത്തും.

### ഭക്ഷണം എല്ലാവർക്കും, പക്ഷേ...



തെരുവിൽ അലയുന്നവർക്കു മാത്രമുള്ള സംരംഭമല്ലിത്. ഇവിടെ ആർക്കും ഭക്ഷണം ലഭിക്കും. പക്ഷേ, മദ്യപിച്ചെത്തുന്നവർക്ക് ഭക്ഷണമില്ല. പെട്ടികളുള്ളിൽ ഭക്ഷണം ഇഷ്ടംപോലെയുണ്ടെന്നു കരുതി അടിച്ചുമാറ്റാമെന്നു വിചാരിക്കേണ്ട, ചുറ്റിലും കാമറയുണ്ട്.




കണ്ണൂർ പൊലീസ് സ്റ്റേഷനോടനുബന്ധിച്ച് നടക്കുന്ന ഭക്ഷണവിതരണം

## ഡ്രൈവർ അർജുന്റെ മൊഴി: വണ്ടിയോടിച്ചത് ബാലഭാസ്കർ

തിരുവനന്തപുരം: വയലിൻ മാന്ത്രികൻ ബാലഭാസ്കറിന്റെ മരണത്തിനിടയാക്കിയ അപകടം നടന്നപ്പോൾ വാഹനം ഓടിച്ചിരുന്നത് ബാലഭാസ്കർ തന്നെയായിരുന്നുവെന്ന് ഡ്രൈവർ അർജുൻ പൊലീസിന് മൊഴി നൽകി.

തൃശൂരിൽ നിന്ന് കൊല്ലം വരെ താനും അതിനു ശേഷം ബാലഭാസ്കറുമാണ് വാഹനം ഓടിച്ചത്. കൊല്ലത്ത് വച്ച് താനും ബാലഭാസ്കറും കരിക്കിൻ ഷേക് കുടിച്ചു. അതിന് ശേഷം താൻ പിൻസീറ്റിലിരുന്ന് ഉറങ്ങിപ്പോയി. അവിടുന്നിങ്ങോട്ട് ബാലഭാസ്കർ തന്നെയായിരുന്നു വണ്ടിയോടിച്ചത്. മുൻസീറ്റിൽ ഇടതുവശത്ത് ഭാര്യ ലക്ഷ്മിയും അവരുടെ മടിയിൽ മകൾ തേജസ്വിനി ബാലയുമുണ്ടായിരുന്നു. അപകടമുണ്ടായപ്പോൾ താൻ മയക്കത്തിലായിരുന്നുവെന്നും അർജുൻ കേസന്വേഷിക്കുന്ന മംഗലപുരം പൊലീസിന് മൊഴി നൽകി. അപകടത്തിൽ കാലിനും നട്ടെല്ലിനും പരിക്കേറ്റ അർജുൻ ഇന്നലെയാണ് ആശുപത്രി വിട്ടത്. തുടർ ചികിത്സയ്ക്കായി സ്വദേശമായ തൃശൂരിലേക്ക് പോയി. അതിന് മുമ്പാണ് ഇയാളുടെ മൊഴിയെടുത്തതെന്ന് അന്വേഷണസംഘം തലവൻ മംഗലപുരം എസ്. ഐ. അജയൻ പറഞ്ഞു. സെപ്തംബർ 25 നാണ് ബാലഭാസ്കറും കുടുംബവും സഞ്ചരിച്ച കാർ അപകടത്തിൽ പെട്ടത്. മകൾ തേജസ്വിനി ബാല സംഭവസ്ഥലത്തും ഗുരുതരമായി പരിക്കേറ്റ ബാലഭാസ്കർ ഒാക്ടോബർ രണ്ടിന് ആശുപത്രിയിൽ വെച്ചുമാണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ ഭാര്യ ലക്ഷ്മി ഇപ്പോഴും ചികിത്സയിലാണ്.

# ലൈംഗികാതിക്രമം: അമ്മയുടെ സമിതിക്കായി നടിമാരുടെ ഹർജി

കൊച്ചി : സിനിമാ മേഖലയിൽ വനിതകൾ നേരിടുന്ന ലൈംഗികാതിക്രമങ്ങളുടെ പരാതികൾ പരിഗണിക്കാൻ താരസംഘടനയായ അമ്മയിൽ പ്രത്യേക കമ്മിറ്റിക്ക് രൂപം നൽകണമെന്നാവശ്യപ്പെട്ട് വിമൻ ഇൻ സിനിമാ കളക്ടീവ് (ഡബ്ലിയു. സി.സി) ഹൈക്കോടതിയിൽ ഹർജി നൽകി. ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഹർജി ഇന്ന് പരിഗണിക്കും.

കമ്മിറ്റി രൂപീകരിക്കാൻ അമ്മയ്ക്ക് ബാദ്ധ്യതയുണ്ടെന്ന് പ്രഖ്യാപിക്കണമെന്നും സംഘടനയ്ക്കു നിർദേശം നൽകാൻ സർക്കാരിനോട് ആവശ്യപ്പെടണമെന്നും ഡബ്ലിയു.സി.സി പ്രസിഡന്റുകൂടിയായ നടി റിമ കല്ലിങ്കൽ നൽകിയ ഹർജിയിൽ പറയുന്നു.

എല്ലാ തൊഴിൽ മേഖലകളിലും സമിതിക്ക് രൂപം നൽകണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ചൂഷണവും പീഡനവും തടയാൻ 2013ൽ പാർലമെന്റ് പ്രത്യേക നിയമം തന്നെ കൊണ്ടുവന്നു. പ്രൊഡ്യൂസേഴ്സ് ഗിൽഡ്, സ്ക്രീൻറൈറ്റേഴ്സ് അസോസിയേഷൻ തുടങ്ങിയ സംഘടനകൾ പ്രത്യേക സമിതികൾക്ക് രൂപം നൽകിക്കഴിഞ്ഞു. എന്നാൽ താരസംഘടനയായ അമ്മ സ്വേച്ഛാപരമായ നിലപാടാണ് തുടരുന്നത്. സിനിമയുടെ ചിത്രീകരണത്തിനിടെ പരാതി നൽകിയാൽ സിനിമ കഴിയുന്നതോടെ പരാതിയും ഇല്ലാതാകുന്ന സ്ഥിതിയാണ്. അനുയോജ്യരായ അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റിക്ക് രൂപം നൽകണമെന്ന് ഹർജിയിൽ ആവശ്യപ്പെടുന്നു.



## 'സിദ്ദിഖിന്റേത് ക്രൂര നിലപാട്'

സി.മീര

കൊച്ചി: ആക്രമിക്കപ്പെട്ട നടി മാപ്പ് പറഞ്ഞാലേ അമ്മയിൽ തിരിച്ചെടുക്കൂ എന്ന് ജനറൽ സെക്രട്ടറി സിദ്ദിഖ് വാർത്താസമ്മേളനം വിളിച്ച് പറഞ്ഞത് ക്രൂരമാണെന്ന് നടൻ ജഗദീഷ് കേരളകൗമുദിയോട് പറഞ്ഞു.

സിദ്ദിക്കിന്റെ വ്യക്തിപരമായ താത്പര്യങ്ങൾ കമ്മിറ്റിയുടേതാണെന്ന രീതിയിൽ അറിയിക്കരുത്. നിയമോപദേശം അനുസരിച്ചാണ് ജനറൽ ബോഡി വിളിക്കേണ്ടതാണെന്ന നിലപാടിലെത്തിയത്. മൂന്നിലൊന്ന് ആളുകൾ ആവശ്യപ്പെടണം എന്നില്ല. എക്സിക്യൂട്ടീവ് കമ്മിറ്റി പറഞ്ഞാൽ ജനറൽ ബോഡിയിൽ എല്ലാവരും പങ്കെടുക്കും.

തന്റെ വാർത്താക്കുറിപ്പിൽ ഉറച്ചുനിൽക്കുന്നതായി അമ്മയുടെ ഔദ്യോഗിക വക്താവായ ജഗദീഷ് പറഞ്ഞു. ആഗസ്റ്റ് 7ലെ ചർച്ചയ്ക്ക് ശേഷം പൊതുയോഗം ഉടൻ വിളിക്കാമെന്ന് അമ്മ പ്രസിഡന്റ് മോഹൻലാൽ മാദ്ധ്യമങ്ങളെ ഉൾപ്പെടെ അറിയിച്ചതാണ്. ആക്രമിക്കപ്പെട്ട നടി ഉൾപ്പെടെയുള്ളവരെ തിരിച്ചെടുക്കുന്ന കാര്യവും പരിഗണിക്കാമെന്നാണ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചത്- ജഗദീഷ് വ്യക്തമാക്കി.



> ഡബ്ലിയു.സി.സിക്ക് മുമ്പ് തന്നെ വാർത്താസമ്മേളനം നടത്താനിരുന്ന തന്നെ അതിൽ നിന്ന് സ്നേഹപൂർവം വിലക്കിയത് സിദ്ദിക്കാണ്. അദ്ദേഹം തന്നെ വാർത്താസമ്മേളനം വിളിച്ച് ഇത്തരത്തിൽ സംസാരിച്ചതിനോട് യോജിക്കാനാവില്ല.
>
> - ഷമ്മി തിലകൻ



> ജനറൽ ബോഡി വിളിച്ച് ഭരണഘടന മാറ്റുന്ന കാര്യമുൾപ്പെടെ ചർച്ച ചെയ്യുന്നതിനെ കുറിച്ച് പലപ്പോഴും മോഹൻലാലുമായി സംസാരിച്ചിരുന്നു. പ്രളയശേഷം വീണ്ടും ചർച്ച നടക്കുമെന്നായിരുന്നു പ്രതീക്ഷ. വൻ താരങ്ങളെ അഭിമുഖീകരിച്ച് പറ്റില്ല എന്ന് പറയാൻ മടിക്കുന്ന അംഗങ്ങളാണ് സംഘടനയിൽ ഏറെയും. അതുകൊണ്ടാണ് ഭരണഘടന മാറ്റണമെന്നും രഹസ്യ വോട്ടെടുപ്പ് വേണമെന്നും പറയുന്നത്. മൂന്നിലൊന്ന് അംഗങ്ങൾ ആവശ്യപ്പെട്ടാലേ ജനറൽ ബോഡി നടക്കൂ എന്നത് ബാലിശമായ ന്യായമാണ്.
>
> - ജോയ് മാത്യു

## നടിയുടെ അവസരങ്ങൾ ദിലീപ് ഇല്ലാതാക്കിയെന്ന് സിദ്ധിഖിന്റെ മൊഴി

തിരുവനന്തപുരം: കഴിഞ്ഞദിവസം ഡബ്ല്യു. സി. സിക്കെതിരെ നടത്തിയ വാർത്താസമ്മേളനത്തിൽ നടൻ സിദ്ധിഖിനെ നാക്ക് ചതിച്ചു. ആക്രമിക്കപ്പെട്ട നടിയുടെ അവസരങ്ങൾ ഇല്ലാതാക്കിയോ എന്ന ചോദ്യത്തിന് അങ്ങനൊന്നുമില്ലെന്നായിരുന്നു സിദ്ധിഖിന്റെ മറുപടി. നടിക്ക് അവസരം നൽകരുതെന്ന് ദിലീപ് ഏത് സംവിധായകനോടാണ് ആവശ്യപ്പെട്ടതെന്ന് പറഞ്ഞാൽ അന്വേഷിക്കാമെന്നും പറഞ്ഞു.

എന്നാൽ നടി ആക്രമിക്കപ്പെട്ട സംഭവത്തിൽ പൊലീസിന് നൽകിയ മൊഴിയിൽ ആക്രമിക്കപ്പെട്ട നടിയുടെ അവസരങ്ങൾ ദിലീപ് ഇല്ലാതാക്കിയെന്നും ഇക്കാര്യം നടി തന്നോട് പറഞ്ഞിട്ടുണ്ടെന്നും സിദ്ധിഖ് പറയുന്നുണ്ട്. ദിലീപിനോട് ഇക്കാര്യം ചോദിച്ചപ്പോൾ അത് വ്യക്തിപരമായ കാര്യമാണെന്നും ഇടപടേണ്ടെന്നുമായിരുന്നു മറുപടി. മൊഴിയുടെ പകർപ്പ് മാദ്ധ്യമങ്ങൾക്ക് ലഭിച്ചു.






## അലൻസിയറിന്റെ മോശം പെരുമാറ്റം: താൻ സാക്ഷിയെന്ന് ശീതൾ ശ്യാം

സ്വന്തം ലേഖിക

കൊച്ചി: 'ആഭാസം' സിനിമയുടെ ലൊക്കേഷനിൽ നടൻ അലൻസിയർ സ്ത്രീകളോട് മോശമായി പെരുമാറുന്നതിന് താൻ ദൃക്സാക്ഷിയാണെന്ന് ട്രാൻസ്ജെൻഡർ ആക്ടിവിസ്റ്റ് ശീതൾ ശ്യാം. നടി ദിവ്യ ഗോപിനാഥിന്റെ 'മീടൂ' വെളിപ്പെടുത്തലിനാണ് ശീതൾ പിന്തുണ പ്രഖ്യാപിച്ചത്. ആ സിനിമയിൽ തനിക്കും വേഷമുണ്ടായിരുന്നു. സെറ്റിൽ പലപ്പോഴും അലൻസിയർ മദ്യപിച്ചാണ് വന്നത്. ഇവിടുത്തെ മറ്റൊരു നടിയോടും അലൻസിയർ ലിഫ്ടിൽ വച്ച് മോശമായി പെരുമാറുന്നത് കണ്ടു. പക്ഷേ, ആ സാഹചര്യം അവർക്ക് മറികടക്കാൻ പറ്റി. 'തൊണ്ടിമുതലും ദൃക്സാക്ഷി'യും കാണാൻ സെറ്റിലുള്ള എല്ലാവരും ഒന്നിച്ചു പോയപ്പോഴും മദ്യലഹരിയിലെത്തിയ അദ്ദേഹത്തോടൊപ്പം സുഹൃത്തായ നടിയാണ് ഇരുന്നത്. വളരെ മോശമായ അനുഭവമാണ് തീയേറ്ററിനുള്ളിൽ നേരിട്ടതെന്ന് പിന്നീടവർ പറഞ്ഞു കേട്ടു.

അപ്പോൾ തന്നെ ദിവ്യയുടെ പ്രശ്നവും അറിഞ്ഞതാണ്. ഇപ്പോൾ നായികയായി വന്ന മറ്റൊരു പെൺകുട്ടിയും സെറ്റിലുണ്ടായിരുന്നു. അവരോടുമുള്ള അലൻസിയറിന്റെ നോട്ടം ശരിയായിരുന്നില്ല. ദിവ്യ ഇത് തുറന്ന് പറയാൻ കാട്ടിയ ധൈര്യത്തെ അഭിനന്ദിക്കാതെ വയ്യ!. ശീതൾ പറഞ്ഞു.

> മദ്യലഹരിയിൽ ദ്വയാർത്ഥ പ്രയോഗങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ യുവനടിയുടെ ആരോപണങ്ങൾ പൂർണമായും ശരിയല്ല. നടിയുടെ മുറിയിൽ കയറിയത് ദുരുദ്ദേശത്തോടെയല്ല. സൗഹൃദത്തിന്റെ പേരിലായിരുന്നു. തെറ്റ് ഏറ്റുപറഞ്ഞ് ദിവ്യയോട് മാപ്പ് പറഞ്ഞിട്ടുണ്ട്. സിനിമാ സെറ്റുകളിൽ താൻ എല്ലാവരോടും സൗഹൃദപരമായാണ് ഇടപഴകാറുള്ളതെന്നും അതാവാം തെറ്റിദ്ധാരണയ്ക്ക് കാരണമായത്.
>
> –അലൻസിയർ

## ശബരിമല വിധി ശരിയെന്ന് വീണ്ടും എ.ഐ.സി.സി

ന്യൂഡൽഹി: ശബരിമലയിൽ പ്രായഭേദമെന്യേയുള്ള സ്ത്രീപ്രവേശനം അനുവദിച്ച സുപ്രീംകോടതി വിധിയെ അനുകൂലിച്ച് വീണ്ടും കോൺഗ്രസ് ദേശീയനേതൃത്വം. സുപ്രീംകോടതിയുടേത് ശരിയായ വിധിയാണെന്ന് കോൺഗ്രസ് വക്താവ് മനീഷ് തീവാരി പറഞ്ഞു. സംസ്ഥാന കോൺഗ്രസ് നേതാക്കൾ സമരത്തെ പിന്തുണയ്ക്കുന്നത് അറിയില്ലെന്നും നേതാക്കളുമായി സംസാരിച്ച ശേഷം വിശദമായി പ്രതികരിക്കാമെന്നും അദ്ദേഹം പറഞ്ഞു. കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് കെ. സുധാകരനുൾപ്പെടെയുള്ള നേതാക്കൾ പമ്പയിൽ സമരത്തിനിറങ്ങാനിരിക്കെയാണ് ദേശീയ നേതൃത്വത്തിന്റെ പ്രതികരണം. ശബരിമല വിഷയത്തിൽ എ.ഐ.സി.സിയുമായി പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല കൂടിക്കാഴ്ച നടത്താനിരിക്കുകയാണ്.

## ഇന്ന് രാത്രി 12 മുതൽ ശബരിമല സംരക്ഷണ സമിതി ഹർത്താൽ

കൊച്ചി: ശബരിമല യുവതി പ്രവേശന വിഷയത്തിൽ നിയമനിർമ്മാണം നടത്തില്ലെന്ന സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഇന്ന് രാത്രി 12 മണി മുതൽ 18 ന് രാത്രി 12 മണി വരെ സംസ്ഥാന വ്യാപകമായി ഹർത്താൽ നടത്തുമെന്ന് ശബരിമല സംരക്ഷണ സമിതി അറിയിച്ചു. ഹർത്താലിന് പിന്തുണ നൽകുമെന്ന് അന്താരാഷ്ട്ര ഹിന്ദു പരിഷത്തും വ്യക്തമാക്കി. അയ്യപ്പഭക്തർ, നവരാത്രി ആഘോഷം നടക്കുന്ന പ്രധാന ക്ഷേത്രങ്ങൾ, പാൽ, പത്രം, ആശുപത്രി തുടങ്ങിയവയെ ഹർത്താലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

## ബോർഡ് നീക്കി

ശബരിമല: സന്നിധാനത്തേക്ക് യുവതികൾക്ക് പ്രവേശനമില്ലെന്ന ബോർഡ് പമ്പയിൽ മറച്ചു. പന്തളം രാജകുടുംബത്തിന്റെ മണ്ഡപത്തോടു ചേർന്നാണ് ബോർഡുണ്ടായിരുന്നത്.

# നിലയ്ക്കലിൽ സംഘർഷാവസ്ഥ: വാഹനങ്ങൾ തടഞ്ഞ് യുവതികളെ തിരിച്ചയച്ചു

എം.ബിജുമോഹൻ

നിലയ്ക്കൽ: ശബരിമലയിൽ പ്രായഭേദമെന്യേ സ്ത്രീകൾക്ക് പ്രവേശനം നൽകണമെന്ന സുപ്രീംകോടതി വിധി നടപ്പാക്കുന്നതിനെതിരെ നിലയ്ക്കലിൽ തുടങ്ങിയ പ്രതിഷേധം നിലവിടുന്നു. പർണ്ണശാല കെട്ടി നാമജപം നടത്തുന്ന സ്ത്രീകൾ പമ്പയ്ക്ക് പോയ വാഹനങ്ങൾ തടഞ്ഞ് സ്ത്രീ യാത്രക്കാരെ ഇറക്കിവിട്ടു. ഇന്നു വൈകിട്ട് നട തുറക്കുന്ന സാഹചര്യത്തിലാണ് പുതിയ സംഭവ വികാസങ്ങൾ.

സമര രീതി മാറിയതോടെ, രണ്ടു ബറ്റാലിയൻ വനിതാ പൊലീസിനെ നിലയ്ക്കലും പമ്പയിലുമായി വിന്യസിച്ചു. സ്ഥിതിഗതികൾ വിലയിരുത്താൻ എ. ഡി. ജി.പി അനിൽ കാന്ത് വൈകിട്ട് നിലയ്ക്കലും പമ്പയും സന്ദർശിച്ചു. നിലയ്ക്കൽ പ്രവേശന കവാടത്തിൽ സമരക്കാർ കൂടുതൽ പർണശാലകൾ കെട്ടി നാമജപം ആരംഭിച്ചു. ഇന്നു രാവിലെ ഒൻപതു മുതൽ അയ്യായിരം അമ്മമാർ നാമജപം നടത്തുമെന്ന് ശബരിമല കർമ്മ സമിതി അറിയിച്ചു.

ഇന്നലെ രാവിലെ കർണാടകയിൽ നിന്നെത്തിയ വാർത്താ ചാനൽ സംഘത്തിലെ വനിതകളെ തടഞ്ഞുകൊണ്ടാണ് പ്രതിഷേധം തുടങ്ങിയത്. അവർ നിലയ്ക്കലെ സമരം റിപ്പോർട്ടുചെയ്തു ശേഷം തിരികെപ്പോയി. പിന്നാലെ, കോട്ടയത്തെ ഒരു മാദ്ധ്യമ സ്ഥാപനത്തിലെ മൂന്ന് ജേർണലിസം വിദ്യാർത്ഥിനികളെ കെ. എസ്. ആർ. ടി. സി ബസിൽ നിന്നിറക്കി വിട്ടു. ഇവർ മറ്റൊരു ബസിൽ കോട്ടയത്തേക്കു മടങ്ങി.

സമരാവേശത്തിൽ, ആദിവാസി യുവതി റബർ മരത്തിൽ കയർ കെട്ടി ആത്മഹത്യാശ്രമം നടത്തി. പൊലീസും സമരാനുകൂലികളും ഇവരെ പിന്തിരിപ്പിച്ചു. ജീവൻ വെടിഞ്ഞും യുവതികളെ തടയുമെന്ന് സമരം ചെയ്യുന്ന സ്ത്രീകൾ പറഞ്ഞു. എന്നാൽ, ദർശനത്തിന് ആരെത്തിയാലും സുരക്ഷ നൽകുമെന്ന് പൊലീസും വ്യക്തമാക്കി.

എല്ലാ വാഹനങ്ങളും നിലയ്ക്കലിൽ തടഞ്ഞ് സ്ത്രീകൾ ഇല്ലെന്ന് ഉറപ്പുവരുത്തിയാണ് പമ്പയിലേക്കു വിട്ടത്. പമ്പ സ്റ്റേഷനിൽ നിന്നെത്തിയ പത്തിൽ താഴെ പുരുഷ പൊലീസുകാർ കാഴ്ചക്കാരായിരുന്നു. പ്രതിഷേധക്കാർ കാര്യങ്ങൾ നിയന്ത്രിക്കുന്ന സ്ഥിതിയായതോടെ പത്തനംതിട്ട പൊലീസ് ചീഫ് ടി. നാരായണന്റെ നേതൃത്വത്തിൽ കൂടുതൽ പൊലീസ് എത്തി. 12 ബസുകളിലായി പൊലീസ് സംഘം വൈകിട്ട് നിലയ്ക്കലെത്തി. വടശേരിക്കര മുതൽ പമ്പ വരെ പൊലീസ് നിരീക്ഷണത്തിലാണ്. പന്തളത്തു നിന്ന് നൂറിലേറെ ബൈക്കുകളിൽ പ്രതിഷേധക്കാർ വൈകിട്ട് നിലയ്ക്കലെത്തി. തീർത്ഥാടകരെ ഉച്ചയ്ക്കുശേഷമേ പമ്പയിൽനിന്ന് സന്നിധാനത്തേക്ക് കടത്തിവിട്ടു. ഹിന്ദു സംഘടനകളുടെ നേതൃത്വത്തിൽ ഇന്ന് നിലയ്ക്കലും എരുമേലിയിലും ഉപവാസം നടക്കും.



നിലയ്ക്കൽ സമരപ്പന്തലിലുള്ള ആദിവാസി സ്ത്രീ ആത്മഹത്യാ ഭീഷണി മുഴക്കുന്നു

# ശബരിമല : റിവ്യൂ ഹർജിയും പുതിയ നിയമനിർമ്മാണവും ഇല്ല- പിണറായി

തിരുവനന്തപുരം: ശബരിമല പ്രശ്നത്തിൽ പുനഃപരിശോധനാ ഹർജി നൽകാനോ സുപ്രീംകോടതി വിധി മറികടക്കാൻ പുതിയ നിയമ നിർമ്മാണത്തിനോ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിയമവാഴ്ചയുള്ള നാട്ടിൽ സുപ്രീം കോടതി വിധി നടപ്പാക്കുക എന്ന നിലപാടേ സർക്കാരിന് സ്വീകരിക്കാൻ കഴിയൂ എന്നും അദ്ദേഹം വ്യക്തമാക്കി.

പുത്തരിക്കണ്ടം മൈതാനത്ത് എൽ.ഡി.എഫിന്റെ രാഷ്ട്രീയ വിശദീകരണ യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇക്കാര്യത്തിൽ സർക്കാരിനെ തെറി പറഞ്ഞതു കൊണ്ട് ഒരു ഫലവുമില്ല. വിശ്വാസികളെ തെറ്റിദ്ധരിപ്പിച്ച് വികാരം ഇളക്കിവിട്ട് സർക്കാരിനെക്കൊണ്ട് വേറെ നിലപാട് എടുപ്പിക്കാനാവില്ല. വിധി വന്നപ്പോൾ ശബരിമലയുമായി ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്താൻ മുഖ്യമന്ത്രി എന്ന നിലയിൽ ക്ഷണിച്ചതാണ്. അവർ ചർച്ചയ്ക്ക് തയ്യാറായില്ല. വിധിയുടെ മറവിൽ കോൺഗ്രസും ബി.ജെ.പിയും രാഷ്ട്രീയ മുതലെടുപ്പ് നടത്താനാണ് വികാരം ഇളക്കിവിടുന്നത്. വലിയ അക്രമങ്ങളാണ് ഇക്കൂട്ടർ അഴിച്ചുവിടുന്നത്. സുപ്രീംകോടതി വിധി വന്നപ്പോൾ സ്വാഗതം ചെയ്തവരാണ് പിന്നീട് നിലപാട് മാറ്റിയത്. ചരിത്രവിധി എന്നാണ് കോൺഗ്രസ് ദേശീയ നേതൃത്വം പ്രതികരിച്ചത്. ആർ.എസ്.എസിന്റെ ദേശീയ നേതാക്കളും വിധിയെ സ്വാഗതം ചെയ്തു. മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കും ഇതേ നിലപാടായിരുന്നു. കോടതി വിധിക്കനുസരിച്ച് കാര്യങ്ങൾ നടത്തണമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും പറഞ്ഞു. ഇവർ പെട്ടെന്ന് നിലപാട് മാറ്റിയതിന് പിന്നിലെ താത്പര്യം എന്താണ്? നിലപാട് മാറ്റത്തിൽ ബി.ജെ.പിയും കോൺഗ്രസും തമ്മിൽ തർക്കമാണ്.

ഒരിക്കലും പ്രതീക്ഷിക്കാത്ത ഒട്ടേറെ പരാമർശങ്ങൾ നമ്മൾ കേട്ടു. സ്ത്രീകളെ വലിച്ചുകീറും എന്നവരെ പറഞ്ഞില്ലേ. സ്ത്രീകളുടെ അവകാശങ്ങൾക്കായി പോരാടുന്ന വനിതാ നേതാക്കൾക്കെതിരെ സംസ്കാര ഹീനമായ പരാമർശങ്ങളാണ് ഉയർന്നത്. കോൺഗ്രസിന് എങ്ങനെയാണ് ആർ.എസ്.എസ് സമരത്തിനൊപ്പം കൂടാൻ കഴിയുക.

കോൺഗ്രസിൽ ആർ.എസ്.എസ് മനസ് രൂഢമൂലമാകുന്നതിന്റെ തെളിവാണിത്. ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യമാണ് കൺഗ്രസ് കളഞ്ഞു കുളിക്കുന്നത്. മുസ്ലീം ലീഗൊക്കെ വലിയ ആവേശത്തോടെ കൈയടിക്കുന്നുണ്ടല്ലോ. ഈ വിശ്വാസം അൽപം ഒന്നു നീട്ടി ബാബറി മസ്ജിദിന് ബാധകമാക്കിയാൽ എന്താവും? രാമജന്മഭൂമിയാണ് അത് എന്നല്ലേ ഒരു വിഭാഗത്തിന്റെ വിശ്വാസം.

മറ്റു ചില ആരാധനാലയങ്ങളിലും അവർ അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. മതനിരപേക്ഷക മനസിനെ ചെറുക്കാനുള്ള ഇത്തരം നീക്കങ്ങൾ അനുവദിക്കാനാവുമോ. ഇതിനെതിരെ മതവിശ്വാസികളടക്കം എല്ലാ വിഭാഗം ജനങ്ങളും ഒറ്റക്കെട്ടായി നിൽക്കണമെന്നും പിണറായി പറഞ്ഞു. സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ, മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, മുൻ എം.എൽ.എ ജമീല പ്രകാശം എന്നിവർ പ്രസംഗിച്ചു. ആനാവൂർ നാഗപ്പൻ സ്വാഗതം പറഞ്ഞു.



## 'യുവതികൾക്ക് സംരക്ഷണം നൽകും'

തിരുവനന്തപുരം: ശബരിമലയിൽ വിശ്വാസത്തിന്റെ ഭാഗമായി പോകുന്ന വനിതകൾക്ക് സംരക്ഷണം നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ശബരിമലയിൽ എത്തുന്ന വനിതകളെയും അവരുടെ വാഹനങ്ങളെയും പരിശോധിക്കാൻ ആർക്കും അവകാശമില്ല. അതിനെതിരെ ശക്തമായ ഇടപെടലുണ്ടാകും. നിയമം കൈയിലെടുക്കാൻ ആരെയും അനുവദിക്കില്ല. വിശ്വാസത്തിന്റെ ഭാഗമായി ശബരിമലയിലെത്തുന്നവർ ശാന്തരായി പോയി തിരിച്ചുവരുന്നവരാണ്. അതിൽ നിന്ന് വ്യത്യസ്ത നിലപാട് ആരിൽ നിന്നുണ്ടായാലും സമ്മതിച്ചുകൊടുക്കില്ല. വിശ്വാസികൾക്ക് സഹായവും സംരക്ഷണവും നൽകും. വിശ്വാസത്തിനനുസരിച്ച് അവർക്ക് കാര്യങ്ങൾ നടത്താനും സൗകര്യമൊരുക്കും. അതിന് തടസമുണ്ടാക്കാൻ അനുവദിക്കില്ല.

യുവതീപ്രവേശനത്തിൽ ദേവസ്വംബോർഡിന്റെ കാര്യം അവർ തീരുമാനിക്കും. സർക്കാർ പുനഃപരിശോധനാ ഹർജി നൽകില്ല. ശബരിമലയിൽ യുവതികൾ പോകരുതെന്ന് ഹൈക്കോടതി വിധിച്ചത് 1991 ലാണ്. അതിന് ശേഷം ഇവിടെ ഇടതുമുന്നണി സർക്കാരുകൾ ഉൾപ്പെടെ അധികാരത്തിലിരുന്നല്ലോ. അപ്പോഴെല്ലാം ആ കോടതി വിധിയല്ലേ നടപ്പാക്കിയത്. ഇപ്പോൾ എല്ലാ സ്ത്രീകൾക്കും പോകാമെന്ന് സുപ്രീംകോടതി പറഞ്ഞു. അതാണ് സർക്കാർ നടപ്പാക്കേണ്ടത്.

## കഴിവതും യുവതികൾ ശബരിമലയിൽ വരരുത്: മുല്ലപ്പള്ളി



തൃശൂർ: യുവതികൾ ശബരിമല ദർശനം ഒഴിവാക്കണമെന്നാണ് കോൺഗ്രസ് നിലപാടെന്ന് കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ തൃശൂരിൽ പറഞ്ഞു. എന്നാൽ, യുവതികളെ തടയില്ല. വർക്കിംഗ് പ്രസിഡന്റ് കെ. സുധാകരന്റെ വാക്കുകൾ പാർട്ടി തീരുമാനമല്ല. പാർട്ടി വിശ്വാസികൾക്കൊപ്പമാണ്. ഇന്നു നടക്കുന്ന സമരത്തിൽ സുധാകരൻ പങ്കെടുക്കുന്നത് പാർട്ടി തീരുമാനപ്രകാരമാണ്. സർക്കാരിന് നിഗൂഢമായ അജണ്ടയുണ്ട്. റിവ്യൂ ഹർജി നൽകാത്തത് അതുകൊണ്ടാണ്. ഓർഡിനൻസ് കൊണ്ടുവരാൻ ബി.ജെ.പിക്ക് സാധിക്കുമായിരുന്നു. മുൻ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ നൽകുന്ന റിവ്യൂ പെറ്റീഷന് കോൺഗ്രസ് പിന്തുണ നൽകുമെന്നും മുല്ലപ്പള്ളി പറഞ്ഞു.



## വിശ്വാസപ്രകാരം മരണാനന്തര കർമ്മം നടത്താൻ ഹർജി

കൊച്ചി: മരണാനന്തരകർമ്മങ്ങൾ വ്യക്തിയുടെ വിശ്വാസ പ്രകാരം നടത്താൻ ചട്ടമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസ് ഹൈക്കോടതിയിൽ ഹർജി നൽകി.

ഭരണഘടനയനുസരിച്ച് ഏതൊരു വ്യക്തിക്കും തന്റെ വിശ്വാസമനുസരിച്ച് ജീവിക്കാനും തന്റെ മരണാനന്തര കർമ്മങ്ങൾ എങ്ങനെ നടത്തണമെന്ന് നേരത്തെ തീരുമാനിക്കാനും അവകാശമുണ്ട്.

എന്നാൽ അടുത്തിടെ മരിച്ച സാമൂഹ്യ പ്രവർത്തകൻ കൊടുങ്ങല്ലൂർ സ്വദേശി നജ്മൽ ബാബുവിന്റെ മരണാനന്തര ചടങ്ങുകൾ അദ്ദേഹത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായാണ് നടത്തിയതെന്ന് ഹർജിയിൽ പറയുന്നു. ടി.എൻ. ജോയി എന്ന പേരിൽ അറിയപ്പെട്ടിരുന്ന നജ്മൽ ബാബു മതം മാറി ഇസ്ലാം മതം സ്വീകരിച്ച വ്യക്തിയാണ്.

എന്നാൽ മരണാനന്തര ചടങ്ങുകൾ ഈ വിശ്വാസ പ്രകാരമല്ല നടന്നതെന്നും ഇത്തരത്തിൽ ഒരാൾ മതംമാറിയാൽ അയാളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ചട്ടം വേണമെന്നും ഹർജിയിൽ പറയുന്നു.

## ഹയർസെക്കൻഡറി സ്കൂളുകളിലേക്ക് 259 തസ്തികകൾ

തിരുവനന്തപുരം: സംസ്ഥാനത്ത് 2015- 16ൽ അനുവദിച്ച ഗവ. ഹയർ സെക്കൻഡറി സ്കൂളുകൾ, അധിക ബാച്ചുകൾ, മതിയായ എണ്ണം വിദ്യാർത്ഥികളുള്ള മറ്റ് 39 ഗവ. ഹയർസെക്കൻഡറി സ്കൂളുകൾ എന്നിവിടങ്ങളിലേക്കായി 259 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു.

ഇതുവരെ ഈ തസ്തികകളിൽ ഗസ്റ്റ് അദ്ധ്യാപകരായിരുന്നു ജോലി ചെയ്തുവന്നത്. 2015-16ൽ തന്നെ സംസ്ഥാനത്ത് അനുവദിച്ച എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിൽ ഇനിയും അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടില്ല. അതിനുള്ള നിർദ്ദേശം ധനവകുപ്പിന്റെ പരിശോധനയിലാണ്. ചില നിബന്ധനകളുടെ അടിസ്ഥാനത്തിലായിരുന്നു അന്ന് എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളും ബാച്ചുകളും അനുവദിച്ചത്.

## ഐ.എഫ്.എഫ്.കെ ചലഞ്ച്

തിരുവനന്തപുരം: അന്താരാഷ്ട്ര ചലച്ചിത്രോത്സവം നടത്തിപ്പിന് സിനിമാ പ്രേമികളോട് സംഭാവന അഭ്യർത്ഥിച്ച് ചലച്ചിത്ര അക്കാഡമി വാർത്താകുറിപ്പിറക്കി. ഐ.എഫ്.എഫ്.കെ നടത്തുന്നതിനു വേണ്ടി പൊതുഖജനാവിൽ നിന്നും പണം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് മേള ഒരു ചലഞ്ചായി ഏറ്റെടുക്കാൻ അക്കാഡമി ആവശ്യപ്പെടുന്നത്.

സ്പോൺസർഷിപ്പിന് താത്പര്യമുള്ളവർ സെക്രട്ടറിയുമായോ (7356541555) ഡെപ്യൂട്ടി ഡയറക്ടറുമായോ (8137990800) ബന്ധപ്പെടാം. സംഭാവന തരുന്നവർക്കായി അക്കൗണ്ട് വിവരം- കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാഡമി, ആൽത്തറ ബ്രാഞ്ച്, എസ്.ബി.ഐ അക്കൗണ്ട് നമ്പർ 10270825382, ഐ.എഫ്.എസ്.സി കോഡ് SBIN0007203

# സ്ത്രീകളുടെ പോരാട്ടത്തിന് ഒപ്പം നില്ക്കണം: എം.മുകുന്ദൻ

■ വള്ളത്തോൾ പുരസ്കാരം സമ്മാനിച്ചു

തിരുവനന്തപുരം : അതിജീവനത്തിന് വേണ്ടിയുള്ള സ്ത്രീകളുടെ പോരാട്ടത്തിന് ഒപ്പം നില്ക്കാൻ സമൂഹം തയ്യാറാകണമെന്ന് സാഹിത്യകാരൻ എം.മുകുന്ദൻ പറഞ്ഞു. തീർത്ഥപാദമണ്ഡപത്തിൽ നടന്ന ചടങ്ങിൽ വള്ളത്തോൾ സാഹിത്യ സമിതിയുടെ വള്ളത്തോൾ പുരസ്കാരം ഏറ്റുവാങ്ങി സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്ത്രീകളെ ചൂഷണം ചെയ്യുന്നതിൽ എല്ലാ മതങ്ങളും പ്രത്യയശാസ്ത്രങ്ങളും ഒരുപോലെയാണ്. വിമോചനത്തിന് വേണ്ടി സ്ത്രീകൾ മുന്നിട്ടിറങ്ങുമ്പോൾ അത് വിവാദമാക്കുകയും നിസാരവത്കരിക്കുകയും ചെയ്യും. സ്ത്രീകൾ ഇന്ന് ഒരു വലിയ മുന്നേറ്റം നടത്തുകയാണ്. കമ്മ്യൂണിസ്റ്റുകാരും കോൺഗ്രസുകാരും, വിശ്വാസികളും നിരീശ്വരവാദികളും ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി നില്ക്കണം. പെണ്ണ് ഒരു മുന്നേറ്റത്തിനിറങ്ങുമ്പോൾ അവളോടൊപ്പം നിൽക്കുകയാണ് ആണിന്റെ കടമ. പുരുഷകേന്ദ്രീകൃതമായ ഇന്നത്തെ സമൂഹത്തിന് മാറ്റം അനിവാര്യമാണ്. പക്ഷേ സ്ത്രീകൾക്ക് വേണ്ടി സംസാരിച്ചാൽ അത് വിവാദമാകുന്നു. വിവാദത്തിൽ വസ്തുതകൾ മങ്ങിപ്പോകും. വിവാദമല്ല മറിച്ച് സംവാദമാണ് വേണ്ടതെന്നും മുകുന്ദൻ പറഞ്ഞു.

മന്ത്രി സി.രവീന്ദ്രനാഥ് പുരസ്കാരം എം.മുകുന്ദന് സമ്മാനിച്ചു. മുൻ ചീഫ് സെക്രട്ടറി ആർ.രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായിരുന്നു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, എഴുമറ്റൂർ രാജരാജവർമ്മ, ഡോ.ദേശമംഗലം രാമകൃഷ്ണൻ, രാജൻ.വി.പൊഴിയൂർ, ലക്ഷ്മി. ആർ.നായർ, ശ്രീജ മുകുന്ദൻ എന്നിവർ പങ്കെടുത്തു.



മഹാകവി വള്ളത്തോൾ നാരായണമേനോന്റെ 104 ാം ജന്മദിനത്തോടനുബന്ധിച്ച് വള്ളത്തോൾ സാഹിത്യ സമിതിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം തീർത്ഥപാദ മണ്ഡപത്തിൽ നടക്കുന്ന സാഹിതീയോത്സവത്തിൽ വള്ളത്തോൾ പുരസ്കാരം എം.മുകുന്ദന് മന്ത്രി സി.രവീന്ദ്രനാഥ് സമ്മാനിക്കുന്നു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ഡോ. എഴുമറ്റൂർ രാജരാജവർമ്മ, ആർ. രാമചന്ദ്രൻ നായർ എന്നിവർ സമീപം

## ഇനി സ്കൂളുകളിൽ തിരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ്

തിരുവനന്തപുരം: വിദ്യാർത്ഥികൾക്ക് സമ്മതിദാനാവകാശത്തിന്റെ അനിവാര്യത മനസിലാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രതിരഞ്ഞെടുപ്പ് കമ്മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും തിരഞ്ഞെടുപ്പ് സാക്ഷരതാ ക്ലബ് ആരംഭിക്കുന്നു. ഇതിന്റെ സംസ്ഥാന തല ഉദ്ഘാടനം സർക്കാർ വിമൻസ് കോളേജിൽ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറും അഡിഷണൽ ചീഫ് സെക്രട്ടറിയുമായ ടികാറാം മീണ നിർവഹിച്ചു.

തിരുവനന്തപുരം സർക്കാർ വിമൻസ് കോളേജിൽ നടന്ന പരിപാടിയിൽ , കോളേജ് പ്രിൻസിപ്പൽ ജി. വിജയലക്ഷ്മി, തിരഞ്ഞെടുപ്പ് കമ്മിഷൻ അഡിഷണൽ സി.ഇ.ഒമാരായ ഷെർളി പി, ബി. സുരേന്ദ്രൻ പിള്ള തുടങ്ങിയവർ പങ്കെടുത്തു.

വോട്ടർമാരെ ബോധവത്കരിക്കുന്നതിനും തിരഞ്ഞെടുപ്പിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ലക്ഷ്യമിടുന്ന സിസ്റ്റമാറ്റിക് വോട്ടർ എഡ്യൂക്കേഷൻ ആൻഡ് ഇലക്ടറൽ പാർട്ടിസിപ്പേഷൻ (സ്വീപ്) പരിപാടിയുടെ ഭാഗമായാണ് ഹൈസ്കൂൾ, ഹയർസെക്കൻഡറി സ്കൂൾ, കോളേജ് തലങ്ങളിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നത്.

വിദ്യാലയത്തിലെ എല്ലാ കുട്ടികളും ഈ ക്ലബിൽ അംഗങ്ങളായിരിക്കും. തിരഞ്ഞെടുത്ത ഒരു അദ്ധ്യാപികയാകും നോഡൽ ഓഫീസർ. തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള കാര്യങ്ങളിൽ കുട്ടികളെ ബോധവത്കരിക്കുകയാണ് കൺവീനറുടെ ജോലി. ക്ലബിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വാർഷിക റിപ്പോട്ടുണ്ടാക്കി അദ്ധ്യയന വർഷത്തിന്റെ അവസാനം നോഡൽ ഓഫീസർ വഴി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർക്ക് സമർപ്പിക്കണം.

# കേന്ദ്രത്തിന്റെ 'വിസമ്മതപത്രം': മന്ത്രിമാരുടെ വിദേശയാത്ര റദ്ദാക്കി

തിരുവനന്തപുരം: പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിന് ധനം സമാഹരിക്കാനുള്ള സംസ്ഥാന മന്ത്രിമാരുടെ വിദേശയാത്രയ്ക്ക് കേന്ദ്രസർക്കാർ അനുമതി നിഷേധിച്ചു. വിദേശകാര്യ മന്ത്രാലയ അധികൃതർ ഇന്നലെ സന്ധ്യയോടെ ഇക്കാര്യം ചീഫ് സെക്രട്ടറി ടോം ജോസിനെ വാക്കാൽ അറിയിക്കുകയായിരുന്നു. രേഖാമൂലം അറിയിപ്പ് വന്നിട്ടില്ലെങ്കിലും ഇതോടെ മന്ത്രിമാരുടെ യാത്ര റദ്ദായി.

ഡൽഹിയിലെ കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി മുഖ്യമന്ത്രിയോട് സമ്മതിച്ച സ്ഥിതിക്ക് അനുമതി കിട്ടുമെന്നാണ് മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതീക്ഷിച്ചത്.

കുറച്ച് പേർക്കെങ്കിലും കിട്ടാതിരിക്കില്ലെന്ന് അവസാനനിമിഷം വരെയും പ്രതീക്ഷിച്ചെങ്കിലും നിരാശയായി ഫലം. അനുമതിയില്ല എന്ന് മാത്രമാണ് ചീഫ് സെക്രട്ടറിയെ അറിയിച്ചത്. കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല.

നേരത്തേ പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് അനുമതി കിട്ടിയ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് രാവിലെ യു.എ.ഇയിലേക്ക് പോകും.

പ്രാദേശിക സമയം രാവിലെ 7മണിക്ക് അബുദാബിയിലെത്തുന്ന അദ്ദേഹം ദുബായിലും ഷാർജയിലും മലയാളികളുടെ യോഗങ്ങളിൽ പങ്കെടുത്ത് 21 ന് മടങ്ങിയെത്തും.

വിദേശരാജ്യങ്ങളിലെ മലയാളി അസോസിയേഷനുകൾ വഴി 5,000 കോടി രൂപയെങ്കിലും സമാഹരിക്കാമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. ലോക കേരളസഭാ പ്രതിനിധികളുടെ മേൽനോട്ടത്തിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയെങ്കിലും വെറുതെയായി. കുറച്ച് മന്ത്രിമാർക്കെങ്കിലും അനുമതി കിട്ടിയേക്കുമെന്ന പ്രതീക്ഷ ഇന്നലെ മന്ത്രിസഭായോഗത്തിലും മുഖ്യമന്ത്രി പ്രകടിപ്പിച്ചിരുന്നു.

അംഗീകൃത സംഘടനകൾ വഴിയല്ല വിദേശ യാത്രയ്ക്ക് മന്ത്രിമാർ അനുമതി തേടിയത് എന്ന് വിദേശമന്ത്രാലയത്തിന്റെ റിപ്പോർട്ടിലുള്ളതായി നേരത്തേ വാർത്തകളുണ്ടായിരുന്നു. ഇത് സംസ്ഥാന സർക്കാർ നിഷേധിച്ചിരുന്നു.

## കൊല്ലം തുളസിയുടെ മാപ്പപേക്ഷയിൽ വനിതാ കമ്മിഷൻ അയഞ്ഞു

കൊല്ലം: ആചാരം ലംഘിച്ച് ശബരിമലയിൽ പോകുന്ന യുവതികൾക്കെതിരെ വിവാദ പ്രസംഗം നടത്തിയ നടൻ കൊല്ലം തുളസി വനിതാ കമ്മിഷൻ മുമ്പാകെ ഹാജരായി മാപ്പപേക്ഷ നൽകി.

സ്ത്രീകളെ അധിക്ഷേപിച്ചതിന് തുളസിക്കെതിരെ സ്വമേധയാ കേസെടുത്ത കമ്മിഷൻ 23ന് ഹാജരാകാൻ നോട്ടീസ് നൽകിയിരുന്നു. എന്നാൽ ഇന്നലെ ഉച്ചയോടെ കമ്മിഷൻ ആസ്ഥാനത്ത് ഫോണിൽ ബന്ധപ്പെട്ട തുളസി, ചികിത്സയ്ക്കായി ദൂരയാത്ര പോകേണ്ടതിനാൽ 23ന് എത്താനാകില്ലെന്നും ഇന്നലെ ഹാജരാകാമെന്നും അറിയിച്ചു.

അനുമതി ലഭിച്ചതോടെ കമ്മിഷൻ ആസ്ഥാനത്തെത്തി എഴുതി തയ്യാറാക്കിയ മാപ്പപേക്ഷ കമ്മിഷനംഗം ഷാഹിദ കമാലിന് കൈമാറി.



കൊല്ലം തുളസി


സ്ത്രീകളെ അങ്ങേയറ്റം ബഹുമാനിക്കുന്നയാളാണെന്നും വിവാദ പ്രസംഗത്തിൽ അവരെ ആക്ഷേപിക്കാൻ ഉദ്ദേശിച്ചിരുന്നില്ലെന്നും തുളസി മാപ്പപേക്ഷയിൽ പറഞ്ഞു. അയ്യപ്പ ഭക്തനായ താൻ അപ്പോഴത്തെ ആവേശത്തിൽ പ്രസംഗിച്ചുപോയതാണ്. താനൊരു പൊതുപ്രവർത്തകനാണ്. അതിനാൽ പൊതുസമൂഹത്തോടും കമ്മിഷനോടും നിരുപാധികം മാപ്പ് ചോദിക്കുന്നു - അപേക്ഷയിൽ അദ്ദേഹം പറഞ്ഞു.

തുളസി തെറ്റ് മനസിലാക്കി നിരുപാധികം മാപ്പപേക്ഷിച്ചതായി വനിതാ കമ്മിഷനംഗം ഷാഹിദ കമാൽ പറഞ്ഞു. അപേക്ഷ കമ്മിഷൻ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുമെന്നും അവർ പറഞ്ഞു. 12ന് ചവറയിൽ എൻ.ഡി.എയുടെ നേതൃത്വത്തിൽ നടന്ന ശബരിമലസംരക്ഷണ യാത്രയുടെ സ്വീകരണ സമ്മേളനത്തിലാണ് തുളസി വിവാദ പ്രസംഗം നടത്തിയത്.

അതേസമയം ഡി.വൈ.എഫ്.ഐ പ്രാദേശിക നേതാവ് നൽകിയ പരാതിയിൽ ചവറ പൊലീസ് തുളസിക്കെതിരെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തെങ്കിലും തുടർ നടപടിയുണ്ടായിട്ടില്ല.

പൊലീസ് തന്നെ ബന്ധപ്പെടുകയോ കേസ് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയോ ചെയ്തിട്ടില്ലെന്നാണ് കൊല്ലം തുളസി പറയുന്നത്.

## കൊച്ചുവേളി-ബാനസ്‌വാടി ഹംസഫർ എക്സ്പ്രസ് 20ന് ഫ്ലാഗ് ഓഫ്



കോഴിക്കോട്: പുതുതായി ആരംഭിക്കുന്ന കൊച്ചുവേളി-ബാനസ്‌വാടി ഹംസഫർ എക്സ്പ്രസ് കേന്ദ്ര ടൂറിസം മന്ത്രി അൽഫോൺസ് കണ്ണന്താനം 20ന് രാവിലെ 11 മണിക്ക് കൊച്ചുവേളി സ്റ്റേഷനിൽ ഫ്ലാഗ് ഓഫ് ചെയ്യും.

ട്രെയിനിന്റെ റിസർവേഷൻ ഇന്ന് രാവിലെ 8ന് ആരംഭിക്കും. ആഴ്ചയിൽ രണ്ട് തവണയാണ് സർവീസ് നടത്തുക.

പൂജ അവധി സമയത്ത് ബംഗളൂരുവിലേക്ക് റിസർവേഷൻ ലഭിക്കാൻ കഷ്ടപ്പെടുന്ന സമയത്ത് തന്നെ ട്രെയിൻ സർവീസ് ആരംഭിക്കുന്നത് യാത്രക്കാർക്ക് ഏറെ ആശ്വാസകരമാകും.

കൊച്ചുവേളി- ബാനസ്‌വാടി ഹംസഫർ എക്സ്പ്രസ് (നമ്പർ16319) വ്യാഴം, ശനി ദിവസങ്ങളിൽ വൈകിട്ട് 6.05 ന് പുറപ്പെട്ട് അടുത്ത ദിവസം രാവിലെ 10.45ന് ബാനസ്‌വാടയിൽ എത്തും. ബാനസ്‌വാടി-കൊച്ചുവേളി ട്രെയിൻ (നമ്പർ163290) വെള്ളി, ഞായർ ദിവസങ്ങളിൽ രാത്രി 7 മണിക്ക് പുറപ്പെട്ട് അടുത്ത ദിവസം രാവിലെ 9.05ന് കൊച്ചുവേളിയിൽ എത്തും. കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം ടൗൺ, തൃശൂർ, പാലക്കാട്, കോയമ്പത്തൂർ, ഈറോഡ്, സേലം, ബംഗരപ്പേട്ട്, വൈറ്റ്ഫീൽഡ്, കൃഷ്ണരാജപുരം എന്നിവിടങ്ങളിൽ സ്റ്റോപ്പ് ഉണ്ടാവും. 15 എ.സി ത്രീ ടയർ കോച്ചുകളുമായിട്ടാണ് സർവീസ് നടത്തുക.

## സി.പി.എമ്മും ബി.ജെ.പിയും നടത്തുന്നത് തീക്കളി: ചെന്നിത്തല

തിരുവനന്തപുരം: ശബരിമലയെ സംഘർഷ ഭൂമിയാക്കി രാഷ്ട്രീയ നേട്ടം കൊയ്യാൻ സി.പി.എമ്മും ബി.ജെ.പിയും നടത്തുന്ന നീക്കം തീക്കളിയാണെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല വാർത്താസമ്മേളനത്തിൽ ആരോപിച്ചു. പ്രശ്ന പരിഹാരത്തിന്റെ പേരിൽ ദേവസ്വം ബോർഡ് നടത്തിയ സമവായ ചർച്ച വെറും നാടകമായിരുന്നു. പ്രശ്നം വഷളാക്കാനാണ് സർക്കാരും ബോർഡും ശ്രമിക്കുന്നത്. കലക്കവെള്ളത്തിൽ മീൻ പിടിക്കാൻ ബി.ജെ.പിയും കള്ളക്കളി നടത്തുന്നു. പ്രശ്നം ആളിക്കത്തിക്കാനാണ് ശ്രമം. ഇതിന് പിന്നിൽ സി.പി.എമ്മിന് ഗൂഢ അജൻഡയുണ്ട്. വർഗീയ ധ്രുവീകരണമുണ്ടാക്കി ബി.ജെ.പിയെ സഹായിക്കാനാണ് ശ്രമം. സി.പി.എമ്മും ബി.ജെ.പിയും പരസ്പരം പാലൂട്ടുന്ന ശത്രുക്കളാണ്. വോട്ട് തട്ടാനാണ് ബി.ജെ.പി വർഗീയ വികാരം ഇളക്കിവിടുകയും ജനങ്ങളെ തെരുവിലിറക്കി സംഘർഷാവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നത്.

ശബരിമല പ്രശ്നത്തിൽ ബി.ജെ.പിക്കൊപ്പം ഒരു കോൺഗ്രസ് പ്രവർത്തകനും പ്രകടനങ്ങളിൽ പങ്കെടുത്തിട്ടില്ല. എന്നാൽ, നാമജപ യാത്രകളിൽ ഭക്തജനങ്ങൾക്കൊപ്പം ആർക്കും പങ്കെടുക്കാം. വിശ്വാസികളായ യുവതികളാരും മലകയറാനെത്തില്ല. ആരെങ്കിലും അതിന് ശ്രമിച്ചാൽ കോൺഗ്രസുകാർ തടയില്ല. സി.പി.എമ്മിന്റെയും ബി.ജെ.പിയുടെയും കള്ളക്കളി തുറന്നു കാട്ടുന്നതിന് യു.ഡി.എഫ് 22 മുതൽ ഒരു മാസം നീണ്ടു നിൽക്കുന്ന പ്രചാരണ പരിപാടികൾ നടത്തും. 22ന് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്തും 31ന് കൊല്ലത്തും, മറ്റു ജില്ലകളിൽ നവംബറിലും യോഗങ്ങൾ നടത്തും.

ബ്രൂവറി അഴിമതിക്കെതിരെ അന്വേഷണം ആവശ്യപ്പെട്ടും, പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനത്തിലെ അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ടും വിലക്കയറ്റത്തിനെതിരെയും 29ന് സെക്രട്ടേറിയറ്റ് പടിക്കലും മറ്റു ജില്ലകളിൽ കളക്ടറേറ്റ് പടിക്കലും ധർണ നടത്തും.

# ചൈനയിൽ രംഗപടമൊരുക്കാൻ ആർട്ടിസ്റ്റ് സുജാതൻ

■ ലോക നാടകോത്സവത്തിൽ മലയാളി സാന്നിദ്ധ്യം

▸ വി.ജയകുമാർ

കോട്ടയം: ചൈനയിലെ ഷാങ്ഹായിൽ ലോക നാടകോത്സവം നടക്കുമ്പോൾ നിറഞ്ഞ മനസോടെ ആർട്ടിസ്റ്റ് സുജാതൻ വേദിക്കരികിലുണ്ടാകും.

ഇന്ത്യയുടെ നാടകത്തിന് രംഗപടമൊരുക്കാനെത്തുന്നത് സുജാതനാണ്. അതിനായി സുജാതനും സംഘവും ഇന്ന് ചൈനയിലേക്ക് തിരിക്കും. 'ദ കാബിനറ്റ് ഒഫ് ഡോക്ടർ കാലിഗിരി ' യാണ് ഡ്രാമാ ഫെസ്റ്റിലെ ഇന്ത്യൻ എൻട്രി. ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം നാടകരൂപമാക്കിയ മലയാളി ദീപൻ ശിവരാമനാണ് സംവിധായകൻ.



ആർട്ടിസ്റ്റ് സുജാതൻ

44 അടി നീളവും 22 അടി വീതിയും ഉണ്ടാവും ഇരുമ്പിൽ തീർക്കുന്ന സെറ്റിന്. നാടകവേദിയിലെ പ്രശസ്തനായ ഈ രംഗശില്പി ബ്രഷോ ചായക്കൂട്ടോ ഒന്നും കരുതാതെയാണ് ചൈനയിലേക്ക് വിമാനം കയറുന്നത്.

"ഷാങ്ഹായിലെത്തി രംഗപടമൊരുക്കാൻ ആവശ്യമായ സാധനങ്ങൾ സംഘടിപ്പിക്കണം. വർക്ക് ഷോപ്പിൽ വച്ച് സെറ്റ് തയ്യാറാക്കേണ്ടി വന്നേക്കാം. നാടക രംഗത്തെത്തിയിട്ട് അരനൂറ്റാണ്ടിലേറെയായി. കാലം മാറുമ്പോൾ നമ്മളും മാറേണ്ടേ" സുജാതൻ താടി ഉഴിഞ്ഞു ചിരിക്കുന്നു. തൃശൂർ ദേശീയ നാടകോത്സവത്തിലും 'ദ കാബിനറ്റ് ഒഫ് ഡോക്ടർ കാലിഗിരി ' പ്രദർശിപ്പിച്ചിരുന്നു. ബംഗളൂരുവിലും അഞ്ച് ഷോയുണ്ടായിരുന്നു.

ഷാങ്ഹായിൽ 24ന് നാല് ഷോയാണുള്ളത്. ഒരു വർഷം നൂറിലേറെ നാടകങ്ങൾക്ക് സുജാതൻ സെറ്റൊരുക്കിയിട്ടുണ്ട്. കുവൈറ്റിൽ മലയാളി അസോസിയേഷനുകൾ നടത്തിയ ഷേക്സ്പിയറുടെ 'ഒഥല്ലോ ' നാടകത്തിന് 140 അടി സ്റ്റേജ് ഒരുക്കിയിരുന്നു.

## പകർച്ചവ്യാധി: സംസ്ഥാനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം

ന്യൂഡൽഹി: പകർച്ച വ്യാധികൾക്കെതിരെ ജാഗ്രത പാലിക്കാനും ബോധവത്കരണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാനും കേന്ദ്രആരോഗ്യമന്ത്രാലയം സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി.

ആവശ്യമായ മരുന്നും മറ്റ് അടിയന്തര സൗകര്യങ്ങളും ഒരുക്കണം. ആശുപത്രിയിൽ അഡ്മിറ്റാവുന്ന രോഗികളെ സൂക്ഷ്മമായി നിരീക്ഷിക്കാനും നിർദ്ദേശിച്ചു. രാജസ്ഥാനിലെ സിക്ക വൈറസ് ബാധയുടെ പശ്ചാത്തലത്തിലാണ് നിർദ്ദേശം.

# വിളംബരം

## പരീക്ഷകൾ മാറ്റിവച്ചു

തൃശൂർ: കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല ഇന്ന് നടത്താനിരുന്ന തീയറി പരീക്ഷകൾ 20ലേക്ക് മാറ്റിവച്ചു. പരീക്ഷാസമയത്തിൽ മാറ്റമില്ല.

## സെക്യൂരിറ്റി ഗാർഡ് നിയമനം

പത്തനംതിട്ട: ശബരിമലയിൽ ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക സെക്യൂരിറ്റി ഗാർഡായി സേവനമനുഷ്ഠിക്കാൻ വിമുക്തഭടൻമാർക്കും പൊലീസ്, എക്സൈസ്, ഫയർഫോഴ്സ്, ഫോറസ്റ്റ് തുടങ്ങിയ സേനകളിൽ നിന്ന് വിരമിച്ചവർക്കും അപേക്ഷിക്കാം. സർവീസിൽ കുറഞ്ഞത് അഞ്ചുവർഷം ജോലിനോക്കിയിട്ടുള്ളവരും അറുപത് വയസ് പൂർത്തിയാകാത്തവരുമായ ഹിന്ദു വിഭാഗത്തിൽപ്പെട്ട പുരുഷൻമാർക്കാണ് അവസരം. www.travancoredevaswomboard.org ൽ നിന്ന് ഡൗൺലോഡ് ചെയ്തെടുത്ത അപേക്ഷാഫാറം പൂരിപ്പിച്ച് ചീഫ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം 695003 വിലാസത്തിലോ ഓൺലൈനായി sptdbvig@gmail.com എന്ന ഇമെയിൽ ഐഡിയിലോ 25 നകം അയയ്ക്കണം. ഫോൺ: 0471 2316475.

### സർവകലാശാല വാർത്തകൾ

**കേരള** www.keralauniversity.ac.in

■ **പരീക്ഷ മാറ്റി**

17 ന് നടത്താനിരുന്ന സർവകലാശാലയിലെയും (സി.എസ്.എസ്) യൂണിവേഴ്സിറ്റി കോളേജിലെയും ഒന്നാം സെമസ്റ്റർ എം. ഫിൽ സപ്ലിമെന്ററി പരീക്ഷയും ഫ്യൂച്ചർ സ്റ്റഡീസ്, ഒപ്ടോ-ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പുകളിലെ രണ്ടാം സെമസ്റ്റർ എം. ടെക്. പരീക്ഷയും ഒക്ടോബർ 25 ന് നടത്തും.

22 മുതൽ ആരംഭിക്കാനിരുന്ന ബി.എ ആന്വൽ ബിരുദ സപ്ലിമെന്ററി പാർട്ട് മൂന്ന് - മെയിനും സബ്സിഡിയറി വിഷയങ്ങളുടെ പരീക്ഷകളും ബി.എ അഫസൽ ഉൽ - ഉലമ പരീക്ഷകളും ഒക്ടോബർ 30ലേക്ക് മാറ്റി.

■ **പരീക്ഷാഫലം**

അഞ്ചാം സെമസ്റ്റർ ബാച്ചിലർ ഒഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) (2014 - സ്കീം റെഗുലർ & സപ്ലിമെന്ററി, 2011 - സ്കീം - സപ്ലിമെന്ററി & 2006 സ്കീം -മേഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി നവംബർ 7.

ഒന്നാം സെമസ്റ്റർ എം.എ സംസ്കൃതം ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, എം.എ തമിഴ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, എം.എ ഹിന്ദി ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, എം.എ മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം, എം.എ ഇസ്ലാമിക് ഹിസ്റ്ററി, എം.എ മ്യൂസിക്, എം.എ മ്യൂസിക് (വയലിൻ), എം.എ ഡാൻസ് (കേരള നടനം), എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ, എം.എസ് സി എൻവിയോൺമെന്റൽ സയൻസ്, എം.എസ് സി സ്റ്റാറ്റിസ്റ്റിക്സ്, എം.എസ് സി പോളിമർ കെമിസ്ട്രി പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

ഒന്നും രണ്ടും മൂന്നും വർഷ ബി.കോം (ത്രീമെയിൻ) കംപ്യൂട്ടർ ആപ്ലിക്കേഷൻ സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ.

■ **പി.ജി പ്രവേശനം**

സ്പോട്ട് അഡ്മിഷനിൽ അലോട്ട്മെന്റ് ലഭിച്ചവർക്ക് 23 വരെ വിവിധ കോളേജുകളിൽ പ്രവേശനം നേടാം. കാര്യവട്ടം ഗവ. കോളേജിൽ എം.എസ് സി മാത്തമാറ്റിക്സിന് 17 ന് നടത്താനിരുന്ന സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 22 ന് രാവിലെ 10 മണിക്ക് നടത്തും.

■ **ടൈംടേബിൾ**

30 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.ടെക് ഒക്ടോബർ/ നവംബർ 2018 ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി 2013 സ്കീം പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്/ ബിസിനസ് ഇക്കണോമിക്സ് പരീക്ഷകളുടെ വൈവ 22 മുതൽ 29 വരെ എസ്.എൻ കോളേജ് കൊല്ലം, എസ്.ഡി കോളേജ് ആലപ്പുഴ, ഗവ. വനിതാകോളേജ് തിരുവനന്തപുരം, ഗവ. ആർട്സ് കോളേജ് തിരുവനന്തപുരം എന്നിവിടങ്ങളിൽ നടത്തും.

രണ്ടാം സെമസ്റ്റർ എം. എസ് സി ഹോം സയൻസ് (ന്യൂട്രീഷ്യൻ & ഡയറ്ററ്റിക്സ്) പരീക്ഷയുടെ പ്രാക്ടിക്കൽ 22 നും വൈവ 26 നും സെന്റ് ജോസഫ്സ് കോളേജ് ഫോർ വിമെൻ ആലപ്പുഴ സെന്ററിൽ നടത്തും.

■ **പ്രാക്ടിക്കൽ പരീക്ഷ**

ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) ജൂലായ്/ ആഗസ്റ്റ് 2018 (സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനിയറിംഗ് ബ്രാഞ്ച് 2018 ഒക്ടോബർ 22, 23 തീയതികളിൽ കോളേജ് ഒഫ് എൻജിനിയറിംഗ്, തിരുവനന്തപുരത്തും ടി.കെ.എം കോളേജ് ഒഫ് എൻജിനിയറിംഗ്, കൊല്ലത്തും നടത്തും.

ഇൻഫർമേഷൻ ടെക്നോളജി ബ്രാഞ്ച് പ്രാക്ടിക്കൽ പരീക്ഷകൾ 23, 25 തീയതികളിൽ ഗവൺമെന്റ് എൻജിനിയറിംഗ് കോളേജ് ബാർട്ടൺ ഹില്ലിൽ നടത്തും.

**കാലിക്കറ്റ്** www.universityofcalicut.info

■ **ഇന്ന് അവധി**

സർവകലാശാലയ്ക്ക് കീഴിലെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും പഠനവകുപ്പുകൾക്കും സർവകലാശാലാ സെന്ററുകൾക്കും മഹാനവമിയോടനുബന്ധിച്ച് ഇന്ന് കൂടി അവധിയായിരിക്കും. ഇതിനു പകരം നവംബർ മൂന്ന് പ്രവൃത്തിദിനമായിരിക്കും.

■ **ഹിസ്റ്ററി അസിസ്റ്റന്റ് പ്രൊഫസർ നിയമനം**

ചരിത്ര പഠനവിഭാഗത്തിൽ മണിക്കൂർ വേതനാടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് 22-ന് വാക്-ഇൻ-ഇന്റർവ്യൂ നടത്തും. യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവർ രാവിലെ 10.30 -ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം പഠനവിഭാഗത്തിൽ ഹാജരാകണം.

■ **ഇന്നത്തെ പരീക്ഷകൾ മാറ്റി**

സർവകലാശാല ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റി.

■ **ഡി.എസ്.യു തിരഞ്ഞെടുപ്പ് മാറ്റി**

ഇന്ന് നടത്താനിരുന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റൽ സ്റ്റുഡന്റ്സ് യൂണിയൻ (ഡി.എസ്.യു) തിരഞ്ഞെടുപ്പ് 23-ലേക്ക് മാറ്റി.

■ **ഹാൾടിക്കറ്റ്**

30-ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ബി.കോം/ ബി.ബി.എ/ ബി.ടി.എച്ച്.എം/ ബി.എച്ച്.എ/ ബി.കോം ( ഓണേഴ്സ്/ പ്രൊഫഷണൽ/ വൊക്കേഷണൽ) സി.യു.സി.ബി.സി.എസ്.എസ് റഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് പരീക്ഷയുടെ ഹാൾടിക്കറ്റ് വെബ്സൈറ്റിൽ.

26-ന് ആരംഭിക്കുന്ന വിദൂരവിദ്യാഭ്യാസം ഒന്ന്, രണ്ട് സെമസ്റ്റർ എം.കോം പരീക്ഷയ്ക്ക് അപേക്ഷിച്ചവർ വെബ്സൈറ്റിൽ നിന്ന് ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യണം. പരീക്ഷാ കേന്ദ്രം വെബ്സൈറ്റിൽ കൊടുത്ത വിവരങ്ങളുമായി ഒത്തുനോക്കണം. ഓഫ്‌ലൈനായി അപേക്ഷിച്ചവർ ഹാൾടിക്കറ്റ് അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽ നിന്ന് കൈപ്പറ്റണം.

■ **എം.കോം വൈവ**

വിദൂരവിദ്യാഭ്യാസം എം.കോം നാലാം സെമസ്റ്റർ വൈവാ വോസി, പ്രോജക്ട് മൂല്യനിർണയം എന്നിവ 20 മുതൽ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും. വിദ്യാർത്ഥികളുടെ പ്രോജക്ട് റിപ്പോർട്ട് കോപ്പി സഹിതം എത്തണം.

■ **പരീക്ഷാഫലം**

നാലാം സെമസ്റ്റർ എം.ടെക് കമ്മ്യൂണിക്കേഷൻ എൻജിനിയറിംഗ് (ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ) സി.യു.സി.എസ്.എസ് പരീക്ഷാഫലം വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ എം.എസ്‌സി സ്റ്റാറ്റിസ്റ്റിക്സ്, എം.എ വിമൺ സ്റ്റഡീസ് (സി.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

ഒന്ന്, രണ്ട് വർഷ ബി.പി.എഡ് സ്പെഷ്യൽ സപ്ലിമെന്ററി ഏപ്രിൽ 2017 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## 2019ൽ 27 പൊതു അവധിദിനങ്ങൾ

തിരുവനന്തപുരം: അടുത്ത വർഷത്തെ 27 പൊതു അവധി ദിവസങ്ങൾ മന്ത്രിസഭായോഗം അംഗീകരിച്ചു. അഞ്ചെണ്ണം ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചയുമായാണ്. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം അവധി ദിവസങ്ങൾ 16 ആണ്. രണ്ട് നിയന്ത്രിത അവധികളുമുണ്ട്. മാർച്ച് 12ന് അയ്യ വൈകുണ്ഠസ്വാമി ജയന്തിയും സെപ്റ്റംബർ 17ന് വിശ്വകർമ്മ ദിനവുമാണിവ.

■ **അവധി ദിവസങ്ങൾ:**

ജനുവരി രണ്ട്- മന്നം ജയന്തി, ജനുവരി 26- റിപ്പബ്ലിക് ദിനം, മാർച്ച് നാല്- ശിവരാത്രി, ഏപ്രിൽ 15 -വിഷു, ഏപ്രിൽ 18- പെസഹാ വ്യാഴം, ഏപ്രിൽ 19- ദുഖവെള്ളി, മേയ് ഒന്ന്- മേയ് ദിനം, ജൂൺ അഞ്ച്- ഈദുൽ ഫിത്തർ (റംസാൻ), ജൂലായ് 31 - കർക്കടക വാവ്, ആഗസ്റ്റ് 15- സ്വാതന്ത്ര്യ ദിനം, ആഗസ്റ്റ് 23- ശ്രീകൃഷ്ണ ജയന്തി, സെപ്റ്റംബർ ഒൻപത്- മുഹറം, സെപ്റ്റംബർ 10-ഒന്നാം ഓണം, സെപ്റ്റംബർ 11- തിരുവോണം, സെപ്റ്റംബർ 12-മൂന്നാം ഓണം, സെപ്റ്റംബർ 13-ശ്രീനാരായണ ഗുരു ജയന്തി, സെപ്റ്റംബർ 21- ശ്രീനാരായണ ഗുരു സമാധി ദിനം, ഒക്ടോബർ രണ്ട്- ഗാന്ധിജയന്തി, ഒക്ടോബർ ഏഴ്-മഹാനവമി, ഒക്ടോബർ എട്ട്- വിജയദശമി, ഡിസംബർ 25 - ക്രിസ്മസ്.

ഞായറാഴ്ച വരുന്ന പൊതു അവധി ദിവസങ്ങൾ:

അംബേദ്കർ ജയന്തി-ഏപ്രിൽ 14, ഈസ്റ്റർ- ഏപ്രിൽ 21, ബക്രീദ്- ഓഗസ്റ്റ് 11, ദീപാവലി- ഒക്ടോബർ 27. നവംബർ ഒൻപതിനുള്ള നബിദിന അവധി രണ്ടാം ശനിയാണ്.

## മൊബൈൽ ജേർണലിസത്തിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാം

തിരുവനന്തപുരം: സ്റ്റേറ്റ് റിസോഴ്സ് സെന്റർ കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്ന മൊബൈൽ ജേർണലിസത്തിന് (മോജോ ) 31 വരെ അപേക്ഷിക്കാം. അവധി ദിവസങ്ങളിലെ കോണ്ടാക്ട് ക്ലാസുകൾ, പ്രാക്ടിക്കൽ സെഷനുകൾ, അസൈൻമെന്റുകൾ എന്നിവ പാഠ്യ പദ്ധതിയുടെ ഭാഗമാണ്. ആറു മാസമാണ് കോഴ്സ് കാലാവധി. കൂടുതൽ വിവരങ്ങൾക്ക്: സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം 695003. ഫോൺ: 0471 2325101, 2326101, 9446330827 ഇമെയിൽ: keralasrc @gmail.com, srccommunitycollege@gmail.com

## സൗത്ത് സോൺ സഹോദയ ചെസ് ടൂർണമെന്റ്

ഇടവ: സൗത്ത് സോൺ സഹോദയ ചെസ് ടൂർണമെന്റ് 27ന് ഇടവ ജവഹർ പബ്ലിക് സ്കൂളിൽ നടക്കും. തിരുവനന്തപുരം ജില്ലയിലെ ഇരുപതിലേറെ സി.ബി.എസ്.ഇ സ്കൂളുകൾ മാറ്റുരയ്ക്കുന്ന ഈ മത്സരത്തിന്റെ ഉദ്ഘാടനം വർക്കല എം.എൽ.എ അഡ്വ. വി. ജോയ് രാവിലെ 9ന് നിർവഹിക്കും. നിരവധി വിശിഷ്ട വ്യക്തികൾ പങ്കെടുക്കും.

## ശാർക്കര ദേവീക്ഷേത്രത്തിൽ അഖണ്ഡ ലളിതാസഹസ്രനാമാർച്ചന

ചിറയിൻകീഴ്: ശാർക്കര ദേവീക്ഷേത്രത്തിൽ നാളെ രാവിലെ 6.30 മുതൽ വൈകിട്ട് 5.15 വരെ ബിജു പോറ്റിയുടെയും പ്രസന്നചന്ദ്രൻ നായരുടെയും നേതൃത്വത്തിൽ സമൂഹ അഖണ്ഡ ലളിതാസഹസ്രനാമാർച്ചന നടക്കും.


### ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, റീജിയണൽ ഓഫീസ്

SOUTH INDIAN Bank

മൂന്നാം നില, YWCA ബിൽഡിങ്ങ്, സ്റ്റാച്ച്യൂ, M.G. റോഡ്, സ്പെൻസർ ജംഗ്ഷൻ, തിരുവനന്തപുരം-695001, ഫോൺ: 0471 2469558, 2469584, Email: ro1007@sib.co.in

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം 2002 പ്രകാരം ഇ-ലേലം മുഖേന ബാങ്ക് കൈവശപ്പെടുത്തിയ പണയ മുതലുകൾക്കും സ്ഥാവര വസ്തുവിനും വേണ്ടിയുള്ള പൊതു നോട്ടീസ്.

**സ്ഥാവര വസ്തുക്കളുടെ ദർഘാസ് / ലേല വിൽപ്പന നോട്ടീസ്**

ചുവടെ പറഞ്ഞിട്ടുള്ള വായ്പക്കാരിൽ നിന്ന് വായ്പ കുടിശ്ശികയ്ക്ക് പകരമായി സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002-ഉം, അതിന് കീഴിലുള്ള നിയമങ്ങളും പ്രകാരം ജാമ്യപ്പെടുത്തിയ വസ്തുവകകൾ *എവിടെയാണോ അവിടെവച്ച് ഏതൊക്കെയാണോ അതൊക്കെയും* എന്ന വ്യവസ്ഥയിൽ വാങ്ങുവാൻ പൊതുജനങ്ങളിൽ നിന്ന് മുദ്രവച്ച ദർഘാസുകൾ/ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| ക്ര നം. | ശാഖ/വായ്പക്കാരന്റെ / ജാമ്യക്കാരന്റെ പേരും മേൽവിലാസവും / ഡിമാന്റ് നോട്ടീസ് തീയതിയും | കുടിശ്ശിക തുക |
|---|---|---|
| 1 | **ശാഖ: വെഞ്ഞാറമൂട്** ഡിമാന്റ് നോട്ടീസ് തീയതി : 15.09.2015<br>1) **ശ്രീമതി.റജീല ബീവി.എൻ**, W/o. ശ്രീ.അബ്ദുൾ ജലാൽ.എം, പ്രൊപ്രൈറ്റർ M/s.അറഫ റബ്ബർ ട്രേഡേഴ്സ്, കിഴക്കേ റോഡ്, വെഞ്ഞാറമൂട്, തിരുവനന്തപുരം-695607/അറഫ മൻസിൽ, വേളാവൂർ, പിരപ്പൻകോട്, തിരുവനന്തപുരം-695607 2) **ശ്രീ.അബ്ദുൾ ജലാൽ.എം**, S/o. മുഹമ്മദ് ഹനീഫ, അറഫ മൻസിൽ, വേളാവൂർ, പിരപ്പൻകോട്, തിരുവനന്തപുരം-695607 | **Rs.1,09,00,876.63** (ഒരു കോടി ഒൻപത് ലക്ഷത്തി എണ്ണൂറ്റി എഴുപത്തി ആറ് രൂപ അറുപത്തി മൂന്ന് പൈസ) as on **30.09.2018 +** പലിശയും മറ്റു ചെലവുകളും (ശേഷം എന്തെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിൽ ആയത് കഴിച്ച്) |
| | **വസ്തു വിവരണം:** തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ **മാണിക്കൽ വില്ലേജിൽ** സർവ്വെ നം. 2168/1-5, റീസർവ്വെ നം.112/15, ബ്ലോക്ക് നം. 28, തണ്ടപ്പേർ നം. 811 ൽ ഉൾപ്പെട്ടതും കന്യാകുളങ്ങര എസ്.ആർ.ഒ ലെ 10.07.1989 ലെ 1431/1989-ാം നമ്പർ വിലയാധാരപ്രകാരം ശ്രീ.അബ്ദുൾ ജലാൽ.എം, H/o.ശ്രീമതി.റജീല ബീവി, പ്രൊപ്രൈട്രിക്സ് M/s.അറഫ റബ്ബർ ട്രേഡേഴ്സ് പേരിൽ സിദ്ധിച്ച **6.10 ആർസ് (15.07 സെന്റ്)** വസ്തുവും തന്നകത്തുള്ള മാണിക്കൽ ഗ്രാമപഞ്ചായത്തിലെ 15/39 (പഴയ നമ്പർ M.P.4/693A,693B)-ാം ഡോർ നമ്പരിൽ ഉദ്ദേശം 4000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടവും തന്നകത്തുള്ള സകലവകകളും. **അതിരുകൾ** : കിഴക്ക് : ഷിഹാബുദ്ദീൻ വക വസ്തു, പടിഞ്ഞാറ് : ഇടവഴി & അബ്ദുൾ റഹിം വക വസ്തു, വടക്ക് : ഇടവഴി, തെക്ക് : നടവഴി & അബ്ദുൾ മജീദ്, നജീയാ ബീവി എന്നിവർ വക വസ്തുവകകൾ | |
| മതിപ്പു വില | **Rs.56,20,000/-** (രൂപ അൻപത്തി ആറ് ലക്ഷത്തി ഇരുപതിനായിരം) | **EMD Rs.5,62,000 /-** (രൂപ അഞ്ച് ലക്ഷത്തി അറുപത്തി രണ്ടായിരം) |
| 2 | **ശാഖ: കിളിമാനൂർ** ഡിമാന്റ് നോട്ടീസ് തീയതി : 31.08.2015<br>1) **ശ്രീ.മുരളീധരൻ പിള്ള**, S/o. സുകുമാര പിള്ള, പ്രൊപ്രൈറ്റർ തിരുവോണം ഏജൻസീസ്, സബ്ബ് രജിസ്ട്രാർ ഓഫീസിന് എതിർവശം, ആർ.ആർ.വി ജംഗ്ഷൻ, കിളിമാനൂർ പി.ഒ., തിരുവനന്തപുരം-695601/നന്ദാവനം, കയാറ്റുകോണം, ചൂട്ടയിൽ, തിരുവനന്തപുരം-695601 2) **ശ്രീമതി.ലീലാമണി അമ്മ**, W/o. മുരളീധരൻ പിള്ള, നന്ദാവനം, കയാറ്റുകോണം, ചൂട്ടയിൽ, തിരുവനന്തപുരം-695601 | **Rs.34,93,900.67** (മുപ്പത്തി നാല് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി തൊള്ളായിരം രൂപ അറുപത്തി ഏഴ് പൈസ) as on **30.09.2018 +** പലിശയും മറ്റു ചെലവുകളും (ശേഷം എന്തെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിൽ ആയത് കഴിച്ച്) |
| | **വസ്തു വിവരണം:** ചുവടെ പറയുന്ന സർവ്വെകളിൽ ഉൾപ്പെട്ടതും ചുവടെ വിവരിക്കുന്ന വിസ്തീർണ്ണമുള്ളതുമായ തിരുവനന്തപുരം ജില്ലയിൽ **കിളിമാനൂർ വില്ലേജിൽ** ഉൾപ്പെട്ട ആകെ **6.07 ആർസ് (15 സെന്റ്)** വസ്തുവും തന്നകത്തുള്ള കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ K.P VIII-187.B-ാം നമ്പർ ഉദ്ദേശം 900 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടവും തന്നകത്തുള്ള സകലവകകളും.<br>1) **കിളിമാനൂർ വില്ലേജിൽ** റീസർവ്വെ നം.389/1-1-1 ൽ ഉൾപ്പെട്ടതും കിളിമാനൂർ എസ്.ആർ.ഒ യിലെ 10.01.2013 ലെ 87/2013-ാം നമ്പർ വിലയാധാരപ്രകാരം ശ്രീ.മുരളീധരൻ പിള്ള പേരിൽ സിദ്ധിച്ച **4.05 ആർസ് (10 സെന്റ്)** വസ്തുവും തന്നകത്തുള്ള സകലവകകളും. **അതിരുകൾ** : വടക്ക് : വിശ്വംഭരൻ വക വസ്തു, കിഴക്ക് : ലീലാമണി വക വസ്തു, പടിഞ്ഞാറ് : റോഡ്, തെക്ക് : നാസർ വക വസ്തു<br>2) **കിളിമാനൂർ വില്ലേജിൽ** റീസർവ്വെ നം.389/1-1 ൽ ഉൾപ്പെട്ടതും കിളിമാനൂർ എസ്.ആർ.ഒ യിലെ 10.01.2013 ലെ 88/2013-ാം നമ്പർ വിലയാധാരപ്രകാരം ശ്രീമതി.ലീലാമണി അമ്മ പേരിൽ സിദ്ധിച്ച **2.02 ആർസ് (5 സെന്റ്)** വസ്തുവും തന്നകത്തുള്ള സകലവകകളും. **അതിരുകൾ** : വടക്ക് : വിശ്വംഭരൻ വക വസ്തു, കിഴക്ക് : നാസർ വക വസ്തു, പടിഞ്ഞാറ് : ശ്രീ.മുരളീധരൻ പിള്ള വക വസ്തു, തെക്ക് : നാസർ വക വസ്തു | |
| മതിപ്പു വില | **Rs.10,00,000/-** (രൂപ പത്ത് ലക്ഷം) | **EMD Rs.1,00,000 /-** (രൂപ ഒരു ലക്ഷം) |

**ലേലത്തിന്റെ തീയതിയും, സ്ഥലവും സമയവും: 23.11.2018 at 12.00 Noon, ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, റീജിയണൽ ഓഫീസ്, മൂന്നാം നില, YWCA ബിൽഡിങ്ങ്, സ്റ്റാച്ച്യൂ, M.G. റോഡ്, സ്പെൻസർ ജംഗ്ഷൻ, തിരുവനന്തപുരം-695001**

**Inspection of property : Any working day with prior appointment.**

**ലേല വ്യവസ്ഥകളും ഉപാധികളും**

1. ടി വസ്തുവകകൾ *ഏവിടെയാണോ ഇപ്പോൾ ഏത് അവസ്ഥയിൽ ആണോ അതേ അവസ്ഥയിൽ* ആയിരിക്കും വിൽപ്പന നടത്തുന്നത്. വസ്തുവിനെ സംബന്ധിച്ച ഉടമസ്ഥത, നിയമപരമായതോ മറ്റുള്ളതോ ആയ ചാർജ്ജുകൾ തുടങ്ങിയവയ്ക്ക് ബാങ്ക് ഉത്തരവാദിയല്ലാത്തതും, ബാങ്കിന്റെ അറിവിൽപ്പെട്ടിടത്തോളം ആസ്തി വസ്തുവിനെ സംബന്ധിച്ച് അറിവുള്ള എല്ലാ കാര്യങ്ങളും പ്രസ്താവിച്ചിട്ടുള്ളതും എന്തെങ്കിലും തെറ്റുകൾക്കോ, തെറ്റായ പ്രസ്താവനകൾക്കോ, എന്തെങ്കിലും വിട്ട് പോയിട്ടുണ്ടെങ്കിലോ ബാങ്ക് ഉത്തരവാദി ആയിരിക്കുന്നതല്ല.
2. ക്രമ നമ്പർ 2 ലെ പട്ടിക വസ്തുവകകൾ ഒന്നായി കിടപ്പുള്ളതും ആയത് ഒന്നായി മാത്രം വിൽപ്പന നടത്തുമെന്നുള്ളതുമാകുന്നു.
3. ലേലാർത്ഥികൾ ടെണ്ടർ വിൽപ്പന നോട്ടീസിൽ പറഞ്ഞിട്ടുള്ളതും ബാങ്കിന്റെ വെബ്ബ്സൈറ്റിലും **അതാത് ബ്രാഞ്ചുകളിലും** തിരുവനന്തപുരത്തെ **റീജീയണൽ ഓഫീസിലും** പരസ്യപ്പെടുത്തിയിട്ടുള്ള വിൽപ്പന നോട്ടീസിൽ പ്രസ്താവിച്ചിട്ടുള്ള ലേല വ്യവസ്ഥകളും ഉപാധികളും നിർബന്ധമായി വായിച്ചിരിക്കേണ്ടതും കൂടാതെ പട്ടിക വസ്തു സന്ദർശിക്കുകയും ആയതിന്റെ വിസ്തീർണ്ണം, അതിരുകൾ, ഉടമസ്ഥാവകാശം, ബാദ്ധ്യതകൾ നിയമപ്രകാരമുള്ള അംഗീകാരങ്ങൾ, അളവുകൾ തുടങ്ങിയവ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതുമാകുന്നു. ലേല നടപടികളെ സംബന്ധിച്ചോ വസ്തുവിനെ സംബന്ധിച്ചോ ഉള്ള യാതൊരുവിധ തർക്കങ്ങളും ലേലത്തിൽ പങ്ക് കൊണ്ട ശേഷം ബാങ്ക് സ്വീകരിക്കുന്നതല്ല.
4. താൽപ്പര്യമുള്ള ലേലാർത്ഥികൾ മേൽവിലാസത്തിന്റെ തെളിവിലേയ്ക്കായി ഫോട്ടോ പതിച്ച ഏതെങ്കിലും തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്. ലേലാർത്ഥി ചുമതലപ്പെടുത്തിയ ആൾ മുഖേന പങ്കെടുക്കുകയാണെങ്കിൽ ടിയാൻ ലേലാർത്ഥിയുടെയും ചുമതലക്കാരന്റെയും തിരിച്ചറിയൽ രേഖ ഹാജരാക്കണം.
5. **EMD** ഉൾപ്പെടെ വിൽപ്പനയെ സംബന്ധിച്ച എല്ലാ തുകകളും " **അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്,** " ന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന രീതിയിൽ ഡി.ഡി/ആർ.റ്റി.ജി.എസ്സ് ആയി സമർപ്പിക്കണം. (**A/c.No.0119073000002021, ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, തിരുവനന്തപുരം മെയിൻ ബ്രാഞ്ച്, IFSC Code-SIBL0000119**)
6. താൽപ്പര്യമുള്ള ലേലാർത്ഥികൾ **EMD** ഡിമാന്റ് ഡ്രാഫ്റ്റ് ആയി **23.11.2018** ന് രാവിലെ 11 മണിയ്ക്ക് മുമ്പായി സീൽ ചെയ്ത ദർഘാസുകളോടൊപ്പം **ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, റീജിയണൽ ഓഫീസ്, YWCA ബിൽഡിംഗ്, സ്റ്റാച്ച്യൂ, തിരുവനന്തപുരം-695001 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.**
7. ലേല സ്ഥലത്തേക്കുള്ള പ്രവേശനം നിർദ്ദിഷ്ട സമയത്തിലോ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ദീർഘിപ്പിച്ച സമയത്തിലോ (ടിയാന്റെ മാത്രം വിവേചനാധികാരം) ദർഘാസും, EMD യും, സീൽ ചെയ്ത കവറിൽ സമർപ്പിച്ചിട്ടുള്ള ലേലാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.
8. ബാങ്കിന്റെ അധികാരപ്പെടുത്തിയ ഓഫീസർക്ക് യാതൊരു കാരണവും കൂടാതെ ലേലം റദ്ദ് ചെയ്യുവാനോ മാറ്റി വയ്ക്കുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ വിവേചനാധികാരം ഉപയോഗിച്ച് ഏതെങ്കിലുമോ മൊത്തത്തിലോ ഉള്ള ദർഘാസുകൾ സ്വീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ, തിരികെ നൽകുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതും, ലേലാർത്ഥികളിൽ നിന്നും ആയത് സംബന്ധിച്ച യാതൊരുവിധ അവകാശങ്ങളും, പരാതികളും, പ്രതികരണങ്ങളും ബാങ്ക് സ്വീകരിക്കുന്നതല്ല.
9. **23.11-2018**-ാം തീയതി ഉച്ചയ്ക്ക് 12.00 **മണിക്ക്** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുദ്രവച്ച ദർഘാസുകൾ തുറക്കുന്നതും. തറവിലയ്ക്ക് താഴെ വാഗ്ദാനം ചെയ്യുന്ന ദർഘാസുകൾ നിരസിക്കുന്നതുമായിരിക്കും.
10. ദർഘാസുകൾ തുറന്നതിനുശേഷം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ വിവേചനധികാരത്തിൽ ലേലാർത്ഥികൾ വാഗ്ദാനം ചെയ്ത ലേലതുക ഉയർത്തി ലേലം വിളിക്കുവാൻ അവസരം നൽകുന്നതായിരിക്കും.
11. വിജയിയായ ലേലാർത്ഥി ലേലതുകയുടെ 25 % തുക ( EMD കുറവ് ചെയ്ത്) ലേലം അംഗീകരിച്ച ലെറ്റർ കൈപ്പറ്റിയ ഉടൻ അടയ്ക്കേണ്ടതും ബാക്കി 75 % തുക ലേലതീയതിയുടെ 15 ദിവസത്തിനുള്ളിൽ കെട്ടി വയ്ക്കേണ്ടതും അല്ലാത്ത പക്ഷം ലേലാർത്ഥി അടച്ച മൊത്തം തുകയും കണ്ടു കെട്ടി വസൂലാക്കുന്നതും തുടർന്ന് യാതൊരു നോട്ടീസും കൂടാതെ ലേലം അസ്ഥിരപ്പെടുത്തി വസ്തുവകകൾ പുനർ വിൽപ്പന ചെയ്യുന്നതുമായിരിക്കും എന്നിരുന്നാലും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ വിവേചനാധികാരം ഉപയോഗിച്ച് അർഹതപ്പെട്ട സാഹചര്യങ്ങളിൽ സമയം ദീർഘിപ്പിക്കാവുന്നതു മാകുന്നു.
12. വിജയിയായ ലേലാർത്ഥി 25 % ലേല തുക കെട്ടി വച്ചിരിക്കുമ്പോൾ തന്നെ ലേലം അസ്ഥിരപ്പെടുത്തുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതും ലേല വിൽപ്പന അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ വിൽപ്പന സ്ഥിരപ്പെടുത്തുന്നതിന് അനുസൃതമായിരിക്കും. മാത്രമല്ല തുടർന്ന് സെക്യൂർഡ് ക്രെഡിറ്ററായ ബാങ്കിന്റെ വിൽപ്പന സ്ഥിരപ്പെടുത്തൽ നടപടിയ്ക്ക് വിധേയമായി ആയിരിക്കും.
13. വിൽപ്പന സ്ഥിരപ്പെടുത്തിയശേഷം വിലയർത്ഥം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ പൂർണ്ണമായി സ്വീകരിച്ച് സർഫൈസി നിയമത്തിന്റെയും ബാങ്കിന്റെ വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായി സെയിൽ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ലേല വിജയി നിയമപ്രകാരം നിലനിൽക്കുന്ന എല്ലാ ബാദ്ധ്യതകളും ഗവൺമെന്റിലേക്കോ തദ്ദേശ അധികാര സ്ഥാപനങ്ങളിലോ ഉള്ളവ കൂടാതെ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി തുടങ്ങിയ എല്ലാ ചിലവുകളും സ്വയം വഹിക്കേണ്ടതാകുന്നു.
14. ബാങ്കോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ വിൽപ്പന വസ്തുവിനെ സംബന്ധിച്ച വസ്തു കരം ഗവൺമെന്റിലേക്കോ മറ്റുള്ളവർക്കോ ബാദ്ധ്യതകൾ, വസ്തുവിൻമേലുള്ള എന്തെങ്കിലും ചാർജ്ജ്, ലീൻ തുടങ്ങിയവയ്ക്കോ യാതൊരുവിധ ഉത്തരവാദിത്വവും ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.
15. ലേല വിജയി നികുതി/വൈദ്യുതി/വെള്ളം, സീവേജ് മറ്റ് ചാർജ്ജുകൾ എന്നിവയ്ക്ക് മുൻ കാലങ്ങളിലെ ബാദ്ധ്യതകൾ ഉൾപ്പെടെ തുടർന്നും ബാദ്ധ്യസ്ഥൻ ആയിരിക്കും.
16. ലേല വിജയി സ്വന്തം ചിലവിൽ വൈദ്യുതി/വെള്ളം/സീവേജ് മുതലായ കണക്ഷനുകൾ സ്വന്തം ചിലവിൽ ടിയാന്റെ പേരിലേക്ക് മാറ്റേണ്ടതുമാണ്.
17. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ **01.01.1982 to 19.02.2018** (ക്രമ നമ്പർ : **1**), **01.01.1984 to 12.02.2018** (ക്രമ നമ്പർ : **2**) വരെ ഉള്ള വസ്തുവിന്റെ ബാദ്ധ്യതകൾ അന്വേഷിച്ച് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് എടുത്തിട്ടുള്ളതും ആയതിൻ പ്രകാരം ബാദ്ധ്യതകൾ ഇല്ലാത്തതുമാകുന്നു.
18. താൽപ്പര്യമുള്ള ലേലാർത്ഥികൾ വസ്തുവകകൾ പരിശോധിക്കുന്നതിനും കൂടുതൽ വിവരങ്ങൾക്കുമായി ഓഫീസ് സമയങ്ങളിൽ **അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, മൂന്നാം നില YWCA ബിൽഡിംഗ്സ്,** എം. ജി. റോഡ്, തിരുവനന്തപുരം (PH-0471-2469584, 2469558) **അല്ലെങ്കിൽ ശാഖ മാനേജർ വെഞ്ഞാറമൂട് ശാഖ (0472-2870069) / കിളിമാനൂർ ശാഖ (0470-2670009)/ ആയി ബന്ധപ്പെടേണ്ടതാണ്.**
19. മേൽപറഞ്ഞ കുടിശ്ശിക തുക **മറ്റ് ചിലവുകളും സഹിതം മൊത്തം തുകയും തിരിച്ചടയ്ക്കാത്തപക്ഷം. വസ്തുവകകൾ ടി ലേലപ്രകാരം വിൽക്കുന്നതാണെന്ന് വായ്പക്കാരേയും ജാമ്യക്കാരേയും കൂട്ട് ബാദ്ധ്യതക്കാരേയും അറിയിക്കുന്ന നോട്ടീസായി ഈ പരസ്യം പരിഗണിക്കേണ്ടതുമാകുന്നു.**

സ്ഥലം : തിരുവനന്തപുരം
തീയതി : **16.10.2018**

(ഒപ്പ്) **അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ**


## കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ മിന്നൽ സമരം: യാത്രക്കാർ വലഞ്ഞു

ആറ്റിങ്ങൽ: കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ മിന്നൽ സമരത്തിൽ ആറ്റിങ്ങലിൽ യാത്രക്കാർ വലഞ്ഞു. റിസർവേഷൻ കൗണ്ടർ ജോലി കുടുംബശ്രീയെ ഏൽപ്പിക്കുന്നതിൽ പ്രതിഷേധിച്ച് സംയുക്ത തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ ജില്ലയൊട്ടാകെ നടന്ന സമരത്തിന്റെ ഭാഗമായി ആറ്റിങ്ങലിൽ രാവിലെ 10.30 മുതൽ 12 വരെ നടന്ന സമരത്തിൽ തിരുവനന്തപുരത്തു നിന്നും വന്ന ബസുകളെ സ്റ്റാൻഡിൽ കയറാൻ അനുവദിച്ചില്ല. ആറ്റിങ്ങൽ ഡിപ്പോയിലെ ബസുകൾ സ്റ്റാൻഡിലെത്തി സർവീസ് നിർത്തി. വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയെ തുടർന്ന് അറിയിപ്പ് ലഭിച്ചശേഷമാണ് ആറ്റിങ്ങലിൽ സമരം പിൻവലിച്ചത്.



സംയുക്ത സമര സമിതിയുടെ നേതൃത്വത്തിൽ ആറ്റിങ്ങൽ ഡിപ്പോയിൽ നടന്ന പ്രതിഷേധ പ്രകടനം.



ശാർക്കര ദേവീക്ഷേത്രത്തിൽ മേൽശാന്തി ജനാർദ്ദനൻ പോറ്റിയുടെ നേതൃത്വത്തിൽ ഇന്നലെ സന്ധ്യയ്ക്ക് പൂജവച്ചപ്പോൾ

## പരസ്യ ബോർഡുകൾ നീക്കം ചെയ്യണം

മുടപുരം: അഴൂർ ഗ്രാമപഞ്ചായത്തിൽ പൊതുസ്ഥലങ്ങളിലും നിരത്തുകളിലും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള മുഴുവൻ പരസ്യബോർഡുകളും 3 ദിവസത്തിനകം എടുത്തുമാറ്റേണ്ടതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

## ഓറിയന്റേഷൻ ക്ലാസ്

കിളിമാനൂർ: കിളിമാനൂർ ഗവൺമെന്റ് ഹയർസെക്കൻഡറിസ്കൂളിലെ രണ്ടാം വർഷ കോൾ കേരള ഓറിയന്റേഷൻ ക്ലാസ് 20ന് രാവിലെ 10ന് നടക്കുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## കായിക്കര ആശാൻ സ്മാരകത്തിൽ ഇന്ന് വയോജന കൂട്ടായ്മ

മുടപുരം: ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന വയോമിത്രം - വയോജനങ്ങളുടെ കൂട്ടായ്മ ഇന്ന് കായിക്കര ആശാൻ സ്മാരക ഹാളിൽ നടക്കും. രാവിലെ 9.30 ന് ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ് ഉദ്ഘാടനം ചെയ്യും.

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ക്രിസ്റ്റി സൈമണിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ശൈലജ ബീഗം മുഖ്യ പ്രഭാഷണം നടത്തും. ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഞ്ചുതെങ്ങ് സുരേന്ദ്രൻ സ്വാഗതം പറയും. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി. രമാഭായ് അമ്മ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ അഡ്വ. എസ്. ഫിറോസ് ലാൽ, സി.പി സുലേഖ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് യേശുദാസ്, ബ്ലോക്ക് പഞ്ചായത്ത് അംഗം സന്ധ്യ സുജയ്, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ പയസ്, അർച്ചന, ആശാൻ സ്മാരക അസോസിയേഷൻ സെക്രട്ടറി ലൈജു എന്നിവർ സംസാരിക്കും. തുടർന്ന് വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലാസും മെഡിക്കൽ ക്യാമ്പും സംഗീത പരിപാടിയും ഉണ്ടാകും.

## പത്ത് ലിറ്റർ ചാരായവുമായി യുവതി പിടിയിൽ

ചിറയിൻകീഴ്: പത്ത് ലിറ്റർ ചാരായവുമായി യുവതിയെ ചിറയിൻകീഴ് എക്സൈസ് അറസ്റ്റ് ചെയ്തു. അഴൂർ കുഞ്ചുവീട്ടിൽ ബിന്ദു(38)വാണ് പിടിയിലായത്.

ചാരായത്തിനു പുറമേ 150 ലിറ്റർ കോടയും പിടിച്ചെടുത്തു. വീട്ടിൽ ചാരായമുണ്ടാക്കി ആവശ്യക്കാർക്ക് വിൽപ്പന നടത്തുകയായിരുന്നു. ചിറയിൻകീഴ് എക്സൈസ് ഇൻസ്പെക്ടർ എ.ആർ രതീഷിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലായിരുന്നു റെയ്ഡ്.

പി.ഒ മാരായ ദീപക്, സന്തോഷ്, കൃഷ്ണകുമാർ, സി.ഇ.ഒ മാരായ അരുൺ മോഹൻ, ജയകുമാർ, രതീഷൻ ചെട്ടിയാർ, വനിത സിവിൽ എക്സൈസ് ഓഫീസർമാരായ ബിസ്മി, ട്യൂമ എന്നിവർ റെയ്ഡിൽ പങ്കെടുത്തു.

## കോട്ടൂർ ഏലായിൽ നൂറു മേനി വിളവ്

കല്ലമ്പലം : ജൈവ കാർഷിക മണ്ഡലം പദ്ധതിയുടെ ഭാഗമായി പേരേറ്റിൽ റസിഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ശ്രീ ജ്ഞാനോദയ സംഘം ഗ്രന്ഥശാലയുമായി സഹകരിച്ച് നടപ്പിലാക്കിയ തരിശുനില കൃഷിയുടെ കൊയ്ത്ത് ഉത്സവം നടന്നു. അഡ്വ. ബി. സത്യൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് ആർ. സുരേഷ് അദ്ധ്യക്ഷനായി. ഒറ്റൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ്, ഒറ്റൂർ കൃഷി ഓഫീസർ എമിൽഡ റോബിൻസൺ, കൃഷി അസിസ്റ്റന്റ് ഗിരിശങ്കർ, വാർഡ് മെമ്പർ സുനിതാകുമാരി, ഗ്രന്ഥശാല സെക്രട്ടറി വി. ശ്രീനാഥക്കുറുപ്പ്, ആർ. പ്രഹ്ലാദൻ, മോഹനൻനായർ, ബിജു കെ.നായർ എന്നിവർ സംസാരിച്ചു. പേരേറ്റിൽ കോട്ടൂർ ഭാഗത്തെ ഒരേക്കറോളം തരിശുനിലത്താണ് കൃഷി നടത്തിയത്. നിലമൊരുക്കൽ, ഞാറു നടീൽ, അനുബന്ധ കാർഷിക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഒറ്റൂർ കൃഷിഭവൻ സഹായം നൽകി. അസോസിയേഷന്റെ വനിതാവേദി കൂട്ടായ്മയും യുവാക്കളും സഹായം നൽകിയിരുന്നു. കൂടുതൽ തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുവാനുള്ള തയ്യാറെടുപ്പിലാണ് അസോസിയേഷൻ.


**Capt** KERALA STATE CENTRE FOR ADVANCED PRINTING AND TRAINING
Head Office Complex, Vattiyoorkavu, Thiruvananthapuram Ph: 2365678, 2365415

**E-TENDER NOTICE**

No.C-apt/6207/18-19/MNT 12.10.18
Tender No. 118/18-19/MNT
(E tender Id 2018_CAPT_240745_1)

Sealed competitive tenders are invited from the leading firms to undertake sale of Paper cutting waste – Non printed, Printed and Soiled waste through Tender No.118/18-19 (eTender id: 2018_CAPT_240745_1). Due date for submission of tender is up to 09/11/18 at 03.00 PM.

For more details log on to https://etenders.kerala.gov.in & www.captkerala.com Sd/- Managing Director

No. 338/Veh. /2010/KSERC
Date : 08.10.2018.

**TENDER-CUM-AUCTION NOTICE**

Sealed tenders are invited for the sale of Chevrolet Cruze Diesel Car (2009) covered a distance of 148759 km. Apply with EMD Rs. 10,000/- before 3 p.m. on 24.10.2018 to the Secretary, Kerala State Electricity Regulatory Commission, K.P.F.C. Bhavanam, Vellayambalam, Thiruvananthapuram. Details are available in the website www.erckerala.org.

(Sd/) SECRETARY.
2911423/D3/2018/I & PR

**ബഹുമാനപ്പെട്ട തിരുവനന്തപുരം മുൻസിഫ് കോടതി മുമ്പാകെ**
**O.S.No.1518 of 2016**

വാദി: സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, represented by its Deputy Manager, Mini V. Cecil, RACPC, LMS Building, Palayam, TVM
പ്രതികൾ: 1) ആരതി.പി, D/o.പ്രേമനാഥൻ.എം, പുതുവൽ വീട്, ആനയറ.പി.ഒ., തിരുവനന്തപുരം, 2) പ്രേമനാഥൻ.എം, S/o.മാധവൻ, residing at do-do
ടി പ്രതികളെ തെര്യപ്പെടുത്തുന്നത്
വാദിഭാഗം സ്ഥാപനത്തിൽ നിന്നും നിങ്ങൾ എടുത്തിട്ടുള്ള വിദ്യാഭ്യാസലോണിന്റെ കുടിശ്ശികയിനത്തിൽ വരുത്തിയിരിക്കുന്ന 5,03,700/- രൂപ ഈടാക്കി കിട്ടുന്നതിനുവേണ്ടി ഫയൽ ചെയ്ത മേൽ നമ്പർ കേസ് **31.10.2018**-ാം തീയതി വിചാരണ വച്ചിട്ടുള്ളതാകുന്നു. അന്നേ ദിവസം രാവിലെ 11.00 മണിക്ക് താങ്കളോ താങ്കളുടെ ഏജന്റോ മുഖാന്തിരം കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്ത പക്ഷം താങ്കളെ കൂടാതെ ഹർജിസംഗതി തീരുമാനിക്കുന്നതാണെന്നുള്ള വിവരം ബോധിപ്പിച്ചുകൊള്ളുന്നു.
ഉത്തരവിൻപ്രകാരം വാദിഭാഗം
**അഡ്വക്കേറ്റ് റുബീന ഷാബു**

**BEFORE THE HON'BLE MUNSIFF COURT, THIRUVANANTHAPURAM**
**O.S.No.1574 of 2016**

**Plaintiff**: **State Bank of India,** represented by its Deputy Manager, RACPC, LMS Building, Palayam, TVM
**Defendants**: **1) Sreeresmi.P.S**, D/o. Sukumaran Nair.V, Lekshmi Bhavan, Mangadu Lane, CRA-118-A, Vazhottukonam, Vattiyoorkavu.P.O., TVPM-695013, **2) Sukumaran Nair.V,** S/o. Vasudevand Nair, residing at do-do
ടി പ്രതിയെ തെര്യപ്പെടുത്തുന്നത്
ടി നമ്പർ കേസിൽ വാദി സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തതിലുള്ള കുടിശികയുള്ള മുതലും പലിശയും ഈടാക്കുന്നതിനായി ഫയൽ ചെയ്തിട്ടുള്ള ടി നമ്പർ കേസ് **13.11.2018**-ാം തീയതി കോടതി മുമ്പാകെ വിചാരണ വച്ച് ഉത്തരവുള്ളതാണ്. താങ്കൾക്ക് ആയതിന്മേൽ എന്തെങ്കിലും തർക്കമോ ആക്ഷേപമോ ഉള്ള പക്ഷം അന്നേ ദിവസം പകൽ 11.00 മണിക്ക് ഈ കോടതി മുമ്പാകെ നേരിട്ടോ അധികാരപ്പെടുത്തുന്ന ഏജന്റോ മുഖേന ഹാജരായി തർക്കം ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്ത പക്ഷം താങ്കളെ കൂടാതെ ടി കേസ് തീർച്ച ചെയ്യുന്നതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.
ഉത്തരവിൻപ്രകാരം വാദിഭാഗം
**അഡ്വക്കേറ്റ് റുബീന ഷാബു**

**കേരളാ വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്**

ദർഘാസ്: 13 - 2018-19/KWA/PHC/D4/TVM (RT1). അമൃത്- തിരുവനന്തപുരം സിവറേജ് സ്കീം - ഇടത്തറ L ബ്ലോക്ക് - പേട്ട വെൺപാലവട്ടം റോഡ് ഗ്രീൻ പാർക്ക് വഴി ഇടത്തറ സോൺ MH 7 വരെ ആമയിഴഞ്ചാൻ തോടിന്റെ തീരത്തുകൂടി സീവർ ലൈൻ വിതരണം ചെയ്ത്, സ്ഥാപിക്കുന്ന പ്രവൃത്തി. നിരതദ്രവ്യം : Rs. 1,00,000/-. ഫോറവില : Rs. 7500/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 12.11.2018, 11.00 a.m. ഫോൺ : 0471 - 2322303.
വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in
സൂപ്രണ്ടിംഗ് എൻജിനീയർ, PH സർക്കിൾ, തിരുവനന്തപുരം.
KWA - JB- GL-6-355-2018-19.

**കേരളാ വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്**

ദർഘാസ്: 12 / 2018-19/KWA/PHC/D4/TVM (RT2). തിരുവനന്തപുരം സിവറേജ് സ്കീം - ഇ-ബ്ലോക്ക്- സോൺ II - ഇഴപ്പഴിഞ്ഞി മുതൽ ചിത്രാനഗർ വരെ (Ch 1841 മി മുതൽ 2133 മി) 600 മി.മീ. വ്യാസമുള്ള RCC NP3 പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി. നിരതദ്രവ്യം : Rs. 50,000/-. ഫോറവില : Rs. 2500/-. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 16.11.2018, 11.00 a.m. ഫോൺ : 0471 - 2322303.
വെബ്സൈറ്റ്: www.kwa.kerala.gov.in, www.etenders.kerala.gov.in
സൂപ്രണ്ടിംഗ് എൻജിനീയർ, PH സർക്കിൾ, തിരുവനന്തപുരം.
KWA - JB- GL-6-353-2018-19.

**ബഹു. വർക്കല മുൻസിഫ് കോടതി മുൻപാകെ 2013 സിവിൽ 506**

വാദി : ഷൈല, D/o ധർമ്മരാജൻ, രജനി ഭവൻ, കിഴക്കേപ്പുറം ദേശം, അയിരൂർ വില്ലേജ്.
കൂടുതൽ 6-ാം പ്രതി : രതീഷ്, S/o പ്രസന്നൻ, രതീഷ്ഭവൻ, പാളയംകുന്ന്, അയിരൂർ വില്ലേജ്.
[illegible]
വാദിഭാഗം അഡ്വക്കേറ്റ് എസ്.വി. ഷിനു (ഒപ്പ്)
വർക്കല,
1.10.2018.

**പരസ്യം**
**നെയ്യാറ്റിൻകര അഡീഷണൽ ജില്ലാ കോടതി മുൻപാകെ AS No.264/2016**
[illegible]
28.09.2018.
ആജ്ഞാനുസരണം, (ഒപ്പ്) എൻ. കുട്ടപ്പൻ താഴശ്ശേരി, അപ്പീൽവാദിഭാഗം അഡ്വക്കേറ്റ്.

**NEHRU ARTS AND SCIENCE COLLEGE KANHANGAD**
NAAC Accredited with 'A' Grade, 'Green Campus Awardee (Govt of Kerala)
P.O. Padnekkat, Kasaragod-671314, Ph: 0467-2284625, 2280335,
Email: nascollegekanhangad@gmail.com

താഴെ പറയുന്ന അനദ്ധ്യാപക ഒഴിവുകളിലേക്ക് (Anticipated Vaccancies) അപേക്ഷ ക്ഷണിക്കുന്നു. (As per order No: E3/43565/17 Cof. Edn. at 1-4-2017)

► ഓഫീസ് അറ്റന്റന്റ് ► മെക്കാനിക്ക്
► ലൈബ്രറി / ലാബ് അസിസ്റ്റന്റ്

യോഗ്യത, ശമ്പളം, വയസ്സ് (1-1-2018 ലേക്ക്) മുതലായവ ഗവൺമെന്റ് / യൂണിവേഴ്സിറ്റി നിയമത്തിന് വിധേയമായി അപേക്ഷാ ഫോമുകൾ കോളേജ് ഓഫീസിൽ നിന്ന് 500 രൂപ കാഷായോ / DD (Payable at Kanhangad) മുഖേനയോ അടച്ചാൽ ലഭിക്കുന്നതാണ്. പത്രത്തിൽ പരസ്യം വന്നത് മുതൽ ഒരു മാസത്തിനുള്ളിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

കാഞ്ഞങ്ങാട്
10 – 10 – 2018
ഒപ്പ്
പ്രിൻസിപ്പാൾ

കുവൈറ്റിലേയ്ക്ക് ഹൗസ് ഡ്രൈവർ, ഹൗസ് ബോയ്, വീട്ടുജോലി, ക്ലീനിംഗ്, ബേബികെയർ 25,000/- 35,000/-
9946790686, 9745537183

KERALA KAUMUDI Classifieds
കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

**പണയ സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96, 98 47 30 11 58
രാധികാ ജ്വല്ലറി

**CHANGE OF NAME**
Mrs. Maya Abhilash, Charuvilakathu Veedu, TC-13/1515, Burma Road, Kumarapuram, M.C P.O, TVM - 11. I do hereby change my minor daughter's name from MEENU .M. JAYAN to MEENU. M. ABHILASH for all purposes.

**നഷ്ടപ്പെട്ടു**
എന്റെ KL 21 Q 5551 Goods APE - ന്റെ ആർ.സി. ബുക്ക് നഷ്ടപ്പെട്ടിട്ടുള്ളതിനാൽ ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആക്ഷേപമുള്ളവർ 15 ദിവസത്തിനകം നെടുമങ്ങാട് RTO-യുമായി ബന്ധപ്പെടുക.
PRADEEP. P.K.

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone : 2321289, 2326569.

**തൊഴിലവസരം**
മെർച്ചന്റ് നേവിയിൽ ചേരാം. 10-ാം ക്ലാസ് / 12-ാം ക്ലാസ്/ ഡിഗ്രി പാസ്, പ്രായം 17 - 28. ശമ്പളം : 25000 - 35000 + മറ്റ് സൗകര്യങ്ങൾ.
careerpoint821@gmail.com, 08107222725

**നഷ്ടപ്പെട്ടു**
ഊരൂട്ടമ്പലം SRO മുഖേന 1957-ൽ 3047-ാം നമ്പർ ധനനിശ്ചയ ആധാരം നഷ്ടപ്പെട്ടു പോയിട്ടുള്ളതും, ആയതിന്റെ സർട്ടിഫൈഡ് കോപ്പി എടുത്ത് അനന്തര നടപടി സ്വീകരിക്കുന്നതിൽ ആക്ഷേപമുള്ളവർ താഴെ കാണുന്ന വിലാസവുമായി 15 ദിവസത്തിനകം ബന്ധപ്പെടേണ്ടതാണ്.
കോമളവല്ലി അമ്മ, തെക്കേമഠം, മലയിൻകീഴ്.

**ജോലി ആവശ്യമുണ്ട്**
ജ്യോതിഷവും മാന്ത്രികവും പഠിച്ച പണ്ഡിതനായ ബ്രാഹ്മണപൂജാരിക്ക് ക്ഷേത്രത്തിൽ നിത്യപൂജ – ഒരു നേരമോ രണ്ടു നേരമോ ആവശ്യമുണ്ട്.
വിളിക്കുക : നെയ്തശ്ശേരി മഠം കെ. ഹരിഹര അയ്യർ
Phone : 9633529305, 9633317600

**കരുണാ ഹോം നഴ്സിംഗ്**
ലേഡീസ് ബ്യൂട്ടീഷ്യനും ജോലിക്കാരെ ആവശ്യമുള്ളവരും ജോലി ആവശ്യമുള്ളവരും.
മെഡിക്കൽ കോളേജ്: 8281366653,
ഉള്ളൂർ പാലത്തിന് സമീപം : 8129039123

**നഷ്ടപ്പെട്ടു**
KL 01 AC 53 രജിസ്റ്റർ നമ്പർ ഹോണ്ട ആക്ടിവ സ്കൂട്ടറിന്റെ ആർ. സി. ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ 15 ദിവസത്തിനകം തിരുവനന്തപുരം RTO ഓഫീസിൽ ബോധിപ്പിക്കേണ്ടതാണ്.
ബിന്ദു എസ്. - Mob: 9387777665

**Change of Name**
എന്റെ ഉടമസ്ഥതയിലുള്ള റേഷൻ കാർഡിൽ (കാർഡ് നമ്പർ: 1105045218) ഉൾപ്പെട്ടിട്ടുള്ള മകൾ നൗഫിന്റെ യഥാർത്ഥ പേര് മുനീറ. T എന്നാണെന്നും, ടി ആളുടെ SSLC ബുക്കിലും ആധാർ രേഖയിലുമുള്ള ഈ പേരാണ് ശരിയായ പേരെന്നും റേഷൻ കാർഡിലെ നൗഫും മറ്റ് രേഖകളിലെ മുനീറ. T-യും ഒരാൾ തന്നെയാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.
താജിന്നിസ (മാതാവ്), പ്ലാവിള വീട്, പനവൂർ.

**ആവശ്യമുണ്ട്**
ആറ്റിങ്ങൽ, വർക്കല – ബില്ലിംഗ് സ്റ്റാഫ്, Tally അറിയാവുന്നവർ, സെക്യൂരിറ്റി, ഡ്രൈവർ കം സെക്യൂരിറ്റി.
7907282215

**നഷ്ടപ്പെട്ടു**
എന്റെ വക പാസ്പോർട്ട് (No. H7086095) കൊച്ചുപള്ളിക്കും മരപ്പാലത്തിനും ഇടയ്ക്ക് യാത്രാ മദ്ധ്യേ നഷ്ടപ്പെട്ടു.
എഡിസൺ രാജു, വലിയതോപ്പ് തെക്കേക്കര, കരുംകുളം, പുതിയതുറ പി.ഒ. Mobile : 7994825219.

**പേര് മാറ്റം**
F 5988382 നമ്പർ പാസ്പോർട്ടിൽ പറയുന്ന Vasavakumar എന്ന ഞാൻ M.S. Vasavan എന്ന് പേര് മാറ്റിയതായി അറിയിക്കുന്നു. കൂടാതെ, ടി പാസ്പോർട്ടിൽ സൂചിപ്പിക്കുന്ന എന്റെ പിതാവിന്റെ പേര് Sreekhanan എന്നതിന് പകരം Sreeghana Paniker എന്നാകുന്നു.

കേരള കൗമുദി ആഴ്ചപ്പതിപ്പ്

**ITI/KGCE അഡ്മിഷൻ**
P.S.C./NCVT/KSELB/KERALA ഗവ. അംഗീകൃത കോഴ്സുകൾ
ഓട്ടോമൊബൈൽ + Driv. Licence | ഇലക്ട്രിക്കൽ
സിവിൽ | എക്സ്‌റേ – വെൽഡിംഗ്
കോഴ്സുകഴിഞ്ഞാൽ ശമ്പളത്തോടുകൂടി ഉടൻ ട്രെയിനിംഗ്
Since 1978 UBDACE INSTITUTIONS കേന്ദ്ര – സംസ്ഥാന ഗവൺമെന്റ് അംഗീകൃതം
വിദേശത്ത് പോകുവാൻ* UEI ഡിപ്ലോമ സർട്ടിഫിക്കറ്റ്
സ്റ്റേഡിയം, കൊല്ലം
0474-2740503, 2764343
2794676, 9446787715
* Conditions apply

കേരളകൗമുദി കുട്ടികളുടെ വാരിക

**DISTANCE EDUCATION**
UGC, PSC, UPSC അംഗീകരിച്ചതും, UGC നിബന്ധന പ്രകാരമുള്ള യൂണിവേഴ്സിറ്റി പരിധിക്കകത്തും
BA BCom BSc MA MSc MCom MBA
തുടങ്ങിയ ഡിഗ്രി/പി.ജി. കോഴ്സുകൾ
ഏറ്റവും കുറഞ്ഞ ഫീസോടെ രജിസ്റ്റർ ചെയ്യുന്നതിനും, പാതിവഴിയിൽ ഡിഗ്രി/പി.ജി. പഠനം നിർത്തിയവർക്ക് കോഴ്സുകൾ പുനരാരംഭിക്കുന്നതിനും ബന്ധപ്പെടുക.
SIMS DISTANCE EDUCATION
MALAPPURAM : 8893 673433
KOCHI : 8893 853433
PALAKKAD : 9072 204040
KANNUR : 8893 703433
CALICUT : 8893 753433

**സത്യമായ പ്രവചനങ്ങളും ദുരിത ദുഃഖ പരിഹാരങ്ങളും**
നാളിതുവരെ അനുഭവിച്ച ദുരിതം, ദുഃഖം, രോഗം, തൊഴിൽ, വിദ്യാതടസ്സങ്ങൾക്കും മറ്റ് പ്രതിസന്ധികൾക്കും കാര്യകാരണ ശാന്തി പരിഹാരങ്ങൾ ജാതി – മതഭേദമന്യേ മിഥ്യാ – വാഗ്ദാന മുഖസ്തുതികളില്ലാതെ ഉറപ്പുനൽകുന്നു. അതീവ ചൈതന്യത്തോടു കൂടിയ ദേവീ – ദേവത – നവഗ്രഹങ്ങളും ചേർന്ന ക്ഷേത്രവും ഇല്ലപറമ്പിൽ സ്ഥിതിചെയ്യുന്നു. പൂർണ്ണ വിശ്വാസിയ്ക്ക് പൂർണ്ണഫലം
സന്ദർശനം മുൻകൂട്ടി അനുവാദം വാങ്ങിയശേഷം
ലോകപ്രശസ്ത ജ്യോതിഷ-മാന്ത്രിക-താന്ത്രിക-ഉപാസകൻ
ബ്രഹ്മശ്രീ ഡോ. പ്രണവം വിഷ്ണുനമ്പൂതിരി
ഉഴുത്രപ്പള്ളി ഇല്ലത്ത് പ്രണവം, വള്ളക്കടവ് പി.ഒ. രാജീവ് ഗാന്ധി Lane, കല്ലുംമൂട്, പനമൂട് ദേവീക്ഷേത്രത്തിന് സമീപം, തിരുവനന്തപുരം – 8 ഫോൺ : 9400642415, 9048458660

**പാർക്കിൻസൺസ് (PARKINSON'S DISEASE)**
ശരീരം മുഴുവനായോ കൈകാലുകളിലോ ഉണ്ടാകുന്ന വിറയൽ, മാനസിക സമ്മർദ്ദം അനുഭവപ്പെടുമ്പോൾ വിറയൽ കൂടുന്ന അവസ്ഥ, നടക്കുമ്പോൾ ബാലൻസ് ഇല്ലാതായി വേഗം കൂടുകയോ കുറയുകയോ ചെയ്യുന്ന അവസ്ഥ, ഉറക്കക്കുറവ്, അമിതമായ ദേഷ്യം, അകാരണമായ ഭയം, ഓർമ്മക്കുറവ് തുടങ്ങിയ ലക്ഷണങ്ങളോടു കൂടിയ പാർക്കിൻസൺസ് രോഗത്തിനും മറ്റ് അനുബന്ധ രോഗങ്ങൾക്കും ഫലപ്രദമായ ശാസ്ത്രീയ ആയുർവേദ ചികിത്സ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ ഇവിടെ ലഭ്യമാണ്.
VIAMS DR. K.V. VIJAYAN INSTITUTE OF AYURVEDA MEDICAL SCIENCE
Mezhathur, Pattambi, Palakkad (Dt)
E mail:info@viams.in Website:www.viams.in Ph: 0466 2270142, 09846362442, 09446456442

**മുടി വളരാൻ**
മാവേലിൽ ഹോസ്പിറ്റൽ
മരുതിമൂട്, അടൂർ
8590039900, 9961618384
facebook.com/mavelilhospital www.mavelilhospital.com

**തൊഴിലവസരം**
കേന്ദ്രസർക്കാർ അംഗീകാരമുള്ള പ്രമുഖ ധനകാര്യ സ്ഥാപനത്തിന്റെ പുതുതായി ആരംഭിക്കുന്ന STATUE ബ്രാഞ്ചിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു.
- MANAGERS – Package: ₹35,000 (Qualf. Degree & Above)
- CO-ORDINATORS – Package: ₹30,000 (Qualf. Pre-degree & above)
- OFFICE SECRETARY–(Females only)(Qualf. +2 above) Pckg:₹18000
- COMPANY PARTNERS – Package: ₹45,000 (Rtd. Govt. Employees and NRI's Preffered)
Age : 25 to 65
Contact : 8593813873, 8129216791

**പ്രായത്തെ വെല്ലുന്ന കരുത്തിന്**
ഏതു പ്രായക്കാർക്കും ദൃഢതയും, ബലവും ഉദ്ധാരണവും ...
8877100959, 9117381791

**GRAVITY BUILDERS** Building Transparent Relationships
VAZHUTHACAUD, TRIVANDRUM
വാസ്തു ശാസ്ത്ര പ്രകാരം ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ആർക്കിടെക്റ്റ് ഡിസൈനോടുകൂടി ഗുണനിലവാരമുള്ള കെട്ടിടനിർമ്മാണത്തിന്...
9497009944
facebook.com/gravitybuilders

**നീഗ്രോ പെന്നീസ് ലാവോ മസാജിംഗ് ഓയിൽ**
സ്ത്രീ സൗഹൃദങ്ങൾക്ക് താല്പര്യപ്പെടുന്നവർക്ക് ഫോട്ടോയും നമ്പരും അടങ്ങിയ ഡയറി സൗജന്യം
വിവാഹത്തിനു മുമ്പും വിവാഹത്തിനു ശേഷവും ഉണ്ടാകുന്ന സെക്സ് ബലഹീനതയ്ക്ക് ... 6-8 ഇഞ്ചും, വണ്ണം 3-4½ ഇഞ്ചും വർദ്ധിക്കുന്നു. ...
ബ്ലാക്ക് സ്റ്റീഡ് ഓയിൽ
8750336928, 9540376105



### ശ്രീനാരായണഗുരു-ഗാന്ധിജി സംവാദം തിരുത്തൽ ശക്തിയായി

തിരുവനന്തപുരം: മഹാത്മാഗാന്ധി 1925ൽ ശ്രീനാരായണഗുരുവിനെ സന്ദർശിച്ച് നടത്തിയ ആശയസംവാദം കേരള സമൂഹത്തിന്റെ മുന്നേറ്റത്തിനു വഴി തെളിച്ചതായി മന്ത്രി എ.കെ.ബാലൻ പറഞ്ഞു. സാമൂഹ്യനീതിക്കും തുല്യാവകാശത്തിനും വേണ്ടിയുള്ള ചിന്തയും സമരവും വ്യാപിക്കാൻ ഈ കൂടിക്കാഴ്ചയിലൂടെ സാധിച്ചു. വി.ജെ.ടി ഹാളിൽ സാമൂഹ്യ പക്ഷാചരണം സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 1937ലാണ് അയ്യൻകാളിയുമായി ഗാന്ധിജി കൂടിക്കാഴ്ച നടത്തിയത്. ആദ്യത്തെ വർഗസമരം നടത്തിയത് അയ്യൻകാളിയാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി.



# പ്രളയാനന്തര പുനർനിർമ്മാണത്തിന് കൈത്താങ്ങുമായി ലോക ബാങ്ക്

തിരുവനന്തപുരം: പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിന് സംസ്ഥാനസർക്കാർ തയ്യാറാക്കിയ രൂപരേഖ പ്രാവർത്തികമാക്കാൻ ആവശ്യമായ സഹായം നൽകുമെന്ന് ലോകബാങ്ക് പ്രതിനിധികൾ അറിയിച്ചു. പുനർനിർമ്മാണ പദ്ധതികൾക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായം നൽകും.

കേരളത്തിന്റെ പ്രളയദുരന്തം വിലയിരുത്തി തയ്യാറാക്കിയ റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയന്റെയും മന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ ലോകബാങ്ക് സംഘം അവതരിപ്പിച്ചു.

സംസ്ഥാനത്തിന്റെ നിർദ്ദേശം പരിഗണിച്ച ശേഷമായിരിക്കും അന്തിമ റിപ്പോർട്ട് തയ്യാറാക്കുക. ഇതിനായി പ്രത്യേക സംഘത്തെ കേരളത്തിലേക്ക് അയയ്ക്കും. ഗതാഗതം, ഗ്രാമ-നഗര വികസനം, ജലവിഭവം, ജീവനോപാധി തുടങ്ങി വിവിധ മേഖലകളിലെ നഷ്ടവും ബാധിക്കപ്പെട്ട ജനങ്ങളുടെ എണ്ണവും ലോകബാങ്ക് തിട്ടപ്പെടുത്തിയിട്ടുണ്ട്.

കൃഷി, ആരോഗ്യം, സാമൂഹ്യനീതി, പൊതുമരാമത്ത് മേഖലകളെക്കുറിച്ചും. കേരളത്തിന്റെ പുനർനിർമ്മാണത്തിന് വിദേശമലയാളികളുടെ സഹായം സ്വരൂപിക്കുന്നത് സംബന്ധിച്ചും ചർച്ചയുണ്ടായി.

പ്രളയമുണ്ടായ വേളയിൽ എല്ലാ ദിവസവും മുഖ്യമന്ത്രി സ്വന്തം ജനതയോട് പറഞ്ഞ കാര്യങ്ങൾ രാജ്യത്തിനപ്പുറം ലോകരാജ്യങ്ങളിൽ മുഴങ്ങിക്കേട്ടുവെന്ന് ലോകബാങ്ക് കൺട്രി ഡയറക്ടർ ജുനൈദ് അഹമ്മദ് പറഞ്ഞു.

മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, ഡോ. ടി.എം. തോമസ് ഐസക്, കെ.കെ. ശൈലജ, ജി. സുധാകരൻ, മാത്യു ടി. തോമസ്, പ്രൊഫ. സി. രവീന്ദ്രനാഥ്, എ.സി. മൊയ്തീൻ, വി.എസ്. സുനിൽകുമാർ, ചീഫ് സെക്രട്ടറി ടോം ജോസ്, അഡിഷണൽ ചീഫ് സെക്രട്ടറിമാരായ ബിശ്വാസ് മേത്ത, പി.എച്ച്. കുര്യൻ, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം.വി. ജയരാജൻ, പ്രിൻസിപ്പൽ സെക്രട്ടറി കോ-ഓർഡിനേഷൻ വി.എസ്. സെന്തിൽ എന്നിവർ സന്നിഹിതരായിരുന്നു.

ലോകബാങ്ക് കൺട്രി മാനേജർ ഹിഷാം, ലീഡ് അർബൻ സ്പെഷ്യലിസ്റ്റ് ബാലകൃഷ്ണ മേനോൻ, ലീഡ് ഇക്കണോമിസ്റ്റ് ദിലീപ് രാത്ത, ലീഡ് ഡിസാസ്റ്റർ മാനേജ്മെന്റ് സ്പെഷ്യലിസ്റ്റ് ദീപക് സിംഗ്, സുധീപ് എന്നിവരും സംഘത്തിലുണ്ടായിരുന്നു.

### കേരളത്തിന് കിട്ടുന്നത് പ്രത്യേക പരിഗണന

**ലോ**കബാങ്ക് പ്രത്യേക പദ്ധതികൾക്കാണ് സാധാരണ സഹായം നൽകുന്നത്. എന്നാൽ ഇന്ത്യയ്ക്കായി തയ്യാറാക്കിയ പ്രത്യേക പദ്ധതിയിൽ സംസ്ഥാനങ്ങളുമായി സഹകരിച്ച് വിശാലമായ മേഖലകളിൽ സഹായം ലഭ്യമാക്കാൻ വ്യവസ്ഥയുണ്ട്. ആദ്യമായി കേരളത്തെയും പഞ്ചാബിനെയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രളയം ബാധിച്ച ശേഷമുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങളിലെ ത്വരിതവും ഫലപ്രദവുമായ ഇടപെടൽ പരിഗണിച്ചാണ് കേരളത്തെ ഉൾപ്പെടുത്തിയത്. ലോകബാങ്കിന്റെ പുതിയ രീതി അനുസരിച്ച് സംസ്ഥാന ബഡ്ജറ്റിലെ പദ്ധതികൾക്കും നിലവിൽ നടപ്പാക്കുന്ന പദ്ധതികളുടെ ഫലം വിലയിരുത്തി അതിലേക്കും വായ്പ നൽകാനാവും.

## ദുരന്ത നിവാരണ അതോറിട്ടി: മെമ്പർ സെക്രട്ടറിക്കെതിരെ ഹർജി

കൊച്ചി: കേരള ദുരന്ത നിവാരണ അതോറിറ്റിയുടെ അനൗദ്യോഗിക മെമ്പർ സെക്രട്ടറിയായി ഡോ. ശേഖർ ലൂക്കോസ് കുര്യാക്കോസ് തുടരുന്നത് തടയണമെന്നാവശ്യപ്പെട്ട് ആലുവ തോട്ടക്കാട്ടുകര സ്വദേശി വിജയ് വി. പോൾ നൽകിയ ഹർജിയിൽ ഹൈക്കോടതി സർക്കാരിന്റെ വിശദീകരണം തേടി.

ഈ പദവിയിലേക്ക് ഡോ. ശേഖറിനെ നിയമിച്ചത് നടപടിക്രമങ്ങൾ പാലിക്കാതെയാണെന്നും മതിയായ യോഗ്യതയുണ്ടോയെന്ന് പരിശോധിച്ചിട്ടില്ലെന്നും ഹർജിയിൽ പറയുന്നു. പ്രളയ ദുരന്തത്തെ നേരിടുന്നതിലുണ്ടായ വീഴ്ച ചൂണ്ടിക്കാട്ടിയാണ് ഹർജിയിലെ ആരോപണങ്ങൾ.

ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിൽ അസോസിയേറ്റ് പ്രൊഫസറായി ഡോ. ശേഖറിനെ നിയമിച്ചതും പിന്നീട് ഹസാഡ്സ് വൾനറബിലിറ്റി ആൻഡ് റിസ്ക് അസസ്മെന്റ് സെല്ലിൽ പ്രൊജക്ട് സയന്റിസ്റ്റായി നിയമിച്ചതും ഇതേപോലെ നടപടിക്രമം പാലിക്കാതാണെന്നും ഹർജിയിൽ പറയുന്നു.

## പേടിഎം ഇടപാടിൽ പണം നഷ്ടപ്പെട്ട സംഭവം: പ്രതികൾ ജാർഖണ്ഡ് സ്വദേശികളെന്ന് സൂചന

ചേർത്തല: പേടിഎം മൊബൈൽ ആപ്പ് ഉപയോഗിച്ച് ഡിഷ് ടി.വി റീചാർജ് ചെയ്തയാളുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് 44,998 രൂപ നഷ്ടപ്പെട്ട സംഭവത്തിലെ പ്രതികൾ ജാർഖണ്ഡ് സ്വദേശികളെന്ന് സൂചന. റീചാർജുമായി ബന്ധപ്പെട്ട് വിളിച്ച മൊബൈൽ നമ്പർ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് ജാർഖണ്ഡ് സ്വദേശിയുടെ പേരിലുള്ള മൊബൈൽ കണക്ഷനാണെന്ന് സൂചന ലഭിച്ചത്. ജാർഖണ്ഡിന്റെ വിവിധ ഭാഗങ്ങളിൽ ടവർ ലോക്കേഷൻ കാണിക്കുന്നതായും സൈബർ സെല്ലിന് വിവരം ലഭിച്ചിട്ടുണ്ട്. എന്നാൽ കൃത്യമായ വിലാസം പൊലീസിന് ലഭിച്ചിട്ടില്ല. ഇതുകൂടി ലഭിച്ചശേഷമേ അന്വേഷണം ആരംഭിക്കാനാകൂയെന്ന് എസ്.ഐ ജി. അജിത്കുമാർ പറഞ്ഞു. വാരനാട് പീടികച്ചിറ വി.ജയറാമിന്റെ പേരിൽ എസ്.ബി.ഐ വാരനാട് ശാഖയിലെ അക്കൗണ്ടിൽ നിന്ന് 44,998 രൂപയാണ് നഷ്ടപ്പെട്ടത്. ഡിഷ് ടി.വി. കണക്ഷൻ പേ ടിഎമ്മിലൂടെ റീചാർജ് ചെയ്തപ്പോൾ അബദ്ധത്തിൽ രണ്ട് തവണ ചെയ്തു. തുടർന്ന് ഈ വിവരം കസ്റ്റമർ കെയറിൽ വിളിച്ച് പറഞ്ഞപ്പോൾ അവർ എ.ടി.എം കാർഡിലെ സി.വി.വി നമ്പർ പറയുകയും പത്ത് മിനിട്ടിനുള്ളിൽ നാല് തവണയായി ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം നഷ്ടപ്പെടുകയുമായിരുന്നു.



*എസ്. നയന്റെ 'റൈസ് ഓട്ടിസം' എന്ന ഹ്രസ്വചിത്രത്തിന്റെ പ്രദർശനോദ്ഘാടനത്തിന് എത്തിയ സുരേഷ് ഗോപി.എം.പി നയനൊപ്പം*

## ഓട്ടിസത്തെ കീഴടക്കിയ സർഗവിസ്മയം

കൊല്ലം: മിണ്ടാനാകാത്തതിനാൽ നയൻ പറയാതിരുന്നവ, എഴുതാനാകാത്തതിനാൽ മനസിൽ സൂക്ഷിച്ചവ. എല്ലാം ഒരു കവിത പോലെ അഭ്രപാളിയിൽ പെയ്തൊഴുകി. ഓട്ടിസം ബാധിതനാണ് ഒൻപതു വയസുകാരനായ നയൻ. സ്വയം തിരക്കഥ എഴുതി സംവിധാനം ചെയ്ത സ്വന്തം ജീവിതമാണ് 'റൈസ് ഓട്ടിസം' എന്ന ഡോക്യുമെന്ററി. അത് കണ്ടിരുന്നവരുടെ കണ്ണുകളെ ഈറനണിയിച്ചു. നയൻ ദൈവത്തിന് പറ്റിയ തെറ്റല്ല, അദ്ഭുതമാണെന്ന് അവർ പറഞ്ഞു.

ഒന്നര വയസായപ്പോഴാണ് നയനിൽ ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയത്. ചികിത്സകൾ ഓരോന്ന് പരാജയപ്പെടുമ്പോഴും അവൻ പുതിയ അദ്ഭുതങ്ങൾ സൃഷ്ടിക്കുകയായിരുന്നു. ഇംഗ്ലീഷ് ഭാഷയിൽ രണ്ട് പുസ്തകങ്ങളെഴുതി. ഏത് ചോദ്യത്തിനുമുള്ള മറുപടി ലാപ്ടോപ്പിലൂടെ എഴുതി തുടങ്ങി. നയന്റെ ഒടുവിലത്തെ അദ്ഭുതമാണ് റൈസ് ഓട്ടിസം എന്ന ഡോക്യുമെന്ററി. കൈകൊണ്ട് എഴുതാനാകാത്തതിനാൽ നേരത്തേ പ്രസിദ്ധീകരിച്ച രണ്ട് പുസ്തകങ്ങൾ പോലെ ലാപ്ടോപ്പിലാണ് ഡോക്യുമെന്ററിയുടെ തിരക്കഥ എഴുതിയത്.

കൊല്ലം റോട്ടറി ഹാളിൽ സുരേഷ് ഗോപി എം.പി ഡോക്യുമെന്ററി പ്രകാശനം ചെയ്തു.

# കേരളത്തെ വീണ്ടെടുക്കാൻ മന്ത്രിസഭയും 4 സമിതികളും

തിരുവനന്തപുരം: പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ മന്ത്രിസഭയ്ക്ക് താഴെ നാല് ഉന്നത സമിതികൾക്ക് ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം രൂപം നൽകി. പദ്ധതികൾ അംഗീകരിക്കേണ്ട മന്ത്രിസഭയായിരിക്കും ഏറ്റവും മുകളിലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

മന്ത്രിസഭയ്ക്ക് താഴെ മുഖ്യമന്ത്രി ചെയർമാനായി ഉപദേശകസമിതിയുണ്ടാകും. പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, കേന്ദ്രമന്ത്രി അൽഫോൺസ് കണ്ണന്താനം, മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, മാത്യു ടി.തോമസ്, എ.കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, ചീഫ്സെക്രട്ടറി, ആസൂത്രണബോർഡ് ഉപാദ്ധ്യക്ഷൻ, പ്രധാനമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ. നായർ, കേന്ദ്ര കാബിനറ്റ് സെക്രട്ടറിയായിരുന്ന കെ.എം. ചന്ദ്രശേഖർ, യുവസംരംഭകനായി ബൈജൂസ് ആപ്പിന്റെ ബൈജു രവീന്ദ്രൻ, ആലീസ് വൈദ്യൻ, എം.എ. യൂസഫലി, സി.ഡി.എസ് മുൻ ഡയറക്ടർ ഡോ.കെ.പി. കണ്ണൻ, ഹഡ്കോ മുൻ ചെയർമാൻ വി. സുരേഷ്, ഡോ. മുരളി തുമ്മാരുകുടി എന്നിവർ അംഗങ്ങളായിരിക്കും. പദ്ധതികളെ പറ്റി ഉപദേശങ്ങൾ നൽകുകയാണ് ചുമതല. സമിതിയുടെ ആദ്യയോഗം 22ന് ചേരും.

മൂന്നാം തലത്തിൽ ചീഫ്സെക്രട്ടറി ചെയർമാനായി ഉന്നതതല അധികാരസമിതിയാണ്. വകുപ്പ് സെക്രട്ടറിമാരും നോമിനേറ്റ് ചെയ്യുന്ന രണ്ട് എക്സ് ഒഫിഷ്യോ അംഗങ്ങളും മുഖ്യമന്ത്രിയുടെ സെക്രട്ടറിയുമാണ് അംഗങ്ങൾ. പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു സി.ഇ.ഒ ആയിരിക്കും. പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കൽ, വകുപ്പുകളുമായുള്ള ഏകോപനം, ധനസമാഹരണത്തിന് ഉപദേശിക്കൽ എന്നിവയും ചുമതലകളാണ്. അടുത്ത തലത്തിൽ മൂന്നംഗങ്ങളുള്ള നിർവഹണസമിതി. മുൻ ചീഫ്സെക്രട്ടറി ഡോ. കെ.എം. എബ്രഹാം ചെയർമാനും ഡോ. വി. വേണു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമാകും.

അഞ്ചാം തലത്തിൽ പ്രൊഫഷണലുകൾ ഉൾപ്പെടുന്ന സെക്രട്ടേറിയറ്റ്. പുനർനിർമ്മാണ പദ്ധതികളുടെ നിർവഹണത്തിന് വകുപ്പുകളുടെ ജില്ലാതല സമിതികളുമുണ്ടാകും. സാമഗ്രികളും സേവനങ്ങളും എത്തിക്കാൻ വൈദഗ്ദ്ധ്യമുള്ള ഏജൻസിയെ ചുമതലപ്പെടുത്തും. ഗുണമേന്മയും സുതാര്യതയും മത്സരാധിഷ്ഠിത നിരക്കുകളും ഉറപ്പാക്കും

### പദ്ധതി ഫണ്ട്

- വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതം പുനഃക്രമീകരിക്കും
- വായ്പാപരിധി ഉയർത്തുന്നതിലൂടെ കിട്ടുന്ന അധിക ഫണ്ട്
- കേന്ദ്ര ദുരന്ത നിധിയിലും കേന്ദ്ര പദ്ധതികളിലും കിട്ടാവുന്ന വിഹിതം
- ലോകബാങ്ക്, എ.ഡി.ബി തുടങ്ങിയവയുടെ സഹായം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി
- ജപ്പാൻ ഏജൻസി തുടങ്ങിയവയിൽ നിന്നുള്ള സഹായം
- നബാർഡ് ധനസഹായം
- ഹഡ്കോ വായ്പ

## ട്രാൻ. ഡ്രൈവറെ മർദ്ദിച്ച് താക്കോൽ ഊരിയെടുത്തു

കൊച്ചി: കെ.എസ്.ആർ.ടി.സി. ബസ് തടഞ്ഞുനിർത്തി ഡ്രൈവറെ അക്രമിച്ചു. ഇന്നലെ വൈകിട്ട് കലൂർ പ്രൈവറ്റ് ബസ് സ്റ്റാൻഡിലാണ് സംഭവം. മുണ്ടക്കയത്തുനിന്ന് വരുന്ന കാസർഗോഡ് കൊന്നക്കാട് ബസ് ഡ്രൈവർ സാജു ചാക്കോയാണ് അക്രമത്തിനിരയായത്.

എറണാകുളം ബസ് സ്റ്റാൻഡിൽ നിന്ന് കലൂർ ജംഗ്ഷനിലെത്തിയ ബസ് കലൂർ സ്റ്റാൻഡിലേക്ക് തിരിയുന്നതിനിടെ ബസിന്റെ പിൻഭാഗം ഒരു കാറിന്റെ പിൻവശത്ത് തട്ടിയിരുന്നു. ഇതേതുടർന്നാണ് കാർ ഡ്രൈവറും കാറിലുണ്ടായിരുന്ന മറ്റൊരാളും ചേർന്ന് ഡ്രൈവറെ അക്രമിച്ചത്.

കലൂർ സ്റ്റാൻഡിനുള്ളിൽ ബസ് പാർക്ക് ചെയ്യുന്നതിനിടെ ബസിന് നേർക്ക് ഇവർ വരുന്നതു കണ്ട് സാജു ബസ് നിർത്തി. ഇവർ ബസിനുള്ളിൽ പ്രവേശിച്ച് സാജുവിനെ ആക്രമിക്കുകയായിരുന്നു. സാജുവിന്റെ വയറിന് മർദ്ദനമേറ്റു, ഷർട്ടിന്റെ ബട്ടൺസ് പൊട്ടിക്കുകയും ഷർട്ട് വലിച്ചുകീറുകയും ചെയ്തു. രണ്ടുപേരിൽ കറുത്ത ടീ ഷർട്ട് ധരിച്ച യുവാവും വെള്ള ഷർട്ട് ധരിച്ച മറ്റൊരാളുമാണ് സാജുവിനെ മർദ്ദിച്ചതെന്ന് കണ്ടക്ടർ അനൂപ് പറഞ്ഞു. എറണാകുളം ഡിപ്പോയിൽ നിന്ന് മറ്റൊരു ഡ്രൈവറെ എത്തിച്ച് സർവീസ് തുടർന്നു. മണിക്കൂറുകളോളം യാത്ര മുടങ്ങിയത് യാത്രക്കാരെ അക്ഷമരാക്കി. സ്ത്രീകളും കുട്ടികളുമടക്കം ബസിൽ 60 ഓളം യാത്രക്കാരുണ്ടായിരുന്നു. പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

## സർവേ ചെയ്യാത്ത ഭൂമിക്കുള്ള കരമൊടുക്കലിന് സമയപരിധിയില്ല

തിരുവനന്തപുരം: സർവ്വെ ചെയ്തിട്ടില്ലാത്ത ഭൂമിക്ക് കരം സ്വീകരിക്കാനുള്ള തടസ്സം ഒഴിവാക്കാനായി 1961-ലെ കേരള ഭൂനികുതി ആക്ടിൽ ഭേദഗതി വരുത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഇത്തരം ഭൂമിക്ക് കരം സ്വീകരിക്കാനുള്ള സമയപരിധി നിലവിൽ 1975 ഡിസംബർ 31 ആണ്. പല വില്ലേജുകളിലും ഇതുവരെ സർവ്വെ പൂർത്തിയായിട്ടില്ലെന്നതിനാൽ ഭൂനികുതി സ്വീകരിക്കാൻ വില്ലേജ് ഓഫീസർമാർക്ക് കഴിയുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻ സമയപരിധി ഒഴിവാക്കാനാണ് ഭേദഗതി.

# കൈക്കൂലി വാങ്ങുന്നതിനിടെ സബ് രജിസ്ട്രാർ വിജിലൻസ് പിടിയിൽ

കടയ്ക്കൽ: ആധാരം രജിസ്റ്റർ ചെയ്യാനെത്തിയ ആളിൽ നിന്ന് കൈക്കൂലി വാങ്ങുന്നതിനിടെ ചിതറ സബ് രജിസ്ട്രാർ കുണ്ടറ സ്വദേശി വിനോദിനെ വിജിലൻസ് സംഘം അറസ്റ്റ് ചെയ്തു.

മാങ്കോട് ധരിത്രിയിൽ രാധയുടെ പേരിലുള്ള വസ്തു, അവർ മരിച്ചതിനെ തുടർന്ന് മക്കളിലൊരാളുടെ പേർക്ക് കൂട്ടവകാശ ഒഴിവുകുറി ആധാരം രജിസ്റ്റർ ചെയ്യാൻ ഭർത്താവും മക്കളും തിങ്കളാഴ്ച എത്തിയിരുന്നു. ഇവരോട് പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ വിനോദ് ആവശ്യപ്പെടുകയും സർട്ടിഫിക്കറ്റിന് കാലതാമസമുണ്ടാകുമെന്നതിനാൽ 5000 രൂപ നൽകിയാൽ ആധാരം രജിസ്റ്റർ ചെയ്യാമെന്നും വിനോദ് പറഞ്ഞു. തുക അടുത്തദിവസം നൽകാമെന്ന ഉറപ്പിൽ ആധാരം രജിസ്റ്റർ ചെയ്തു. തുടർന്ന് വിജിലൻസിന് പരാതി നൽകുകയായിരുന്നു. ഇന്നലെ ഉച്ചയ്ക്ക് പണം കൈപ്പറ്റുന്നതിനിടെ സ്ഥലത്തെത്തിയ കൊല്ലം വിജിലൻസ് ഡിവൈ.എസ്.പി അശോക്കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം വിനോദിനെ അറസ്റ്റ് ചെയ്യുകയായിരുന്നു.

സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം കഴിഞ്ഞദിവസം വിവാഹം രജിസ്റ്റർ ചെയ്യാനെത്തിയ ദമ്പതികളോട് ഇയാൾ കൈക്കൂലി ആവശ്യപ്പെട്ടതായും പരാതി ഉയർന്നിരുന്നു. നേരത്തെയും പരാതികൾ ഉണ്ടായിരുന്നതിനാൽ വിനോദ് വിജിലൻസിന്റെ നിരീക്ഷണത്തിലായിരുന്നു.



*കൈക്കൂലി വാങ്ങുന്നതിനിടെ ചിതറ സബ് രജിസ്ട്രാർ വിനോദിനെ വിജിലൻസ് അറസ്റ്റ് ചെയ്യുന്നു*

## ഗുരുവായൂർ ക്ഷേത്രത്തിൽ ഏകാദശി വിളക്കാഘോഷത്തിന് ശനിയാഴ്ച തുടക്കമാകും

ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രത്തിൽ ഏകാദശി വിളക്കാഘോഷത്തിന് ശനിയാഴ്ച തുടക്കമാകും. ഒരു മാസമാണ് ക്ഷേത്രത്തിൽ ഏകാദശി വിളക്കാഘോഷം. വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരുടെ വഴിപാടായി 30 ദിവസം ചുറ്റുവിളക്കുണ്ടാവും. 31-ാം ദിവസം ഏകാദശിനാളിൽ ഗുരുവായൂർ ദേവസ്വം വകയാണ് ഉദയാസ്തമയ പൂജയോടെ വിളക്ക്. നവംബർ 19 നാണ് ഗുരുവായൂർ ഏകാദശി. ദശാബ്ദങ്ങളായി വിളക്കാഘോഷം തുടങ്ങാറുള്ള പാലക്കാട് അലനല്ലൂർ പറമ്പോട്ട് അമ്മിണിയുടെ വകയാണ് ആദ്യ വിളക്കാഘോഷം. ഞായറാഴ്ച സ്റ്റേറ്റ് ബാങ്ക് ജീവനക്കാരുടെ വക വിളക്കാഘോഷവും തിങ്കളാഴ്ച ക്ഷേത്രം പത്തുകാരുടെ വിളക്കാഘോഷവും നടക്കും.

# അനുയായികളുടെ അകമ്പടിയിൽ ഫ്രാങ്കോ ജയിൽ വിട്ടു

കോട്ടയം: കന്യാസ്ത്രീയെ പീഡിപ്പിച്ചെന്ന കേസിൽ പാലാ സബ് ജയിലിൽ റിമാൻഡിലായിരുന്ന ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ ജാമ്യത്തിലിറങ്ങി. ഇന്നലെ ഉച്ചകഴിഞ്ഞ് രണ്ടോടെയാണ് കന്യാസ്ത്രീകളടക്കമുള്ള അനുയായികളുടെ പ്രാർത്ഥനയുടെ അകമ്പടിയിൽ ഫ്രാങ്കോ പുറത്തിറങ്ങിയത്.

ബിഷപ്പ് പുറത്തിറങ്ങുമെന്ന് ഉറപ്പായതോടെ രാവിലെ മുതൽ പാലാ സബ്ജയിലിന് മുന്നിൽ വിശ്വാസികൾ തടിച്ചുകൂടി. യേശുവിന്റെ പീഡാനുഭവ സ്മരണയ്ക്ക് ചൊല്ലുന്ന പ്രാർത്ഥനകൾ ഉരുവിട്ടു.

ജയിലിന് മുന്നിലെ വഴി തടസപ്പെടുമെന്ന ഘട്ടത്തിൽ തിരക്ക് നിയന്ത്രിക്കാൻ പൊലീസ് ബുദ്ധിമുട്ടി. 11 ഓടെ ഫ്രാങ്കോയുടെ അഭിഭാഷകൻ പാലാ ഫസ്റ്റ് ക്ലാസ് കോടതിയിൽ ജാമ്യ ഉത്തരവ് ഹാജരാക്കി. ബിഷപ്പിന്റെ സഹോദരനടക്കം രണ്ട് ജാമ്യക്കാർ ഹാജരായി. പണവും പാസ്പോർട്ടും സമർപ്പിച്ച് നടപടികൾ പൂർത്തിയാക്കി 12.50നാണ് വിടുതലിനുള്ള അനുവാദം സബ് ജയിലിലെത്തിച്ചത്.

നടപടികൾ പൂർത്തിയാകാൻ വീണ്ടും താമസിച്ചതിനാൽ ഉച്ചയൂണും ജയിലിലായിരുന്നു. തുടർന്ന് സഹതടവുകാരോടും ഉദ്യോഗസ്ഥരോടും യാത്ര പറഞ്ഞ് പുറത്തിറങ്ങിയ ഫ്രാങ്കോയെ ബന്ധുക്കൾ, പി.സി. ജോർജ് എം.എൽ.എ, കന്യാസ്ത്രീകൾ എന്നിവർ ചേർന്ന് സ്വീകരിച്ചു.

മാദ്ധ്യമ പ്രവർത്തകർക്കടക്കം മുഖം നൽകാതെ ചെറുചിരിയോടെ പി.സി. ജോർജിനൊപ്പം വാഹനത്തിൽ തിടുക്കത്തിൽ കയറി. തുടർന്ന് ഇന്നലെ വൈകിട്ട് കൊച്ചിയിൽ നിന്ന് വിമാനത്തിൽ ജലന്ധറിലേക്ക് പോയി.



*പാലാ സബ് ജയിലിൽ നിന്ന് ജാമ്യത്തിലിറങ്ങുന്ന ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ജയിലിന് മുന്നിൽ പ്രാർത്ഥനയിൽ മുഴുകിയ വിശ്വാസികൾ ഫോട്ടോ: സെബിൻ ജോർജ്*

# ഇഷ്ടപ്പെട്ട പദ്ധതിക്ക് ഇഷ്ടമുള്ള തുക നൽകാം

ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ rebuild.kerala.gov.in

തിരുവനന്തപുരം: സംസ്ഥന പുനർനിർമ്മാണ പദ്ധതികൾ വിശദീകരിക്കുകയും ഏറ്റെടുക്കാൻ താത്പര്യമുള്ളവർക്ക് അവസരം ഒരുക്കുകയും ചെയ്യുന്ന സർക്കാരിന്റെ ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. rebuild.kerala.gov.in ആണ് വിലാസം.

കൺസൾട്ടന്റായ കെ.പി.എം.ജിയുടെ റിപ്പോർട്ട് പ്രകാരം കൊച്ചിയിലെ സ്റ്റാർട്ട് അപ് കമ്പനിയായ ബില്യൺ ലൈവ്സാണ് പോർട്ടൽ തയ്യാറാക്കിയത്.

സർക്കാർ വകുപ്പുകളും ഏജൻസികളും നടപ്പാക്കുന്ന പദ്ധതികൾ പോർട്ടലിലുണ്ട്. വ്യവസായ സ്ഥാപനങ്ങൾ, സംഘടനകൾ, കമ്പനികൾ എന്നിവയ്ക്കും വ്യക്തികൾക്കും പദ്ധതികൾ തിരഞ്ഞെടുത്ത് നിശ്ചിത തുക സംഭാവന നൽകാനും സ്പോൺസർ ചെയ്യാനുമാകും.

കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (സി.എസ്.ആർ) സ്കീമിൽ ഉൾപ്പെടുത്താവുന്ന വിധത്തിലാണ് പദ്ധതികൾ.

റീബിൽഡ് കേരള സംബന്ധിച്ച് പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കിയ ബ്രോഷർ ചീഫ് സെക്രട്ടറി ടോം ജോസിന് നൽകി മുഖ്യമന്ത്രി പ്രകാശനം ചെയ്തു. വീഡിയോയും പ്രദർശിപ്പിച്ചു.

അഡിഷണൽ ചീഫ് സെക്രട്ടറിമാരായ ബിശ്വാസ് മേത്ത, പി.എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറിമാരായ ഡോ. വി. വേണു, മനോജ് ജോഷി, പി. ആർ. ഡി സെക്രട്ടറി പി. വേണുഗോപാൽ എന്നിവർ സന്നിഹിതരായിരുന്നു.

### പോർട്ടൽ

1. പദ്ധതികളുടെ വിശദാംശങ്ങളും പുരോഗതിയും ഫോട്ടോ സഹിതം.
2. പദ്ധതികളുടെ പുരോഗതിയും തുകയുടെ വിനിയോഗവും സംഭാവന നൽകുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിരീക്ഷിക്കാം.
3. നടത്തിപ്പിനും മേൽനോട്ടത്തിനും സർക്കാരിന്റെ വിവിധ ഏജൻസികൾ, സ്ഥാപനങ്ങൾ, ഉദ്യോഗസ്ഥർ.
4. ആദ്യ ഘട്ടത്തിൽ മുൻഗണന വീടുകൾ, ശബരിമല, സ്കൂളുകൾ എന്നിവയുടെ പുനർനിർമ്മാണം.

### സംഭാവന നൽകാൻ

1. വെബ്സൈറ്റിന്റെ ഹോം പേജിൽ ലോഗിൻ, സൈൻ അപ് ഓപ്ഷൻ. പദ്ധതികളുടെ വിശദാംശങ്ങൾ അറിയാൻ ഫിൽട്ടർ സെർച്ച് ഓപ്ഷൻ. ജില്ല, നഗരസഭ, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള പദ്ധതികൾ ഇവിടെ. ഓരോന്നിനും ആവശ്യമുള്ള തുകയുടെയും വിശദാംശങ്ങൾ.
2. പദ്ധതി തിരഞ്ഞെടുത്ത് ഇഷ്ടമുള്ള തുക രേഖപ്പെടുത്തി ഡൊണേറ്റ് ബട്ടൺ അമർത്തുമ്പോൾ പേമെന്റ് ഓപ്ഷനിലേക്ക്.
3. ഇവിടെ പേര്, ഇ മെയിൽ വിലാസം, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തി ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, യു. പി. ഐ സംവിധാനങ്ങളുപയോഗിച്ച് സംഭാവന നൽകാം.

പേമെന്റ് പൂർണമായാൽ വിവരം സ്റ്റാറ്റസ് പേജിൽ. ഇ-മെയിലിലും മൊബൈൽ ഫോണിലും സന്ദേശവും.

4. ഓൺലൈൻ സംഭാവനയ്ക്ക് ഫീസില്ല, നികുതിയിളവുണ്ട്.

## പുനർനിർമ്മാണ കൺസൾട്ടൻസി

# കെ.പി.എം.ജിയുടെ കാര്യത്തിൽ തീരുമാനം പിന്നീട്

തിരുവനന്തപുരം: പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള കൺസൾട്ടൻസി കെ.പി.എം.ജിയെ ഏല്പിക്കണമെന്ന നിർദ്ദേശം മന്ത്രിസഭായോഗത്തിന്റെ അജൻഡയിൽ ഉൾപ്പെടുത്തിയെങ്കിലും ഘടകകക്ഷി മന്ത്രിമാരിൽ നിന്ന് ഭിന്നാഭിപ്രായമുയർന്നതിനാൽ തീരുമാനം പിന്നീടത്തേക്ക് മാറ്റി. നയപരമായ തീരുമാനമായതിനാൽ ഇടതുമുന്നണിയുടെ രാഷ്ട്രീയ തീരുമാനത്തിന് വിടുന്നതാണ് നല്ലതെന്നും ഇല്ലെങ്കിൽ വിവാദത്തിനിടയാക്കുമെന്നും ചില മന്ത്രിമാർ മുഖ്യമന്ത്രിയോട് സൂചിപ്പിച്ചെന്നാണ് വിവരം. മന്ത്രിസഭായോഗത്തിന് തൊട്ടുമുമ്പ് പുനർനിർമ്മാണ കാര്യം ചർച്ച ചെയ്യാൻ മാത്രം മുഖ്യമന്ത്രി ഘടകകക്ഷിമന്ത്രിമാരുടെ യോഗം ചേർന്നപ്പോഴായിരുന്നു ഇത്.

അതേസമയം, കെ.പി.എം.ജി ഇപ്പോൾ സൗജന്യമായാണ് സർക്കാരിനെ സഹായിച്ചതെന്നും തുടർന്നുള്ള കാര്യങ്ങളിൽ അവരുടെ സേവനക്കാര്യം അതിന്റെ ഘട്ടമാകുമ്പോൾ ആലോചിക്കുമെന്നും ഇതേക്കുറിച്ച് വാർത്താലേഖകർ ചോദിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി നൽകി. മന്ത്രിമാരുടെ യോഗം അര മണിക്കൂറോളം നീണ്ടതിനാൽ മന്ത്രിസഭായോഗവും വൈകി.

പ്രളയ പുനർനിർമ്മാണത്തെക്കുറിച്ചുള്ള പഠനത്തിന് നേരത്തേ കെ.പി.എം.ജിയെ ചുമതലപ്പെടുത്തിയത് രാഷ്ട്രീയ വിവാദം സൃഷ്ടിച്ചിരുന്നു.

# തൊഴിലിടങ്ങളിലെ സ്ത്രീപീഡനം തടയാൻ സർക്കാർ

## സ്ഥാപനങ്ങളിൽ കമ്മിറ്റി രൂപീകരിക്കണം

തിരുവനന്തപുരം: തൊഴിലിടങ്ങളിലെ സ്ത്രീപീഡനം തടയാൻ കർശന നടപടികളുമായി സർക്കാർ. തൊഴിലിടങ്ങളിലെ പീഡനങ്ങളെക്കുറിച്ച് നിരവധി പരാതികൾ ഉയരുന്നതായി മന്ത്രി കെ.കെ. ശൈലജ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 2013ലെ നിയമപ്രകാരം സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികളും ലോക്കൽ കമ്മിറ്റികളും രൂപീകരിച്ചിരുന്നു. പുതിയ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തതോടെ ഈ കമ്മിറ്റികൾ കൂടുതൽ ശക്തിപ്പെടുത്തും. പത്തിൽ കൂടുതൽ ആളുകൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കണം.

### സിനിമാ മേഖലയിൽ പരാതി സെൽ

**സി**നിമാമേഖലയിൽനിന്നു ഡബ്ലിയു.സി.സി അംഗങ്ങൾ ഉൾപ്പെടെ നിരവധി പേർ പരാതി ഉന്നയിക്കുന്ന സാഹചര്യത്തിൽ ആ മേഖലയിൽ ആഭ്യന്തര കമ്മിറ്റികൾ രൂപീകരിക്കാനുള്ള സാദ്ധ്യത ആരായുമെന്ന് മന്ത്രി ശൈലജ പറഞ്ഞു.

ഡബ്ലിയു.സി.സി അംഗങ്ങളുമായും അഭിഭാഷകരുമായും ചർച്ച നടത്തിയിരുന്നു. കമ്മിറ്റികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പരാതിപറയാൻ സർക്കാരിന്റെ നേതൃത്വത്തിൽ പുതിയൊരു കമ്മിറ്റി രൂപീകരിക്കാൻ ആലോചിച്ചു വരികയാണ്.

മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ആ കമ്മിറ്റി അഭിപ്രായം തേടിക്കൊണ്ടിരിക്കുകയാണ്. സിനിമയിലെ വനിതാ കൂട്ടായ്മയ്ക്ക് സർക്കാരിന്റെ പിന്തുണയുണ്ടാവുമെന്നും മന്ത്രി പറഞ്ഞു.

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചെലവ് 678 കോടി

## 1249 ക്ഷേത്രങ്ങളിൽ വരുമാനമുള്ളത് 61 എണ്ണത്തിൽ മാത്രം

തിരുവനന്തപുരം: ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയ്ക്ക് വേണ്ട 487 കോടി രൂപയുൾപ്പെടെ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളുടെ നടത്തിപ്പിന് കഴിഞ്ഞ സാമ്പത്തിക വർഷം 678 കോടി രൂപ വേണ്ടിവന്നെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ വാർത്താക്കുറിപ്പിൽ അറിയിച്ചു. ശബരിമലയിൽ നിന്നുള്ള 342 കോടിയുൾപ്പെടെ 2017-18ൽ ക്ഷേത്രങ്ങളിൽ നിന്ന് 683 കോടി രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ലഭിച്ചു. കാണിക്ക, വഴിപാട്, ലേലം, ബുക്ക്സ്റ്റാൾ തുടങ്ങിയവ അടക്കമുള്ള തുകയാണിത്. ബോർഡിന് കീഴിലുള്ള 1249 ക്ഷേത്രങ്ങളിൽ 61 എണ്ണത്തിൽ മാത്രമാണ് വരുമാനമുള്ളത്. ബാക്കിയുള്ള 1188 എണ്ണം ശബരിമലയുൾപ്പെടെ 61 ക്ഷേത്രങ്ങളിലെ വരുമാനത്തിലും സർക്കാർ സഹായത്തിലുമാണ് പ്രവർത്തിക്കുന്നത്.

ശബരിമലയിൽ നിന്ന് ലഭിച്ച 342 കോടി രൂപയിൽ 73 കോടി അവിടത്തെ ചെലവുകൾക്ക് ഉപയോഗിച്ചെന്നാണ് ദേവസ്വം ബോർഡ് അറിയിച്ചത്. പ്രതിവർഷം ജീവനക്കാരുടെ ശമ്പളത്തിന് മാത്രം 354 കോടി വേണം. 133 കോടി രൂപ പെൻഷൻ നൽകാനും വേണം. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നീക്കിയിരിപ്പ് തുക കരുതൽ നിക്ഷേപമായി സൂക്ഷിച്ചിരിക്കുകയാണ്. അതിൽ സംസ്ഥാന സർക്കാർ കൈകടത്താറില്ല.

കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്കായി 70 കോടി രൂപയാണ് സംസ്ഥാന ദേവസ്വം വകുപ്പ് നൽകിയത്. റോഡുകൾ, ജലവിതരണം തുടങ്ങി വിവിധ സർക്കാർ വകുപ്പുകൾ ചെലവാക്കുന്ന ഫണ്ടിന് പുറമെയാണിത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും ശബരിമലയിലെയും പണം സംസ്ഥാന സർക്കാർ എടുക്കുന്നുവെന്ന പ്രചാരണത്തെത്തുടർന്നാണ് മന്ത്രിയുടെ വിശദീകരണം.

# ഫിൽക്ക അന്തർദ്ദേശീയ ചലച്ചിത്രോത്സവം

തിരുവനന്തപുരം: പതിനെട്ടാമത് ഫിൽക്ക അന്തർദ്ദേശീയ ചലച്ചിത്രോത്സവം 19 മുതൽ 25 വരെ പാളയം യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്ററിൽ നടക്കും. 19ന് വൈകിട്ട് 6ന് അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന ചലച്ചിത്ര അക്കാഡമി, നാഷണൽ ഫിലിം ആർക്കൈവ്സ് ഒഫ് ഇന്ത്യ, ഡയറക്ടറേറ്റ് ഒഫ് ഫിലിം ഫെസ്റ്റിവൽ, ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെയാണ് മേള. മികച്ച നടനുള്ള സംസ്ഥാന അവാർഡ് നേടിയ ഇന്ദ്രൻസിനെ ചടങ്ങിൽ ആദരിക്കും. 'ആളൊരുക്കം' ആണ് ഉദ്ഘാടന ചിത്രം. ചലച്ചിത്ര അക്കാഡമി വൈസ് ചെയർപേഴ്സൺ ബീനാ പോൾ, സൂര്യ കൃഷ്ണമൂർത്തി, നാഷണൽ ഫിലിം ആർക്കൈവ്സ് ഓഫ് ഇന്ത്യ ഡയറക്ടർ പ്രകാശ് മഗ്ദൂം, സഖറിയ, ഹരികുമാർ, വി.കെ.ജോസഫ് തുടങ്ങിയവർ പങ്കെടുക്കും. ഏഴ് ദിവസങ്ങളിലായി വിവിധ വിഭാഗങ്ങളിൽ 45ഓളം ചിത്രങ്ങൾ പ്രദർശിപ്പിക്കും. മേളയുടെ പ്രത്യേകതയായ മാസ്റ്റർ സ്ട്രോക്ക് വിഭാഗത്തിൽ സത്യജിത് റേ, ചാർലി ചാപ്ലിൻ, തർക്കോവിസ്കി, മൃണാൾ സെൻ, ബെർഗ്മാൻ, അടൂർ ഗോപാലകൃഷ്ണൻ, ജി. അരവിന്ദൻ തുടങ്ങിയവരുടെ സിനിമകളും പ്രദർശനത്തിനുണ്ട്. ഷോർട്ട് ഫിലിം, ഡോക്യുമെന്ററി പ്രദർശനവും ഉണ്ടായിരിക്കും. പ്രവേശനത്തിന് പാസുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഫിൽക്ക സെക്രട്ടറി ഡോ. എം.കെ.പി. നായർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.



## അലഹബാദ് അല്ല ഇനി പ്രയാഗ്‌രാജ്

ലഖ്നൗ: പ്രതിപക്ഷ പാർട്ടികളുടെ പ്രതിഷേധത്തിനിടെയും യു.പി സർക്കാർ അലഹബാദിന്റെ പേര് പ്രയാഗ്‌രാജ് എന്നാക്കി. പേരുമാറ്റത്തിന് ഉത്തർപ്രദേശ് മന്ത്രിസഭായോഗം അംഗീകാരം നൽകി. തീരുമാനത്തിനെതിരെ കോൺഗ്രസും സമാജ്‌വാദി പാർട്ടിയും ശക്തമായി രംഗത്തെത്തിയിരുന്നു. പ്രയാഗ് എന്ന പേരിൽ നിലവിൽ ഒരു സ്ഥലമുണ്ടെന്നും അതുവേണമെങ്കിൽ പ്രയാഗ്‌രാജെന്ന പേരിൽ ഒരു നഗരമാക്കുന്നതിൽ വിരോധമില്ലെന്നും കോൺഗ്രസ് നേതാവ് ഓംകാർ സിംഗ് പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudi



## പോൾ അലൻ അന്തരിച്ചു

വാഷിംഗ്ടൺ: മൈക്രോസോഫ്ട് സഹസ്ഥാപകനായ പോൾ അലൻ(65) അന്തരിച്ചു. കാൻസർ രോഗത്തെത്തുടർന്ന് ഏറെനാളായി ചികിത്സയിലായിരുന്നു. സ്കൂൾ പഠനകാലത്താണ് ബിൽ ഗേറ്റ്സും അലനും പരിചയപ്പെടുന്നത്. പഠനം ഉപേക്ഷിച്ച് ഇരുവരും ചേർന്ന് 1975ൽ മൈക്രോസോഫ്ട് സ്ഥാപിച്ചു. പോൾ അലന്റെ വിയോഗം ഹൃദയഭേദകമാണെന്നും തനിക്ക് ഏറ്റവും പ്രിയപ്പെട്ട സുഹൃത്തിനെയാണ് നഷ്ടപ്പെട്ടതെന്നും ബിൽ ഗേറ്റ്സ് പറഞ്ഞു. പോൾ അലൻ ഇല്ലായിരുന്നെങ്കിൽ പേഴ്സണൽ കമ്പ്യൂട്ടിംഗ് എന്നത് തന്നെ ഉണ്ടാകുമായിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. അലൻ പോർട്ട്‌ലൻഡ് ട്രയൽ ബ്ലേസേഴ്സ് എന്ന ബാസ്കറ്റ്ബാൾ ടീമിന്റെയും സിയാറ്റിൽ സീഹോക്സ് എന്ന ഫുട്ബാൾ ടീമിന്റെയും കൂടി ഉടമയായിരുന്നു. ലോകത്തെ അതിസമ്പന്നരുടെ പട്ടികയിൽ 46ാം സ്ഥാനത്തായിരുന്നു പോൾ അലൻ.

## അക്ബറിനെതിരെ വീണ്ടും ആരോപണം

ന്യൂഡൽഹി: മീ ടു ലൈംഗികാരോപണത്തിൽ കുടങ്ങിയ കേന്ദ്ര വിദേശകാര്യ സഹമന്ത്രി എം.ജെ അക്ബറിനെതിരെ ഒരു മാദ്ധ്യമപ്രവർത്തക കൂടി ആരോപണവുമായി രംഗത്തെത്തി. ഓഫീസിൽ വച്ചും ഹോട്ടലിൽ വച്ചും ഒന്നിലേറ തവണ അക്ബർ തന്നോട് അപമര്യാദയായി പെരുമാറിയെന്ന് തുഷിത പട്ടേലാണ് വെളിപ്പെടുത്തിയത്. ഒഷം ജോലി ചെയ്ത കാലത്ത് ഒന്നിലേറെ തവണ കടന്നുപിടിക്കുകയും ബലമായി ചുംബിക്കുകയും ചെയ്തു. കൽക്കത്തയിൽ ഹോട്ടൽമുറിയിലേക്ക് വിളിച്ചുവരുത്തിയ അക്ബർ അടിവസ്ത്രം മാത്രം ധരിച്ചാണ് വാതിൽ തുറന്നത്.

ഏഷ്യൻ ഏജ് പത്രത്തിന്റെ ഓഫീസിൽ വച്ച് എം.ജെ അക്ബർ മോശമായി പെരുമാറിയെന്ന ഗസാല വഹാബിന്റെ വെളിപ്പെടുത്തൽ ശരിയാണ്. അക്ബറിന്റെ ഓഫീസിൽ നിരവധി സ്ത്രീകൾ അതിക്രമത്തിനിരയായിട്ടുണ്ട്. നിയമനടപടികളെ ഭയക്കുന്നില്ലെന്നും തുഷിത പറയഞ്ഞു. മീ ടു കാമ്പെയ്നിലൂടെ അക്ബറിനെതിരെ പരാതിയുമായെത്തിയ 16ാമത്തെ വനിതയാണ് തുഷിത.

# നാലു സ്ത്രീകളുടെ കൊലപാതകം: രാംപാലിന് ജീവപര്യന്തം

ന്യൂഡൽഹി: കൊലപാതക കേസിൽ ഹരിയാനയിലെ സ്വയം പ്രഖ്യാപിത ആൾദൈവമായ രാംപാലിനും 14 അനുയായികൾക്കും ജീവപര്യന്തം തടവ് ശിക്ഷ. ഹിസാർ അഡിഷണൽ ജില്ലാ സെഷൻസ് ജഡ്ജ് ഡി.ആർ ചാലിയയാണ് ശിക്ഷ വിധിച്ചത്. 2.05 ലക്ഷം രൂപ വീതം പിഴയും വിധിച്ചു.

2014ൽ ഹിസാറിലെ രാംപാലിന്റെ ആശ്രമത്തിൽ വച്ച് പൊലീസും രാംപാലിന്റെ അനുയായികളും തമ്മിലുണ്ടായ സംഘർഷത്തിനിടെ നാല് സ്ത്രീകളെ കൊലപ്പെടുത്തിയ കേസിലാണ് വിധി. ഇവർ കുറ്റക്കാരാണെന്ന് ഒക്ടോബർ 11ന് കോടതി കണ്ടെത്തിയിരുന്നു.

ഒരു സ്ത്രീയെയും കുട്ടിയെയും കൊലപ്പെടുത്തിയ മറ്റൊരു കേസിൽ കോടതി ഇന്ന് വിധി പറയും. കൊലപാതകത്തിനും ക്രിമിനൽ ഗൂഢാലോചനയ്ക്കും ജീവപര്യന്തവും ഒരു ലക്ഷം രൂപ വീതവും അന്യായമായി തടങ്കലിൽ വച്ചതിന് രണ്ടു വർഷവും 5000 രൂപ വീതം പിഴയുമാണ് വിധിച്ചത്.

ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതി. ഒരു കൊലപാതക കേസിൽ പഞ്ചാബ് ഹരിയാന ഹൈക്കോടതിയിൽ ഹാജരാക്കാനായി രാംപാലിനെ അറസ്റ്റ് ചെയ്യാൻ ആശ്രമത്തിൽ പൊലീസ് ചെന്നപ്പോഴായിരുന്നു അക്രമം.

ദിവസങ്ങളോളം പൊലീസിനെ അകത്ത് കയറ്റാതെ. 15000ത്തോളം വരുന്ന അനുയായികൾ തടയുകയായിരുന്നു. തുടർന്ന് പൊലീസ് ബലം പ്രയോഗിച്ച് അകത്തുകടന്ന് അറസ്റ്റ് ചെയ്യുകയായിരുന്നു.



### സോനാപേട്ടിലെ രാംപാൽ

ഹരിയാനയിലെ സോനപേട്ടിലാണ് രാംപാൽ സിംഗിന്റെ ജനനം. ഐ.ടി.ഐ ഡിപ്ലോമ നേടിയ രാംപാൽ ഹരിയാന സർക്കാരിന്റെ ജലസേചന വകുപ്പിൽ ജൂനിയർ എൻജിനിയറായിരുന്നു. 1996ൽ ജോലി രാജിവച്ചു. ഹരിയാനയിലെ സാമൂഹ്യ സാംസ്കാരിക മുന്നേറ്റത്തിനായി മൂന്നു വർഷത്തിനുശേഷം ഹിസാറിനടുത്ത് സത്‌ലോക് ആശ്രമം സ്ഥാപിക്കുകയായിരുന്നു.

# മോഡലിനെ കൊന്ന് സ്യൂട്ട്കേസിലാക്കി; പത്തൊമ്പതുകാരൻ അറസ്റ്റിൽ

മുംബയ്: ഇരുപതുവയസുകാരിയായ മോഡലിനെ കൊന്ന് സ്യൂട്ട്കേസിലാക്കിയ കേസിൽ പത്തൊൻപതുകാരനായ കോളേജ് വിദ്യാർത്ഥി അറസ്റ്റിൽ. തിങ്കളാഴ്ചയാണ് രാജസ്ഥാൻ സ്വദേശിയും മോഡലുമായ മാനസി ദീക്ഷിതിനെ കൊന്ന് സ്യൂട്ട്കേസിലാക്കി മുംബയ് മലാഡിലുള്ള ആളൊഴിഞ്ഞ പ്രദേശത്ത് തള്ളിയത്. സംഭവവുമായി ബന്ധപ്പെട്ട് അന്ധേരിനിവാസിയായ കോളേജ് വിദ്യാർത്ഥി മുസാമിൽ സെയ്ദിനെയാണ് അറസ്റ്റ് ചെയ്തത്. പൊലീസ് പറയുന്നത്: ഇന്റർനെറ്റിലൂടെ പരിചയപ്പെട്ട മുസമിൽ സെയ്ദിനെ കാണാൻ തിങ്കളാഴ്ച അന്ധേരിയിലെ ഫ്ലാറ്റിലെത്തിയതായിരുന്നു മാനസി. സംസാരത്തിനിടെ ഇരുവരും തമ്മിൽ കലഹമുണ്ടായി. തുടർന്ന് സെയ്ദ് മാനസിയുടെ തലയിൽ കസേര കൊണ്ടടിച്ചു. അതിനു ശേഷം കഴുത്തിൽ കയർ മുറുക്കി കൊലപ്പെടുത്തുകയായിരുന്നു. മൃതശരീരം സ്യൂട്ട്കേസിനുള്ളിലാക്കി ഓൺലൈൻ ടാക്സി വിളിച്ച് അന്ധേരിയിൽ നിന്ന് മലാഡിലെത്തിച്ചു. തുടർന്ന് ആളൊഴിഞ്ഞ പ്രദേശത്ത് ഉപേക്ഷിച്ച ശേഷം ആട്ടോറിക്ഷയിൽ കയറി പോയി.



### പ്രതിയെ കുരുക്കിയത് ഡ്രൈവർ

ഓൺലൈൻ ടാക്സി ഡ്രൈവറാണ് പ്രതിയെ പിടികൂടാൻ പൊലീസിനെ സഹായിച്ചത്. വിമാനത്താവളത്തിലേക്കെന്ന് പറഞ്ഞാണ് സെയ്ദ് ടാക്സി ബുക്ക് ചെയ്തത്. എന്നാൽ മലാഡിൽ സ്യൂട്ട്കേസുമായി ഇറങ്ങിയതോടെ ഡ്രൈവറിന് സംശയം തോന്നി. ഇയാൾ രഹസ്യമായി സെയ്ദിനെ നിരീക്ഷിച്ചപ്പോഴാണ് സ്യൂട്ട്കേസ് ഉപേക്ഷിക്കുന്നത് കണ്ടത്. ഉടൻ ഇയാൾ പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. പൊലീസ് സ്ഥലത്തെത്തി മാനസിയുടെ മൃതശരീരം കണ്ടെത്തി. സി.സി ടിവി ദൃശ്യങ്ങളുടെ സഹായത്താലാണ് പൊലീസ് പ്രതിയെ പിടികൂടിയത്.

സെയ്ദ് കുറ്റം സമ്മതിച്ചതായി പൊലീസ് അറിയിച്ചു. ഏറെനാളായി മുംബയിൽ താമസമാക്കിയ മാനസി, ചില പരസ്യചിത്രങ്ങളിൽ മോഡലായിട്ടുണ്ട്.

### ഗോവയിൽ കോൺഗ്രസിന് തിരിച്ചടി

# രണ്ട് കോൺ. എം.എൽ.എമാർ രാജിവച്ച് ബി.ജെ.പിയിൽ

സ്വന്തം ലേഖകൻ

ന്യൂഡൽഹി: ഗോവയിൽ ഭരണമാറ്റത്തിന് മുറവിളികൂട്ടുന്നതിനിടെ കോൺഗ്രസിന് കനത്ത തിരിച്ചടി നൽകി രണ്ട് എം.എൽ.എമാർ രാജിവച്ച് ബി.ജെ.പിയിൽ ചേർന്നു. ദയാനന്ദ് സോപ്തെ, സുഭാഷ് ശിരോദ്കർ എന്നിവരാണ് ഇന്നലെ ഡൽഹിയിലെത്തി ബി.ജെ.പി അദ്ധ്യക്ഷൻ അമിത് ഷായെ കണ്ട് പാർട്ടിയിൽ ചേർന്നത്. ഇരുവരുടെയും രാജിക്കത്ത് ലഭിച്ചതായി സ്പീക്കർ പ്രമോദ് സ്വാന്ദ് അറിയിച്ചു. ഇതോടെ 40 അംഗ നിയമസഭയിൽ 14 സീറ്റുമായി കോൺഗ്രസും ബി.ജെ.പിയും ഒപ്പത്തിനൊപ്പമായി. മുഖ്യമന്ത്രി മനോഹർ പരീക്കർ അസുഖബാധിതനായതോടെ ഭരണമാറ്റം ആവശ്യപ്പെട്ട് കോൺഗ്രസ് നീക്കങ്ങൾ ശക്തമാക്കിയിരുന്നു. 16 സീറ്റുള്ള സംസ്ഥാനത്തെ ഏറ്റവും വലിയ ഒറ്റക്കക്ഷിയായ തങ്ങളെ സർക്കാരുണ്ടാക്കാൻ ക്ഷണിക്കാൻ ഗവർണറോട് നിർദ്ദേശിക്കണമെന്ന് കോൺഗ്രസ് രാഷ്ട്രപതിയോട് ആവശ്യപ്പെട്ടിരുന്നു. അതിനിടെയാണ് രണ്ട് എം.എൽ.എമാർ പാർട്ടി വിട്ടത്.

നാടകീയ നീക്കങ്ങൾക്കൊടുവിലാണ് എം.എൽ.എമാർ ഡൽഹിയിലെത്തി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തിയത്. ഇരുവരും ബി.ജെ.പിയിൽ ചേരുമെന്ന വാർത്തകളുണ്ടായിരുന്നെങ്കിലും കോൺഗ്രസ് തള്ളിയിരുന്നു. തിങ്കളാഴ്ച വൈകി ഡൽഹിയിലെത്തിയ എം.എൽ.എമാർ അജ്ഞാത കേന്ദ്രത്തിലായിരുന്നു. അമിത് ഷായുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം ബി.ജെ.പിയിൽ ചേർന്നതായും കൂടുതൽ എം.എൽ.എമാർ കൂടി പുറത്തേക്ക് വരുമെന്നും ഇരുവരും പറഞ്ഞു. ബി.ജെ.പിയുടെ മുൻ മുഖ്യമന്ത്രി ലക്ഷ്മികാന്ത് പർസേക്കറിനെ പരാജയപ്പെടുത്തിയാണ് ദയാനന്ദ് സോപ്തെ വിജയിച്ചത്. ഷിരോദ്കർ മണ്ഡലത്തിൽ നിന്നാണ് സുഭാഷ് ശിരോദ്കറിന്റെ വിജയം. മുൻ കോൺഗ്രസ് നേതാവു കൂടിയായ ആരോഗ്യമന്ത്രി വിശ്വജിത്ത് റാണെയാണ് നീക്കങ്ങൾക്ക് പിന്നിലെന്ന് കോൺഗ്രസ് ആരോപിച്ചു. ബി.ജെ.പിയെ പിളർത്താനും പരീക്കറിന് പകരം മുഖ്യമന്ത്രിയാവാനുമുള്ള റാണെയുടെ ശ്രമത്തിന്റെ ഭാഗമാണെന്നും നേതാക്കൾ പ്രതികരിച്ചു. 2017ൽ കോൺഗ്രസ് ടിക്കറ്റിൽ വിജയിച്ച റാണെ ഫലം വന്ന ശേഷം രാജിവച്ച് ബി.ജെ.പിയിൽ ചേർന്ന് വീണ്ടും മത്സരിച്ച് വിജയിക്കുകയായിരുന്നു. മഹാരാഷ്ട്ര ഗോമന്തക് പാർട്ടി, ഗോവ ഫോർവേഡ് പാർട്ടി, സ്വതന്ത്രർ, എൻ.സി.പി എന്നിവരുടെ പിൻബലവുമായാണ് ബി.ജെ.പി ഗോവ ഭരിക്കുന്നത്.



ബി.ജെ.പിയിൽ ചേർന്ന ദയാനന്ദ് സോപ്തെയ്ക്കും സുഭാഷ് ശിരോദ്കറിനും കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പൂച്ചെണ്ട് നൽകുന്നു

### മിസോറമിൽ കോൺ. മുൻ മന്ത്രി ബി.ജെ.പിയിൽ

ന്യൂഡൽഹി: തിരഞ്ഞെടുപ്പിലേക്ക് നീങ്ങുന്ന മിസോറമിലെ മുൻ മന്ത്രിയും എം.എൽ.എയുമായ ബുദ്ധ ധാൻ ചാക്മ കോൺഗ്രസ് വിട്ടു. നിയമസഭാംഗത്വവും പാർട്ടിയിലെ വിവിധ പദവികളും രാജിവച്ച അദ്ദേഹം ബി.ജെ.പിയിൽ ചേരും.

രാജി സ്വീകരിച്ചതായി സ്പീക്കർ അറിയിച്ചു. ബുദ്ധ പാർട്ടിയിൽ ചേരുമെന്നും ബി.ജെ.പി ടിക്കറ്റിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കുമെന്നും ബി.ജെ.പി അറിയിച്ചു.

### മാനവേന്ദ്ര സിംഗ് കോൺഗ്രസിൽ

മുൻ കേന്ദ്രമന്ത്രി ജസ്വന്ത് സിംഗിന്റെ മകനും രാജസ്ഥാനിലെ ബി.ജെ.പി എം.എൽ.എയുമായ മാനവേന്ദ്രസിംഗ് ഇന്ന് കോൺഗ്രസിൽ ചേരും. ദുർഗാഷ്ടമി ദിനത്തിൽ കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധിയിൽ നിന്ന് പാർട്ടി അംഗത്വം സ്വീകരിക്കും.

# ലോൺ വേണമെങ്കിൽ വഴങ്ങണമെന്ന്; ബാങ്ക് മാനേജരെ പഞ്ചറാക്കി യുവതി

ബംഗളൂരു: ലോൺ അനുവദിക്കണമെങ്കിൽ ശാരീരികബന്ധത്തിന് വഴങ്ങണമെന്ന് ആവശ്യപ്പെട്ട ബാങ്ക് മാനേജരെ യുവതി അടിച്ച് പഞ്ചറാക്കി. ദക്ഷിണ കർണാടകയിലെ ദാവൺഗരെയിലാണ് സംഭവം. 15 ലക്ഷം രൂപ ലോൺ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയ യുവതിയെ ഡി.എച്ച്.എഫ്.എൽ ബാങ്ക് മാനേജർ വീട്ടിൽ വിളിച്ചുവരുത്തി തനിക്ക് വഴങ്ങണമെന്ന് ആവശ്യപ്പെടുകയായിരുന്നു. ഇത് കേട്ടതോടെ യുവതിയുടെ നിയന്ത്രണം തെറ്റി. വീട്ടിൽ നിന്ന് തല്ലി പുറത്തിറക്കിയ മാനേജരെ യുവതി പൊതിരെ തല്ലുന്ന ദൃശ്യങ്ങൾ ആരോ സോഷ്യൽ മീഡിയയിലും പോസ്റ്റ് ചെയ്തു. ബാങ്ക് മാനേജർ ഇപ്പോൾ പൊലീസ് കസ്റ്റഡിയിലാണ്. ഷർട്ടിന്റെ കോളറിനു പിടിച്ച് പുറത്തു കൊണ്ടുവന്ന ശേഷം ഇയാളെ യുവതി കൈകാര്യം ചെയ്യുകയായിരുന്നു. സംഭവത്തെ തുടർന്ന് മാനേജരെ ബാങ്ക് പിരിച്ചുവിട്ടു. സ്ത്രീസുരക്ഷ ഉറപ്പുവരുത്തുന്ന സാഹചര്യം സൃഷ്ടിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ഡി.എച്ച്.എഫ്.എൽ പത്രക്കുറിപ്പിൽ അറിയിച്ചു.



യുവതി തല്ലുന്ന ദൃശ്യം

### പുതിയ രേഖകൾ പുറത്ത്

# റാഫേൽ : റിലയൻസിനെ പങ്കാളിയാക്കാൻ നിർബന്ധിത വ്യവസ്ഥയെന്ന് വെളിപ്പെടുത്തൽ

പാരീസ്: റാഫേൽ യുദ്ധവിമാന കരാറിൽ നിർമ്മാണ പങ്കാളിയായി അനിൽ അംബാനിയുടെ റിലയൻസ് ഡിഫൻസിനെ ഉൾപ്പെടുത്തണമെന്ന് നിർബന്ധിത വ്യവസ്ഥയുണ്ടായിരുന്നതായി തെളിയിക്കുന്ന രേഖകൾ പുറത്തായി. റാഫേൽ വിമാന നിർമാണക്കമ്പനിയായ ദാസോ ഏവിയേഷനിലെ ട്രേഡ് യൂണിയൻ 'സി.ജി.ടി' യാണ് 2017 മേയ് 11ന് നടന്ന ചർച്ചയുടെ വിശദാംശങ്ങൾ അടങ്ങുന്ന പുതിയ രേഖ പുറത്തുവിട്ടത്. കരാർ ലഭിക്കാൻ റിലയൻസിനെ പങ്കാളിയാക്കുകയല്ലാതെ ദാസോയ്ക്ക് മറ്റ് മാർഗങ്ങളുണ്ടായിരുന്നില്ലെന്ന് തെളിയിക്കുന്നതാണ് ഈ രേഖ. പരസ്പരധാരണയുടെ അടിസ്ഥാനത്തിലായിരുന്നു ഇതെന്നും രേഖയിൽ പറയുന്നതായി സൂചനയുണ്ട്. റാഫേൽ കരാറിൽ റിലയൻസ് ഡിഫൻസിനെ പങ്കാളിയാക്കണമെന്ന് 'നിർബന്ധിതവും അടിയന്തരവുമായ' വ്യവസ്ഥയുണ്ടായിരുന്നതായി കഴിഞ്ഞ ആഴ്ച ഫ്രഞ്ച് മാദ്ധ്യമമായ 'മീഡിയപാർട്ട്' വെളിപ്പെടുത്തിയിരുന്നു. ഫ്രാൻസ് സന്ദർശനത്തിനായി പ്രതിരോധ മന്ത്രി നിർമലാ സീതാരാമൻ പുറപ്പെടുന്നതിനു തൊട്ടുമുൻപായിരുന്നു വാർത്ത പുറത്തുവന്നത്. കരാറിൽ ഇന്ത്യൻ പങ്കാളിയായി റിലയൻസിനെ കൊണ്ടുവന്നത് ഇന്ത്യൻ സർക്കാരിന്റെ നിർദ്ദേശപ്രകാരമാണെന്ന് ഫ്രഞ്ച് മുൻ പ്രസിഡന്റ് ഫ്രാൻസ്വ ഒളന്ദോയും വെളിപ്പെടുത്തിയിരുന്നു. എന്നാൽ ദാസോ ഈ ആരോപണങ്ങൾ നിഷേധിച്ചു. ഓഫ്സെറ്റ് പങ്കാളിയെ തിരഞ്ഞെടുക്കണമെന്ന വ്യവസ്ഥ മാത്രമായിരുന്നു ചർച്ചയിൽ ഉണ്ടായിരുന്നതെന്നും റിലയൻസ് ഡിഫൻസിനെ പങ്കാളിയാക്കണമെന്ന വ്യവസ്ഥ ഉണ്ടായിരുന്നില്ലെന്നും ദാസോ അധികൃതർ അറിയിച്ചു. യു.പി.എ സർക്കാരിന്റെ കാലത്ത് പൊതുമേഖലാസ്ഥാപനമായ എച്ച്.എ.എല്ലിനെ പങ്കാളിയാക്കാനാണ് നിർദ്ദേശിച്ചിരുന്നത്. 2015ൽ മോദി സർക്കാർ കരാർ ഒപ്പിടുന്നതിന് ഏതാനും ദിവസങ്ങൾ മാത്രം മുമ്പ് നിലവിൽ വന്ന അനിൽ അംബാനിയുടെ കമ്പനിക്ക് പ്രതിരോധ ഉത്പാദനരംഗത്ത് പ്രവൃത്തിപരിചയമില്ലെന്നും പ്രതിപക്ഷം ചൂണ്ടിക്കാട്ടിയിരുന്നു.

## പ്രാദേശികം

# തഴവ കേശവനും വി.കെ. വേലായുധനും ഗുരുദർശനത്തിൽ ഉറച്ചു നിന്ന പോരാളികൾ

സജീവ്ഗോപാലൻ

ശിവഗിരി : ആദർശത്തിൽ ഉറച്ച് നിന്ന പോരാളിയായിരുന്ന തഴവ കേശവനെന്ന് എസ്.എൻ.ഡി.പി യോഗം അസിസ്റ്റന്റ് സെക്രട്ടറി പി.എസ്.എൻ. ബാബു പറഞ്ഞു. ശിവഗിരിയിലെ ആചാര്യസ്മൃതി സമ്മേളനത്തിൽ തഴവ കേശവൻ, വി.കെ. വേലായുധൻ ദിന പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. നിവർത്തന പ്രക്ഷോഭ നായകൻ സി. കേശവനെ ജയിലിലടച്ചപ്പോൾ യോഗം ജനറൽ സെക്രട്ടറി സ്ഥാനം ഏറ്റെടുത്ത് പ്രക്ഷോഭത്തെ വിജയിപ്പിച്ചത് തഴവ കേശവനായിരുന്നു. പ്രജാസഭയിലും രാജ്യസഭയിലും അംഗമായിരുന്നപ്പോൾ അവശ പിന്നാക്ക സമുദായങ്ങളുടെ അവകാശത്തിനായി അദ്ദേഹം ധീരമായി പോരാടിയെന്നും പി.എസ്.എൻ. ബാബു പറഞ്ഞു. മഹാകവി കുമാരനാശാന ശേഷം എസ്.എൻ.ഡി.പി യോഗത്തിന്റെ പ്രായം കുറഞ്ഞ ജനറൽ സെക്രട്ടറിയായിരുന്നു വി.കെ. വേലായുധനെന്ന് യോഗം യൂത്ത് മൂവ്മെന്റ് ചേർത്തല യൂണിയൻ പ്രസിഡന്റ് വി. ശശികുമാർ പറഞ്ഞു. 1937 മേയ് 22ന് തിരുവിതാംകൂർ ലേബർ അസോസിയേഷന്റെ വാർഷിക സമ്മേളനത്തിൽ വി.കെ. വേലായുധനാണ് തിരുവിതാംകൂറിൽ ആദ്യമായി ചെങ്കൊടി ഉയർത്തിയതെന്നും അദ്ദേഹം പറഞ്ഞു.

സ്ത്രീകൾക്ക് പരിരക്ഷയും വിദ്യാഭ്യാസവും ഉറപ്പാക്കണമെന്ന് ഗുരുദേവന് നിർബന്ധമുണ്ടായിരുന്നെന്നും ഗുരുദർശനത്തിലൂടെ വരും തലമുറയെ നേർവഴിക്കു നയിക്കാനുള്ള പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും യോഗം വനിതാസംഘം സംസ്ഥാന പ്രസിഡന്റ് കെ.പി. കൃഷ്ണകുമാരി പറഞ്ഞു.

ഗുരുദേവ ദർശനത്തിന്റെ ഭൗതികതലങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ച വിപ്ലവകാരികളായിരുന്നു തഴവ കേശവനും വി.കെ. വേലായുധനുമെന്ന് സ്വാമി സച്ചിദാനന്ദ പറഞ്ഞു. ഇവരുടെ പ്രവർത്തനങ്ങളാണ് ശ്രീനാരായണീയ സമൂഹത്തെ പുരോഗമന വിപ്ലവ പ്രസ്ഥാനങ്ങളിലേക്ക് നയിച്ചതെന്നും അദ്ദേഹം പറഞ്ഞു. ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, നവതി ആചരണകമ്മിറ്റി സെക്രട്ടറി സ്വാമി ശിവസ്വരൂപാനന്ദ, യജ്ഞകമ്മിറ്റി കൺവീനർ സ്വാമി വിശാലാനന്ദ, സ്വാമി ഗുരുപ്രകാശം, യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി, ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ്, കെ. പത്മകുമാർ, അഡ്വ. സിനിൽ മുണ്ടപ്പള്ളി, അജി .എസ്. ആർ.എം, സന്ദീപ് പച്ചയിൽ, ഡി. പ്രേംരാജ്, സന്തോഷ് മാധവൻ അടിമാലി, സജി .എസ്.ആർ.എം തുടങ്ങിയവർ സംബന്ധിച്ചു. പെരുമ്പാവൂർ യൂണിയൻ പ്രസിഡന്റ് കർമ്മൻ, വൈപ്പിൻ യൂണിയൻ സെക്രട്ടറി ശ്യാംദാസ് എന്നിവരുടെ നേതൃത്വത്തിൽ യൂണിയൻ, ശാഖാ പ്രവർത്തകരും ഭക്തജനങ്ങളും ചടങ്ങുകളിൽ സംബന്ധിച്ചു.



ശിവഗിരിയിലെ ആചാര്യ സ്മൃതി സമ്മേളനത്തിൽ എസ്.എൻ.ഡി.പി യോഗം അസി. സെക്രട്ടറി പി.എസ്.എൻ. ബാബു സംസാരിക്കുന്നു. കെ.പി. കൃഷ്ണകുമാരി, സ്വാമി സച്ചിദാനന്ദ, ചേർത്തല വി. ശശികുമാർ എന്നിവർ സമീപം

### ശിവഗിരിയിൽ ഇന്ന്

രാവിലെ 4.30ന് പർണശാലയിൽ ശാന്തിഹവനം, 5ന് ശാരദാമഠത്തിൽ വിശേഷാൽ പൂജ, 5.30ന് മഹാസമാധിയിൽ വിശേഷാൽ ഗുരുപൂജ, 5.45ന് ബ്രഹ്മവിദ്യാലയത്തിൽ ഗുരുദേവകൃതികളുടെ പാരായണം, 9ന് അഖണ്ഡനാമജപം, വിശ്വശാന്തിഹവനം, വൈകിട്ട് 3ന് ആചാര്യസ്മൃതി സമ്മേളനം.

## യതിപൂജ: നെയ്യാറ്റിൻകരയിൽ നിന്ന് 3000 പേർ പങ്കെടുക്കും

നെയ്യാറ്റിൻകര: ശിവഗിരിയിൽ നടക്കുന്ന ഗുരുദേവ മഹാസമാധി നവതി ആചരണത്തിലും യതിപൂജയിലും നെയ്യാറ്റിൻകരയിൽ നിന്നു മൂവായിരം പേരെ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു.

ഇതൊടനുബന്ധിച്ച നടന്ന പ്രവർത്തക സമ്മേളനം എസ്.എൻ.ഡി.പി യോഗം ദേവസ്വം സെക്രട്ടറി അരയാക്കണ്ടി സന്തോഷ് ഉദ്ഘാടനം ചെയ്തു.

യൂണിയൻ പ്രസിഡന്റ് കെ.വി. സൂരജ്കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം കൗൺസിലർ അഡ്വ. രാജൻ മഞ്ചേരി മുഖ്യപ്രഭാഷണം നടത്തി. യൂണിയൻ സെക്രട്ടറി ആവണി ബി. ശ്രീകണ്ഠൻ സ്വാഗതം പറഞ്ഞു. യോഗം ഡയറക്ടർ ബോർഡ് അംഗങ്ങളായ അഡ്വ. എസ്.കെ. അശോകകുമാർ, വൈ.എസ്. കുമാർ, സി.കെ. സുരേഷ്‌കുമാർ, യൂണിയൻ കൗൺസിലർമാരായ കള്ളിക്കാട് ശ്രീനിവാസൻ, അലത്തറയ്ക്കൽ ഉദയകുമാർ, മാരായമുട്ടം സജിത്, എസ്.എൽ. ബിനു ഇളവനിക്കര, കുട്ടമല മുകുന്ദൻ, പഞ്ചായത്ത് കമ്മിറ്റി അംഗങ്ങളായ ബ്രജേഷ്‌കുമാർ, ദിലീപ്‌കുമാർ, ഇടത്തല ശ്രീകുമാർ, വനിതാസംഘം പ്രസിഡന്റ് ഉഷാ ശിശുപാലൻ, ജയകുമാരി, അംബിക തുടങ്ങിയവർ പങ്കെടുത്തു. യൂണിയൻ വൈസ് പ്രസിഡന്റ് കിരൺ ചന്ദ്രൻ നന്ദി പറഞ്ഞു.

## യുവാവിനെ തലയ്ക്കടിച്ച് പരിക്കേല്പിച്ചയാൾ അറസ്റ്റിൽ

കഴക്കൂട്ടം: ടെക്നോപാർക്കിനടുത്ത് യുവാക്കളെ സംഘം ചേർന്ന് തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ച ശേഷം ഒളിവിൽ കഴിഞ്ഞ പെരുന്താന്നി കെ.ഇ.ആർ.എ ഗാർഡൻസ് സിയാമൻസിലിൽ നഹാസിനെ(26) കഴക്കൂട്ടം പൊലീസ് അറസ്റ്റുചെയ്തു. നാലുപേരെ നേരത്തെ അറസ്റ്റുചെയ്തിരുന്നു.

## സിനിമ

■ന്യൂ (2323244) :: ■SCREEN 1 - കായംകുളം കൊച്ചുണ്ണി (M - 10.00am, 1.00pm, 4.00pm, 7.00pm, 10.30pm)
■SCREEN 2 - കായംകുളം കൊച്ചുണ്ണി (M - 7.30am, 7.30pm, 11.00pm) VENOM (E-3D -2.30pm)
■SCREEN 3 - കായംകുളം കൊച്ചുണ്ണി (M - 7.30am) വരത്തൻ (M- 11.30am, 6.30pm) തീവണ്ടി (M- 2.30pm, 9.30pm)
■ശ്രീകുമാർ (2331222) :: 96 (T- 11.15, 2.30, 6.15, 9.30)
■ശ്രീവിശാഖ് (2331222) :: വരത്തൻ (M- 11.15) കായംകുളം കൊച്ചുണ്ണി (M - 2.30, 6.15, 9.30)
■ശ്രീപത്മനാഭ (2473999) :: കായംകുളം കൊച്ചുണ്ണി (M - 11.00, 2.30, 6.00, 9.30
■ദേവിപ്രിയ (2473999) :: പടയോട്ടം (M- 11.00) ചെക്ക ചിവന്ത വാനം (T- 2.30) 96 (T- 6.00, 9.30)
■അജന്ത (2472825) :: No Shows
■കൃപ :: കായംകുളം കൊച്ചുണ്ണി (M - 7.30am, 10.30am, 1.30pm, 4.30pm, 7.30pm, 10.30pm)
96 (T- 11.30am, 3.00pm, 10.00pm)
RATSASAN (T-6.30pm)
■കലാഭവൻ :: പടയോട്ടം (M- 11.30, 2.30) 96 (T- 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: ചാലക്കുടിക്കാരൻ ചങ്ങാതി (M - 11.00, 2.30, 6.00, 9.30)
■ശ്രീ (2332747) :: മന്ദാരം (M - 11.30, 2.30, 6.30, 9.30)
■നിള (2332747) :: KA BODYSCAPES (M 11.30, 2.30) ചെക്ക ചിവന്ത വാനം (T- 6.15, 9.30)
■ധന്യ (2476773) :: VADA CHENNAI (T- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: JALEBI (H- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- ചെക്ക ചിവന്ത വാനം (T- 11.15, 2.45, 6.30, 10.15)
■Audi 2- ചാലക്കുടിക്കാരൻ ചങ്ങാതി (M - 11.15, 9.45) തീവണ്ടി (M - 3.00, 6.30)
■Audi 3- SMALL FOOT (E- 11.30, 6.00) PATAAKHA (H- 2.30) SUIDAAGA (H- 8.00pm) JOHNNY ENGLISH (E- 10.30)
■Audi 4- JOHNNY ENGLISH (E- 11.00) DEVADASU (Telugu- 1.00) ഇമൈക്കനൊടികൾ (T- 4.00) പടയോട്ടം (M- 7.30, 10.30)
■Audi 5- വരത്തൻ (M - 11.30pm, 3.00pm, 6.45pm, 10.15pm)
■Audi 6- SUIDAAGA (H- 11.30, 4.45pm) JOHNNY ENGLISH (E- 2.15) SAAMY SQUARE (T- 10.05) ലില്ലി (M- 10.30pm)
■കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ)
96 (T- 10.15am, 4.00pm, 7.15pm, 10.30pm)
A STAR IS BORN (E- 12.45, 3.40)
അരവിന്ദസമേത വീര രാഘവ (Telugu- 7.00pm)
FIRST MAN (E- 4.30pm, 10.30pm)
HELICOPTER EELA (H- 10.00am, 4.15pm)
കായംകുളം കൊച്ചുണ്ണി (M - 9.30am, 12.00pm, 1.00pm, 3.30pm, 4.30pm, 6.30pm, 7.00pm, 7.30pm, 8.00pm, 10.30pm, 10.45pm, 11.30pm)
NONSENSE (M- 1.00pm, 7.30pm)
പടയോട്ടം (M- 11.15am)
രാക്ഷസൻ (T- 4.00pm)
തീവണ്ടി (M- 10.15am)
TUMBBAD (E- 10.00pm)
U TURN (T- 10.00, 1.15pm)
വരത്തൻ (M- 1.20pm, 10.45pm)
VENOM (E- 3D - 2.00pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■ screen 1 : കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■screen 2 : 96 (T- 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: വരത്തൻ (M- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ യമുന (2629973) :: ചാലക്കുടിക്കാരൻ ചങ്ങാതി (M - 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ചെക്ക ചിവന്ത വാനം (T- 11.00, 2.30, 6.30, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: RATSASAN (T - 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: U TURN (T - 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (04702602339) :: NONSENSE (M - 11.00, 2.30, 6.15) ചാലക്കുടിക്കാരൻ ചങ്ങാതി (M- 9.30)
■വർക്കല വിമല (9895233785) :: മന്ദാരം (M- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: NONSENSE (M - 11.00) 96 (T- 2.30, 6.15) ചാലക്കുടിക്കാരൻ ചങ്ങാതി (M - 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M - 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: തീവണ്ടി (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: കായംകുളം കൊച്ചുണ്ണി (M - 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: NONSENSE (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : കായംകുളം കൊച്ചുണ്ണി (M - 8.00am, 10.45am, 2.15pm, 6.00pm, 9.15pm)
■screen 2 : കായംകുളം കൊച്ചുണ്ണി (M - 10.45am, 2.15pm, 6.00pm, 9.15pm)
■പെരിങ്ങമ്മല അശ്വതി (2400394) :: തീവണ്ടി (M- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1- ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2- ഇബിലീസ് (M- 11.00, 2.30, 6.15, 9.30)
■Audi 3- KARWAAN (H- 11.00, 2.30, 6.15, 9.30)
■Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5- JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M - 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M - 2.30, 6.15) അച്ചം എമ്പത് മടമയ്യെട (T - 11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണതത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1- കായംകുളം കൊച്ചുണ്ണി (M - 11.00, 2.15, 6.15, 9.30)
■Tela 2- 96 (T- 11.15, 6.30) കായംകുളം കൊച്ചുണ്ണി (M - 2.30, 9.45)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: NONSENSE (M- 11.15, 9.30) ചാലക്കുടിക്കാരൻ ചങ്ങാതി (M - 2.30, 6.15)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: കായംകുളം കൊച്ചുണ്ണി (M - 11.30, 2.30, 6.00, 9.00)
■കാട്ടാക്കട ജയവിനായക (2290867) :: ■ screen 1 - ആട് -2 (M - 11.00, 2.15, 6.15, 9.15) ■ screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M - 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Nowshow
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T - 10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: കായംകുളം കൊച്ചുണ്ണി (M - 11.00am, 2.30pm, 6.15pm, 9.15pm)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M - 2.30, 6.30)
■പടന്തലുമൂട് IMP :: VADA CHENNAI (T - 11.00, 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■ സ്വരം - കായംകുളം കൊച്ചുണ്ണി (M - 11.30, 2.30, 6.30, 9.30)
■ലയം - കായംകുളം കൊച്ചുണ്ണി (M - 11.15, 2.15, 6.15, 9.15)

## ഇന്ന്

**തൈ**ക്കാട് ഗണേശം: സൂര്യ ഫെസ്റ്റിവലിൽ മധുഗോപിനാഥും വൈക്കം സജീവും സംവിധാനം ചെയ്ത നൃത്തരൂപ അവതരണം. കോസ്മിക് ഡാൻസ് ഓഫ് ശിവ-6.45ന്

**ചാ**ക്ക ബൈബാസ് മുട്ടമ്പിൽ ശ്രീ ശാസ്താക്ഷേത്രം: ദുർഗ്ഗാഷ്ടമി പൂജ -5ന്

**അ**റപ്പുര ശ്രീ ഈശ്വരി അമ്മൻ സരസ്വതി ദേവ ക്ഷേത്രം: സരസ്വതി സഹസ്രനാമാർച്ചന-8ന്, ഭക്തിഗാനസുധ- 7ന്

**കേ**ശവദാസപുരം ശ്രീ മാത്തൂവീട് ദേവീക്ഷേത്രം: നവരാത്രി ആഘോഷം. ദേവീമാഹാത്മ്യ പാരായണം - 5.30ന്

**പൂ**ജപ്പുര സരസ്വതി മണ്ഡപം: നവരാത്രി മഹോത്സവം ചെന്നൈ ടി.എൻ.എസ്. കൃഷ്ണയുടെ സംഗീത കച്ചേരി-6ന് ആലുവ രാജേഷിന്റെ മാജിക് വർണോത്സവം- 9.15ന്

**കു**ളങ്ങരക്കോണം ദക്ഷിണമൂകാംബിക ഭഗവതി ക്ഷേത്രം: ആയുധപൂജവെയ്പ്പ് - 6ന്

**ഇ**രുപ്പുകുഴി തലയാപ്പൂര് ഭഗവതി ക്ഷേത്രം: പ്രജീഷ് പി.ജെയും സംഘവും അവതരിപ്പിക്കുന്ന സംഗീത അർച്ചന-6.30ന്

**അ**ഭേദാശ്രമം: നവരാത്രി മഹോത്സവം. എസ്. ബാലാമ്മാളിന്റെ സംഗീത കച്ചേരി -7ന്

**ക**രിക്കകം ശ്രീ ചാമുണ്ഡി ക്ഷേത്രം: നവരാത്രി ആഘോഷം. സുരേഷ് വാസുദേവിന്റെ സംഗീത കച്ചേരി-6ന്

**വൈ**.എം.സി.എ. ഹാൾ: ഐ.എൻ.ടി.യു.സി. ട്രേഡ് യൂണിയൻ സംഗമം. ഉദ്ഘാടനം ശശി തരൂർ എം.പി-11ന്

**വെ**ൺപാലവട്ടം ശ്രീ ഭഗവതി ക്ഷേത്രം: നവരാത്രി ആഘോഷം. ഭക്തിഗാനസുധ- 5ന്

**ആ**റ്റുകാൽ ഭഗവതി ക്ഷേത്രം: നവരാത്രി ഉത്സവം. ഭക്തിഗാനസുധ- 5ന്, മോഹിനിയാട്ട കച്ചേരി- 6ന്, ഭരതനാട്യം- 7 ന്

**ധാ**ത്രി എ.ബി.എസ് ക്ലിനിക്ക്: ധന്വന്തരി ദിനാചരണം, സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ്- 10.30ന്

## ഉറുഗ്വേയെ വീഴ്ത്തി ജപ്പാൻ

ടോക്കിയോ: അന്താരാഷ്ട്ര സൗഹൃദ ഫുട്ബാൾ മത്സരത്തിൽ കരുത്തരായ ഉറുഗ്വേയെ ഏഷ്യൻ വിസ്മയ ടീം ജപ്പാൻ അട്ടിമറിച്ചു. അത്യന്തം ആവേശകരമായ മത്സരത്തിൽ 4-3നായിരുന്നു ജപ്പാന്റെ ജയം. മിനാമിനോ ജപ്പാനായി രണ്ട് ഗോളുകൾ നേടി. ഒസാക്കോ, ഡോൺ എന്നിവരും ജപ്പാനായി ലക്ഷ്യം കണ്ടു. പെരെയ്‌രോ, കവാനി, റോഡ്രിഗസ് എന്നിവരാണ് ഉറുഗ്വേയുടെ സ്കോറർമാർ.





## ഡെൻമാർക്ക് ഓപ്പൺ: സൈന ജയിച്ചു, സിന്ധു തോറ്റു

ഒഡേൻസെ (ഡെൻമാർക്ക്): ഡെൻമാർക്ക് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻ സെൻസേഷൻ സൈന നെഹ്‌വാൾ ജയിച്ചപ്പോൾ സൂപ്പർ താരം പി.വി. സിന്ധു ഞെട്ടിക്കുന്ന തോൽവിയോടെ ആദ്യ റൗണ്ടിൽ പുറത്തായി. ആദ്യ റൗണ്ട് പോരാട്ടത്തിൽ ഹോങ്കോംഗിന്റെ ഗാൻ യി ചുംഗിനെതിരെ മൂന്ന് സെറ്റ് നീണ്ട കടുത്ത പോരാട്ടത്തിനൊടുവിലാണ് സൈന ജയിച്ചുകയറിയത്. ആദ്യ ഗെയിം നഷ്ടമാക്കിയ ശേഷമാണ് അടുത്ത രണ്ട് ഗെയിമും സ്വന്തമാക്കി സൈനയുടെ ജയം. എൺപത്തൊന്ന് മിനിറ്റ് നീണ്ട പോരാട്ടത്തിൽ 20-22, 21-17, 24-22നാണ് സൈനയുടെ ജയം.

അതേസമയം അമേരിക്കൻ താരം ബെയ്‌വൻ ഷാംഗാണ് സിന്ധുവിനെ ആദ്യ റൗണ്ടിൽ വീഴ്ത്തിയത്. മൂന്ന് സെറ്റ് നീണ്ട പോരാട്ടത്തിൽ 17-21, 21-16, 18-21 നായിരുന്നു സിന്ധുവിന്റെ തോൽവി. മത്സരം 56 മിനിറ്റ് നീണ്ടു. ഷാംഗിനെതിരെ സിന്ധുവിന്റെ തുടർച്ചയായ മൂന്നാം തോൽവിയാണിത്. കഴിഞ്ഞ ഫെബ്രുവരിയിൽ ഇന്ത്യൻ ഓപ്പണിന്റെ ഫൈനലിലും സിന്ധു ഷാംഗിനോടാണ് തോറ്റത്. ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ വെള്ളി നേടിയ ശേഷം സിന്ധുവിന്റെ മോശം പ്രകടനം തുടരുന്നതിനാണ് ഡെൻമാർക്ക് ഓപ്പണും സാക്ഷിയായത്. ഏഷ്യൻ ഗെയിംസിന് ശേഷം നടന്ന ജപ്പാൻ ഓപ്പണിൽ സിന്ധു രണ്ടാം റൗണ്ടിൽ പുറത്തായിരുന്നു.

## സായ് കബഡി കോച്ച് തൂങ്ങിമരിച്ച നിലയിൽ

ബംഗളൂരു: ബംഗളൂരു സായിയിലെ സീനിയർ കബഡി പരിശീലകൻ രുദ്രപ്പ വി. ഹൊസമണിയെ താമസിച്ചിരുന്ന ഹോട്ടലിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. വടക്കൻ ബംഗളൂരുവിലെ സ്പോർട്സ് അതോറിട്ടി ഒഫ് ഇന്ത്യയുടെ സെന്ററിൽ പതിമ്മൂന്നുകാരിയായ താരത്തെ പീഡിപ്പിക്കാൻ ശ്രമിച്ചെന്ന കേസിൽ ആരോപണ വിധേയനാണ് ഹൊസമണി.

ഒക്ടോബർ 9ന് പെൺകുട്ടികൾ വസ്ത്രം മാറുന്ന മുറിയിൽ വച്ച് ഹൊസമണി പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമിച്ചെന്നാണ് പരാതി. ഇയാൾക്കെതിരെ പോക്സോ നിയമ പ്രകാരം പൊലീസ് കേസെടുത്തിരുന്നു. ഹൊസമണിയെ കഴിഞ്ഞ ദിവസം സായ്‌യിൽ നിന്ന് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിരുന്നു. കഴിഞ്ഞ ദിവസമാണ് ഹൊസമണി ഹരിഹരയിലെ ഒരു ഹോട്ടലിൽ മുറിയെടുത്തത്. ഏറെ കഴിഞ്ഞിട്ടും ഹൊസമണി മുറിക്ക് പുറത്തിറങ്ങാത്തത് ശ്രദ്ധയിൽപ്പെട്ട ഹോട്ടൽ അധികൃതർ പൊലീസിൽ വിവരം അറിയിക്കുകയായിരുന്നു. പൊലീസെത്തി പൂട്ട് തകർത്ത് അകത്ത് കടന്നപ്പോഴാണ് തൂങ്ങി മരിച്ച നിലയിൽ ഹൊസമണിയെ കണ്ടത്. സമീപത്ത് നിന്ന് ആത്മഹത്യാ കുറിപ്പും കണ്ടെടുത്തിട്ടുണ്ട്.



*മലേഷ്യയിലെ പനാൻഗിൽ നടന്ന പ്രഥമ ഏഷ്യ പസഫിക്ക് മാസ്റ്റേഴ്സ് ഗെയിംസിൽ ബാസ്കറ്റ്ബാൾ 40+ വിഭാഗത്തിൽ സ്വർണം നേടിയ ഇന്ത്യൻ ടീമിലെ മലയാളി താരങ്ങളായ എസ്. ഷാബു കുമാർ, റാണ ജോസ് താലിയത്ത്, ജേക്കബ് കോശി എന്നിവർ.*



*സ്റ്റെർലിംഗ് ഇംഗ്ലണ്ടിന്റെ ആദ്യ ഗോൾ നേടുന്നു*

# ഇടിച്ചുകുത്തി ഇംഗ്ലണ്ട്, സ്പെയിനിന് പെയിൻ

## നേഷൻസ് ലീഗിൽ ഇംഗ്ലണ്ട് 3-2ന് സ്പെയിനിനെ വീഴ്ത്തി


സെവിയ്യ: യു.ഇ.എഫ്.എ നേഷൻസ് ലീഗിൽ സ്പെയിനെതിരെ ഇംഗ്ലണ്ടിന് തകർപ്പൻ ജയം. സ്പെയിനിലെ സെവിയ്യയിൽ നടന്ന മത്സരത്തിൽ റഹിം സ്റ്റെർലിംഗ് നേടിയ ഇരട്ട ഗോളുകളുടെ മികവിൽ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് ഇംഗ്ലണ്ട് ആതിഥേയരെ വീഴ്ത്തിയത്. മാർകസ് റാഷ്ഫോർഡും ഇംഗ്ലണ്ടിനായി സ്പാനിഷ് വലകുലുക്കി. പാക്കോ അൽകാസറും സെർജിയോ റാമോസുമാണ് സ്പെയിനിനായി ലക്ഷ്യം കണ്ടത്.

ഇംഗ്ലണ്ടിന്റെ മൂന്ന് ഗോളുകളും ആദ്യ പകുതിയിലാണ് പിറന്നത്. സ്പെയിൻ രണ്ട് ഗോൾ മടക്കിയത് രണ്ടാം പകുതിയിൽ ആയിരുന്നു. 2003 ജൂണിന് ശേഷം ആദ്യമായാണ് സ്പെയിൻ നാട്ടിൽ ഒരു കോംപറ്റേറ്റീവ് മത്സരത്തിൽ തോൽക്കുന്നത്. നാട്ടിൽ സ്പെയിൻ ഒരു കോംപറ്റേറ്റീവ് മത്സരത്തിൽ മൂന്ന് ഗോൾ വഴങ്ങുന്നത് ഇതാദ്യമായാണ്. 1978ന് ശേഷം ആദ്യമായാണ് ഇംഗ്ലണ്ട് സ്പെയിനിലൊരു എവേ മത്സരത്തിൽ ജയിക്കുന്നത്.

ഏറെക്കാലമായി ഇംഗ്ലീഷ് ജേഴ്സിയിൽ ഗോൾ കണ്ടെത്താനാകാതിരുന്ന സ്റ്റെർലിംഗിന്റെ തകർപ്പൻ തിരിച്ചുവരവ് കൂടിയായി ഈ മത്സരം. ബാൾ പൊസഷനിലും ഷോട്ടിലും ഉൾപ്പെടെ മത്സരത്തിൽ ആധിപത്യം സ്പെയിനിനായിരുന്നെങ്കിലും ഗോൾ കണ്ടെത്തുന്നതിലുള്ള പിഴവാണ് അവർക്ക് വിനയായത്. മറുവശത്ത് ഇംഗ്ലണ്ട് കിട്ടിയ അവസരങ്ങൾ കൃത്യമായി മുതലാക്കി ജയം സ്വന്തമാക്കുകയായിരുന്നു. ടാർജറ്റിലേക്കെടുത്ത മൂന്ന് ഷോട്ടും ഗോളാക്കാൻ ഇംഗ്ലണ്ടിനായി. രണ്ടാം പകുതിയിൽ ഒരു ഷോട്ട് പോലും ഇംഗ്ലണ്ട് ടാർജറ്റിലേക്ക് എടുത്തില്ല. മറുവശത്ത് സ്പെയിൻ ആറെണ്ണമാണ് ടാർജറ്റിലേക്ക് ലക്ഷ്യം വച്ചത്.

4-3-3 ശൈലിയിൽ ഹാരി കേനെ സെന്റർ സ്ട്രൈക്കറാക്കി റാഷ്ഫോർഡിനെയും സ്റ്റെർലിംഗിനെയും വിംഗുകളിൽ വിന്യസിച്ചാണ് ഗാരത് ബെയ്ൽ ഇംഗ്ലണ്ട് ടീമിനെ കളത്തിലിറക്കിയത്. മറുവശത്ത് ലൂയിസ് എൻറിക്വെയും ഇതേ ശൈലി തന്നെയാണ് സ്വീകരിച്ചത്. റോഡ്രിഗോയെ സെന്റർ സ്ട്രൈക്കറാക്കി ആസ്പ്പാസും അസൻസിയോയുമായിരുന്നു വിംഗുകളിൽ. 16-ാം മിനിറ്റിൽ റാഷ്ഫോർഡിന്റെ ത്രൂ പാസിൽ നിന്നാണ് സ്റ്റെർലിംഗ് സ്പാനിഷ് വലകുലുക്കിയത്. 29-ാം മിനിറ്റിൽ കേന്റെ പാസിൽ നിന്ന് റാഷ്ഫോർഡ് ഇംഗ്ലണ്ടിന്റെ ലീഡ് രണ്ടായി ഉയർത്തി. 38-ാം മിനിറ്റിൽ കേൻ നൽകിയ പന്തിൽ നിന്ന് സ്റ്റെർലിംഗ് ഇംഗ്ലണ്ടിന്റെ മൂന്നാം ഗോളും നേടി.

58-ാം മിനിറ്റിലാണ് അൽകാസർ സ്പെയിനിന്റെ ആദ്യ ഗോൾ നേടിയത്. രണ്ടാം പകുതിയിൽ അധിക സമയത്ത് 97-ാം മിനിറ്റിലാണ് റാമോസ് സ്പെയിനിന്റെ രണ്ടാം ഗോൾ നേടിയത്.



## ഷർദ്ദുളിന് പകരം ഉമേഷ്

ന്യൂഡൽഹി: വെസ്റ്റിൻഡീസിനെതിരായ ആദ്യ രണ്ട് ഏകദിനങ്ങൾക്കുള്ള ഇന്ത്യൻ ടീമിൽ പരിക്കേറ്റ പേസർ ഷർദ്ദുൾ താക്കൂറിന് പകരം ഉമേഷ് യാദവിനെ ഉൾപ്പെടുത്തി. രണ്ടാം ടെസ്റ്റിൽ പുറത്തെടുത്ത മാച്ച് വിന്നിംഗ് പ്രകടനമാണ് ഷർദ്ദുളിന് പകരക്കാരനായി ഉമേഷിന് അവസരം നൽകാൻ സെലക്ടർമാരെ പ്രേരിപ്പിച്ചത്. കപിലിനും ശ്രീനാഥിനും ശേഷം നാട്ടിൽ ഒരു ടെസ്റ്റിൽ പത്ത് വിക്കറ്റ് നേട്ടം സ്വന്തമാക്കുന്ന ആദ്യത്തെ ഇന്ത്യൻ പേസർ എന്ന നേട്ടം വെസ്റ്റിൻഡീസിനെതിരായ രണ്ടാം ടെസ്റ്റിൽ ഉമേഷ് സ്വന്തമാക്കിയിരുന്നു.

രണ്ടാം ടെസ്റ്റിൽ അരങ്ങേറ്റം കുറിച്ച ഷർദ്ദുൾ മത്സരത്തിനിടെ അടിവയറ്റിൽ വേദനയെ തുടർന്ന് പിൻമാറുകയായിരുന്നു. വെറും പത്ത് ബാളുകളെ ഷർദ്ദുളിന് എറിയാനായുള്ളൂ.

## വിൻഡീസ് കോച്ച് സ്റ്റുവർട്ട് ലോയ്ക്ക് വിലക്ക്

ന്യൂഡൽഹി: വെസ്റ്റൻഡീസ് കോച്ച് സ്റ്റുവർട്ട് ലോയ്ക്ക് അച്ചടക്ക ലംഘനത്തെ തുടർന്ന് രണ്ട് മത്സരങ്ങളിൽനിന്ന് വിലക്കും പിഴ ശിക്ഷയും ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ ചുമത്തി. ഇന്ത്യയ്ക്ക് എതിരായ ആദ്യ രണ്ട് ഏകദിനങ്ങളിലാണ് ലോയ്ക്ക് വിലക്ക് ലഭിച്ചിരിക്കുന്നത്. രണ്ടാം ടെസ്റ്റിന്റെ മൂന്നാംദിനം കീറോൺ പവൽ പുറത്തായതിൽ അസന്തുഷ്ടനായ ലോ ടി.വി അമ്പയറുടെ മുറിയിൽ എത്തി അസഭ്യം പറഞ്ഞതിനും തുടർന്ന് നാലാം അമ്പയർക്ക് അനുവദിച്ചിരിക്കുന്ന സ്ഥലത്തെത്തി മോശം വാക്കുകൾ ഉപയോഗിച്ച് സംസാരിച്ചതിനുമാണ് വിലക്ക് കിട്ടിയിരിക്കുന്നത്. ലോയുടെ മാച്ച് ഫീസിൽ നിന്ന് പിഴ ഈടാക്കും. 2017 മേയിൽ പാകിസ്ഥാനെതിരെ നടന്ന ടെസ്റ്റിനിടെയും അച്ചടക്കലംഘനത്തിന് ലോയ്ക്ക് ശിക്ഷ ലഭിച്ചിരുന്നു.

# ഇന്നു മുതൽ വീണ്ടും ഐ.എസ്.എൽ ആരവം

**ഐ.എസ്.എല്ലിൽ ഇന്ന് എ.ടി.കെ Vs ഡൽഹി ഡൈനാമോസ് പോരാട്ടം**

ന്യൂഡൽഹി: ഐ.എസ്.എല്ലിൽ പത്ത് ദിവസത്തെ ഇടവേളയ്ക്ക് ശേഷം ഇന്ന് വീണ്ടും പന്തുരുളുന്നു. ഇന്ന് നടക്കുന്ന പോരാട്ടത്തിൽ ഡൽഹി ഡൈനാമോസ് കൊൽക്കത്തൻ ക്ലബ് എ.ടി.കെയെ നേരിടും. ഡൽഹി ഡൈനാമോസിന്റെ തട്ടകമായ ഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30 മുതലാണ് മത്സരം. സ്റ്റാർ സ്പോർട്സ് ചാനലുകളിൽ മത്സരത്തിന്റെ തത്സമയ സംപ്രേഷണം ഉണ്ട്.

രണ്ട് തവണ ഐ.എസ്.എൽ കിരീടം സ്വന്തമാക്കിയിട്ടുള്ള എ.ടി.കെ ഈ സീസണിൽ കളിച്ച രണ്ട് മത്സരങ്ങളിലും തോറ്റ് പോയിന്റ് ടേബിളിൽ അവസാന സ്ഥാനത്താണ്. സ്വന്തം തട്ടകത്തിൽ കേരളബ്ലാസ്റ്റേഴ്സിനെതിരെയും നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെതിരെയുമായിരുന്നു എ.ടി.കെയുടെ തോൽവികൾ. മറുവശത്ത് ഡൽഹി പൂനെയുമായിട്ട് കളിച്ച ആദ്യ മത്സരത്തിൽ സമനിലയിൽ പിരിഞ്ഞിരുന്നു. പോയിന്റ് ടേബിളിൽ ആറാം സ്ഥാനത്താണവർ.

ഇരു ടീമും ഇതുവരെ ഏറ്റുമുട്ടിയ എട്ട് മത്സരങ്ങളിൽ നാലും സമനിലയായിരുന്നു. രണ്ട് വീതം മത്സരങ്ങളിൽ ഇരുടീമും ജയിച്ചിട്ടുണ്ട്. സ്റ്റീവ് കോപ്പൽ പരിശീലിപ്പിക്കുന്ന എടികെ ഡൽഹിയിൽ ഒരു വിജയത്തുടക്കത്തിനാണ് ശ്രമിക്കുന്നത്. കാലു ഉച്ചെ, ലാൻസറോട്ടി, എവർട്ടൺ സാന്റോസ് തുടങ്ങിയ സൂപ്പർ താരങ്ങളൊന്നും പ്രതീക്ഷയ്ക്കൊത്തുയരാത്തതാണ് എ ടി കെയെ കുഴയ്ക്കുന്നത്. മറുവശത്ത് ജോസഫ് ഗോമ്പൗ പരിശീലിപ്പിക്കുന്ന ഡൽഹി ഡൈനാമോസും സീസണിലെ ആദ്യ ജയമാണ് പ്രതീക്ഷിക്കുന്നത്. റൗണ ഘരാമിയുടെ ഗോളിൽ ലീഡെടുത്ത ശേഷമാണ് അവർ ആദ്യ മത്സരത്തിൽ അവസാന നിമിഷം വഴങ്ങിയ ഗോളിൽ സമനിലയിൽ കുടുങ്ങിയത്.



*എ.ടി.കെയുടെ കാലു ഉച്ചെ പരിശീലനത്തിൽ*

# ജിൻസണും നീനയ്ക്കും ജി.വി.രാജ പുരസ്കാരം

## എസ്. മുരളീധരന് ഒളിമ്പ്യൻ സുരേഷ്ബാബു ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ്



*ജിൻസൺ ജോൺസൺ*



*വി.നീന*

തിരുവനന്തപുരം: ഒളിമ്പ്യന്മാരായ ജിൻസൺ ജോൺസണും വി.നീനയ്ക്കും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ജി.വി രാജ പുരസ്കാരം. മൂന്ന് ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് പുരസ്കാരം. മന്ത്രി ഇ.പി ജയരാജനാണ് വാർത്താസമ്മേളനത്തിൽ പുരസ്കാര പ്രഖ്യാപനം നടത്തിയത്. ഒളിമ്പ്യൻ സുരേഷ്ബാബു ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിന് ബാഡ്മിന്റൺ പരിശീലകൻ എസ്. മുരളീധരൻ അർഹനായി. രണ്ട് ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് പുരസ്കാരം. മികച്ച പരിശീലകനായി സംസ്ഥാന സ്പോർട്സ് കൗൺസിൽ വോളിബോൾ പരിശീലകൻ എസ്.മനോജിനെ തിരഞ്ഞെടുത്തു. ഒരു ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്. കോളജ് തലത്തിലെ മികച്ച കായികാദ്ധ്യാപകനുള്ള പുരസ്കാരത്തിന് കോതമംഗലം മാർ അത്താനേഷ്യസ് കോളജിലെ ഡോ. മാത്യൂസ് ജേക്കബ് അർഹനായി. 50,000 രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്.

മികച്ച കായിക നേട്ടങ്ങൾ കൈവരിച്ച കോളേജായി ചങ്ങനാശ്ശേരി അസംപ്ഷൻ കോളജ് തിരഞ്ഞെടുക്കപ്പെട്ടു. 50000 രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് പുരസ്കാരം. സ്കൂൾ തല സ്പോർട്സ് ഹോസ്റ്റൽ (വനിത) വിഭാഗത്തിൽ ഏറ്റവും മികച്ച കായികനേട്ടങ്ങൾ കരസ്ഥമാക്കിയ കായികതാരമായി കൊല്ലം സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലിലെ അബിഗെയിൽ ആരോഗ്യനാഥൻ തിരഞ്ഞെടുക്കപ്പെട്ടു. 50,000 രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്. കോളജ്തല സ്പോർട്സ് ഹോസ്റ്റൽ (വനിത) വിഭാഗത്തിൽ ഏറ്റവും മികച്ച കായികനേട്ടങ്ങൾ കരസ്ഥമാക്കിയ കായികതാരമായി ജിൻസി ജിൻസണെ (അസംപ്ഷൻ കോളേജ് ചങ്ങനാശ്ശേരി) തിരഞ്ഞെടുത്തു. 50,000 രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്. മതിയായ യോഗ്യതയുള്ള അപേക്ഷകർ ഇല്ലാത്തതിനാൽ മികച്ച സ്കൂൾ കായിക അദ്ധ്യാപകനുള്ള അവാർഡ് പ്രഖ്യാപിച്ചില്ല. മികച്ച കായികനേട്ടം കൈവരിച്ച സ്കൂളുകളുടെ അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തിതിനാൽ മികച്ച സ്കൂളിനുള്ള അവാർഡും പ്രഖ്യാപിച്ചില്ല. കോളേജ്, സ്കൂൾതല സ്പോർട്സ് ഹോസ്റ്റൽ വിഭാഗത്തിൽ (ആൺകുട്ടികൾ) അപേക്ഷകൾ ലഭിക്കാതിരുന്നതിനാൽ മികച്ച കോളേജ്, സ്കൂൾതല സ്പോർട്സ് ഹോസ്റ്റൽ ആൺകുട്ടികൾക്കുള്ള അവാർഡും പ്രഖ്യാപിച്ചില്ല.

വാർത്താസമ്മേളനത്തിൽ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി. ദാസൻ, കായിക വകുപ്പ് സെക്രട്ടറി ഡോ. ജയതിലക്, സ്പോർട്സ് കൗൺസിൽ സെക്രട്ടറി സഞ്ജയൻകുമാർ, സ്പോർട്സ് കൗൺസിൽ അംഗം എം.ആർ. രഞ്ജിത് തുടങ്ങിയവർ പങ്കെടുത്തു.



*ലിയോൺ വിക്കറ്റാഘോഷത്തിൽ*

## രണ്ടാം ടെസ്റ്റ്: പാകിസ്ഥാൻ 282ന് പുറത്ത്

ദുബായ്: ആസ്ട്രേലിയക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ ഒന്നാം ഇന്നിംഗ്സിൽ പാകിസ്ഥാൻ 282 റൺസിന് ആൾ ഔട്ടായി. തുടർന്ന് ബാറ്റിംഗിനിറങ്ങിയ ആസ്ട്രേലിയ ഒന്നാം ദിനം സ്റ്റമ്പെടുക്കുമ്പോൾ 20/2 എന്ന നിലയിലാണ്.

ടോസ് നേടി ബാറ്റിംഗിനിറങ്ങിയ പാകിസ്ഥാനെ 4 വിക്കറ്റ് വീഴ്ത്തിയ നാഥാൻ ലിയോണും മൂന്ന് വിക്കറ്റെടുത്ത ലബുഷാഗ്നെയും ചേർന്നാണ് ചുരുട്ടിക്കെട്ടിയത്. നാഥാൻ ലിയോണിന്റെ സ്പിന്നിന് മുന്നിൽ കറങ്ങിവീണ പാകിസ്ഥാൻ 1-57 എന്ന നിലയിൽ നിന്ന് 5-57 ലേക്ക് തകർന്നു. ഫകർ സമാൻ (94), സർഫ്രാസ് അഹമ്മദ്(94) എന്നിവരുടെ ചെറുത്ത് നില്പാണ് പാകിസ്ഥാനെ 282 വരെയെത്തിച്ചത്. മൊഹമ്മദ് അബ്ബാസാണ് ഒന്നാം ഇന്നിംഗ്സിനിറങ്ങിയ ഓസീസിന്റെ രണ്ട് വിക്കറ്റും വീഴ്ത്തിയത്.



## ഇന്ത്യ Vs വിൻഡീസ് ഏകദിനം: ടിക്കറ്റ് വില്പന ഇന്ന് മുതൽ

കഴക്കൂട്ടം: കാര്യവട്ടം ഗ്രീൻഫീൽഡ് സ്പോർട്സ് ഹബിൽ നവംബർ ഒന്നിന് നടക്കുന്ന ഇന്ത്യയും വെസ്റ്റിൻഡീസും തമ്മിലുള്ള ഏകദിന ക്രിക്കറ്റ് മത്സരത്തിന്റെ ഓൺലൈൻ ടിക്കറ്റ് വില്പനയുടെ ഉദ്ഘാടനം ഇന്ന് രാവിലെ 10 ന് മന്ത്രി ഇ.പി. ജയരാജൻ സ്റ്റേഡിയത്തിൽ നിർവഹിക്കും. ടിക്കറ്റ് വില്പനക്കായി സ്റ്റേഡിയത്തിലെ സീറ്റുകളെല്ലാം നമ്പരിട്ട് കഴിഞ്ഞു. 42,500 ടിക്കറ്റുകൾ വില്പനക്കുണ്ടെന്നാണ് വിവരം. വിദ്യാർത്ഥികൾക്ക് ടിക്കറ്റ് നിരക്കിൽ ഇളവ് നൽകിയിട്ടുണ്ട്. ഗാലറിയിലെ ഒരു ഭാഗമാണ് വിദ്യാർത്ഥികൾക്കായി നീക്കിവെച്ചിട്ടുള്ളത്.





### ചന്ദ്രശേഖരൻ നായർ
തിരുവനന്തപുരം : ചിറമുക്ക് കൈലാസത്തിൽ പി. ചന്ദ്രശേഖരൻ നായർ (76) നിര്യാതനായി. ഭാര്യ രത്നമ്മ. മക്കൾ : മിനി. കെ.ആർ (എൽ.പി.എസ്.സി, വലിയമല), മീര. കെ.ആർ (തുഞ്ചൻ സ്മാരക പബ്ലിക് സ്കൂൾ), മനോജ്. സി ( തിരുവാതിര ഫോട്ടോസ്). മരുമക്കൾ : കെ.പി. കൃഷ്ണകുമാർ (ദൂരദർശൻ കേന്ദ്ര ), പത്മകുമാർ (ടി.ആർ.ഡി.പി. ഡൽഹി), അനിത (തിരുവാതിര ബ്യൂട്ടി പാർലർ). സഞ്ചയനം : 21 ന് രാവിലെ 9 ന്.



### സരസമ്മപിള്ള
എള്ളുവിള: കരിക്കാമൻകോട് ദേവിപുരം അകരത്ത് വിളാകത്ത് വീട്ടിൽ പരേതനായ ശങ്കരപിള്ളയുടെ ഭാര്യ സരസമ്മ പിള്ള (91) നിര്യാതയായി. മക്കൾ : അംബികാദേവി, വിജയകുമാരൻ നായർ, ദേവിപുരം ജയൻ. മരുമക്കൾ : പരേതനായ രാമചന്ദ്രൻ നായർ, ശ്രീകല, സുചിത്രേ. സഞ്ചയനം : തിങ്കളാഴ്ച രാവിലെ 9 ന്.



### പി. സരസമ്മപിള്ള
കാരക്കോണം : പളുകൽ പുരവൂർ പരമേശ്വര വിലാസം ബംഗ്ലാവിൽ പരേതനായ പരമേശ്വരൻ നായരുടെ ഭാര്യ പി. സരസമ്മപിള്ള (95) നിര്യാതയായി. മക്കൾ : ശാന്തകുമാരിഅമ്മ, പങ്കജാക്ഷി അമ്മ, ശങ്കരനാരായണപിള്ള (റിട്ട. സബ് ഇൻപെക്ടർ, കേരള), അംബിക കുമാരി, വിക്രമൻ നായർ (ഡിഫൻസ്), രമാദേവി, പരേതനായ മധുസൂദനൻ നായർ. മരുമക്കൾ : കൃഷ്ണൻ നായർ, ജലജകുമാരി, ജയകുമാരി, വിജയകുമാർ (ടൂറിസം), പരേതരായ ശ്രീധരൻ നായർ, സുരേന്ദ്രൻ നായർ. സഞ്ചയനം : ചൊവ്വാഴ്ച രാവിലെ 8.30 ന്.

### അനീറ്റ
മുടവൻമുകൾ : അശ്വതി ഭവനിൽ എം. അനീറ്റ (സുജിത) നിര്യാതയായി. ഭർത്താവ്: ജയൻ. മകൻ : എബി. പ്രാർത്ഥന : ഇന്നുരാവിലെ 6ന് മുടവൻമുകൾ മേരീ റാണി ചർച്ചിലും തുടർന്ന് 7.30ന് പാറ്റൂർ സെമിത്തേരിയിലും. ഫോൺ: 9544445463.

### വിജയാ രാധാകൃഷ്ണൻ
തിരുവനന്തപുരം : പുന്നപുരം ഇടവാമഠം ലെയിൻ തിരുവോണത്തിൽ ജി.ആർ. നായരുടെ (റിട്ട. എയർഫോഴ്സ്) ഭാര്യ വിജയാരാധാകൃഷ്ണൻ (83) നിര്യാതയായി. മക്കൾ : റിട്ട. കേണൽ ആർ.പി. നായർ, അയിഷ നായർ (റിട്ട. എസ്.ബി.ടി), ഡോ. മിനി നായർ (റിട്ട. മത്സ്യഫെഡ്). മരുമക്കൾ : ഇന്ദിരാനായർ, ഗോപിനാഥൻ (റിട്ട. എയർ ഫോഴ്സ്), ഡോ. മുരളീധരൻ നായർ (റിട്ട. സീനിയർ സയന്റിസ്റ്റ്, സെസ്). സംസ്കാരം ഇന്ന് ശാന്തികവാടത്തിൽ.



### മാർഗരറ്റ് ഏഞ്ചൽ
കാഞ്ഞിരംകുളം : ചാണി ഏൻജൽസിൽ ടി.എം. മാർഗരറ്റ് സലീലം ഏൻജൽ (63, റിട്ട. ജൂനിയർ സൂപ്രണ്ട്, ക്രിസ്റ്റ്യൻ കോളേജ് കാട്ടാക്കട) നിര്യാതയായി. ഭർത്താവ്: ഡബ്ലിയു. വാട്സൺ (റിട്ട. അസിസ്റ്റന്റ് എൻജിനിയർ ഭൂജല വകുപ്പ്). മക്കൾ : അനുപ ഡബ്ലിയു. ഏൻജൽ, അമൃത ഡബ്ലിയു. ഏൻജൽ. മരുമക്കൾ : വി.എസ്. പ്രതാപ് ( എസ്.ബി.ഐ ചൊവ്വര ബ്രാഞ്ച്), സൈനു എസ്. ഡേവി ( സീമൻസ്). പ്രാർത്ഥന 21 ന് വൈകിട്ട് 3 ന്.



### ഭാനുമതി അമ്മ
കുറ്റിയാണി : പുത്തൻവിള വീട്ടിൽ പരേതനായ ആർ. ബാലൻ പിള്ളയുടെ ഭാര്യ ബി. ഭാനുമതി അമ്മ (97) നിര്യാതയായി. മക്കൾ : സുകുമാരൻ നായർ, രവീന്ദ്രൻ നായർ, ശശിധരൻ നായർ, മോഹനൻ, അനിൽകുമാർ. മരുമക്കൾ : വസന്തകുമാരി, ജയകുമാരി, ലതാകുമാരി, ശ്രീകലാ ദേവി. സഞ്ചയനം : 21 ന് രാവിലെ 8.30 ന്.



### ഡി. ജഗദമ്മ
മാർത്താണ്ഡം : നെൽവേലി ഗ്രാമത്തിൽ കല്ലറ വീട്ടിൽ പരേതനായ ഭാസ്കരപിള്ളയുടെ ഭാര്യ ഡി. ജഗദമ്മ (94) നിര്യാതയായി. മക്കൾ : മോഹനൻ നായർ, നളിനകുമാരി, പ്രസന്നകുമാരി, ഉഷാകുമാരി, രാജശേഖരൻ നായർ. പരേതരായ ഇന്ദിരാഭായി, കനകമ്മ, മരുമക്കൾ : കെ.ബി. ശാകാംഭരി അമ്മ, പ്രസാദ് ജെ.എസ്, സ്കന്ദകുമാർ. കെ, കലാദേവി. പരേതരായ സദാശിവൻനായർ, ബാലകൃഷ്ണൻ നായർ, വേലായുധൻ നായർ. സംസ്കാരം ബുധനാഴ്ച രാവിലെ 9 ന് വീട്ടുവളപ്പിൽ.



### അംബുജാക്ഷി
ചിറയിൻകീഴ് : അഞ്ചുതെങ്ങ് നെടുങ്ങണ്ട ചെറിയകോവിൽത്തോട്ടം വീട്ടിൽ പരേതനായ വാസുദേവന്റെ ഭാര്യ അംബുജാക്ഷി (86) നിര്യാതയായി. മക്കൾ: ഇന്ദിര, മണിലാൽ, രമണൻ, ലില്ലി, രമേശൻ. മരുമക്കൾ: മോഹൻദാസ്, സീന, ശ്രീല, ബാലാജി.

### പാത്തുമുത്തു
കണിയാപുരം : അണ്ടൂർക്കോണം ഹനീഫ് മൻസിലിൽ പരേതനായ എം.എം. ഹനീഫയുടെ ഭാര്യ പാത്തുമുത്തു (69, റിട്ട. സി.ആർ.പി. എഫ് സബ്ഇൻസ്പെക്ടർ) നിര്യാതയായി. മക്കൾ : പരേതനായ അൻവർ, ഷമീം (അസി.പ്രൊഫ. ബെർണൻകോളേജ് തലശേരി) .



### സരസ്വതി അമ്മ
ആറ്റിങ്ങൽ: മാമം പറയത്തുകോണം പുത്തൻ വീട്ടിൽ പരേതനായ ഗോപാലകൃഷ്ണൻ നായരുടെ ഭാര്യ സരസ്വതി അമ്മ( 70) നിര്യാതയായി. മക്കൾ: രവികുമാർ, ശ്രീലത, രാമചന്ദ്രൻ നായർ, ശ്രീജ. മരുമക്കൾ: ലത, മധുസൂദനൻ നായർ, ജയകുമാർ. സംസ്കാരം ഇന്ന് രാവിലെ 9 ന്. ഫോൺ: 9526335094.



### കെ. ലളിത
മഠത്തിക്കോണം : പട്ടകുളം കൃഷ്ണവിലാസത്തിൽ ജയകുമാറിന്റെ ഭാര്യ കെ. ലളിത (61) നിര്യാതയായി. മക്കൾ : ശ്രീദേവി, ഗോപകുമാർ. മരുമക്കൾ : രാജേഷ്, അജിത. സഞ്ചയനം : ഞായറാഴ്ച രാവിലെ 8.30 ന്.



### ചെല്ലമ്മ
ചെമ്പഴന്തി: കരിമ്പുവിള പൂമുഖം എസ്.എൻ.ആർ.എ എ -20ൽ പരേതനായ തങ്കപ്പൻ നായരുടെ ഭാര്യ പി. ചെല്ലമ്മ (83) നിര്യാതയായി. മക്കൾ : പരേതനായ ശശീന്ദ്രൻ നായർ, വത്സലകുമാരി, തങ്കമണി അമ്മ, ജയകുമാരി, രാജേന്ദ്രൻ നായർ, വിജയൻ നായർ, ബാബുകുട്ടൻ നായർ, ഹരിചന്ദ്രൻ നായർ. മരുമക്കൾ : ഓമനഅമ്മ, രമണി, സതികുമാരി, ശ്രീകല, ഷൈലജ, പരേതരായ ശശിധരൻ നായർ, വിജയകുമാരൻ നായർ, ശേഖരൻ നായർ. സഞ്ചയനം : ഞായറാഴ്ച രാവിലെ 8.30 ന്.



### ലളിത
കല്ലമ്പലം : കരവാരം തോട്ടയ്ക്കാട് ആലുവിള വീട്ടിൽ പരേതനായ നകുലന്റെ ഭാര്യ ലളിത (78) നിര്യാതയായി. മക്കൾ : ഷീലിക, ഷീജ. മരുമക്കൾ : സുഭാഷ്, സുരേഷ് ബാബു. സഞ്ചയനം : 20 ന് രാവിലെ 8 ന്.

### സരോജിനി പിള്ള
പേരൂർക്കട: എൻ.സി.സി റോഡ് (ജി.എസ്.എസ്.എൻ.ആർ.എ 157) വിജയ ഭവനിൽ പരേതനായ കെ.കെ. പരമേശ്വരൻ പിള്ള (റിട്ട. അക്കൗണ്ട്സ് ഓഫീസർ, ഏജീസ് ഓഫീസ്) യുടെ ഭാര്യ ജി. സരോജിനി പിള്ള (86) നിര്യാതയായി. മക്കൾ : പരേതനായ പി. ശശികുമാർ (റിട്ട. മാനേജർ, എസ്.ബി.ടി), പി. രാജൻ, പി. വിജയകുമാർ (റിട്ട. അഡി. സെക്രട്ടറി, പൊതുഭരണവകുപ്പ്), എസ്. ലീലാകുമാരി. മരുമക്കൾ : ജയശ്രീ, രമാദേവി, ശ്രീവത്സല, മുരളീമോഹൻ. സംസ്കാരം ഇന്ന് രാവിലെ 11 ന് ശാന്തികവാടത്തിൽ.

### ദേവയാനി
മൺറോത്തുരുത്ത്: നെന്മേനിതെക്ക് ശങ്കരംപള്ളിതോപ്പിൽ പരേതനായ വാസുദേവന്റെ ഭാര്യ ദേവയാനി (87) നിര്യാതയായി. മക്കൾ: പുഷ്പവല്ലി, സുരേഷ്കുമാർ, രേണുക, പരേതരായ സുബ്രഹ്മണ്യൻ, സുഭാഷ്, ശ്രീലത. മരുമക്കൾ: രംഗനാഥൻ, അംബിക, സുന്ദരേശൻ, ഉദയകുമാർ, അംബിക.



### ചെല്ലമ്മ
ആറ്റിങ്ങൽ: അവനവഞ്ചേരി ടോൾമുക്ക് ഒലിപ്പുവിള വീട്ടിൽ പരേതനായ കമലാസനന്റെ ഭാര്യ ചെല്ലമ്മ( 83) നിര്യാതയായി. സഞ്ചയനം 19 ന് രാവിലെ 8.30ന്.



### സൈനബാ ബീവി
കുറ്റിച്ചൽ : കുറ്റിച്ചൽ കല്ലറതോട്ടം എസ്.എസ്. മൻസിൽ പരേതനായ സൈനുലാബ്ദീന്റെ ഭാര്യ സൈനബാ ബീവി (70) നിര്യാതയായി. മക്കൾ : അഡ്വ. ഷാനവാസ്, കുറ്റിച്ചൽ ഷമീം (എൽ.ജെ.ഡി ജില്ലാ സെക്രട്ടറി), ഷാജഹാൻ (സൗദി).



### അപ്പുക്കുട്ടൻ നായർ
നെടുമങ്ങാട്: പനവൂർ കൊല്ല വടക്കേക്കോണത്ത് ശ്രീവിശാഖത്തിൽ എൻ. അപ്പുക്കുട്ടൻ നായർ (81) നിര്യാതനായി. ഭാര്യ : സുശീല. മക്കൾ : അജിതകുമാരി, സുകുമാരൻ നായർ, ജയകുമാരി. മരുമക്കൾ : ഗോപകുമാരൻ നായർ, അനിൽ കുമാരൻ നായർ. സഞ്ചയനം 21 ന് രാവിലെ ഒമ്പതിന്.



### ജയകുമാർ
അവണാകുഴി: ഇലവൻകുഴി ശ്രീഭവനിൽ ആർ. ജയകുമാർ (55) നിര്യാതനായി. ഭാര്യ : സുധാകുമാരി. മക്കൾ : മഹിമ, മജീഷ്. മരുമകൻ : ശ്രീജിത്ത്. സഞ്ചയനം : തിങ്കളാഴ്ച രാവിലെ 9ന്.

### തങ്കമ്മ
കട്ടച്ചൽകുഴി: പുത്തൻകാനം സന്തോഷ് ഭവനിൽ പരേതനായ പി. ഗംഗാധരന്റെ ഭാര്യ തങ്കമ്മ (88) നിര്യാതയായി. മക്കൾ : കനകപ്രഭ, രാധാമണി (സുധ), ചന്ദ്രിക, ശോഭന. മരുമക്കൾ : രത്നാകരൻ, പരേതരായ ദിവാകരപണിക്കർ, രാമനാഥൻ, വിശ്വംഭരൻ. മരണാനന്തര ചടങ്ങ്: വെള്ളിയാഴ്ച രാവിലെ 8ന്.

### എ. ഷാജഹാൻ
ചിറയിൻകീഴ്: വക്കം അറ വീട്ടിൽ എ. ഷാജഹാൻ (70) നിര്യാതനായി. ഭാര്യ : നസീമ. മക്കൾ: നിഷ (സിവിൽ സപ്ലൈസ്), സമീർ (അബുദാബി), സമീന (എസ്.ബി.ഐ). മരുമക്കൾ: ഹൈവെസ് (സെക്രട്ടറിയേറ്റ്), ഫൈസി (ദുബായ്), നൗഫിയ.



### പ്രഭാകരൻ നായർ
പെരുന്താന്നി : ചെമ്പകശ്ശേരി ജംഗ്ഷൻ പൊന്നമ്പലത്ത് വീട്ടിൽ കെ.ജി. പ്രഭാകരൻ നായർ (റിട്ട. ആർ.ടി ഒ, 85) നിര്യാതനായി. ഭാര്യ : ഡോ. ലളിതാംബിക. മക്കൾ : ഡോ. എൽ.പി. ശാസ്ത ( ഗവൺമെന്റ് ഹോസ്പിറ്റൽ, തക്കല), ഡോ. എൽ.പി. ശാന്തി (ഹോമിയോ ഡിസ്പെൻസറി, കഴക്കൂട്ടം). മരുമക്കൾ: ഡോ. രോഹിണി (പി.ആർ.എസ്. ഹോസ്പിറ്റൽ), ഡോ. ജി. രവികുമാർ (പി.ആർ.എസ് ഹോസ്പിറ്റൽ).



### ശശിധരൻ .കെ
തിരുവല്ലം: തിരുവഴിമുക്കിൽ ശശിധരൻ കെ (65) നിര്യതനായി. ഭാര്യ: പരേതയായ വിമല. മക്കൾ: വിമതകുമാരി, വിമൽകുമാർ, വീണ. മരുമക്കൾ: ഗോപാലകൃഷ്ണൻ, സംഗീത, സെൽവൻ.



### സുധാകരൻ
കോവളം: വെള്ളാർ ശിവാലയത്തിൽ സുധാകരൻ (74) നെന്മാറ മാത്തൂരിലെ വസതിയിൽ നിര്യാതനായി. ഭാര്യ ദേവയാനി . മക്കൾ: മോഹനൻ (സന്തോഷ്), സതീഷ്, രതീഷ്. മരുമക്കൾ: ഷീന, രമ്യ, സൗമ്യ . സഞ്ചയനം 26 ന് രാവിലെ 9ന്. ഫോൺ : 9847803823.



### കൃഷ്ണപിള്ള
നെയ്യാറ്റിൻകര : ആലുംമൂട് സൗപർണികയിൽ പി.എൻ. കൃഷ്ണപിള്ള (85, റിട്ട. ഹെഡ്മാസ്റ്റർ, സെൻട്രൽ സ്കൂൾ, അട്ടക്കുളങ്ങര) നിര്യാതനായി. വിദ്യാധിരാജൻ വിദ്യാസമാജം, ഏറ്റുമാനൂർ എഡ്യുക്കേഷൻ സൊസൈറ്റി സെക്രട്ടറിയായും വിദ്യാധിരാജ വേദാന്ത പഠന കേന്ദ്രം രക്ഷാധികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പരേതൻ കോട്ടയം മര്യാത്തുരുത്ത് ആപ്പിൽ വീട്ടിൽ കുടുംബാംഗമാണ്. ഭാര്യ : പരേതയായ കെ. രമണിക്കുട്ടി അമ്മ (റിട്ട. പ്രിൻസിപ്പൽ ഗവ. ഹയർ സെക്കൻഡറിസ്കൂൾ,പെരളശേരി). മക്കൾ : ആശാലത, ഡോ. കെ. രേഖ, ഡോ. കെ. ലേഖ. മരുമക്കൾ : ഡോ. സതീഷ്കുമാർ, ഡോ. രാജൻ, കെ. ശിവദാസ്. സഞ്ചയനം ഞായറാഴ്ച രാവിലെ 9ന്.

### ശശിപ്രഭ
പത്തനാപുരം: തലവൂർ രണ്ടാലുംമൂട് പാണ്ടിയഴികത്ത് വീട്ടിൽ പരേതനായ രവീന്ദ്രൻപിള്ളയുടെ (തലവൂർ സർവീസ് സഹകരണ ബാങ്ക് മുൻ സെക്രട്ടറി) ഭാര്യ ശശിപ്രഭ (66) നിര്യാതയായി. മക്കൾ: ദീപ, ദീപക്. മരുമകൻ: അനിൽകുമാർ.



### കെ.ചെല്ലപ്പൻ
ആറ്റിങ്ങൽ: അവനവഞ്ചേരി കരുപ്പൂര് വീട്ടിൽ കെ.ചെല്ലപ്പൻ( 78) നിര്യാതനായി. ഭാര്യ: പരേതയായ ആനന്ദവല്ലി. മക്കൾ: അനിൽകുമാർ, സുരേഷ്. മരുമക്കൾ: സിന്ധു, നിഷ. സഞ്ചയനം 19 ന് രാവിലെ 8 ന്.

### കെ. ബാലൻ നായർ
തിരുവനന്തപുരം: എയർപോർട്ട് ടാക്സിഡ്രൈവേഴ്സ് വെൽഫെയർ അസോസിയേഷൻ അംഗം വെങ്ങാനൂർ ചാവടിനട അമ്പാടിയിൽ കെ. ബാലൻ നായർ (68) നിര്യാതനായി. ഭാര്യ : പരേതയായ ജയകുമാരി. മക്കൾ : സതികുമാർ, ഗിരീഷ് കുമാർ, സന്ധ്യാറാണി. മരുമകൻ : പ്രകാശ്. സഞ്ചയനം ഞായർ രാവിലെ 8.30ന്.



### വിക്രമൻ. എൻ
പാപ്പനംകോട്: വിശ്വംഭരൻ റോഡിൽ എസ്.എൻ. നഗർ വലിയ കിഴക്കേവിള വീട്ടിൽ എൻ. വിക്രമൻ (57) നിര്യാതനായി. ഭാര്യ ശുഭകുമാരി. മകൾ കാർത്തിക. സഞ്ചയനം 18 ന് രാവിലെ 8 മണിക്ക്.



### ശങ്കരൻ നാടാർ
കള്ളിക്കാട്: മൈലക്കരതോഷിൻകാല പീസ് ലാന്റിൽ ശങ്കരൻ നാടാർ (95) നിര്യാതനായി. ഭാര്യ പരേതയായ പുഷ്പബായി. മക്കൾ : ബേബി, ഓമന, യേശുദാസൻ (ബാലജനസഖ്യം കോഡിനേറ്റർ), ലാലി, ഷീല. മരുമക്കൾ : ഡേവിഡ്സൺ, രാജപ്പൻ, ലില്ലീദാസ്, ജസ്റ്റിൻ ധർമ്മരാജ്, സുതൻ. പ്രാർത്ഥന ശനിയാഴ്ച രാവിലെ 9 ന്.



### ബി. രാജേന്ദ്രൻ
ഊക്കോട് : ചെങ്കോട് ശ്രീവത്സത്തിൽ ബി. രാജേന്ദ്രൻ (73, ബാബു, റിട്ട. കെ.എസ്.ആർ.ടി.സി) നിര്യാതനായി. ഭാര്യ : ശാന്തിനി. എസ്. മക്കൾ : പീയൂഷാ രാജ് (കെ.എസ്.പി.ഡി.സി), അരുൺ രാജ് (കെ.എസ്.ആർ.ടി.സി ), അനൂപ് കുമാർ (കെ.എസ്.എഫ്.ഇ), നവനീത. മരുമക്കൾ : പരേതനായ ഷമ്മി, സുനിത കുമാരി, ഷിനുമോൾ ( ആർ.എം.എസ്), ആനന്ദ്. സഞ്ചയനം : 21 ന് രാവിലെ 8.30 ന്.

### കെ. ജനാർദ്ദനൻ
എഴുകോൺ: പവിത്രേശ്വരം കൈതക്കോട് വെള്ളാവിളയിൽ കെ. ജനാർദ്ദനൻ (80) നിര്യാതനായി. ഭാര്യ: സി. ജാനകി. മക്കൾ: വിജയമ്മ, വിജയൻകുട്ടി, വിശാലാക്ഷി, പ്രസന്ന. മരുമക്കൾ: വർഗ്ഗീസ്, വിജയകുമാരി, സുധാകരൻ, പരേതനായ കുട്ടപ്പൻ.



### സജിത് ചന്ദ്രൻ
പുന്നയ്ക്കാട്: നൈനാൻകോണം എസ്.എസ്. ഭവനിൽ പരേതനായ ചന്ദ്രശേഖരൻ നായരുടെയും ലതകുമാരിയുടെയും മകൻ സജിത് ചന്ദ്രൻ (26) നിര്യാതനായി. സഹോദരൻ സജീവ് ചന്ദ്രൻ. സഞ്ചയനം : വ്യാഴം രാവിലെ 8.30 മണിക്ക്



### സി. ശശിധരൻ
തിരുവനന്തപുരം : ജഗതിയിൽ ടിസി. 44/1621 രോഹിണിയിൽ പരേതയായ ടി. ബേബിയുടെ ഭർത്താവ് സി. ശശിധരൻ (റിട്ട. ഗവ. പ്രസ്, 69) നിര്യാതനായി. മക്കൾ : സിബിധ ബേബി ശശിധരൻ, സിബിജ ബേബി ശശിധരൻ. മരുമക്കൾ : എം.എസ്. അനിൽ, എൻ. വിവേക്. സഞ്ചയനം വ്യാഴാഴ്ച രാവിലെ 8.30ന്.



### കെ. പുഷ്പാംഗദൻ
കുന്നത്തുകാൽ : കെ.പി. ഭവനിൽ കെ. പുഷ്പാംഗദൻ (80) നിര്യാതനായി. ഭാര്യ : എൽ. സൗദ. മക്കൾ : പ്രഭ.എസ്, കെ.പി. കുമാർ, കെ.പി. ഷാജി. മരുമക്കൾ : ജയപ്രസാദ്, അനിജ, സന്ധ്യ. സഞ്ചയനം : 22 ന് രാവിലെ 9 ന്.

### ദിവാകരൻ
കല്ലമ്പലം : വെള്ളല്ലൂർ വട്ടകൈത കരിമ്പാലോട് വീട്ടിൽ ദിവാകരൻ (64) നിര്യാതനായി. ഭാര്യ : ഷീജ. സഞ്ചയനം : ശനിയാഴ്ച രാവിലെ 8ന്. ഫോൺ : 9846699234.

### കെ.ദേവകി
കൊല്ലം: കുന്നത്തൂർ പടിഞ്ഞാറ് കൊച്ചപ്ലാംമൂട് ശ്രീവിലാസത്തിൽ രാമചന്ദ്രന്റെ ഭാര്യ കെ. ദേവകി (68) നിര്യാതയായി. മക്കൾ: ശ്രീജ ചന്ദ്രൻ, റീജ ചന്ദ്രൻ, ദീപ്തി ചന്ദ്രൻ.

## ഫ്ലാറ്റ് നിർമ്മാണത്തിനിടെ മണ്ണിടിഞ്ഞ് തൊഴിലാളി മരിച്ചു

**■ അപകടം 40 അടി താഴ്ചയിൽ നിന്ന് മണ്ണ് നീക്കവെ**

പോത്തൻകോട്: മണ്ണന്തല ഗവ.പ്രസിന് സമീപം ഫ്ളാറ്റ് സമുച്ചയത്തിന്റെ പൈലിംഗ് ജോലികൾക്കിടെ മണ്ണിടിഞ്ഞ് തൊഴിലാളി മരിച്ചു. കന്യാകുമാരി ജില്ലയിലെ തോലടിദേവിക്കോട് സ്വദേശി ജയൻ (50) ആണ് മരിച്ചത്. കൂടെയുണ്ടായിരുന്ന തൊഴിലാളികൾ മണ്ണിടിയുന്നതുകണ്ട് ഓടി മാറിയതിനാൽ വൻദുരന്തം ഒഴിവായി. ഇന്നലെ ഉച്ചയ്ക്ക് 1 .30 നായിരുന്നു അപകടം. സാൻറോയൽ കമ്പനിയുടെ സൈറ്റിലാണ് അപകടം. നിർമ്മാണത്തിനായി ഒരുവശത്ത് തറ നിരപ്പിൽ നിന്ന് 40 അടി താഴ്ചയിൽ മണ്ണ് നീക്കം ചെയ്തശേഷം കോൺക്രീറ്റ് സംരക്ഷണ ഭിത്തിയുടെ നിർമ്മാണം നടക്കുന്നതിനിടയിലാണ് അപകടം.

കൂറ്റൻ ഇരുമ്പ് ബീമുകളും ഷീറ്റുകളും ഉപയോഗിച്ച് വാൾ നിർമ്മിക്കുന്നതിനിടയിൽ മുകൾ ഭാഗത്തെ വീടിനോട്ട ചേർന്ന ഭാഗം ഇടിഞ്ഞുവീഴുകയായിരുന്നു. മണ്ണിനടിയിൽപെട്ടുപോയ ജയനെ മണ്ണന്തല പൊലീസിന്റെയും ഫയർഫോഴ്സിന്റെയും സഹായത്തോടെ പുറത്തെടുത്ത് മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. 33 സെന്റ് സ്ഥലത്ത് 7 നിലകളിലായി 42 ഫ്ളാറ്റാണ് നിർമ്മിക്കുന്നത്. ജനവാസമേഖലയിലെ ഫ്ലാറ്റ് നിർമ്മാണം മാനദണ്ഡങ്ങൾ പാലിക്കാതെയും സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്താതെയുമാണെന്ന് നാട്ടുകാർ ആരോപിക്കുന്നു. ഫിലോമിനയാണ് ജയന്റെ ഭാര്യ. മക്കൾ: വിഷ്ണു,ശരൺ.



*മണ്ണന്തലയിലെ ഫ്ലാറ്റ് നിർമ്മാണ സ്ഥലം.*



### ജോബോയ് പെരേര
കഴക്കൂട്ടം: പുത്തൻതോപ്പ് ആനന്ദ ഭവനിൽ ജോബോയ് എൽ. പെരേര (85) നിര്യാതനായി. സംസ്കാരം ഇന്ന് രാവിലെ 10 .30 ന് പുത്തൻതോപ്പ് സെൻറ് ഇഗ്നേഷ്യസ് ദേവാലയത്തിൽ. ഭാര്യ മേഴ്സി ജോബോയ്. മക്കൾ : മാത്യൂ റോഷൻ ,ഫെർഡിനെൻഡ് ജോഷി ,ക്ലമൻറ് സന്തോഷ് ,മേരി ലോറിൻ . മരുമക്കൾ : ആനിയമ്മ ഫിലിപ്, ഫ്രീഡാ മേരി, ജോൺസൺ പെരേര.

### ശാന്തകുമാരൻ നായർ
കഴക്കൂട്ടം: പള്ളിപ്പുറം താമരക്കുളം കല്ലംപള്ളി വീട്ടിൽ ( ഗംഗ ) ശാന്തകുമാരൻ നായർ (ബാബു -70 ) നിര്യാതനായി. ഭാര്യ കെ . ഇന്ദിരകുമാരി.

### ഏലിക്കുട്ടി തോമസ്
ഓയൂർ: ചെങ്കുളം വലിയകോണത്ത് കിഴക്കേക്കര പുത്തൻ വീട്ടിൽ തോമസ്ചാക്കോയുടെ ഭാര്യ ഏലിക്കുട്ടി തോമസ് (84) (കൊട്ടറ ചെറുകര കുന്നിൽ കുടുംബാംഗം) നിര്യാതയായി. സംസ്കാരം ഇന്ന് (ബുധൻ) ഉച്ചയ്ക്ക് 2 ന് ചെങ്കുളം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ.

## സ്വകാര്യ ടെലികോം കമ്പനി ജീവനക്കാരൻ തൂങ്ങിമരിച്ചു

കുളത്തൂപ്പുഴ: സ്വകാര്യ ടെലികോം കമ്പനി ജീവനക്കാരൻ കുളത്തൂപ്പുഴ ചന്ദനക്കാവ് വടക്കേചെറുകര ഷിബുവിലാസത്തിൽ ഭാസ്കരപിള്ളയുടെ മകൻ കണ്ണൻ എന്നുവിളിക്കുന്ന ഷിബുമോനെ (42) കുളത്തൂപ്പുഴ ജംഗ്ഷനിലെ ഓഫീസിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. ഇന്നലെ രാവിലെ 11 മണിയോടെ ആയിരുന്നു സംഭവം. ഓഫീസ് അടഞ്ഞ് കിടക്കുന്നത് കണ്ട് മറ്റൊരു ജീവനക്കാരനെത്തി പരിശോധിച്ചപ്പോഴാണ് മൃതദേഹം കണ്ടത്. ഇതിന് സമീപം കീർത്തി ഗോൾഡ് കവറിംഗ് എന്ന സ്ഥാപനം നടത്തിവരുന്ന കണ്ണൻ വർഷങ്ങളായി ടെലികോം കമ്പനിയിലും പ്രവർത്തിച്ച് വരികയായിരുന്നു. കുളത്തൂപ്പുഴ പൊലീസ് ഇൻക്വസ്റ്റ് തയ്യാറാക്കിയ മൃതദേഹം പോസ്റ്റുമോർട്ടത്തിനയച്ചു. ഭാര്യ: ഡാർളി. മക്കൾ: ഹരികൃഷ്ണൻ, അബികൃഷ്ണൻ.



*ഷിബുമോൻ*



### രത്തോൽഭവൻ
പൂന്തുറ : ആലുകാട് വെട്ടരികത്ത് വീട്ടിൽ രത്തോൽഭവൻ (83) നിര്യാതനായി. ഭാര്യ : പരേതയായ ഓമനയമ്മ. മക്കൾ: പ്രേംരാജ് (ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ്, തൈക്കാട്), രാജേശ്വരി. മരുമക്കൾ : ബീന, പരേതനായ തങ്കനാഥൻ. സഞ്ചയനം ഞായർ രാവിലെ 9ന്.



### ഈശ്വരൻ പോറ്റി
കറ്റാനം: കട്ടച്ചിറ തോട്ടം മഠത്തിൽ ഈശ്വരൻ പോറ്റി നിര്യാതനായി. ഭാര്യ: ദ്രൗപതി അന്തർജ്ജനം, മക്കൾ : സിന്ധു ഈശ്വർ (ജൂനിയർ സൂപ്രണ്ട്, കൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്), സന്ധ്യാ ഈശ്വർ, അക്കമ്മ ഈശ്വർ (യു.ഡി.റ്റി മാവേലിക്കര മജിസ്ട്രേറ്റ് കോടതി), അഞ്ജലി ഈശ്വർ, ആനന്ദ് ഈശ്വർ.

**ചരമ വാർത്തകൾ 9946108673 എന്ന നമ്പരിൽ വിളിച്ച് അറിയിക്കാം. കൂടാതെ obit@kaumudi.com എന്ന ഇമെയിലിലും അയക്കാം ബന്ധപ്പെടേണ്ട ഫോൺ നമ്പർ ഇമെയിലിൽ ചേർത്തിരിക്കണം.**


## പന്ത്രണ്ടാം ചരമദിനം (17.10.2018)



**മോഹനദാസ്.എൻ (63)**
ചിത്തിര, അമ്മൻകോവിലിന് സമീപം, കവലയൂർ. പി.ഒ.

മാന്യരേ,
എന്റെ അഭിവന്ദ്യഭർത്താവ് ശ്രീ.എൻ. മോഹനദാസ് (റിട്ട. കെ.എസ്.ആർ.ടി.സി, ആറ്റിങ്ങൽ) 06.10.2018 ഉച്ചയ്ക്ക് 2 മണിക്ക് നിര്യാതനായ വിവരം വ്യസന സമേതം അറിയിച്ചുകൊള്ളുന്നു.
പരേതന്റെ മരണാനന്തരചടങ്ങുകൾ 2018 ഒക്ടോബർ 21-ാം തീയതി ഞായറാഴ്ച നടത്താൻ തീരുമാനിച്ചിരിക്കുന്നു. ബന്ധുമിത്രാദികൾ ഇത് ഒരറിയിപ്പായി കരുതി അന്നേദിവസം രാവിലെ 10.30-ന് എന്റെ വസതിയിൽ വന്നുചേരണമെന്ന് അപേക്ഷിക്കുന്നു.
ദുഃഖിതയായ ഭാര്യ : സി. ശുഭ (റിട്ട. എച്ച്.എസ്.എ, ഗവ.എച്ച്.എസ്.എസ്, കവലയൂർ.), മക്കൾ, മരുമക്കൾ, ചെറുമക്കൾ.

N.B. ചരമവിവരം യഥാസമയം അറിയിക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കുക.

## അഞ്ചാം ചരമവാർഷികം (17.10.2018)



**Ln.K.V.Jyothirmoy**
Valiya Veedu, Puthen Road, Pettah, Tvpm.
"ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്",
ദുഃഖിതയായ
ഭാര്യ : ബിന്ദുകല. R.
മകൻ : അക്ഷയ്. K.J,
ബന്ധുക്കളും സുഹൃത്തുക്കളും.

## രണ്ടാം ചരമവാർഷികം (17.10.2018)




**എൻ. കൃഷ്ണമൂർത്തി**
നെടിയവിളാകം, കരുംകുളം, പുതിയതുറ പി.ഒ.
ഭാര്യ : S. കൃഷ്ണമ്മ (Late),
ദുഃഖിതരായ മക്കൾ : സ്മിജു, സ്മിത.

## 25-ാം ചരമവാർഷികം (16.10.2018)



**കെ. ശങ്കരൻ**
(കൈലാത്തുകോണം)
തിപ്പലിക്കോണത്ത് വീട്,
അയിരൂപ്പാറ പി.ഒ.
'മായാത്ത ഓർമ്മകളുമായി,'
മക്കൾ, മരുമക്കൾ, ചെറുമക്കൾ.

## 9-ാം ചരമവാർഷികം (17.10.2018)



**കൃഷ്ണൻ രാമൻ**
R.K. പാലസ്, ഇലകമൺ പി.ഒ,
അയിരൂർ, വർക്കല.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ഭാര്യ : എൻ. കുമുദാഭായി,
മക്കളും മരുമക്കളും
ചെറുമക്കളും കുടുംബാംഗങ്ങളും

## എട്ടാം ചരമവാർഷികം (17.10.2018)




**സി. ബാബു** [S.I. Medical College]
'ശില്പചിത്ര', നെട്ടയക്കോണം, കഴക്കൂട്ടം പി.ഒ.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
കുടുംബാംഗങ്ങൾ.

## 10-ാം ചരമവാർഷികം (17.10.2018)



**എം.ആർ. രഞ്ജിത്**
(രഞ്ജു)
രാജ്ഭവൻ,
വെങ്കളത്തുകോണം, മണ്ണന്തല.
"മറന്നുപോകില്ല ജീവനുള്ള കാലമത്രയും, കരയാതിരിക്കില്ല കണ്ണുനീരുള്ള കാലമത്രയും!"
അച്ഛൻ : രാജൻ. എസ്,
അമ്മ : മോളി രാജൻ,
സഹോദരങ്ങൾ : രഞ്ജിനി, രമ്യ.

## 1-ാം ചരമവാർഷികം (17.10.2018) 24-ാം ചരമവാർഷികം (13.10.2018)




**എൻ. ഗോപാലകൃഷ്ണൻ  പി. സുശീല**
പ്ലാവിള വീട്, മരക്കടമുക്ക്, വെൺകുളം, ഇടവ.
-സന്തപ്തകുടുംബാംഗങ്ങൾ.

കേരളകൗമുദി
Established by C.V. Kunjuraman as a periodical in 1911

# ഭൂരിപക്ഷ സമുദായങ്ങളുടെ ഐക്യം കാലഘട്ടത്തിന്റെ അനിവാര്യത: തുഷാർ

പുനലൂർ: രാജ്യത്തെ ഭൂരിപക്ഷ സമുദായങ്ങളുടെ ഐക്യം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി പറഞ്ഞു. ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധി നവതി ആചരണത്തിന്റെ ഭാഗമായി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റും എസ്.എൻ.ഡി.പി യോഗവും സംയുക്തമായി ശിവഗിരിയിൽ നടത്തുന്ന മണ്ഡല മഹായജ്ഞത്തിന്റെയും യതിപൂജയുടെയും വിജയത്തിനായി സംഘടിപ്പിച്ച പുനലൂർ യൂണിയൻ അതിർത്തിയിലെ ശാഖാ ഭാരവാഹികൾ, പോഷക സംഘനാ നേതാക്കൾ തുടങ്ങിയവരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമുദായങ്ങൾ തമ്മിൽ പരസ്പരം പോരടിച്ചിട്ട് വർത്തമാന കാലത്തിൽ ഒന്നും നേടാനില്ല. മറിച്ച് ഐക്യത്തോടെ നീങ്ങിയാൽ വിസ്മയങ്ങൾ സൃഷ്ടിക്കാൻ കഴിയും. ചരിത്രം അത് തെളിയിച്ചിട്ടുണ്ട്.



ശ്രീനാരായണ ഗുരുദേവ മഹാസമാധി നവതി ആചരണത്തിന്റെ ഭാഗമായി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റും എസ്.എൻ.ഡി.പി യോഗവും സംയുക്തമായി ശിവഗിരിയിൽ നടത്തുന്ന മണ്ഡലമഹായജ്ഞത്തിന്റെയും യതിപൂജയുടെയും വിജയത്തിനായി പുനലൂർ യൂണിയൻ അതിർത്തിയിലെ ശാഖാ ഭാരവാഹികൾ, പോഷക സംഘനാ നേതാക്കൾ തുടങ്ങിയവരുടെ സമ്മേളനം എസ്.എൻ.ഡി.പി.യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു. യോഗം അസി. സെക്രട്ടറി പച്ചയിൽ സന്ദീപ്, യോഗം കൗൺസിലർ രാജേഷ് നെടുമങ്ങാട്, പന്തളം യൂണിയൻ പ്രസിഡന്റ് അഡ്വ. സിനിൽ മുണ്ടപ്പള്ളി, യോഗം ഡയറക്ടർ കെ.ബി. സുഭാഷ്ബാബു, യൂണിയൻ കൗൺസിലർമാരായ എസ്. സദാനന്ദൻ, ബി. ചന്ദ്രബാബു, യോഗം കൗൺസിലർ വനജ വിദ്യാധരൻ തുടങ്ങിയവർ സമീപം

യോജിക്കാവുന്ന മേഖലകളിൽ യോജിപ്പിന്റെ സ്വരം ഉയരണം. ഭൂരിപക്ഷ സമുദായങ്ങളുടെ പ്രശ്ന പരിഹാരത്തിനായി ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് ചർച്ച നടത്തണം. ഭൂരിപക്ഷത്തിന്റെ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും ഇല്ലായ്മ ചെയ്തുകൊണ്ട് നവകേരളം സൃഷ്ടിക്കാൻ സാധിക്കില്ല.

പുനലൂർ യൂണിയൻ വൈസ് പ്രസിഡന്റ് എ.ജെ. പ്രദീപ് അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ കോട്ടയം സജീഷ് മുഖ്യപ്രഭാഷണം നടത്തി. യോഗം അസി. സെക്രട്ടറി പച്ചയിൽ സന്ദീപ്, യോഗം കൺസിലർ രാജേഷ് നെടുമങ്ങാട്, പന്തളം യൂണിയൻ പ്രസിഡന്റ് അഡ്വ. സിനിൽ മുണ്ടപ്പള്ളി, യോഗം ഡയറക്ടർ കെ.ബി. സുഭാഷ്ബാബു, യൂണിയൻ കൗൺസിലർമാരായ എസ്. സദാനന്ദൻ, ബി. ചന്ദ്രബാബു, യൂത്ത് മൂവ്മെന്റ് യൂണിയൻ പ്രസിഡന്റ് ഏരൂർ സുനിൽ, സെക്രട്ടറി അഭിലാഷ് കയ്യാണിയിൽ, വനിതാസംഘം യൂണിയൻ പ്രസിഡന്റ് ബി. ശാന്തകുമാരി, പ്രാർത്ഥനാ സമിതി യൂണിയൻ പ്രസിഡന്റ് ഡി. വിജയകുമാരി തുടങ്ങിയവർ സംസാരിച്ചു. പുനലൂർ യൂണിയൻ സെക്രട്ടറി ആർ. ഹരിദാസ് സ്വാഗതവും യോഗം കൗൺസിലർ വനജ വിദ്യാധരൻ നന്ദിയും പറഞ്ഞു.



**സരസ്വതി രക്ഷ...** *നവരാത്രിയുടെ ഭാഗമായി സരസ്വതി കടാക്ഷത്തിനായി പുസ്തകങ്ങൾ പൂജവച്ച് തൊഴുന്ന വിദ്യാർത്ഥികൾ. തൃശ്ശൂർ ഭാരതീയ വിദ്യാഭവനിൽ നിന്ന് ഒരു ദൃശ്യം ഫോട്ടോ: റാഫി എം. ദേവസി*

# ആശങ്കയ്ക്കിടെ ശബരിമല നട ഇന്ന് തുറക്കും

## മേൽശാന്തി നറുക്കെടുപ്പ് നാളെ

**▸അടൂർ പ്രദീപ്കുമാർ**

ശബരിമല : സ്ത്രീപ്രവേശന വിധിയെ തുടർന്ന് സംഘർഷഭരിതമായ അന്തരീക്ഷത്തിൽ തുലാമാസ പൂജകൾക്കും മേൽശാന്തി നറുക്കെടുപ്പിനുമായി ശബരിമല ശ്രീകോവിൽ നട ഇന്ന് തുറക്കും. ഇതോടെ എല്ലാ കണ്ണുകളും മനസും ശബരിമലയിലേക്ക് നീളുകയാണ്. വൈകിട്ട് 5ന് തന്ത്രി കണ്ഠരര് രാജീവരരുടെ സാന്നിദ്ധ്യത്തിൽ മേൽശാന്തി ഉണ്ണികൃഷ്ണൻ നമ്പൂതിരിയാണ് ശ്രീകോവിൽ നട തുറക്കുക. ഇന്നലെ മുതൽ തീർത്ഥാടകർ പമ്പയിൽ എത്തിത്തുടങ്ങി. സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ അയ്യപ്പദർശനം നടത്തുന്നതിനായി യുവതികൾ സന്നിധാനത്ത് എത്തുമോ എന്ന ആശങ്കയാണ് എവിടെയും.

നാളെയാണ് മേൽശാന്തി നറുക്കെടുപ്പ്. ശബരിമലയിലും മാളികപ്പുറം ക്ഷേത്രത്തിലും വൃശ്ചികം 1 മുതൽ ഒരു വർഷത്തേക്കുള്ള പുറപ്പെടാ മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതിനായി രണ്ടിടത്തേക്കും 9 പേരടങ്ങുന്ന പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരിൽ നിന്നാണ് പുതിയ മേൽശാന്തിയെ തിരഞ്ഞെടുക്കുക.

പന്തളം കൊട്ടാരത്തിൽ നിന്നുള്ള ഋഷികേശ് എസ്. വർമ്മ ശബരിമല മേൽശാന്തിയുടെയും, ദുർഗ രാംദാസ് രാജാ മാളികപ്പുറം മേൽശാന്തിയുടെയും നറുക്കെടുപ്പ് നടത്തും. ഇവർ ഇന്ന് വൈകിട്ട് ശബരിമലയിൽ എത്തും.

ഹൈക്കോടതി നിയമിച്ച ശബരിമല സ്പെഷ്യൽ കമ്മിഷണർ എം. മനോജിന്റെ നിയന്ത്രണത്തിലാണ് മേൽശാന്തി നറുക്കെടുപ്പ്. 22ന് നട അടയ്ക്കും.

## മേൽശാന്തി നറുക്കെടുപ്പിന് ഋഷികേശും ദുർഗയും

പന്തളം : ശബരിമല, മാളികപ്പുറം മേൽശാന്തിമാരുടെ നറുക്കെടുപ്പിനായി പന്തളം കൊട്ടാരത്തിലെ വലിയതമ്പുരാൻ നിയോഗിച്ച ഋഷികേശ് എസ്. വർമ്മയും ദുർഗാ രാംദാസ് രാജായും ഇന്ന് ഉച്ചയ്ക്ക് പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിൽ നിന്ന് ശബരിമലയ്ക്ക് പുറപ്പെടും. പന്തളം കൈപ്പുഴ തെക്കേടത്ത് കൊട്ടാരത്തിൽ സജീവ് വർമ്മയുടെയും ധന്യാ വർമ്മയുടെയും മകനാണ് ഋഷികേശ്. ഇടപ്പോൺ വിവേകാനന്ദ വിദ്യാപീഠത്തിലെ രണ്ടാം ക്ലാസ് വിദ്യാർത്ഥിയാണ്. പന്തളം



*ഋഷികേശ് എസ്. വർമ്മ*



*ദുർഗ*

കൈപ്പുഴ മേയ്ച്ചല്ലൂർ കോയിക്കൽ രാംദാസ് രാജായുടെയും സൗമ്യാവർമ്മയുടെയും മകളാണ് ദുർഗ. തൃശ്ശൂർ കുറ്റിമുക്ക് വിദ്യാനികേതനിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനിയാണ്. പന്തളം വലിയതമ്പുരാട്ടിയുടെയും വലിയ തമ്പുരാന്റെയും അനുഗ്രഹം വാങ്ങിയ ശേഷം കൊട്ടാരം നിർവാഹക സംഘം സെക്രട്ടറി പി.എൻ. നാരയണവർമ്മയുടെയും കമ്മിറ്റി അംഗങ്ങളായ മനോജ് വർമ്മയുടെയും സജീവ് വർമ്മയുടെയും നേതൃത്വത്തിലാണ് കുട്ടികൾ ശബരിമലയ്ക്ക് യാത്ര തിരിക്കുക.

## സാലറി ചലഞ്ച്: പുതിയ ഉത്തരവിറക്കണം

തിരുവനന്തപുരം: സാലറി ചലഞ്ച് സ്റ്റേ ചെയ്ത ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിസമ്മത പത്രം പിൻവലിച്ച് എല്ലാവർക്കും സ്വമേധയാ സംഭാവന നൽകാനുള്ള ഉത്തരവിറക്കണമെന്ന് എൻ.ജി. ഒ സംഘ് സംസ്ഥാന ഭാരവാഹികളുടെ യോഗം ആവശ്യപ്പെട്ടു. ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയെ സമീപിക്കാനുള്ള സർക്കാർ നടപടി ധാർഷ്ട്യമാണെന്നും യോഗം കുറ്റപ്പെടുത്തി. സുപ്രീംകോടതിയിലും എൻ.ജി. ഒ സംഘ് നിയമപോരാട്ടം തുടരും. ഹൈക്കോടതിയുടെ നിർദ്ദേശം അനുസരിച്ച് ട്രൈബ്യൂണൽ കേസ് ഒത്തുതീർപ്പാക്കുംവരെ സാലറി ചലഞ്ച് നിറുത്തിവയ്ക്കണം.

## സ്വിവറേജ് പ്ലാന്റ്: സർക്കാർ സത്യവാങ്മൂലം നൽകണം

കൊച്ചി: വിവിധ ജില്ലകളിൽ കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കി സർക്കാർ സത്യവാങ്മൂലം നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചു.

പ്ലാന്റുകൾ സ്ഥാപിക്കാൻ സർക്കാരിനോടു നിർദേശിക്കണമെന്ന ആവശ്യവുമായി കോട്ടയം ഗാന്ധിനഗർ സ്വദേശി സി.വി. സെബാസ്റ്റ്യൻ നൽകിയ ഹർജിയിലാണ് ചീഫ് ജസ്റ്റിസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ചിന്റെ നിർദേശം.

ശുചിത്വ മിഷനിൽ നിന്നും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് സത്യവാങ്മൂലം നൽകണമെന്നാണ് ഡിവിഷൻ ബെഞ്ചിന്റെ നിർദ്ദേശം. ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാൻ ഒമ്പത് ജില്ലകളിൽ സ്ഥലങ്ങൾ കണ്ടെത്തി 2011 ജൂലായ് 14ന് സർക്കാർ ഉത്തരവിറക്കിയിരുന്നു.

എന്നാൽ ജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് മിക്കയിടങ്ങളിലും ഇത് ഉപേക്ഷിക്കേണ്ടി വന്നു. പൊതുജനങ്ങളുടെ എതിർപ്പിന്റെ വിവരങ്ങളും സത്യവാങ്മൂലത്തിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൊച്ചിയിലും തിരുവനന്തപുരത്തും മാത്രമാണ് ഇത്തരം പ്ലാന്റുകൾ സ്ഥാപിച്ചത്.

കൊച്ചിയിൽ പോർട്ട് ട്രസ്റ്റ് പരിസരത്ത് നിലവിലുള്ള പ്ലാന്റിന് പുറമേയാണ് പുതിയ പ്ലാന്റ് സ്ഥാപിച്ചതെന്നും ഹൈക്കോടതി വിലയിരുത്തി.

## പമ്പ: പ്രതിഷേധത്തിന് വിലക്ക്

പത്തനംതിട്ട : പമ്പയിലെ സംഘർഷാവസ്ഥ കണക്കിലെടുത്ത് പ്രതിഷേധ പരിപാടികൾക്ക് പൊലീസ് വിലക്കേർപ്പെടുത്തി. തമിഴ്നാട്ടിൽ നിന്നുള്ള സ്വകാര്യ ബസ് തടഞ്ഞ് യാത്രക്കാരിയായ സ്ത്രീയെ മർദ്ദിച്ചെന്ന പരാതിയെ തുടർന്നാണിത്.















Vol. No. 108 Issue No. 280 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by Darshan Ravi from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: 2461010, 2461050, 3941050, Fax: 3078979 e-mail: news@keralakaumudi.com, deskl@kaumudi.com Chief Editor : Deepu Ravi (Responsible for selection of news under the PRB Act) .